

# മലയാളം

## കേരളപാഠാവലി

10

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

TB/X/2016/400(M);3

# ഭാരതത്തിന്റെ ഭരണഘടന

## ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്:**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയു ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയ ദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്ക കയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാര തത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവു പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സംസ്കാരസമന്വയത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറ ത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിത സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയു ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്ത ക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക ഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസ ത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

TB/IX/2016/400 നോ;3

കേരളപാഠാവലി

# മലയാളം

സ്റ്റാൻഡേർഡ്

X

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്

തയാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2016

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനംകൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala.

website : www.scert.kerala.gov.in
email : scertkerala@gmail.com
phone : 0471-2341883, Fax : 0471-2341869
First Edition : 2016
Printed at : KBPS, Kakkanad, Kochi-30

പ്രിയ വിദ്യാർഥികളേ,

മാതൃഭാഷ നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമാണ്. കേവലമായ ആശയവിനിമയത്തിനപ്പുറം ഭാഷ നിർവഹിക്കുന്ന ധർമ്മങ്ങൾ ഏറെയാണ്. സംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ മാതൃഭാഷ നിർണായകമായ പങ്കുവഹിക്കുന്നു. നമ്മുടെ അറിവുകളും അനുഭവങ്ങളും സ്വാഭാവികമായ രീതിയിൽ ആവിഷ്കരിക്കാനും വിനിമയം ചെയ്യാനും മാതൃഭാഷയിലൂടെ കഴിയുന്നു.

സമ്പന്നമായ ഒരു സാഹിത്യലോകം മലയാളഭാഷയ്ക്കുണ്ട്. അത് പരിചയപ്പെടാനും ഒപ്പം മറ്റുഭാഷകളിലെ ശ്രദ്ധേയമായ സാഹിത്യരചനകളിലേക്കും വൈജ്ഞാനികമേഖലകളിലേക്കും കടന്നുചെല്ലാനും കുട്ടികൾക്ക് സാധിക്കണം. ഇതിന് സഹായകമാവുകയാണ് ഈ പാഠപുസ്തകം. സ്വതന്ത്രമായ വായനയ്ക്കും ചിന്തയ്ക്കും രചനയ്ക്കും ഇതിലൂടെ അവസരമൊരുക്കുന്നു.

മാതൃഭാഷയെ സ്നേഹിക്കാനും സംരക്ഷിക്കാനുമുള്ള മനോഭാവം കുട്ടികളിൽ രൂപപ്പെടുന്നതിന് പാഠപുസ്തകവും പഠനാനുഭവങ്ങളും സഹായിക്കുമെന്ന് പ്രത്യാശിക്കുന്നു.

സ്നേഹാശംസകളോടെ,

**ഡോ. പി.എ. ഫാത്തിമ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

## ശില്പശാലയിൽ പങ്കെടുത്തവർ

- കെ. അനിൽകുമാർ, ഗവ.ജി.എച്ച്.എസ്.എസ്, കാസറഗോഡ്
- അൽഫോൻസ ജോയ്, സെന്റ് സേവിയേഴ്സ് എച്ച്.എസ്.എസ്. പേയാട്, തിരുവനന്തപുരം
- എബി പാപ്പച്ചൻ, മിലാദേ ഷെറീഫ് എച്ച്.എസ്.എസ്, മൈനാഗപ്പള്ളി, കൊല്ലം
- പി.കെ. ജയരാജൻ, ബി.ആർ.സി, കാസറഗോഡ്
- പ്രേംകുമാർ വി. പി., ജി. വി. എച്ച് എസ്സ്. എസ്സ്, കുറുമാത്തൂർ
- ഡോ. എം. ബാലൻ, എസ്.എസ്.എ, കാസറഗോഡ്
- ബൈജു പി.എസ്, ഗവ.എച്ച്.എസ്.എസ്. വർക്കല, തിരുവനന്തപുരം
- മുഹമ്മദ് ബഷീർ, ഡി.യു.എച്ച്.എസ്.എസ്, തൂത, മലപ്പുറം
- പി. യഹിയ, ജി.ജി.എം.ജി.എച്ച്.എസ്.എസ്, ചാലപ്പുറം. കോഴിക്കോട്
- എം. രഘുനാഥ്, ഗവ.എച്ച്.എസ്.എസ്, മട്ടാഞ്ചേരി, എറണാകുളം
- കെ. രാജേഷ്കുമാർ, ഗവ.എച്ച്.എസ്.എസ്, രാമപുരം, ആലപ്പുഴ
- വിനോയ് തോമസ്, ഗവ.എച്ച്.എസ്. പേരിയ, വയനാട്
- എച്ച്. ഷമ്മി ലോറൻസ്, സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്, തിരുവനന്തപുരം
- എ. സലീം, ഗവ.ജി.എച്ച്.എസ്.എസ്, നെടുമങ്ങാട്, തിരുവനന്തപുരം
- സീമ ജി. നായർ, ഗവ.എച്ച്.എസ്.എസ്, പാൽപ്പെട്ടി, പൊന്നാനി, മലപ്പുറം

## ലേ-ഔട്ട്

- എം. ശ്രീഹർഷൻ, നമ്പ്രത്ത്കര യു.പി.സ്കൂൾ, കൊയിലാണ്ടി, കോഴിക്കോട്

## ചിത്രരചന

- ഡോ. സോമൻ കടലൂർ, സ്കൂൾ ഓഫ് ഫോക്‌ലോർ സ്റ്റഡീസ്, കോഴിക്കോട് സർവകലാശാല
- സുരേഷ് ചാലിയത്ത്, ഗവ.എച്ച്.എസ്. കുറുക, മലപ്പുറം
- വിനോദ് പട്ടാണിപ്പാറ, പേരാമ്പ്ര, കോഴിക്കോട്
- പി. രമേശൻ, ഇരിങ്ങണ്ണൂർ എച്ച്. എസ്. എസ്, വടകര
- ഹരിദാസ്, ജി.ജി.എച്ച്.എസ്, ഫറോക്ക്, കോഴിക്കാട്

## വിദഗ്ധപരിശോധന

- ഡോ. ജോർജ് ഓണക്കൂർ, മുൻഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിയ.
- ശ്രീ. പി. നാരായണമേനോൻ, റിട്ട. പ്രഫസർ, കേരളവർമ കോളേജ്, തൃശൂർ
- ഡോ. എൻ. മുകുന്ദൻ, മുൻ മേധാവി, മലയാളവിഭാഗം, കേരള സർവകലാശാല
- ഡോ. സി. നാരായണപിള്ള, റിട്ട. പ്രഫസർ, ഗവ. ട്രെയ്നിങ് കോളേജ്, തിരുവനന്തപുരം
- ഡോ. വിജയൻ ചാലോട്, എസ്.എസ്.എ.(റിട്ട), കണ്ണൂർ
- ഡോ. സാബു ഡി. മാത്യു, അസോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം, സെന്റ് തോമസ് കോളജ്, പാല

## അക്കാദമിക് കോഡിനേറ്റർ

- എം.സി. ജോസ്കുട്ടി, റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി. കേരളം

# ഉള്ളടക്കം


## 1 കാലാതീതം കാവ്യവിസ്മയം 07

- ലക്ഷ്മണസാന്ത്വനം ........ 08
- കാളിദാസൻ ........ 12
- അമ്മ ........ 20





## 2 അനുഭൂതികൾ ആവിഷ്കാരങ്ങൾ 39

- വിശ്വരൂപം ........ 40
- പ്രിയദർശനം ........ 48
- കടൽത്തീരത്ത് ........ 52

## 3 സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ 65

- പ്രലോഭനം ........ 66
- യുദ്ധത്തിന്റെ പരിണാമം ........ 70
- ആത്മാവിന്റെ വെളിപാടുകൾ ........ 80





## 4 വാക്കുകൾ സർഗതാളങ്ങൾ 95

- അക്കർമാശി ........ 96
- ഞാൻ കഥാകാരനായ കഥ ........ 103
- അശ്വമേധം ........ 106

## 5 കലകൾ കാവ്യങ്ങൾ 113

- ഉരുളക്കിഴങ്ങു തിന്നുന്നവർ ........ 114
- ചിത്രകലയും കാവ്യകലയും ........ 121
- മൈക്കലാഞ്ജലോ, മാപ്പ് ........ 128



# 1 കാലാതീതം കാവ്യവിസ്മയം



കവികൾക്ക് ലോകമെമ്പാടും
ഒരു ഭാഷയേയുള്ളൂ;
ഇലകൾക്കും തത്തകൾക്കും
ഗൗളികൾക്കുമെന്നപോലെ.

കവികളുടെ ഭാഷ (സച്ചിദാനന്ദൻ)

ഈ വരികളിൽ തെളിയുന്ന ആശയങ്ങൾ ചർച്ചചെയ്യുക.



# ലക്ഷ്മണസാന്ത്വനം

ശ്രീരാമപട്ടാഭിഷേകം
മുടങ്ങിയതറിഞ്ഞ
ലക്ഷ്മണൻ
അത്യധികം കുപിതനായി.
ലക്ഷ്മണനെ
ആശ്വസിപ്പിക്കുകയാണ്
ശ്രീരാമൻ.



'വത്സ! സൗമിത്രേ! കുമാര! നീ കേൾക്കണം
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ
നിന്നുടെ തത്ത്വമറിഞ്ഞിരിക്കുന്നതു
മുന്നമേ ഞാനെടോ, നിന്നുള്ളിലെപ്പോഴും
എന്നെക്കുറിച്ചുള്ള വാത്സല്യപൂരവും
നിന്നോളമില്ല മറ്റാർക്കുമെന്നുള്ളതും
നിന്നാലസാധ്യമായില്ലൊരു കർമ്മവും
നിർണയമെങ്കിലുമൊന്നിതു കേൾക്ക നീ
ദൃശ്യമായുള്ളൊരു രാജ്യദേഹാദിയും
വിശ്വവും നിശ്ശേഷധാന്യധനാദിയും
സത്യമെന്നാകിലേ തൽപ്രയാസം തവ
യുക്ത,മതല്ലായ്കിലെന്തതിനാൽ ഫലം?
ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്ക നീ.
വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം
ചക്ഷുഃശ്രവണഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു-
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു
പുത്രമിത്രാർത്ഥകളത്രാദിസംഗമ-
മെത്രയുമൽപ്പകാലസ്ഥിതമോർക്ക നീ
പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
മെത്രയും ചഞ്ചലമാലയസംഗമം
ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്കു,
നിൽക്കുമോ യൗവനവും പുനരധ്രുവം?
സ്വപ്നസമാനം കളത്രസുഖം നൃണാ-
മൽപ്പമായുസ്സും നിരൂപിക്ക ലക്ഷ്മണ!
രാഗാദിസങ്കുലമായുള്ള സംസാര-
മാകെ നിരൂപിക്കിൽ സ്വപ്നതുല്യം സഖേ!

* * * *

ദേഹം നിമിത്തമഹംബുദ്ധികൈക്കൊണ്ടു
മോഹംകലർന്നു ജന്തുക്കൾ നിരൂപിക്കും
ബ്രാഹ്മണോഹം നരേന്ദ്രോഹമാഢ്യോഹമെ-
ന്നാമ്രേഡിതം കലർന്നീടും ദശാന്തരേ

ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചുപോകിലാം
വെന്തുവെണ്ണീറായ് ചമഞ്ഞുപോയീടിലാം
മണ്ണിന്നു കീഴായ് കൃമികളായ് പോകിലാം
നന്നല്ല ദേഹംനിമിത്തം മഹാമോഹം.
ത്വങ്മാംസരക്താസ്ഥിവിൺമൂത്രരേതസാം
സമ്മേളനം പഞ്ചഭൂതകനിർമ്മിതം
മായാമയമായ് പരിണാമിയായോരു
കായം വികാരിയായുള്ളൊന്നിതധ്രുവം
ദേഹാഭിമാനംനിമിത്തമായുണ്ടായ
മോഹേന ലോകം ദഹിപ്പിപ്പതിന്നു നീ
മാനസതാരിൽ നിരൂപിച്ചതും തവ
ജ്ഞാനമില്ലായ്കെന്നറിക നീ ലക്ഷ്മണ!
ദോഷങ്ങളൊക്കവേ ദേഹാഭിമാനിനാം
രോഷേണ വന്നു ഭവിക്കുന്നതോർക്ക നീ.
ദേഹോഹമെന്നുള്ള ബുദ്ധി മനുഷ്യർക്കു
മോഹമാതാവാമവിദ്യയാകുന്നതും
ദേഹമല്ലോർക്കിൽ ഞാനായതാത്മാവെന്നു
മോഹൈകഹന്ത്രിയായുള്ളതു വിദ്യ കേൾ.
സംസാരകാരിണിയായതവിദ്യയും
സംസാരനാശിനിയായതു വിദ്യയും
ആകയാൽ മോക്ഷാർഥിയാകിൽ വിദ്യാഭ്യാസ-
മേകാന്തചേതസാ ചെയ്ക വേണ്ടുന്നതും
തത്ര കാമക്രോധലോഭമോഹാദികൾ
ശത്രുക്കളാകുന്നതെന്നുമറിക നീ.
മുക്തിക്കു വിഘ്നം വരുത്തുവാനെത്രയും
ശക്തിയുള്ളൊന്നതിൽ ക്രോധമറികെടോ.
മാതാപിതൃഭ്രാതൃമിത്രസഖികളെ
ക്രോധം നിമിത്തം ഹനിക്കുന്നിതു പുമാൻ
ക്രോധമൂലം മനസ്താപമുണ്ടായ്വരും
ക്രോധമൂലം നൃണാം സംസാരബന്ധനം
ക്രോധമല്ലോ നിജ ധർമ്മക്ഷയകരം
ക്രോധം പരിത്യജിക്കേണം ബുധജനം.

അധ്യാത്മരാമായണം കിളിപ്പാട്ട് (എഴുത്തച്ഛൻ)

- ജീവിതത്തിന്റെ നശ്വരത ബോധ്യപ്പെടുത്തുന്നതിന് ശ്രീരാമൻ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്മണനോട് പറഞ്ഞത്? കണ്ടെത്തിയെഴുതുക.

- “ചക്ഷുഃശ്രവണഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു-
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു.”

  ‘കാലാഹി’ - എന്ന പ്രയോഗത്തിന്റെ ഔചിത്യമെന്ത്?
  വരികൾ വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക.

- “പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
മെത്രയും ചഞ്ചലമാലയസംഗമം”

  - ഈ വരികളിലെ ചമൽക്കാരഭംഗി കണ്ടെത്തുക.

- ‘ക്രോധം പരിത്യജിക്കേണം ബുധജനം’
  -ഈ വാക്യത്തിന്റെ കാലികപ്രസക്തി ചർച്ചചെയ്ത് മുഖപ്രസംഗം തയാറാക്കുക.

- • “തൊട്ടിലാട്ടും ജനനിയെ പെട്ടെന്നു
തട്ടിനീക്കി രണ്ടാമനക്കൈയുകൾ”
  • “താക്കോൽ കൊടുക്കാതരുണോദയത്തിൽ
താനേമുഴങ്ങും വലിയോരലാറം”
  • “പൊന്നണിഞ്ഞാനകൾ മുൾത്തടികൈക്കൊണ്ടു
പൊന്നിൻമലകൾ നടക്കുന്നതുപോലെ”

  കവിതാഭാഗങ്ങൾ ശ്രദ്ധിച്ചല്ലോ. പാഠഭാഗത്തെ വരികൾക്ക് സമാനമായ താളത്തിലുള്ളവ കണ്ടെത്തുക.

  കൂടുതൽ കവിതാഭാഗങ്ങൾ കണ്ടെത്തി സവിശേഷതകൾ കുറിക്കുക.



# കാളിദാസൻ

ചില കാര്യങ്ങളിൽ രണ്ടഭിപ്രായം ഉണ്ടാവുക വയ്യ. ഇന്ത്യയിലെ ഏറ്റവും വലിയ പർവതം ഏതെന്ന ചോദ്യത്തിന് ഒരു ഉത്തരമേയുള്ളൂ: ഹിമാലയം. ഇന്ത്യയിലെ ഏറ്റവും മഹാനായ കവി ആരെന്നതിനെപ്പറ്റിയും ആർക്കും തർക്കമില്ല: കാളിദാസൻ. പണ്ടുമാത്രമല്ല, ഇന്നും അതങ്ങനെത്തന്നെ.

ഒരുപക്ഷേ കാളിദാസൻ ഇന്നു വീണ്ടും ഭൂമി സന്ദർശിച്ചു എന്നുവയ്ക്കുക. തന്നെപ്പറ്റി പണ്ഡിതന്മാർക്കിടയിലുള്ള അഭിപ്രായവൈവിധ്യം അദ്ദേഹത്തെ അമ്പരപ്പിക്കാതിരിക്കയില്ല.

കാളിദാസൻ വിക്രമാദിത്യസദസ്സിലെ നവരത്നങ്ങളിൽ ഒരാളായിരുന്നു എന്നാണ് പ്രസിദ്ധി. ക്രി.മു. ഒന്നാം ശതകത്തിൽ ഉജ്ജയിനിയിൽ വിക്രമാദിത്യനെ ആശ്രയിച്ചാണ് കാളിദാസൻ ജീവിച്ചിരുന്നതെന്ന സംഗതി നമുക്കും വിശ്വസിക്കുക. ആധുനിക ഭാരതീയവിമർശകരിൽ ഏറിയകൂറും അവലംബിച്ചിരിക്കുന്ന വാദഗതിയും ഇതുതന്നെയാണ്.

അദ്ദേഹത്തിന്റേതെന്നു ഭൂരിപക്ഷം പണ്ഡിതന്മാരും സമ്മതിച്ചിട്ടുള്ള കൃതികൾ ഏഴെണ്ണമാണ്. ഋതുസംഹാരം, മേഘസന്ദേശം എന്ന രണ്ടു ഖണ്ഡകാവ്യങ്ങൾ, കുമാരസംഭവം, രഘുവംശം എന്ന രണ്ടു മഹാകാവ്യങ്ങൾ, മാളവികാഗ്നിമിത്രം, വിക്രമോർവശീയം, അഭിജ്ഞാനശാകുന്തളം എന്ന മൂന്നു നാടകങ്ങൾ- അത്ര മാത്രം. പക്ഷേ, ഇത്രയുംകൊണ്ടുതന്നെ കാളിദാസൻ അനശ്വരമായ കീർത്തി സമ്പാദിച്ചിരിക്കുന്നു. അല്ലെങ്കിൽ മൂന്നോ നാലോ ചതുരയടി കാൻവാസ് മതിയല്ലോ മഹാനായ ഒരു ചിത്രകാരന്നു വിശ്വോത്തരമായ ഒരു ചിത്രം നിർമ്മിക്കുവാൻ. വലുപ്പമല്ല, ഗുണമാണ് കാര്യം. അദ്വിതീയമായ രൂപഭംഗിയിലും അന്യാദൃശമായ ആശയസൗഷ്ഠവത്തിലും കാളിദാസകൃതികളെ മുട്ടിനിൽക്കുവാൻ വിശ്വസാഹിത്യത്തിൽ ദുർലഭം രചനകളേ ഉള്ളൂ.

ആറു സർഗങ്ങളുള്ള ഒരു ചെറുകാവ്യമാണ് 'ഋതുസംഹാരം.' ഇതിൽ ഗ്രീഷ്മം മുതൽ ആറ് ഋതുക്കളെയും ക്രമത്തിൽ വർണിച്ചിരിക്കുന്നു. ഋതുഭേദം പ്രകൃതിയിൽ വരുത്തുന്ന പരിവർത്തനങ്ങളെയും മനുഷ്യമനസ്സിൽ ഈ പരിവർത്തനങ്ങളുടെ ഫലമായി ഉദയംകൊള്ളുന്ന സുഖതൃഷ്ണകളെയും ലളിതഭാഷയിൽ ഈ കാവ്യത്തിൽ പ്രതിപാദിച്ചിരിക്കുന്നു. ഇതിൽ കവിയുടെ അഗാധമായ പ്രകൃതിസ്നേഹവും സൂക്ഷ്മനിരീക്ഷണശക്തിയും നിഴലിച്ചു കാണുന്നുണ്ടെങ്കിലും ഗാംഭീര്യമുള്ള ആശയങ്ങളോ അനുബദ്ധമായ ഒരു ജീവിതനിരീക്ഷണമോ മിക്കവാറും ഇല്ലെന്നുതന്നെ പറയാം. അതിനാൽ വളരെയധികം നിരൂപകന്മാർ ഇതിന്റെ കർത്തൃത്വം കാളിദാസനിൽ ആരോപിക്കുന്നതിനുതന്നെ മടിക്കുന്നുണ്ട്. എങ്കിലും, കാളിദാസന്റെ ആദ്യകൃതിയായി 'ഋതുസംഹാര'ത്തെ കണക്കാക്കുന്നതിൽ വിരോധമില്ലെന്നു തോന്നുന്നു.

'മേഘസന്ദേശ'ത്തിലെ പ്രതിപാദ്യം പ്രിയജനവിരഹം കൊണ്ട് മനുഷ്യന്റെ മനസ്സിൽ ഉണ്ടാകുന്ന വെമ്പലും വേദനയുമാണ്. കഥ വളരെ നിസ്സാരം. ജോലിക്ക് എന്തോ വീഴ്ചവരുത്തിയ ഒരു യക്ഷനെ അളകാപുരത്തിൽനിന്ന് അകലെ മധ്യഭാരതത്തിൽ നാഗപുരിക്കടുത്തുള്ള രാമഗിരിയിൽ ഭാര്യയെ പിരിഞ്ഞ് ഒരു കൊല്ലം താമസിക്കുവാൻ വൈശ്രവണൻ ശിക്ഷിച്ചു. ഭാര്യയെ കണക്കറ്റ് ഇഷ്ടപ്പെട്ടിരുന്നതിനാൽ വിരഹത്തിൽ വളരെയധികം വ്യസനിച്ചിരുന്ന അയാൾക്ക് ആ ശിക്ഷക്കാലത്ത്, ആഷാഢമാസത്തിൽ, കാർമേഘങ്ങൾ ഉയർന്നുവരുന്നത് കൂനിന്മേൽ



കുരുപോലെയായി. സുഖമായിരിക്കുന്നവർക്കുകൂടി പുതുമേഘങ്ങളെ കാണുമ്പോൾ മനസ്സിന് ഒരു വല്ലായ്മ തോന്നും. പിന്നെ ഇഷ്ടപ്പെട്ടവരെ പിരിഞ്ഞിരിക്കുന്ന യക്ഷന്റെ കഥ പറയാനുണ്ടോ? അയാൾ മലയിൽ വരപായുന്ന ആനപോലെ അഴകേറിയ ആ പുതുമേഘത്തിന്റെ മുമ്പിൽ വ്യസനിച്ചങ്ങനെ നിന്നു. പെട്ടെന്നൊരാശയം അയാൾക്കു തോന്നി. ബംഗാൾ ഉൾക്കടലിൽനിന്നു കാലക്കാറ്റടിച്ച് ഗംഗാസമതലത്തിലൂടെ ഹിമാലയത്തിന്നപ്പുറത്ത് അളകവരെ പോകുന്ന ഈ മേഘംവഴിയായി തന്റെ ദുഃഖിനിയായ പത്നിക്ക് ഒരു സന്ദേശം കൊടുത്തയച്ചാലെന്താണ്? വിചാരിച്ചതും പ്രവർത്തിച്ചതും ഒപ്പം കഴിഞ്ഞു. ഒരുപിടി പാലപ്പൂക്കൾ വാരി മേഘത്തെ അർച്ചിച്ച്, യക്ഷൻ അവിടന്നങ്ങോട്ട് അളകവരെയുള്ള വഴി ആദ്യം മേഘത്തിന് പറഞ്ഞുകൊടുത്തു. പിന്നെ, അളകയിൽ വിരഹിണിയായ തന്റെ പ്രണയിനിയെ കണ്ടുപിടിക്കുവാനുള്ള വഴിയും, അവളോടു പറയേണ്ട സന്ദേശവും വിവരിച്ചുകൊടുത്തു. ഈ നേരിയ കഥാതന്തുവിൽ, കാളിദാസൻ, താൻ എത്രയോ തവണ നടന്നുകണ്ടിട്ടുള്ള ഇന്ത്യയിലെ നഗരങ്ങളുടെയും ഗ്രാമങ്ങളുടെയും അകൃത്രിമമായ രാമണീയകം, വർഷപ്പിറപ്പിന്റെ പശ്ചാത്തലത്തിൽ ചിത്രീകരിച്ചിരിക്കുന്നു! അതിന്നുപുറമെ, തീക്ഷ്ണസൂക്ഷ്മവും അപഗ്രഥനാതീതവുമായ ശാശ്വതവിരഹബോധത്തിന്ന്- മനുഷ്യചേതനയിലെ ആ മൗലികഘടകത്തിന്- ഹൃദയദ്രവീകരണക്ഷമമായ രൂപം നൽകുകയും ചെയ്തിരിക്കുന്നു. അനുകരണം അഭിനന്ദനത്തിന്റെ ശരിയായ രൂപമാണെങ്കിൽ, ഈ ചെറുകാവ്യത്തിനു ലഭിച്ചത്ര അഭിനന്ദനം, കാളിദാസന്റെയെന്നല്ല, മറ്റൊരു കവിയുടെയും മറ്റൊരു രചനയ്ക്കും ലഭിച്ചിട്ടില്ല.



പക്ഷേ, കാളിദാസകൃതികളിൽവച്ച് ഏറ്റവും അഴകുള്ളത് 'കുമാരസംഭവ'മാണ്. പാർവതീപരമേശ്വരന്മാരുടെ പ്രണയമാണ് 'കുമാരസംഭവ'ത്തിലെ കഥാവസ്തു. ഹിമാലയപർവതത്തിന് രണ്ടു രൂപങ്ങളുണ്ടെന്നു കവി കരുതുന്നു. ഒന്നു സ്ഥൂലവും ദൃശ്യവുമാണ്; മറ്റേതു ദേവതാത്മകവും അദൃശ്യവുമത്രേ. ദേവതാത്മകനായ ഹിമവാന് പാർവതി മകളായിപ്പിറന്നു. തന്റെ പത്നിയായ സതിയുടെ ദേഹവിയോഗത്തിൽ ദുഃഖിതനായ പരമശിവൻ ഇതിന്നിടെ ഹിമാലയപാർശ്വത്തിൽ തപസ്സുചെയ്യുകയായിരുന്നു. ആതിഥ്യമര്യാദയോർത്ത്



ഹിമവാൻ ശിവനെ സൽക്കരിക്കുവാൻ മകളെ നിയോഗിക്കുകയും ചെയ്തു. ശിവൻ അവളുടെ ഭർത്താവായി വരുമെന്ന് മുമ്പ് നാരദൻ പ്രവചിച്ചിട്ടുണ്ടായിരുന്നു. ഇക്കാലത്ത് താരകാസുരന്റെ ഉപദ്രവം അസഹ്യമായതിനാൽ ദേവന്മാർ ബ്രഹ്മാവിനോട് സഹായം ആവശ്യപ്പെട്ടു. ശിവന്റെ പുത്രനു മാത്രമേ താരകനെ കൊല്ലുവാൻ കഴിയൂ എന്ന് ബ്രഹ്മാവ് അവരോടു പറഞ്ഞു. ശിവനെ തപസ്സിൽനിന്നു നിവർത്തിപ്പിച്ചു ഗൃഹസ്ഥാശ്രമത്തിലേക്കു കൊണ്ടുപോരുവാൻവേണ്ടി ദേവേന്ദ്രൻ കാമദേവനെ ഹിമാലയത്തിലേക്കയച്ചു. അപ്പോൾ ഉന്മാദകമായ വസന്തകാലം പതിവിലും മുൻപു സമാഗതമായിരുന്നു. ശിവൻ സമാധിയിൽനിന്നുണർന്നു കൺമിഴിച്ചപ്പോൾ മുമ്പിൽ കണ്ടതു വസന്തപുഷ്പാഭരണങ്ങളണിഞ്ഞു നമസ്കരിച്ചെഴുന്നേറ്റ പൂർണയൗവനയായ പാർവതിയെയാണ്. ഉടൻ അവളെ അനുഗ്രഹിച്ചു. അങ്ങനെ അനുഗ്രഹിച്ചുകൊണ്ടു നിൽക്കുന്ന ശിവനെ നോക്കി കാമദേവൻ സമ്മോഹനമെന്ന അസ്ത്രം പ്രയോഗിച്ചു. ശിവന്റെ മനസ്സിളകി. അദ്ദേഹം പാർവതിയെ അഭിലാഷത്തോടെ നോക്കി. പക്ഷേ, ഉടൻതന്നെ അദ്ദേഹം മനസ്സംയമനം ചെയ്ത് തന്റെ ചിത്തവിക്ഷോഭത്തിനു കാരണമായ കാമനെ ക്രോധാഗ്നിയിൽ ദഹിപ്പിച്ചു.

അംഗലാവണ്യംകൊണ്ട്, കാമദേവന്റെ സഹായത്തോടെ, നേടാൻ കഴിയാതിരുന്ന ശിവപ്രേമം തപസ്സുകൊണ്ടു നേടുവാൻ പാർവതി തീർച്ചയാക്കി. അവളുടെ കഠിനതപസ്സിൽ മനസ്സലിഞ്ഞ ശിവൻ അവളെ വേഷപ്രച്ഛന്നനായും മറ്റും പലവിധത്തിൽ പരീക്ഷിക്കുകയും തന്നിൽ അചഞ്ചലപ്രണയയാണ് അവളെന്നറിഞ്ഞ് അവളുടെ മുൻപിൽ സ്വന്തം രൂപത്തിൽ പ്രത്യക്ഷപ്പെടുകയും ചെയ്തു. ശിവൻ തന്റെ വിവാഹദൂതന്മാരായി സപ്തർഷികളെ ഹിമവാന്റെ അടുത്തയച്ചു. ഹിമവാന്റെ നഗരമായ ഓഷധിപ്രസ്ഥത്തിൽവച്ച് പാർവതീപരമേശ്വരന്മാരുടെ വിവാഹം വൈദികവിധികളനുസരിച്ച് ആഘോഷിക്കപ്പെട്ടു. ക്രമേണ കുമാരസംഭവവും താരകാസുരവധവും നടന്നു എന്നു പറയേണ്ടതില്ലല്ലോ.

മഹാന്മാരായ എല്ലാ കവികളെയുംപോലെ കാളിദാസനും പ്രണയഗായകനാണ്. പരസ്പരസ്നേഹത്തിന്റെ മഹിമയാണ് അദ്ദേഹത്തിന്റെ മിക്ക കൃതികളിലെയും പ്രതിപാദ്യം. പക്ഷേ, സ്നേഹം കേവലം പഞ്ചേന്ദ്രിയപരം മാത്രമായിരിക്കരുത് എന്നും ഭോഗത്തിലല്ല ത്യാഗത്തിലാണ് സ്നേഹത്തിന്റെ പരിപൂർണതയെന്നും അദ്ദേഹം വിശ്വസിച്ചു. വെറും ശരീരലാവണ്യംകൊണ്ട് പാർവതിക്കു പരമേശ്വരസ്നേഹം നേടുവാൻ കഴിഞ്ഞില്ല. അതിനു തപസ്സ്- ത്യാഗം- തന്നെ വേണ്ടിവന്നു. സുപ്രസിദ്ധമായ 'അഭിജ്ഞാനശാകുന്തള'ത്തിലും ഈ തത്ത്വംതന്നെയാണ് മഹാകവി ആവിഷ്കരിക്കുന്നത്.



*(മധുബനി പെയിന്റിങ്)*

'രഘുവംശം' സൂര്യവംശരാജാക്കന്മാരുടെ കഥയാണ്. രാജധർമ്മത്തെപ്പറ്റി ഭാരതീയർക്കുണ്ടായിരുന്ന ഉജ്ജ്വലാദർശങ്ങൾ ഈ കാവ്യത്തിൽ ഉടനീളം പ്രകാശിച്ചുനിൽക്കുന്നു. ദിലീപൻ മുതൽ അഗ്നിവർണൻവരെയുള്ള മുപ്പതോളം രാജാക്കന്മാരുടെ ചരിതം ഇതിൽ വിസ്തരിച്ചും ചുരുക്കിയും പ്രതിപാദിച്ചിരിക്കുന്നു. ഇതിലും കാളിദാസൻ ത്യാഗത്തിന്റെ മാഹാത്മ്യത്തെ പുകഴ്ത്തിപ്പാടുന്നുണ്ട്. സൂര്യവംശത്തിലെ ഏറ്റവും മഹാനായ രാജാവ്- രഘു- പിറന്നതു ദിലീപന്റെ തപശ്ചര്യയുടെ ഫലമായിട്ടാണ്. അതിലെ അവസാനത്തെ രാജാവായ അഗ്നിവർണനാകട്ടെ, അമിതമായ സുഖാനുഭൂതികളിൽ മുഴുകി ക്ഷയരോഗബാധിതനായി, അനപത്യനായി ചരമമടയുകയും ചെയ്തു.

കാടും നാടും നഗരവും പുഴയും മലയും സമുദ്രവും-പ്രകൃതിയുടെ എല്ലാ അവസ്ഥാവിശേഷങ്ങളും- 'രഘുവംശ'ത്തിൽ കവിയുടെ ഭാവനയ്ക്കു വിഷയം നൽകുന്നുണ്ട്. ജൈത്രയാത്രയും വിവാഹവും യുദ്ധവും വീരന്മാരായ രാജാക്കന്മാരും സുന്ദരികളും എല്ലാം അതിലുണ്ട്. എല്ലാ രസങ്ങളും രസാചാര്യനായ കവിയുടെ കുശലമായ തൂലികയുടെ ചലനത്തിൽ മിഴിവേൽക്കുന്നു. കാളിദാസന്റെ ലോകോത്തരങ്ങളായ ഉപമകൾ പല പദ്യങ്ങളിലും വിടർന്നുനിൽക്കുന്നു. മനുഷ്യൻ മനുഷ്യാതീതത്വത്തെ അഭിമുഖീകരിക്കുന്നതാണല്ലോ ഉദാത്തമായ കവിതയുടെ വിഷയം. രഘുവംശം ഉദാത്തമായ കവിതയുടെ ഒരു ഉദാഹരണമാണ്.

കാളിദാസൻ തികച്ചും മനുഷ്യകഥാനുഗായിയാകുന്നത് തന്റെ നാടകങ്ങളിലാണ്. 'മാളവികാഗ്നിമിത്രം' എന്ന തന്റെ ആദ്യത്തെ നാടകത്തിൽ കാളിദാസൻ അഗ്നിമിത്രനെന്ന സുംഗരാജാവിന്റെ കുടുംബജീവിതത്തെ ചിത്രീകരിച്ചിരിക്കുന്നു. അക്കാ

ലത്തെ രാഷ്ട്രീയസ്ഥിതിഗതികളെ ഹാസ്യഗർഭിതമായ രീതിയിൽ അതിൽ കടാക്ഷിച്ചിട്ടുണ്ട്.

അപ്സരസ്സായ ഉർവശിയും പുരൂരവസ്സെന്ന രാജാവും തമ്മിലുള്ള പ്രണയബന്ധം ഇന്ത്യയിൽ അതിപ്രാചീനകാലം മുതൽ നടപ്പുള്ള ഒരൈതിഹ്യമാണ്. ഈ ഐതിഹ്യമാണ് കാളിദാസന്റെ 'വിക്രമോർവശീയം' എന്ന ഗീതപ്രധാനമായ നാടകത്തിന് അടിസ്ഥാനം.

എന്നാൽ കാളിദാസന്റെ ഭാവന ഏറ്റവുമധികം തെളിഞ്ഞു പ്രകാശിക്കുന്നത് ഭാരതീയനാടകങ്ങളുടെ മുന്നണിയിൽ നിൽക്കുന്ന 'ശാകുന്തള'ത്തിന്റെ രചനയിലാണ്. ശകുന്തളോപാഖ്യാനം മഹാഭാരതത്തിലുള്ള ഒരു കഥയാണ്. പൗരവരാജാവായ ദുഷ്ഷന്തൻ നായാട്ടിനു കാട്ടിൽ ചെന്നപ്പോൾ കണ്വമഹർഷിയുടെ വളർത്തുമകൾ ശകുന്തളയെ കണ്ടെത്തി. അതിസുന്ദരിയായ അവളെ അദ്ദേഹം ഗാന്ധർവവിധിപ്രകാരം പരിണയിച്ചു. രാജധാനിയിലേക്കു കൂട്ടിക്കൊണ്ടുപോകുവാൻ വഴിയെ ആളെ അയയ്ക്കാമെന്നു പറഞ്ഞു ദുഷ്ഷന്തൻ തിരികെപ്പോയി. പക്ഷേ, അദ്ദേഹം അവളെ മറക്കുകയാണുണ്ടായത്. ഗർഭിണിയായ ശകുന്തളയെ, ഒടുവിൽ കണ്വമുനി രാജധാനിയിലേക്ക് അയച്ചു. രാജാവ് അവളെ തിരസ്കരിക്കുകയും ചെയ്തു. ഒടുവിൽ പല വർഷങ്ങൾക്കു ശേഷം, കശ്യപമുനിയുടെ ആശ്രമത്തിൽ പുത്രനോടൊപ്പം ശമജീവിതം നയിച്ചുവന്ന അവളെ ദുഷ്ഷന്തൻ വീണ്ടും കണ്ടെത്തി. ക്ഷമായാചനം ചെയ്ത് അദ്ദേഹം അവളെ തന്റെ പട്ടമഹിഷിയായി വീണ്ടും വരിച്ചു. ഈ കഥയെ ഉപജീവിച്ച് കാളിദാസൻ വിശിഷ്ടമായ ഒരു നാടകം വിരചിച്ചിരിക്കുന്നു. ആശ്രമത്തിന്റെ അഴകും പരിശുദ്ധിയും, നഗരത്തിന്റെ പകിട്ടും പ്രൗഢിയും അതിലുണ്ട്. പ്രഥമപ്രണയത്തിന്റെ വിലാസഭംഗികളും പ്രൗഢസ്നേഹത്തിന്റെ ക്ഷമയും ത്യാഗവും അതിൽ കാണാം. അതിർകവിഞ്ഞ ക്രോധത്തിന്റെ ആളിക്കത്തലും അപാര



മായ ഔദാര്യത്തിന്റെ ശീതളതയും 'ശാകുന്തള'ത്തിലുണ്ട്. മനുഷ്യരുടെയും പ്രകൃതിയുടെയും അനുഭൂതിമധുരങ്ങളായ ചിത്രങ്ങൾ അതിൽ ചിതറിക്കിടക്കുന്നു. ഭാഗ്യവും നിർഭാഗ്യവും സുഖവും ദുഃഖവും പ്രതിജനഭിന്നവിചിത്രമാർഗമായ മനുഷ്യജീവിതത്തിന്റെ എല്ലാ രൂപഭേദങ്ങളും 'ശാകുന്തള'ത്തിൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. കാളിദാസനെപ്പോലെത്തന്നെയുള്ള മറ്റൊരു വിശ്വമഹാകവിയായ ഗോയ്ഥേ പറഞ്ഞപോലെ, ആണ്ടുപിറപ്പിലെ പൂക്കളും ആണ്ടറുതിയിലെ പഴങ്ങളും, ആത്മാവിനെ മോഹിപ്പിക്കുകയും ആവേശംകൊള്ളിക്കുകയും തൃപ്തിപ്പെടുത്തുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നതെന്തും, ഭൂമിയും സ്വർഗവും, ഒരൊറ്റവാക്കിലടക്കണമോ? ഞാൻ പറയാം- ശാകുന്തളം!- അതിൽ എല്ലാം അടങ്ങിയിരിക്കുന്നു.

കാളിദാസപഠനങ്ങൾ (ഡോ. എൻ.വി. കൃഷ്ണവാരിയർ)

- 'വലുപ്പമല്ല, ഗുണമാണ് കാര്യം'- കാളിദാസകൃതികളെക്കുറിച്ചുള്ള ലേഖകന്റെ ഈ അഭിപ്രായത്തെ സാധൂകരിക്കുന്ന തെളിവുകൾ പാഠഭാഗത്തുനിന്നു കണ്ടെത്തുക.
- 'ഋതുസംഹാരം' കാളിദാസകൃതിയാണോയെന്ന് സംശയിക്കുന്നത് എന്തുകൊണ്ടാവാം?
- "കാളിദാസന്റെ ഭാവന ഏറ്റവും തെളിഞ്ഞു പ്രകാശിക്കുന്നതു 'ശാകുന്തള'ത്തിന്റെ രചനയിലാണ്."

  ഈ അഭിപ്രായം ലേഖകൻ സമർഥിക്കുന്നത് എങ്ങനെയെന്ന് കണ്ടെത്തി എഴുതുക.
- "കാളിദാസന്റെ ലോകോത്തരങ്ങളായ ഉപമകൾ പല പദ്യങ്ങളിലും വിടർന്നു നിൽക്കുന്നു." - ചുവടെ കൊടുത്ത കാവ്യസന്ദർഭങ്ങൾ വിശകലനം ചെയ്ത് ലേഖകന്റെ ഈ അഭിപ്രായത്തെപ്പറ്റി കുറിപ്പ് തയാറാക്കുക.

  - 'സഞ്ചാരിണീ ദീപശിഖേവരാത്രൗ
    യംയം വ്യതീയായ പതിംവരാസാ
    നരേന്ദ്രമാർഗാ ഇവപ്രപേദ
    വിവർണഭാവം സസഭൂമിപാലഃ '

    - രഘുവംശം (ആറാം സർഗം)

- "അദ്ദേവനെസ്സപദി പാർത്തു വിയർത്തുകൊണ്ടു
നീങ്ങാനെടുത്തൊരടിയൂഴിയിലൂന്നിടാതെ
കുന്നിൽത്തടഞ്ഞ പുഴപോലെ കുഴങ്ങി മധ്യേ നിന്നില്ല
കന്നൽ മിഴിയൊട്ടു നടന്നുമില്ല'
- *കുമാരസംഭവം 5-ാം സർഗം*

"ഇന്ത്യയിലെ ഏറ്റവും വലിയ പർവതം ഏതെന്ന ചോദ്യത്തിന് ഒരു ഉത്തരമേയുള്ളൂ: ഹിമാലയം. ഇന്ത്യയിലെ ഏറ്റവും മഹാനായ കവി ആരെന്നതിനെപ്പറ്റിയും ആർക്കും തർക്കമില്ല: കാളിദാസൻ."

ലേഖകന്റെ ഈ പ്രസ്താവനയുടെ സാംഗത്യം വിശദീകരിച്ച് പ്രഭാഷണം തയാറാക്കൂ.

തർക്കിക്കുക, വർണിക്കുക, വിലയിരുത്തുക തുടങ്ങിയവ ക്രിയാപദങ്ങളാണ് (പ്രവൃത്തിയെ കുറിക്കുന്നു). എന്നാൽ തർക്കം, വർണന, വിലയിരുത്തൽ തുടങ്ങിയ പദങ്ങൾ ഈ ക്രിയകളിൽനിന്നു രൂപപ്പെട്ട നാമങ്ങളാണ്. ഇവയാണ് ക്രിയാനാമങ്ങൾ അഥവാ കൃത്തുകൾ.

പാഠഭാഗത്തുനിന്ന് കൂടുതൽ ക്രിയാപദങ്ങൾ കണ്ടെത്തി അവയുടെ കൃത്ത് രൂപങ്ങൾ എഴുതുക.

ചില സമസ്തപദങ്ങൾ വിഗ്രഹിച്ചെഴുതിയത് ശ്രദ്ധിക്കൂ.

ഹിമാലയപർവതം - ഹിമാലയം എന്ന പർവതം
ഹിമാലയപാർശ്വം - ഹിമാലയത്തിന്റെ പാർശ്വം
കഠിനതപസ്സ് - കഠിനമായ തപസ്സ്
പാർവതീപരമേശ്വരന്മാർ - പാർവതിയും പരമേശ്വരനും

താഴെ കൊടുത്തവയുടെ വിഗ്രഹാർഥം കണ്ടെത്തി എഴുതുക.

| സമസ്തപദം | വിഗ്രഹാർഥം |
|---|---|
| സൂക്ഷ്മനിരീക്ഷണശക്തി | |
| പ്രിയജനവിരഹം | |
| ഹൃദയദ്രവീകരണക്ഷമം | |

# അമ്മ

അമ്മ, ദൂരദേശത്ത് ഏതോ ഒരു പട്ടണത്തിൽ നാനാവിധ ക്ലേശങ്ങളിൽ കഴിഞ്ഞുകൂടുന്ന മകന് ഹൃദയവേദനയോടെ എഴുതുകയാണ്:

"മകനേ, ഞങ്ങക്കു നിന്നെ ഒന്നു കാണണം."

ഇത്രയുമല്ല, വളരെ വളരെ വാക്യങ്ങൾ. വ്യാകരണനിയമമോ അക്ഷരവടിവോയില്ല. എങ്കിലും അമ്മയുടെ മനോദുഃഖം മുഴുവനും സ്പഷ്ടം. തമ്മിൽ കണ്ടിട്ടു വളരെ കാലമായി.

അമ്മ നിത്യവും പ്രതീക്ഷിക്കുന്നുണ്ടെന്നു മകനറിയാം. പക്ഷേ, എന്തു ചെയ്യും? ചെന്നുപറ്റാൻ പണമില്ല. നിത്യജീവിതത്തിനുതന്നെ ഞെരുക്കം. "എങ്ങനെയെങ്കിലും നാളെ യാത്ര തിരിക്കണം; ചെന്ന് അമ്മയെ കാണണം" എന്നു സമാധാനിക്കും. ഇതിനിടയിൽ ദിവസങ്ങൾ ആഴ്ചകളായും ആഴ്ചകൾ മാസങ്ങളായും മാസങ്ങൾ വർഷങ്ങളായും -കാലം അങ്ങനെ കടന്നുപോകയാണ്.



അമ്മ നിത്യവും മകനെ പ്രതീക്ഷിക്കുന്നു.

ഞാൻ ഇതുവരെ പറഞ്ഞതും ഇനി പറയാൻ പോകുന്നതും എന്റെ അമ്മയെപ്പറ്റിയാണ്. ഇത്തരം സംഭവങ്ങൾ, ഭാരതത്തിലെ ഓരോരോ അമ്മമാരെപ്പറ്റിയും ഓരോരോ മക്കൾക്കും പറയാൻ കാണും. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തെപ്പറ്റിയാണ് ഞാൻ പറയാൻ പോകുന്നത്. ഓർക്കാൻ വിഷമമുള്ള കാര്യം. അതും അമ്മയുമായിട്ടു വലിയ ബന്ധം ഒന്നുമില്ല. ഞാൻ അമ്മയുടെ മകനാണെന്നുള്ള ബന്ധം മാത്രം. എന്നെപ്പോലുള്ള സന്താനങ്ങളെ പ്രസവിച്ച അമ്മമാർ ഭാരതത്തിലെങ്ങുമുണ്ട്. അവരുടെ സന്താനങ്ങൾ മാതൃഭൂമിയുടെ സ്വാതന്ത്ര്യത്തിനായി പോരാടിയ കുറ്റത്തിനു ജയിലുകളിൽ അടയ്ക്കപ്പെട്ട കാലത്ത് ആ അമ്മമാർ എന്തു ചെയ്തു? ഭാരതത്തിലെ യുവതീയുവാക്കന്മാർ– അവരെ എവിടെനിന്നോ വലിഞ്ഞുകയറിയ വെള്ളക്കാരുടെ ഗവൺമെന്റിന്റെ കിങ്കരന്മാരായ ഭാരതീയർതന്നെ ഇടിച്ചും തൊഴിച്ചും എല്ലുകൾ ഞെരിച്ചു ജയിലുകളിൽ അടച്ചിരുന്ന കാലത്ത് അവരുടെ അമ്മമാർ വെളിയിലുള്ള ലക്ഷോപലക്ഷം ഭവനങ്ങളിൽ ഇരുന്ന് എന്തു ചെയ്തു? ഓർക്കാൻ കഴിയുമോ? ഒന്നും എനിക്ക് ഊഹിക്കാൻ കഴിയുകയില്ലെങ്കിലും എന്റെ അമ്മ എന്തു ചെയ്തു എന്ന് എനിക്കു നല്ലവണ്ണം അറിയാം.

ആ പഴമ്പുരാണം ഞാൻ ഇവിടെ കുറിക്കുവാൻ പോകുന്നതു മറ്റു യാതൊരുദ്ദേശ്യത്തിൻപേരിലുമല്ല. അമ്മയുടെ എഴുത്തു വായിച്ചപ്പോൾ പഴയ ചില ഓർമ്മകൾ എന്നിലുണ്ടായി. ഞാൻ വൈക്കം തലയോലപ്പറമ്പിൽനിന്നു നൂറ്റിച്ചില്വാനം മൈൽ ദൂരെ കോഴിക്കോട്ടേക്ക് ഉപ്പുസത്യഗ്രഹത്തിനു പോയ കഥ.

ഉപ്പുസത്യഗ്രഹം! ഓർമ്മിക്കുവാൻ കഴിയുമോ?

അതിവിടെ രേഖപ്പെടുത്തുന്നതിനു മുമ്പ് ചിലതു പറയുവാനുണ്ട്. ഞാൻ ഇതെഴുതുന്നത് ആയിരത്തിത്തൊള്ളായിരത്തി മുപ്പത്തെട്ടിൽ ആണെന്നോ ഇന്ത്യ ഇന്നും അസ്വതന്ത്രയാണെന്നോ ഉള്ള രഹസ്യമല്ല. മോഹൻദാസ് കരംചന്ദ് ഗാന്ധി എന്ന മനുഷ്യൻ കാരണമാണ് ഞാൻ ആദ്യമായി അടിയും ഇടിയും കൊണ്ടതെന്നുള്ള രഹസ്യമാണ് എനിക്കിവിടെ രേഖപ്പെടുത്താനുള്ളത്. ഏതായാലും അമ്മ എന്നെ പ്രസവിച്ചില്ലായിരുന്നെങ്കിൽ എന്നെ സംബന്ധിച്ചു യാതൊരു കുഴപ്പവും സംഭവിക്കില്ലായിരുന്നു. ഞാൻ കാരണം അമ്മയ്ക്ക് ഈ മനോവേദനയൊന്നും ഉണ്ടാവുകയുമില്ലായിരുന്നു. അടിമത്തവും ദാരിദ്ര്യവും, ഇതുപോലെ മറ്റനേകം ഭയങ്കര വ്യാധികളും നിറഞ്ഞ ഹതഭാഗ്യയായ ഈ നാട്ടിലേക്ക് അമ്മ എന്നെ എന്തിനു പ്രസവിച്ചു? ഈ ചോദ്യം ഇന്ത്യയിലെ ഓരോ അമ്മമാരോടും അവരുടെ ആണും പെണ്ണുമായ സന്താനങ്ങൾ ഓരോരുത്തരും ചോദിക്കുമോ? ഏതായാലും ഇന്ത്യാരാജ്യം എങ്ങനെ ഇത്ര ദരിദ്രമായി? ഞാൻ ഒരു ഇന്ത്യക്കാരനാണ് എന്നെനിക്ക് അഭിമാനത്തോടെ പറയുവാൻ കഴിയുന്നില്ല. ഞാൻ വെറും ഒരു അടിമ. അടിമരാജ്യമായ ഇന്ത്യയെ ഞാൻ വെറുക്കുന്നു! പക്ഷേ...ഇന്ത്യ എന്റെ അമ്മയല്ലേ? എന്നെ പ്രസവിച്ച എന്റെ അമ്മ എന്നെ പ്രതീക്ഷിക്കുന്നതുപോലെ ഭാരതവും എന്നെ പ്രതീക്ഷിക്കുന്നില്ലേ? ഭാരതഭൂമി മരിച്ച എന്നെയും എന്നെ പ്രസവിച്ച എന്റെ അമ്മ ജീവിച്ചിരിക്കുന്ന എന്നെയും.

പ്രതീക്ഷ!

ഞാൻ ഓർക്കുകയാണ്.

അമ്മ എന്നെ പ്രസവിച്ചു. മുലപ്പാലും മറ്റും തന്ന് എന്നെ വളർത്തി. അങ്ങനെയങ്ങനെ എന്നെ ഒരാളാക്കിത്തീർത്തു. ദാഹിച്ചു മോഹിച്ചുണ്ടായ സന്താനമാണു ഞാൻ, എന്നൊക്കെയാണ് അമ്മയുടെ വാദം! 'നീ ദാഹിച്ചു മോഹിച്ചുണ്ടായ സന്താനമാണ്!' ഇങ്ങനെ ഓരോ സന്താനത്തേയും നോക്കി ഓരോ അമ്മയും പറയുമോ? എന്റെ ഹൃദയത്തിൽ തിങ്ങിവിങ്ങുന്നതൊന്നും ഇവിടെ പകർത്താൻ വയ്യ. നിരോധനത്തിന്റെ കൈവിലങ്ങുള്ളതുപോലെ പോലീസ് ലാക്കപ്പുകൾ, ജയില്, തൂക്കുമരം. ഓർമ്മിക്കുന്നുണ്ടോ?

"മനസ്സിനേയും ശരീരത്തേയും വീർപ്പുമുട്ടിക്കുന്ന ഉന്നതപ്രാകാരങ്ങളോടു കൂടിയ ഒരു ഭയങ്കര കാരാഗാരമാണ് ഇന്ത്യ!" ഗാന്ധിജി പറഞ്ഞതാണ്, എന്നാണെന്നു നിശ്ചയമില്ല. ഗാന്ധിജികാരണം തല്ലും ഇടിയും കൊണ്ടത് എനിക്കു നല്ല ഓർമ്മയുണ്ട്. അടിച്ചത് ഒരു ബ്രാഹ്മണൻ. പേര് വെങ്കിടേശ്വരയ്യർ. വൈക്കം ഇംഗ്ലീഷ് ഹൈസ്കൂൾ ഹെഡ്മാസ്റ്ററായിരുന്നു. ചൂരലുകൊണ്ടു ശക്തിയോടെ ഏഴെണ്ണം. അതു വൈക്കം സത്യഗ്രഹകാലത്താണ്. എല്ലാ അധഃകൃതഹിന്ദുക്കൾക്കും ക്ഷേത്രപ്രവേശനം അനുവദിക്കണം. സത്യഗ്രഹികളുടെ കണ്ണുകളിൽ സവർണഹിന്ദുക്കൾ പച്ചച്ചുണ്ണാമ്പു കുത്തിനിറയ്ക്കുന്നു, മർദിക്കുന്നു. ഇതിനൊക്കെ ഒരറുതി വരുത്തണം. വരുന്നൂ ഗാന്ധിജി! ഓർമ്മയുള്ളവരുണ്ടോ?

വൈക്കം ബോട്ടുജട്ടിയിലും കായലോരത്തും വലിയ തിരക്ക്. എങ്ങും ബഹളം. മറ്റു വിദ്യാർഥികളോടൊന്നിച്ചു ഞാനും തിക്കിത്തിരക്കി ജനക്കൂട്ടത്തിന്റെ മുമ്പിലെത്തി. ബോട്ടിൽ ഗാന്ധിജിയെ ദൂരെവച്ചേ കണ്ടു. ജട്ടിയിൽ ബോട്ടടുത്തു. ആയിരമായിരം കണ്ഠങ്ങളിൽനിന്നു ശബ്ദം ഉയർന്നു; ഇന്ത്യയിലെ എല്ലാ അനീതികളോടുമുള്ള സമരപ്രഖ്യാപനംപോലെ. ഉഗ്രമായ ഒരു വെല്ലുവിളിപോലെ; ആയിരമായിരം കണ്ഠങ്ങളിൽനിന്നു കടലിരമ്പംമാതിരി:

"മഹാത്മാ... ഗാന്ധീ.. കീ... ജേ...!"

ആ 'അർധനഗ്നനായ ഫഖീർ' രണ്ടു പല്ലുപോയ മോണ കാണിച്ചു ചിരിച്ചുകൊണ്ടു തൊഴുകൈയോടെ കരയ്ക്കിറങ്ങി. വല്ലാത്ത ആരവം. തുറന്ന കാറിൽ അദ്ദേഹം മെല്ലെ കയറിയിരുന്നു. തിങ്ങിനിറഞ്ഞ ജനക്കൂട്ടത്തിന്റെ ഇടയിലൂടെ കാർ സത്യഗ്രഹാശ്രമത്തിലേക്കു പതുക്കെ നീങ്ങി. വിദ്യാർഥികളിൽ പലരും കാറിന്റെ സൈഡിൽ തൂങ്ങിനിന്നു; അക്കൂട്ടത്തിൽ ഞാനും. ആ ബഹളത്തിനിടയ്ക്ക് എനിക്കൊരാഗ്രഹം! ലോകവന്ദ്യനായ ആ മഹാത്മാവിനെ ഒന്നു തൊടണം! ഒന്നു തൊട്ടില്ലെങ്കിൽ ഞാൻ മരിച്ചുവീണുപോകുമെന്നെനിക്കു തോന്നി. ലക്ഷോപലക്ഷം ജനങ്ങളുടെ നടുക്ക്. ആരെങ്കിലും കണ്ടാലോ? എനിക്കു ഭയവും പരിഭ്രമവും ഉണ്ടായി. എല്ലാം മറന്ന് ഞാൻ ഗാന്ധിജിയുടെ വലതുതോളിൽ പതുക്കെ ഒന്നു തൊട്ടു! വീഴാൻ പോയതിനാൽ കൈത്തണ്ടിൽ പിടിച്ചു. മസിലിനു ബലമില്ല. പിളുപിളിപ്പ്! ഗാന്ധിജി എന്നെ നോക്കി മന്ദഹസിച്ചു.

അന്നു സന്ധ്യക്കു വീട്ടിൽ ചെന്ന് അമ്മയോട് അഭിമാനത്തോടെ ഞാൻ പറഞ്ഞു:

“ഉമ്മാ, ഞാൻ ഗാന്ധിയെ തൊട്ട്!”

ഗാന്ധിജി എന്തു സാധനമാണെന്നറിയാത്ത എന്റെ മാതാവു പേടിച്ച് അമ്പരന്നുപോയി. “ഹോ... എന്റെ മകനേ!...‘‘ അമ്മ തുറന്ന വായയോടെ എന്നെ നോക്കി.

ഞാൻ ഓർക്കുകയാണ്:

ഹെഡ്മാസ്റ്റർ ക്ഷേത്രപ്രവേശന സത്യഗ്രഹത്തിനെതിരായിരുന്നു. ഗാന്ധിജിയോടും വിരോധമായിരുന്നു. അതുകൊണ്ടു വിദ്യാർഥികളിൽ ആരും ഖദർ ധരിക്കാൻ പാടില്ലെന്നു നിരോധിച്ചിരുന്നു; സത്യഗ്രഹാശ്രമത്തിൽ പോകാൻ പാടില്ലെന്നും.

ഞാൻ അന്നു ഖദറാണു ധരിച്ചിരുന്നത്; ആശ്രമത്തിലും പൊയ്ക്കൊണ്ടിരുന്നു. ഒരിക്കൽ ഞാൻ ക്ലാസിലേക്കു പോകുമ്പോൾ ഹെഡ്മാസ്റ്റർ എന്നെ വിളിച്ച്, ക്രോധഹാസ്യത്തോടെ പറഞ്ഞു:

“അമ്പട! അവന്റെ വേഷം കണ്ടോ?”

ഞാൻ ഒന്നും മിണ്ടിയില്ല. വീണ്ടും അദ്ദേഹം ചോദിച്ചു:

“നിന്റെ ബാപ്പ ഇട്ടിട്ടുണ്ടോടാ ഇത്!”

ഞാൻ പറഞ്ഞു: “ഇല്ല.”

ആയിടെ ഒരു ദിവസം ഞാൻ ക്ലാസിൽ ചെന്നതു മണിയടിച്ചു രണ്ടുമൂന്നു മിനിട്ടു കഴിഞ്ഞിട്ടാണ്. അദ്ദേഹം ചൂരലുമായി വരാന്തയിൽ നിൽപ്പുണ്ടായിരുന്നു. എന്നെ വിളിച്ചുചോദിച്ചപ്പോൾ ഞാൻ പറഞ്ഞു: ‘ആശ്രമത്തിൽ പോയിരുന്നു!’

“അവിടെ നിന്റെ ആരാ ഉള്ളത്?” അദ്ദേഹം നീണ്ടു നിവർന്ന് ‘പട പടോ’ന്ന് ഒരാറെണ്ണം എന്റെ കൈവെള്ളയിൽ. “ഇനി പോകരുത്! മനസ്സിലായോടാ?”

എന്റെ പിൻവശത്ത് ഒന്നുകൂടി.

“ഇനി പോയാൽ നിന്നെ ഡിസ്മിസ് ചെയ്യും!”

പക്ഷേ, ഞാൻ പിന്നേയും പോയി.

ഞാൻ ഓർക്കുകയാണ്:

അക്കാലത്ത് എനിക്ക് ഒരു ഖദർഷർട്ടും ഒരു ഖദർ മുണ്ടും ഉണ്ടായിരുന്നു. ഒരു ഷർട്ടും ഒരു മുണ്ടും മാത്രം. അന്നു ഖദർ സ്വാതന്ത്ര്യത്തിന്റെയും പ്രതിഷേധത്തിന്റെയും ചിഹ്നമായിരുന്നു. വിദേശിത്തരങ്ങൾ ധരിക്കയില്ലെന്നു ഞാൻ നിർബന്ധം വച്ചിരുന്നു.

ഈയിടെയെങ്ങാൻ ഞാൻ മരിച്ചുപോവുകയാണെങ്കിൽ എന്നെ ഈ ഖദറിൽ അടക്കം ചെയ്യണം എന്നു ഞാൻ പറയും. ഉമ്മാ ചോദിക്കും: “കാന്തിക്ക് എവിടെ കിട്ടിയെടാ ഈ ചാക്കുപോലത്തെ പുഷ്ക്കടിമുണ്ട്?”

ഖദർ ദേഹത്തു തൊട്ടാൽ ചൊറിയുമെന്നാണ് ഉമ്മയുടെ വിശ്വാസം!

ഞാൻ പറയും:

“ഇതു നമ്മുടെ ഇന്ത്യാരാജ്യത്തുണ്ടാക്കിയത്.”

അങ്ങനെ ഗാന്ധിജി, അലിസഹോദരന്മാർ, മൗലാനാ അബുൽകലാം ആസാദ്, ജവഹർലാൽ നെഹ്റു, സ്വയംഭരണം, ബ്രിട്ടീഷ്മേധാവിത്വം -അതൊക്കെയായിരുന്നു സംഭാഷണവിഷയങ്ങൾ. അന്നാട്ടിലുള്ള വൃദ്ധന്മാർക്കു ചൈനയെപ്പറ്റിയോ ഇംഗ്ലണ്ടിനെപ്പറ്റിയോ സംശയങ്ങൾ ചോദിക്കുവാൻ രണ്ടു ചെറുപ്പക്കാരേ ഉണ്ടായിരുന്നുള്ളൂ. ഒന്നു മിസ്റ്റർ കെ. ആർ. നാരായണൻ. സ്ഥിരപരിശ്രമിയായ മിസ്റ്റർ നാരായണൻ അന്നുള്ള മിക്ക പത്രങ്ങളുടെയും സ്വന്തം ലേഖകനായിരുന്നു. ആരെങ്കിലും എന്തിനെപ്പറ്റിയെങ്കിലും എന്നോടു സംശയം ചോദിച്ചാൽ 'എനിക്കറിയാൻ വയ്യ' എന്നു ഞാൻ അന്നു പറഞ്ഞിരുന്നില്ല. പക്ഷേ, ഒരിക്കൽ എനിക്ക് ഉത്തരം മുട്ടിപ്പോയി.

അമ്മ ചോദിച്ചു:

"എടാ, ഈ കാന്തി ഞമ്മടെ പഷ്ണി തീർക്കുവോ?"

ഒരു വലിയ പ്രശ്നം, ഭാരതത്തെ ആകമാനം ബാധിക്കുന്നത്. അതേപ്പറ്റി ഒന്നും എനിക്ക് അറിഞ്ഞുകൂടാ. എങ്കിലും ഞാൻ പറഞ്ഞു:

"ഭാരതം സ്വതന്ത്രമായാൽ നമ്മുടെ പട്ടിണി തീരും!"

ആയിരത്തിത്തൊള്ളായിരത്തി മുപ്പതിലാണത്. ആ കാലത്താണെന്നു തോന്നുന്നു, ഗാന്ധിജി അദ്ദേഹത്തിന്റെ പ്രസിദ്ധമായ പതിനൊന്നു സംഗതികളടങ്ങിയ കത്ത് അന്നത്തെ വൈസ്രോയി ഇർവിൻ പ്രഭുവിന് സബർമതി ആശ്രമത്തിൽ നിന്നയച്ചത്. റയിനാൾഡ് എന്ന ഒരു ഇംഗ്ലീഷ് യുവാവാണെന്നു തോന്നുന്നു, കത്തു കൊണ്ടുപോയത്. പക്ഷേ, തൃപ്തികരമായ മറുപടി ലഭിച്ചില്ല. കത്തിൽ പറഞ്ഞിരുന്നതുപോലെ ഗാന്ധിജി സത്യഗ്രഹസമരം ആരംഭിച്ചു. ഉപ്പുനിയമം ലംഘിക്കുന്നതിന് എഴുപത് അനുയായികളോടുകൂടി ഗാന്ധിജി ദണ്ഡിസമുദ്രതീരത്തിലേക്കു തിരിച്ചു. ഇന്ത്യയിലെ ദരിദ്രകോടികൾ കഞ്ഞിക്കും കറിക്കും ഉപയോഗിക്കുന്ന ഉപ്പിനുകൂടി വിദേശത്തുനിന്നു വലിഞ്ഞുകയറി ആധിപത്യമുറപ്പിച്ച ബ്രിട്ടീഷ് ഗവൺമെന്റ് കരം ചുമത്തിയിരുന്നു. ഇന്ത്യയെ വിറപ്പിച്ച ഗാന്ധിജിയുടെ ആ ദണ്ഡിയാത്രയ്ക്കു മുമ്പായി അദ്ദേഹം പ്രസ്താവിച്ചു:

"ഒന്നുകിൽ ഞാൻ ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ സാധിച്ച് ആശ്രമത്തിൽ മടങ്ങിയെത്തും. അല്ലെങ്കിൽ എന്റെ ശവശരീരം അറബിക്കടലിൽ കിടന്നൊഴുകുന്നതു കാണാം!"

ഗാന്ധിജി മരിക്കുകയോ? ഹിമാലയം മുതൽ കന്യാകുമാരിവരെ മാറ്റൊലിക്കൊണ്ടു. ഭാരതം ആകെ പ്രക്ഷുബ്ധമായി. ബ്രിട്ടീഷ് ഗവൺമെന്റും ഇന്ത്യക്കാരായ നാട്ടുരാജാക്കന്മാരും അവരുടെ സർവശക്തികളുമുപയോഗിച്ച് നിരായുധരായ ഹിന്ദു, മുസ്ലിം, ക്രിസ്ത്യാനി, പാർസി, സിഖ്-സത്യഗ്രഹികളോടെതിർത്തു. പട്ടാളം, പോലീസ്, ജയിൽ, തൂക്കുമരം- ഇതായി ഭരണം. ഗാന്ധിജിയേയും കൂട്ടരേയും ദണ്ഡിസമുദ്രതീരത്തുവച്ച് അറസ്റ്റ് ചെയ്തു.

മറ്റെവിടത്തേയുംപോലെത്തന്നെ കേരളത്തിലേയും അന്തരീക്ഷം ശാന്തമായിരുന്നില്ല. കോഴിക്കോട്ടെ കടപ്പുറത്ത് ഉപ്പുനിയമലംഘനത്തിൽ ഏർപ്പെട്ടവരെ ഇന്ത്യക്കാരനായ പോലീസ് സൂപ്രണ്ടിന്റെ ആജ്ഞയനുസരിച്ച് കഠിനമാംവിധം മർദിച്ചു. ബൂട്ട്സുകൊണ്ടു ചവിട്ടുക, ലാത്തികൊണ്ടടിക്കുക- അതായിരുന്നു ഏർപ്പാട്. അതും ഇന്ത്യക്കാരായ പോലീസും പട്ടാളവും!

കേളപ്പൻ, മുഹമ്മദ് അബ്ദുറഹ്മാൻ മുതലായവരെ അറസ്റ്റ് ചെയ്തു. തുടർന്ന് നിയമലംഘനങ്ങളും അറസ്റ്റും പോലീസിന്റെ കൈയേറ്റവും. അക്കൂട്ടത്തിൽ കോഴിക്കോട്ടെ കടപ്പുറത്തുവച്ചു വിദ്യാർഥികളോടു കാണിച്ചതായിരുന്നു ഏറ്റവും മർമ്മഭേദകമായത്. പിഞ്ചു വിദ്യാർഥികൾ! കേരളത്തിന്റെ ഭാവി പൗരന്മാർ. അവരെ കേരളീയരായ പോലീസ് അടിച്ചു നിലംപതിപ്പിച്ചു. തല പൊട്ടിയും ചോര ഒലിച്ചും കോഴിക്കോട്ടെ കടപ്പുറത്തു കിടന്നു - നൂറുനൂറു വിദ്യാർഥികൾ! 'മാതൃഭൂമി' പത്രത്തിൽ ഒരു നേതാവു പ്രസിദ്ധപ്പെടുത്തിയ ദാരുണമായ സ്റ്റേറ്റ്മെന്റുകളിൽ ഒന്ന്:

"മാതൃരാജ്യത്തോടുള്ള കടമ നിർവഹിക്കുവാൻ കോഴിക്കോട്ടെ കടപ്പുറത്തു കൂടിയ സാധുവിദ്യാർഥികളെ- നിരായുധരും നിരപരാധികളുമായ ചെറുബാലന്മാരെ നിർദയമായും ക്രൂരമായും ലാത്തികൾകൊണ്ടടിച്ചു തല പൊട്ടിക്കുവാനും കൈകാലുകൾ തല്ലി ഒടിക്കുവാനും മലയാളത്തിലെ സ്ത്രീകൾ പെറ്റവരാണെന്നു പറയുന്ന പോലീസുകാർക്കു കൈ പൊന്തിയല്ലോ! ഈ നഗരത്തിലെ യോഗ്യന്മാരെന്നും ധനികന്മാരെന്നും പൗരപ്രമാണികളെന്നും പറയുന്നവർ ഇതെല്ലാം കണ്ടും കേട്ടും അടങ്ങിയിരിക്കുന്നതു കാണുമ്പോൾ മേലധികാരികളുടെ കല്പനകളെ കണ്ണും ചിമ്മി അനുസരിക്കുന്ന വിവരമില്ലാത്ത പോലീസുകാരെ ഞാൻ എന്തിനു പഴിക്കുന്നു...!"

അങ്ങനെ കേൾപ്പോരും കേൾവിയുമില്ലാത്ത കാലം. എങ്കിലും ബഹുജനങ്ങൾ അടങ്ങിയില്ല. സംഘടിതമായ പടപ്പാട്ട്:

"വരിക വരിക സഹജരേ, സഹനസമരസമയമായ്!..."

അങ്ങനെ ഞാനും പോയി. ആരോടും ചോദിക്കാതെ വിദ്യാഭ്യാസം ഉപേക്ഷിച്ച്, കോഴിക്കോട്ടേക്കു പോയി. അന്നു സന്ധ്യക്ക് എന്റെ അമ്മ അടുക്കളയിൽ ആഹാരം പാകം ചെയ്കയായിരുന്നു. അമ്മ ഒന്നും അറിഞ്ഞിരുന്നില്ല. ഞാൻ അമ്മയോട് ഒരു ഗ്ലാസ് വെള്ളം അവസാനമായി വാങ്ങിക്കുടിച്ച് ഉമ്മായെ ഒന്നു നോക്കിയിട്ട് ഇറങ്ങിനടന്നു.

ആരെങ്കിലും പിന്തുടരുമെന്ന് ഭയപ്പെട്ടു. പിറ്റേദിവസം ബോട്ടിൽനിന്ന് എറണാകുളത്തിറങ്ങി ഇടപ്പള്ളിയിലേക്കു നടന്ന് റെയിൽവേസ്റ്റേഷനിൽ എത്തി. സന്ധ്യ കഴിഞ്ഞിരുന്നു. വണ്ടി വരാൻ വളരെ വൈകി. അപ്പോൾ നാലഞ്ചു പോലീസുകാർ വിളക്കുമായി വന്നു. ഞാൻ ഭയപ്പെട്ടു വിറച്ചു. ഓരോരുത്തരേയും വിളിച്ച് അവർ ചോദിച്ചു, ഞാൻ ഉറങ്ങിയതുപോലെ കിടന്നു. ഒരുവൻ ലാത്തികൊണ്ട് എന്റെ പള്ളയ്ക്ക് തട്ടിവിളിച്ചു. വിളക്ക് എന്റെ മുഖത്ത് അടുപ്പിച്ചിട്ടു ചോദിച്ചു:

"എവിടെ പോകുന്നെടാ നീ?"

എന്താണു പറയേണ്ടത്? കോൺഗ്രസ്സിൽ ചേരാൻ തിരുവിതാംകൂറിൽ നിന്നു കോഴിക്കോട്ടു പോകുന്നു. എന്നു പറയാൻ ഞാൻ ഭയപ്പെട്ടു.

ഞാൻ കളവു പറഞ്ഞു: "ഷൊർണൂർക്കു പോണു."

"എന്തിന്?"

വീണ്ടും ഒരു കളവ്: "അവിടെ എന്റെ അമ്മാമനു ചായക്കച്ചവടമുണ്ട്."

ഭാഗ്യത്തിനു തുടർന്നു ചോദിച്ചില്ല. ഒരു കള്ളനെ അന്വേഷിച്ചു നടക്കുകയായിരുന്നു അവർ. ഷൊർണൂർക്കു ടിക്കറ്റു വാങ്ങി. അവിടെ ഇറങ്ങി പട്ടാമ്പിവരെ നടന്നു. വീണ്ടും തീവണ്ടിയിൽ യാത്രചെയ്തു കോഴിക്കോട്ടെത്തി. മുഹമ്മദ് അബ്ദുറഹിമാന്റെ 'അൽഅമീൻ' പത്രത്തിന്റെ 'അൽഅമീൻ' ലോഡ്ജിൽ താമസിച്ചു. ഞാൻ ആദ്യമായി ചെയ്തത് എന്റെ സ്വദേശീയനായ സെയ്ദ് മുഹമ്മദിന് ബല്ലാരി ജയിലിലേക്കു രഹസ്യമായി ഒരു കത്തയക്കുകയായിരുന്നു: "എന്റെ സർവസ്വവും ഭാരതമാതാവിന്റെ പാദങ്ങളിൽ അർപ്പിക്കുവാൻ തീർച്ചയാക്കിയിരിക്കുന്നു. അടിമത്തശൃംഖല പൊട്ടിക്കുവാൻ എന്റെ സർവശക്തിയും ഞാൻ ദാനം ചെയ്യുന്നു. ഉടനെതന്നെ ഞാൻ അറസ്റ്റ് വരിക്കും!"

അതിന് അദ്ദേഹം എഴുതി: "ഇനി എനിക്കു കുറച്ചു ദിവസംകൂടിയേയുള്ളൂ. ഉടനെ ഞാൻ വിമോചിതനാവും. തമ്മിൽ കണ്ടു സംസാരിച്ചിട്ടു കോൺഗ്രസ്സിൽ ചേർന്നാൽ മതി." അദ്ദേഹം, 'അൽഅമീൻ' സഹപത്രാധിപരും അക്കാലത്തെ നേതാക്കളിൽ ഒരുവനുമായിരുന്നു. ഒറ്റപ്പാലത്തുവച്ച് ഇ. മൊയ്തുമൗലവി മുതലായവരോടൊന്നിച്ച് ആമുസൂപ്രണ്ടിന്റെ കഠിനമർദനങ്ങൾ ഏറ്റിട്ടുള്ള മനുഷ്യനുമാണ്. അദ്ദേഹം വരുന്നതുവരെ താമസിക്കാൻ എനിക്കു ക്ഷമയില്ലായിരുന്നു. ഭാരതം നാളെ സ്വതന്ത്രമാവും; സ്വാതന്ത്ര്യസമരത്തിൽ എനിക്കും പങ്കുവേണം!



എന്റെ നാട്ടിൽ നിന്ന് എന്റെ ജാതിക്കാർ അധികം ചേർന്നിട്ടില്ല. ആ കുറവ് എനിക്കു പരിഹരിക്കണം. ആ സന്ദർഭത്തിൽ എന്റെ പിതാവും വന്നു. സെയ്ദ് മുഹമ്മദിന്റെ കത്തു കാണിച്ചിട്ടു ബാപ്പയോടു പറഞ്ഞു: "ഞാൻ കോൺഗ്രസ്സിൽ ചേരുന്നില്ല. സ്കൂളിലും പോകുന്നില്ല. ഒരു ജോലിക്ക് അന്വേഷിക്കുകയാണ്. ഉടനെ കിട്ടും." അങ്ങനെ ഒരു വിധത്തിൽ ബാപ്പയെ സമാധാനിപ്പിച്ചയച്ചു. പിന്നീടു ഞാൻ നേരെ കോൺഗ്രസ് ആഫീസിലേക്കാണു ചെന്നത്. അവിടെയും എനിക്കു നിരാശയ്ക്കു കാരണമുണ്ടായി. ഞാൻ ഒരു സി. ഐ. ഡിയാണെന്ന് അവർ തെറ്റിദ്ധരിച്ചു. അതിനു ശക്തി കൂട്ടിയത് എന്റെ ഡയറിയാണ്. അതിൽ ഇംഗ്ലീഷ്, തമിഴ്, ഹിന്ദി, അറബി, മലയാളം - ഇങ്ങനെ പലതിലുമാണ് ഞാൻ എഴുതിയിരുന്നത്. അത് ബെഞ്ചിന്മേൽ വച്ചിട്ട് ഞാൻ മൂത്രം ഒഴിക്കാൻ പോയി. മടങ്ങിവന്നപ്പോൾ സിക്രട്ടറി അതു തുറന്നു വായിക്കുന്നതു കണ്ടു. അദ്ദേഹത്തിന് അധികമൊന്നും മനസ്സിലായിക്കാണുകില്ല. എങ്കിലും എന്നെ സംശയിക്കുന്നതിനു കാരണമായിത്തീർന്നു. ഞാൻ സെയ്ദ് മുഹമ്മദിന്റെ കത്തു കാണിച്ചു. എന്നിട്ടും സംശയം തീർന്നില്ല. എന്റെ ഭാവവും എന്റെ നോട്ടവും ആകപ്പാടെ അവർ നോക്കിക്കൊണ്ടിരുന്നു. ആഫീസിൽ രാഷ്ട്രീയനേതാക്കന്മാരുടെ ചിത്രങ്ങൾ തൂക്കിയിരുന്നു. ഫെൽട്ട്ഹാറ്റ് ചരിച്ചുവച്ച് വലിയ കോളറുകളുള്ള വെള്ള ഷർട്ടും ധരിച്ച് മേൽച്ചുണ്ടു നിറയെ നേരിയ മീശയും ശോകഗംഭീരമായ മുഖഭാവവും പൂണ്ട ചിത്രം ആരുടേതെന്നു ഞാൻ ചോദിച്ചു. കാരണം, സായ്പിന്റെ വേഷത്തിൽ ഇരിക്കുന്ന ആ നേതാവിനോട് എനിക്കു വെറുപ്പു തോന്നിയതാണ്. സിക്രട്ടറി പറഞ്ഞു:

"ഭഗവത്സിങ്."

അതു കേട്ടപ്പോൾ എന്റെ ഉള്ള് ആന്തിപ്പോയി. വീരപരാക്രമിയായ ഭഗവത്സിങ്! അന്ന് അദ്ദേഹത്തെ തൂക്കിക്കൊന്നിട്ടുണ്ടായിരുന്നില്ല. ഭഗവത്സിങ്, രാജ്ഗുരു, ശുകദേവ്- പഞ്ചാബ് ഗൂഢാലോചനയിൽപ്പെട്ട ആ മൂന്നു വിപ്ലവകാരികളെപ്പറ്റി ഞാൻ പത്രത്തിൽ വായിച്ചിരുന്നു. അസംബ്ലി ഹാളിൽ ബോംബെറിഞ്ഞതും വൈസ്രോയിയുടെ തീവണ്ടി തകർക്കാൻ ശ്രമിച്ചതും ഞാൻ അറിഞ്ഞിരുന്നു. ആ ഫോട്ടോയെ ഞാൻ നിർന്നിമേഷനായി നോക്കി. സിക്രട്ടറി പറഞ്ഞു:

"ഭഗവത്സിങ്ങിന്റെ മുഖച്ഛായ നിങ്ങൾക്കുണ്ട്. മീശയും കോളറും അതുപോലെത്തന്നെ. ഒരു ഫെൽട്ട് ഹാറ്റ്കൂടി വച്ചാൽ മതി!" ഞാൻ ഒന്നും പറഞ്ഞില്ല. എനിക്ക് ഭഗവത്സിങ്ങിന്റെ ഛായയുണ്ടെന്നുള്ളതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ സിക്രട്ടറി വീണ്ടും എന്നോടു ചോദിച്ചു: "പരമാർഥത്തിൽ നിങ്ങൾ മുസൽമാനാണോ?"



ഞാൻ ചോദിച്ചു: "നിങ്ങൾക്കെന്താണു സംശയം?" എന്നിട്ട് അതുവരെയുള്ള എന്റെ ജീവിതചരിത്രം ഞാൻ പറഞ്ഞു കേൾപ്പിച്ചു. ഒടുവിൽ അദ്ദേഹം ചോദിച്ചു:

"നാളെ കടപ്പുറത്ത് ഉപ്പു കുറുക്കാൻ പോകാൻ തയാറാണോ?"

"തയാർ!" ഞാൻ സമ്മതിച്ചു.

അങ്ങനെ പിറ്റേന്നു വെളുപ്പിനേ എണീറ്റു. ചട്ടി, കൊടി മുതലായവയു മായി ഞങ്ങൾ പോകാൻ തയാറാവുകയായിരുന്നു. ആ സമയത്തു കോവ ണിപ്പടിയിൽ 'ചട പട' ശബ്ദം കേട്ട്, അമ്പരന്നു ഞങ്ങൾ നോക്കി. ആറേഴു പോലീസുകാരോടുകൂടി ഇൻസ്പെക്ടർ ഉള്ളിൽ കടന്നു. ഞങ്ങളെ പതിനൊ ന്നുപേരെയും അറസ്റ്റ്ചെയ്തു കൊണ്ടുപോയി.

അതൊരു ഞായറാഴ്ച കാലത്തായിരുന്നു. ഞങ്ങൾ ആരും ഒന്നും കഴിച്ചി ട്ടുണ്ടായിരുന്നില്ല. ഉറക്കക്ഷീണവും എനിക്കു നന്നേ ഉണ്ടായിരുന്നു. ഞങ്ങ ളുടെ പിന്നാലെ ഒരു ജനക്കൂട്ടവും വന്നു. സ്റ്റേഷനടുത്തപ്പോൾ എന്റെ ധൈര്യ മെല്ലാം ആവിയായിപ്പോയി. ആദ്യമായി ഞാൻ പോലീസ്സ്റ്റേഷനിലേക്കു പോകയാണ്. വാളും ബയനറ്റും കൈവിലങ്ങുകളും ഭിത്തിയിൽ കിടന്നു ഭീക രതയോടെ മിന്നുന്നുണ്ടായിരുന്നു. അതിന്റെ കഠിനമായ തിളക്കവും സ്റ്റേഷ നിൽ നിന്നിരുന്ന പോലീസുകാരുടെ ക്രൂരമുഖഭാവവും എന്നെ വല്ലാതെ പേടി പ്പെടുത്തി. നരകത്തിന്റെ ഒരു ഓർമ്മയാണ് എനിക്കു വന്നത്.

ഞങ്ങളെ നിരത്തി വരാന്തയിൽ നിർത്തി. കുറുകിയ പൂച്ചക്കണ്ണനായ ഇൻസ്പെക്ടർ അകത്തേക്കു പോയി. ഞങ്ങളുടെ മുമ്പിൽക്കൂടി ആജാനു ബാഹുവായ ഒരു പോലീസുകാരൻ അങ്ങോട്ടുമിങ്ങോട്ടും നടന്നുകൊണ്ടിരു ന്നു. ചുവന്നു തുറിച്ച കണ്ണുകൾ ഞങ്ങളെ ഓരോരുത്തരെയും നോക്കി. അയാ ളുടെ നമ്പർ 270 ആണ്. ഒന്നാമതായി നിന്ന ക്യാപ്റ്റന്റെ പിടലിക്കു പിടിച്ച് അയാൾ അകത്തേക്കു തള്ളി. അകത്തുനിന്ന് ഇടിയും തൊഴിയും നിലവി ളിയും കേട്ടു. എന്റെ ഹൃദയം പതറി. ഞാൻ നാലാമതായി നിൽക്കുകയായി രുന്നു. പത്തുമിനിട്ടു കഴിഞ്ഞു രണ്ടാമനേയും കൊണ്ടുപോയി.

അദ്ദേഹത്തിന്റെ ഹൃദയം തകർന്നുള്ള നിലവിളി കേട്ടപ്പോൾ ഞാൻ വിറച്ചു. മാപ്പു ചോദിച്ചുകളയാമെന്ന് തീരുമാനിച്ചു. ഒരു നിമിഷനേരത്തേക്കു മാത്രം. എന്തെന്നാൽ, ഉടനെ എനിക്കു തോന്നി- എന്തിനു മാപ്പു ചോദിക്കുന്നു? തെറ്റൊന്നും ചെയ്തിട്ടില്ലല്ലോ. സ്വാതന്ത്ര്യം-അതിനുവേണ്ടി എത്രയെത്ര യുവ തീയുവാക്കൾ മരണമടഞ്ഞുകഴിഞ്ഞു. ഞാൻ ഭഗവത്സിങ്ങിനെയും സഖാ ക്കളെയും സ്മരിച്ചു. മരിച്ചുകളയാം, അതാണ് എന്റെ കടമ!

മുമ്പിൽ നടന്ന 270 ഓരോരുത്തരോടും ചോദിച്ചു, ഓരോരുത്തരുടെയും ദേശമേതെന്ന്. ഓരോരുത്തരും പറഞ്ഞു:

"കണ്ണൂർ, തലശ്ശേരി, പൊന്നാനി."

അയാൾ എന്നോട് ചോദിച്ചു:

"നിന്റെ?"

ഞാൻ പറഞ്ഞു: "വൈക്കം."

"വൈക്കം!" അയാൾ അദ്ഭുതത്തോടെ എന്നെ നോക്കി. തിരുവിതാംകൂ റുകാരൻ!

"പേര്?"

ഞാൻ പേരു പറഞ്ഞുകൊടുത്തു. തല്ലയെടുപ്പോടെ 270 എന്നോടു ചോദിച്ചു:

"തിരുവിതാംകൂറിൽ സ്വയംഭരണം കിട്ടിയോ?"

ഞാൻ പറഞ്ഞു:

"ഇല്ല. ഗാന്ധിജി പറഞ്ഞിരിക്കുന്നത് നാട്ടുരാജ്യങ്ങളിൽ സമരം വേണ്ടെന്നാണ്."

"ങും!" അയാൾ ഭയങ്കരമായി ഒന്നു മൂളി. രൗദ്രതയോടെ അടുത്തുവന്നു. എന്റെ രണ്ടു കരണത്തും 'പടപടേ'ന്നു രണ്ടെണ്ണം! എന്നിട്ടു പിടലിക്കു പിടിച്ചു കുനിച്ചു നിർത്തി ഇടി തുടങ്ങി. ചെമ്പുകലത്തിന്മേൽ ഇടിച്ചാലെന്നപോലെ ശബ്ദം കേട്ടു. പതിനേഴുവരെ, അതോ ഇരുപത്തേഴുവരെയോ, ഞാൻ എണ്ണി. പിന്നെ ഞാൻ എണ്ണിയില്ല. എന്തിനെണ്ണുന്നു?

ഒടുവിൽ രണ്ടു പോലീസുകാരുടെ സഹായത്തോടുകൂടി, അവശനായ എന്നെ അകത്തു കൊണ്ടുപോയി. ഇൻസ്പെക്ടർ എന്റെ സ്ഥിതി കണ്ടു ചോദിച്ചു:

"ഊം?"

ഒരു പോലീസുകാരൻ പറഞ്ഞു:

"നമ്പ്യാര് ചെനമ്പ് തച്ച്..."

സാരമില്ലാത്ത മട്ടിൽ പോലീസ് ഇൻസ്പെക്ടർ മൂളി:

"ഊം."

വേറൊരു പോലീസുകാരൻ എന്റെ ഷർട്ടും മറ്റും ഊരി, എന്റെ പൊക്കം, വണ്ണം, അടയാളമൊക്കെ നോക്കി പറഞ്ഞു.

ഒടുവിൽ ഞങ്ങളെ പതിനൊന്നുപേരെയും ലോക്കപ്പിലിട്ടു.

സിമന്റിട്ട ഒരു ചെറിയ മുറിയായിരുന്നു അത്. ഇരുമ്പഴിവാതിലിനു മുകളിൽ ശക്തിയോടെ പ്രകാശിക്കുന്ന ബൾബ്. ലോക്കപ്പുമുറിയുടെ മൂലയ്ക്ക് ഒരു കുടം നിറച്ചു മൂത്രം ഉഗ്രമായ ഗന്ധത്തോടെ ഇരുന്നിരുന്നു. അന്നു ഞങ്ങൾക്ക് ആഹാരം കിട്ടിയില്ല. രാത്രി ഭയങ്കരമായ തണുപ്പായിരുന്നു. കിടക്കാൻ പായ ഉണ്ടായിരുന്നില്ല. പിറ്റേദിവസം കാലത്തെഴുന്നേറ്റപ്പോൾ ഓരോരുത്തരുടെയും മുഖം നീരുകെട്ടി വീങ്ങിയിരുന്നു. ഞങ്ങൾക്കു തീരെ നടക്കാൻ വയ്യായിരുന്നു. കൈവിലങ്ങു ധരിപ്പിച്ചു ഞങ്ങളെ കോഴിക്കോട്ടങ്ങാടി വഴി തോക്കും വാളുമായി പോലീസ് അകമ്പടിയോടെ കോടതിയിൽ കൊണ്ടുപോയി.

പതിന്നാലു ദിവസത്തെ റിമാൻഡിനു കോഴിക്കോട്ടെ സബ്ജയിലിലേക്കയച്ചു. അവിടെവച്ച് കൂട്ടുകാർ പറഞ്ഞു, 270 എന്റെ പുറത്ത് കൈചുരുട്ടി ഇടിച്ചിട്ട് ഒടുവിൽ കൈമുട്ടുകൾകൊണ്ടാണ് ഇടിച്ചതെന്ന്. എണ്ണപുരട്ടി ഒരു ധർമ്മഭടൻ തിരുമ്മി. പക്ഷേ, ഒമ്പതു സ്ഥലത്തു രൂപാവട്ടത്തിൽ കരുവാളിച്ചു കിടപ്പുണ്ടെന്നു പറഞ്ഞു.

എനിക്കു കിട്ടിയതു മൂന്നുമാസം കഠിനതടവാണ്. തന്മൂലം എന്നെ കണ്ണൂർ സെൻട്രൽ ജയിലിലേക്കു മാറ്റി. ടി. പ്രകാശം, ബാട്ട്ലിവാലാ, ഇ. മൊയ്തുമൗലവി മുതലായവരടക്കം അവിടെ 600 രാഷ്ട്രീയത്തടവുകാരോളം ഉണ്ടായിരുന്നു.

ജയിലിലെ ആഹാരം വളരെ മോശമായിരുന്നു. കഞ്ഞിയിൽ പീരപോലെ പുഴു പൊങ്ങിക്കിടക്കും. അതു കളഞ്ഞിട്ടാണു ഞങ്ങൾ കുടിച്ചിരുന്നത്. പുറമേയുള്ള വാർത്ത അറിഞ്ഞിരുന്നതു പുതുതായി ശിക്ഷിച്ചുവന്നവരിൽ നിന്നുമാണ്. അയിടെ ഭഗവത്സിങ്ങിനേയും മറ്റും തൂക്കിക്കൊന്ന വാർത്ത അറിഞ്ഞു മൂന്നു ദിവസം ഞങ്ങൾ നിരാഹാരവ്രതം അനുഷ്ഠിച്ചു; എന്റെ ആദ്യത്തെ നിരാഹാരവ്രതം. മൂന്നാമത്തെ ദിവസം വെള്ളം കഴിച്ചപ്പോൾ തൊണ്ട പൊട്ടിയതു പോലെ തോന്നി.

ഇന്ത്യയുടെ നാനാഭാഗങ്ങളിൽ നിന്നുമുള്ള തടവുകാർ അവിടെയുണ്ടായിരുന്നു. വിപ്ലവകാരികൾ, അരാജകകക്ഷിക്കാർ, സോഷ്യലിസ്റ്റുകാർ, കമ്മ്യൂണിസ്റ്റുകാർ -അങ്ങനെ പല ആദർശക്കാർ. എല്ലാവരുടെയും ലക്ഷ്യം ഇന്ത്യയുടെ സ്വാതന്ത്ര്യവും. മാസം കുറേ കഴിഞ്ഞപ്പോൾ ഗാന്ധി – ഇർവിൻ സന്ധി അനുസരിച്ചു ഞങ്ങളെയൊക്കെ മോചിപ്പിച്ചു. വെളിയിൽ വന്നപ്പോൾ എങ്ങോട്ടാണു പോകേണ്ടതെന്ന് എനിക്കു നിശ്ചയമില്ലായിരുന്നു. എന്നെപ്പോലെ കഷ്ടപ്പെട്ട ധർമ്മഭടന്മാർ അനവധിയുണ്ടായിരുന്നു. മിക്കവർക്കും റെയിൽവേപാസുപോലും കിട്ടിയിരുന്നില്ല.

എനിക്ക് രണ്ട് ആഗ്രഹങ്ങളായിരുന്നു. രണ്ടാമത്തേത് ഒരു ഷാളിന്. അരുകിനു മുന്തിരിവള്ളിയുള്ള ഖദർഷാൾ എനിക്കു മിസ്റ്റർ അച്ചുതൻ വാങ്ങിച്ചുതന്നു. ഒന്നാമത്തെ ആഗ്രഹം, 270 നെ കൊല്ലണം! പക്ഷേ, എന്റെ പക്കൽ ആയുധം ഒന്നുമില്ല. ഒരു റിവോൾവർ കിട്ടിയെങ്കിൽ... ഞാൻ വളരെ കൊതിച്ചു. അയാൾ പാളയത്തു ട്രാഫിക് ഡ്യൂട്ടിയിൽ നിൽക്കുന്നത് ഞാൻ കണ്ടു. ആറടി പൊക്കമുള്ള ഒരു രാക്ഷസൻ. ഞാൻ ഇടിച്ചാൽ അയാൾക്കു പറ്റുകില്ല. പേനാക്കത്തികൊണ്ടു നെഞ്ചിനു കുത്തി വാറണം!'അൽഅമീൻ' ലോഡ്ജിൽനിന്ന് ഒരു പേനാക്കത്തി ഞാൻ മോഷ്ടിച്ചു. അതുമായി പോകുമ്പോൾ മിസ്റ്റർ അച്ചുതനെ കണ്ടു. അദ്ദേഹം അദ്ഭുതപ്പെട്ടു.

"പോയില്ലേ?"

ഞാൻ പറഞ്ഞു: "ഇല്ല"

അദ്ദേഹം ചോദിച്ചു:

"വീട്ടിൽപോയി ബാപ്പായേയും ഉമ്മായേയും കാണണ്ടേ?"

ഞാൻ പറഞ്ഞു:

"അതിനുമുമ്പ് എനിക്ക് ഒരു കാര്യം ചെയ്യാനുണ്ട്." ഞാൻ സംഗതികളൊക്കെ പറഞ്ഞു. അദ്ദേഹം എന്നെ മാനാഞ്ചിറ (കുളത്തിനടുത്ത്) കൂട്ടിക്കൊണ്ടുപോയി, വളരെ സൗമ്യതയോടെ ചോദിച്ചു:

"നിങ്ങളാണോ സത്യഗ്രഹി?" എന്നിട്ട് ഗാന്ധിജിയുടെ പല്ലുപോയ കഥ പറഞ്ഞുകേൾപ്പിച്ചു.

"പിന്നെ, അങ്ങനെ കൊല്ലുകയാണെങ്കിൽ ജീവിക്കുവാൻ അർഹനായ ഒരൊറ്റ പോലീസുകാരനും ഇന്നില്ല. ഇന്നത്തെ ഭരണകൂടത്തിന്റെ ഒഴിക്കുവാൻ വയ്യാത്ത ഒരു ഘടകമാണ് പോലീസുകാരൻ. ഗവൺമെന്റിന്റെ കരുക്കൾ മാത്രമാണ് ആ സാധുക്കൾ. അവരെ പഴിച്ചതുകൊണ്ട് എന്തു ഫലം? ക്ഷമിക്കൂ, വീട്ടിൽ പോകൂ."

മിസ്റ്റർ അച്ചുതൻതന്നെ എന്നെ വണ്ടി കയറ്റി അയച്ചു. എറണാകുളത്തു വന്നു മുസ്‌ലിം ഹോസ്റ്റലിൽ ഒരു മാസം താമസിച്ചു. വീട്ടിലേക്കു ചെല്ലാൻ നാണം. നിരാശയും വ്യസനവും മടിയും! അവസാനം, ഒരു രാത്രി ബോട്ടുമാർഗം ഞാൻ വൈക്കത്തെത്തി. അവിടെനിന്ന് തലയോലപ്പറമ്പിലേക്കു നടന്നു. നാലഞ്ചു മൈലുണ്ട്. നല്ല ഇരുട്ട്. പാമ്പും മറ്റും ഉള്ള വഴിയാണ്. ശ്രുവേലിക്കുന്നിനടുത്ത് ഒരു മാങ്കൊമ്പിൽ ഒരാൾ കെട്ടിത്തൂങ്ങി ചത്തിട്ടുണ്ടായിരുന്നു. രാത്രി മൂന്നുമണി കഴിഞ്ഞിരുന്നു. ഞാൻ വീട്ടിൽ, മുറ്റത്തു ചെന്നപ്പോൾ "ആരാത്?" എന്ന് എന്റെ മാതാവു ചോദിച്ചു. ഞാൻ വരാന്തയിൽ കയറി. അമ്മ വിളക്കുകൊളുത്തി. ഒന്നും സംഭവിച്ചിട്ടില്ലാത്ത മാതിരി എന്നോടു ചോദിച്ചു:



"നീ വല്ലതും കഴിച്ചോ മകനേ?"

ഞാൻ ഒന്നും പറഞ്ഞില്ല. ഞാൻ ആകെ വിങ്ങിപ്പൊട്ടി. ലോകമെല്ലാം ഉറങ്ങിക്കിടക്കുകയാണ്. എന്റെ മാതാവുമാത്രം ഉറക്കമിളച്ചിരിക്കുന്നു! വെള്ളവും കിണ്ടിയും കൊണ്ടുവച്ചിട്ട്, മാതാവ് എന്നോടു കൈകാലുകൾ കഴുകാൻ പറഞ്ഞു. എന്നിട്ടു ചോറു പാത്രം നീക്കിവച്ചുതന്നു.

വേറൊന്നും ചോദിച്ചില്ല.

എനിക്കദ്ഭുതം തോന്നി. "ഞാൻ ഇന്നു വരുമെന്ന് ഉമ്മ എങ്ങനെ അറിഞ്ഞു?"

അമ്മ പറഞ്ഞു: "ഓ.. ചോറും കറിയും വെച്ച് എല്ലാ രാത്രിയും ഞാൻ കാത്തിരിക്കും."

നിസ്സാരമായ ഒരു പ്രസ്താവന. ഞാൻ ചെല്ലാതിരുന്ന ഓരോ രാത്രിയും അമ്മ ഉറക്കമിളച്ച് എന്റെ വരവും കാത്തിരുന്നു!

വർഷങ്ങൾ പിന്നെയും കഴിഞ്ഞു. ജീവിതത്തിൽ പലതും സംഭവിച്ചു. അമ്മ ഇന്നും മകനെ പ്രതീക്ഷിക്കുന്നു:
"മകനേ, ഞങ്ങക്കു നിന്നെ ഒന്നു കാണണം.."

ഓർമ്മക്കുറിപ്പ് (വൈക്കം മുഹമ്മദ് ബഷീർ)

- "മകനേ, ഞങ്ങക്കു നിന്നെ ഒന്നു കാണണം" - അമ്മയുടെ ഈ വാക്കുകൾ ബഷീറിൽ ഉണർത്തിയ ചിന്തകൾ എന്തെല്ലാം?

- "ഇത് ജീവിതത്തിൽ നിന്നും ചീന്തിയെടുത്ത ഒരേടാണ്; വക്കിൽ ചോരപൊടിഞ്ഞിരിക്കുന്നു."

  ബഷീറിന്റെ രചനയെക്കുറിച്ച് എം. പി. പോൾ പറഞ്ഞ അഭിപ്രായത്തിന്റെ പശ്ചാത്തലത്തിൽ ഈ കഥ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കൂ.

- "എന്നെ പ്രസവിച്ച എന്റെ അമ്മ എന്നെ പ്രതീക്ഷിക്കുന്നതുപോലെ ഭാരതവും എന്നെ പ്രതീക്ഷിക്കുന്നില്ലേ?"

  ബഷീറിന്റെ ഈ വാക്കുകളിൽ തെളിയുന്ന മനോഭാവം കുറിക്കുക.

- "ലോകവന്ദ്യനായ ആ മഹാത്മാവിനെ ഒന്നു തൊടണം. ഒന്നു തൊട്ടില്ലെങ്കിൽ ഞാൻ മരിച്ചു വീണുപോകുമെന്നെനിക്കു തോന്നി."

  ഗാന്ധിജിയോടുള്ള ഈ ആരാധന ബഷീറിന്റെ ജീവിതത്തെ എങ്ങനെ സ്വാധീനിച്ചുവെന്ന് പാഠഭാഗത്തുനിന്ന് കണ്ടെത്തി എഴുതുക.

- "ദേശീയപ്രസ്ഥാനകാലത്ത് സാമൂഹികസാഹചര്യങ്ങളോട് ശക്തമായി പ്രതികരിക്കുന്ന ഒരു വിദ്യാർഥിയായിരുന്നു ബഷീർ" - പ്രസ്താവന വിലയിരുത്തി കുറിപ്പ് തയാറാക്കുക.

- • എല്ലാം മറന്ന് ഞാൻ ഗാന്ധിജിയുടെ വലതുതോളിൽ പതുക്കെ ഒന്നു തൊട്ടു. വീഴാൻ പോയതിനാൽ കൈത്തണ്ടയിൽ പിടിച്ചു. മസിലിനു ബലമില്ല, പിളുപിളിപ്പ്!
  • അവിടെ നിന്റെ ആരാ ഉള്ളത്? അദ്ദേഹം നീണ്ടുനിവർന്നു പടപടോന്ന് ഒരാറെണ്ണം എന്റെ കൈവെള്ളയിൽ.

  അടിവരയിട്ട പ്രയോഗങ്ങളുടെ സവിശേഷത കണ്ടെത്തുക. ഇത്തരം പ്രയോഗങ്ങൾ ബഷീറിന്റെ ആഖ്യാനശൈലിയെ എത്രത്തോളം ആകർഷകമാക്കുന്നുവെന്ന് വിശദീകരിക്കുക.

"മഹത്തായ കാവ്യസൃഷ്ടികൾ കാലത്തെ അതിജീവിക്കുന്നവയാണ്."

കാളിദാസന്റെയും എഴുത്തച്ഛന്റെയും സാഹിത്യസംഭാവനകൾ പരിചയപ്പെടുത്തി ഉപന്യാസം തയാറാക്കുക.

## ഞാൻ എന്നെക്കുറിച്ച്

| | പൂർണമായി | ഭാഗികമായി | അൽപ്പം മാത്രം |
|---|---|---|---|
| **കവിത** | | | |
| • കവിത ഈണത്തിലും താളത്തിലും അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • കവിതയുടെ പ്രമേയപരമായ സവിശേഷതകൾ വിശകലനം ചെയ്യാൻ സാധിച്ചിട്ടുണ്ട്. | | | |
| • ചമൽക്കാരഭംഗി, പ്രയോഗഭംഗി എന്നിവ കണ്ടെത്തി അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| **ഉപന്യാസം** | | | |
| • വിഷയവുമായി ബന്ധപ്പെട്ട ആശയങ്ങൾ വായിച്ചും ചർച്ചചെയ്തും കണ്ടെത്തി അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • വാക്യഘടനയുടെ സവിശേഷതകൾ മനസ്സിലാക്കി രചന നിർവഹിക്കാനായിട്ടുണ്ട്. | | | |
| • വ്യത്യസ്ത സാഹിത്യരചനകളിലെ ആശയങ്ങൾ ബന്ധിപ്പിച്ച് അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| **കഥ** | | | |
| • കഥ ഭാവാത്മകമായി ശബ്ദവിന്യാസത്തോടെ അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • കഥയിലെ ആഖ്യാനപരമായ സവിശേഷതകൾ കണ്ടെത്തി വിശകലനം ചെയ്യാനായിട്ടുണ്ട്. | | | |
| • കഥയിലെ സംഭവങ്ങൾ, മുഹൂർത്തങ്ങൾ എന്നിവ കണ്ടെത്തി ചർച്ചകളിലും മറ്റും അവതരിപ്പിക്കാനായിട്ടുണ്ട്. | | | |

എഴുത്തുകാരെ അറിയുക

## തുഞ്ചത്തെഴുത്തച്ഛൻ

പതിനാറാം നൂറ്റാണ്ടാണ് ജീവിതകാലം. മലപ്പുറംജില്ലയിലെ തിരൂരിലുള്ള തൃക്കണ്ടിയൂരാണ് ജന്മസ്ഥലമെന്ന് കരുതുന്നു. 'മലയാളഭാഷാപിതാവ്' എന്ന് വിശേഷിപ്പിക്കപ്പെടുന്നു. പാട്ടിന്റെയും മണിപ്രവാളത്തിന്റെയും കാവ്യസവിശേഷതകൾ സ്വാംശീകരിച്ചുകൊണ്ട് തികച്ചും മൗലികമായൊരു കാവ്യശൈലി സൃഷ്ടിച്ചു. ഭക്തിയിലൂടെ ഒരു ജനതയെ പരിവർത്തിപ്പിക്കുക എന്ന ചരിത്രദൗത്യമാണ് എഴുത്തച്ഛൻ നിർവഹിച്ചത്. അധ്യാത്മരാമായണം കിളിപ്പാട്ട്, മഹാഭാരതം കിളിപ്പാട്ട് എന്നിവയാണ് എഴുത്തച്ഛന്റെ പ്രധാന കൃതികൾ.



## ഡോ. എൻ. വി. കൃഷ്ണവാരിയർ
(1916 - 1996)

കവി, പണ്ഡിതൻ, ഭാഷാശാസ്ത്രജ്ഞൻ, പത്രാധിപർ എന്നീ നിലകളിൽ പ്രശസ്തൻ. തൃശൂരിലെ ചേർപ്പിൽ ജനിച്ചു.

1942 ൽ ജോലി രാജിവച്ച് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തു. ഒളിവിൽ പോവുകയും 'സ്വതന്ത്രഭാരതം' എന്ന പത്രം നടത്തുകയും ചെയ്തു. പിന്നീട് മദ്രാസ് ക്രിസ്ത്യൻ കോളേജിലും തൃശൂർ കേരളവർമ്മ കോളേജിലും ലക്ചററായി. 1968-75 കാലത്ത് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകഡയറക്ടറായിരുന്നു. 'മാതൃഭൂമി', 'കുങ്കുമം', 'വിജ്ഞാനകൈരളി' എന്നിവയുടെ പത്രാധിപർ. കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, സോവിയറ്റ്ലാന്റ് നെഹ്റു അവാർഡ് എന്നിവ ലഭിച്ചു.

*പ്രധാന കൃതികൾ*

കൊച്ചുതൊമ്മൻ, ഗാന്ധിയും ഗോഡ്സെയും, നീണ്ടകവിതകൾ, കാളിദാസന്റെ സിംഹാസനം, പുഴകൾ, രക്തസാക്ഷി (കവിതകൾ); വള്ളത്തോളിന്റെ കാവ്യശിൽപ്പം, കലോത്സവം, പരിപ്രേക്ഷ്യം, സമാകലനം (ലേഖനങ്ങൾ); അമേരിക്കയിലൂടെ, ഉണരുന്ന ഉത്തരേന്ത്യ, പുതിയ ചിന്ത സോവിയറ്റ് യൂണിയനിൽ (യാത്രാവിവരണം)



## വൈക്കം മുഹമ്മദ് ബഷീർ
**(1908 - 1994)**

പ്രസിദ്ധ നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമരപോരാളിയും. 'ബേപ്പൂർസുൽത്താൻ' എന്നു വിളിക്കപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ വൈക്കത്തെ തലയോലപ്പറമ്പിൽ ജനിച്ചു. 1930 ൽ കോഴിക്കോട്ട് ഉപ്പുസത്യഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. 'ഉജ്ജീവനം' എന്ന പത്രത്തിലെഴുതിയ തീപ്പൊരിലേഖനങ്ങളാണ് ആദ്യകാല കൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു. ഒമ്പതുവർഷത്തോളം നീണ്ട ഈ യാത്രകളിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു.

പത്മശ്രീ, കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, ലളിതാംബിക അന്തർജനം അവാർഡ്, മുട്ടത്തുവർക്കി അവാർഡ്, വള്ളത്തോൾ പുരസ്കാരം തുടങ്ങിയ ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

*പ്രധാന കൃതികൾ*

പ്രേമലേഖനം, ബാല്യകാലസഖി, ന്റുപ്പുപ്പാക്കൊരാനേണ്ടാർന്ന്, ആനവാരിയും പൊൻകുരിശും, പാത്തുമ്മായുടെ ആട്, മതിലുകൾ, സ്ഥലത്തെ പ്രധാന ദിവ്യൻ, മരണത്തിന്റെ നിഴലിൽ, മുച്ചീട്ടുകളിക്കാരന്റെ മകൾ, ജീവിതനിഴൽപ്പാടുകൾ, താരാ സ്പെഷ്യൽസ്, മാന്ത്രികപ്പൂച്ച, ശബ്ദങ്ങൾ (നോവൽ); ഭൂമിയുടെ അവകാശികൾ, വിശ്വവിഖ്യാതമായ മൂക്ക്, കഥാബീജം, ജന്മദിനം, ഓർമ്മക്കുറിപ്പ്, അനർഘനിമിഷം, വിഡ്ഢികളുടെ സ്വർഗം, നേരും നുണയും, ഓർമ്മയുടെ അറകൾ, ആനപ്പൂട, ചിരിക്കുന്ന മരപ്പാവ, ശിങ്കിടിമുങ്കൻ, യാ ഇലാഹി!, നൂറുരൂപാ നോട്ട്.

പദകോശം

## ലക്ഷ്മണസാന്ത്വനം

അഹി - സർപ്പം
അധ്രുവം - ചഞ്ചലം, സ്ഥിരമല്ലാത്ത
അവിദ്യ - അജ്ഞാനം
അഹംബുദ്ധി - ഞാനെന്ന ഭാവം
ആഢ്യോഹം - ഞാൻ ആഢ്യൻ ആകുന്നു
ആമ്രേഡിതം - ആവർത്തിച്ചു പറയൽ
ആലോലചേതസാ - ചഞ്ചലമനസ്സോടെ
ഏകാന്തചേതസാ - ഏകാഗ്രമായ മനസ്സോടെ
കാലാഹി - കാലമാകുന്ന അഹി
കാഷ്ഠം - തടിക്കഷണം
കളത്രം - പത്നി
ക്ഷണഭംഗുരം - നിമിഷംകൊണ്ടു നശിക്കുന്നത്
ഗളം - കഴുത്ത്
ചക്ഷുഃശ്രവണൻ - പാമ്പ് (ചക്ഷുസ്സുകൊണ്ട് കേൾക്കുന്നവൻ)
ചക്ഷുസ്സ് - കണ്ണ്
തവ - നിന്റെ
താന്തർ - ക്ഷീണിതർ
ത്വങ്മാംസം - ത്വക്ക്, മാംസം
ദശാന്തരേ - മറ്റൊരു അവസ്ഥയിൽ
ദർദുരം - തവള
ദേഹാഭിമാനിനാം - ദേഹത്തെക്കുറിച്ച് അഭിമാനിക്കുന്നവർക്ക്
ദേഹോഹം - ഞാൻ ദേഹമാകുന്നു
നരേന്ദ്രോഹം - ഞാൻ രാജാവാകുന്നു
നിജ - നിശ്ചയമുള്ള, തന്നെ സംബന്ധിച്ച
നൃണാം - മനുഷ്യർക്ക്
നദ്യാ - നദിയിലൂടെ
പഞ്ചഭൂതങ്ങൾ - മണ്ണ്, വെള്ളം, വായു, തീ, ആകാശം എന്നിവ
പരിഗ്രസ്തം - വിഴുങ്ങപ്പെട്ടത്
പരിണാമി - പരിണാമത്തോടുകൂടിയ, അവസ്ഥാമാറ്റമുള്ളത്, നാശമുള്ളത്
പാന്ഥർ - വഴിപോക്കർ
പുമാൻ - പുരുഷൻ, മനുഷ്യൻ
മാതൃപിതൃഭ്രാതൃമിത്രസഖി - അമ്മ, അച്ഛൻ, സഹോദരൻ, സ്നേഹിതൻ, പത്നി
ബ്രാഹ്മണോഹം - ഞാൻ ബ്രാഹ്മണനാകുന്നു (ബ്രാഹ്മണഃ+അഹം)
ഭോഗം - സുഖം

| | |
|---|---|
| ബുധജനം | - അറിവുള്ളവൻ |
| മത്സരാദ്യം | - മത്സരം തുടങ്ങിയവ (കാമക്രോധലോഭമോഹമദമാത്സര്യങ്ങൾ) |
| മോഹൈകഹന്ത്രി | - മോഹത്തെ നശിപ്പിക്കുന്നത് |
| മോക്ഷാർഥി | - മോക്ഷം തേടുന്ന ആൾ |
| രക്താസ്ഥിവിൺമൂത്രം | - രക്തം, അസ്ഥി, മലം, മൂത്രം |
| രാഗാദി | - രാഗം, ദ്വേഷം, മദം, മാത്സര്യം, ലോഭം എന്നിവ |
| രേതസ്സ് | - ബീജം |
| രോഷേണ | - കോപത്താൽ |
| ലക്ഷ്മി | - സമ്പത്ത് |
| ലോഭം | - അത്യാഗ്രഹം |
| ലോഹസ്ഥം | - ലോഹത്തിൽ സ്ഥിതിചെയ്യുന്ന |
| വഹ്നി | - തീ |
| സന്തപ്തം | - ചുട്ടുപഴുത്ത |
| സന്നിഭം | - തുല്യം |
| സൗമിത്രി | - സുമിത്രയുടെ പുത്രൻ (ലക്ഷ്മണൻ) |
| സംഗമം | - ചേർച്ച |
| സംസാരം | - ലൗകികജീവിതം |

**കാളിദാസൻ**

| | |
|---|---|
| അനപത്യൻ | - സന്തതിയില്ലാത്തവൻ |
| അനുബദ്ധം | - കൂട്ടിച്ചേർത്ത |
| അന്യാദൃശം | - മറ്റെങ്ങും കാണാത്ത |
| അപഗ്രഥനം | - അഴിച്ചെടുക്കൽ |
| ആഷാഢം | - ശകവർഷത്തിലെ ഒരു മാസം |
| കുശലം | - സാമർഥ്യം |
| ചിത്തവിക്ഷോഭം | - മനസ്സിന്റെ ഇളക്കം |
| ഛന്നം | - മറയ്ക്കപ്പെട്ട |
| തൃഷ്ണ | - തീവ്രമായ ആഗ്രഹം |
| സൗഷ്ഠവം | - ഭംഗി |
| സമ്മോഹനം | - കാമദേവന്റെ ഒരു ശരം, മോഹിപ്പിക്കുന്നത്. |

**അമ്മ**

| | |
|---|---|
| ആന്തിപ്പോയി | - ആളിക്കത്തി |
| കിങ്കരന്മാർ | - ദാസന്മാർ, അടിമകൾ |
| ഗാന്ധർവം | - അഷ്ടവിവാഹങ്ങളിലൊന്ന് |
| ചെനമ്പ് | - കുറച്ച് |
| പ്രക്ഷുബ്ധം | - ഇളകിമറിഞ്ഞ |
| ഫഖീർ | - ഭിക്ഷു, സന്ന്യാസി |
| വരപായുക | - ഉഗ്രമായി ഓടുക |
| വ്യാധി | - രോഗം |



പഠനനേട്ടങ്ങൾ

- മധ്യകാലഘട്ടത്തിലെ കാവ്യഭാഗങ്ങൾ വായിച്ച് അവയിലെ സാമൂഹികപശ്ചാത്തലം, ജീവിതവീക്ഷണം, ഭാഷ എന്നിവ സ്വായത്തമാക്കി പറഞ്ഞും എഴുതിയും (ചർച്ച, ഉപന്യാസം) അവതരിപ്പിക്കുന്നു.
- ഭാഷാവൃത്തങ്ങളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് കവിതകൾ വായിക്കുകയും കൂടുതൽ ശേഖരിക്കുകയും ചെയ്യുന്നു.
- ലേഖനം, നിരൂപണം എന്നിവ വായിച്ച് അവയിലെ ഉള്ളടക്കം, രചനാപരമായ പ്രത്യേകതകൾ, ഭാഷ, നിലപാടുകൾ എന്നിവ വിശകലനം ചെയ്ത് രചനകൾ (വിശകലനക്കുറിപ്പ്, വിലയിരുത്തൽക്കുറിപ്പ്) നിർവഹിക്കുന്നു.
- വ്യത്യസ്ത കാലഘട്ടത്തിലെ കഥകൾ വായിക്കുകയും അവയുടെ ആഖ്യാനപരമായ സവിശേഷതകൾ തിരിച്ചറിയുകയും വിവിധ രചനകളിൽ ആവിഷ്കരിക്കുകയും ചെയ്യുന്നു.
- വിവിധ രചനകൾ വായിച്ചും ചർച്ചകളിൽ ഏർപ്പെട്ടും വിവരങ്ങൾ ശേഖരിക്കുന്നു; ആശയസമഗ്രത, ഘടന, ഉചിതമായ ഭാഷ, പ്രസക്തമായ ഉദ്ധരണികൾ എന്നിവയോടെ ഉപന്യാസം തയാറാക്കുന്നു.
- വ്യത്യസ്ത വ്യവഹാരരൂപങ്ങളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് ആശയങ്ങൾ അവയ്ക്കുചിതമായി അവതരിപ്പിക്കുന്നു.
- ക്രിയയിൽനിന്നുണ്ടാവുന്ന നാമപദങ്ങൾ പാഠഭാഗത്തുനിന്നു കണ്ടെത്തി അവയുടെ സവിശേഷതകൾ ചർച്ചചെയ്യുന്നു. കൂടുതൽ ഉദാഹരണങ്ങൾ ശേഖരിക്കുന്നു.

# 2 അനുഭൂതികൾ ആവിഷ്കാരങ്ങൾ



"അൻപുതരുമന്യരൊടു ബന്ധ,മാബന്ധങ്ങൾ
*നൺപെന്ന മഹിതസൗഭാഗ്യം"

തിരുക്കുറൽ (തിരുവള്ളുവർ)

*നൺപ് - സൗഹൃദം

ഈ വരികളിലെ ആശയം ചർച്ചചെയ്യുക.

# വിശ്വരൂപം



പട്ടണത്തിന്റെ ഒഴിഞ്ഞ ഭാഗത്തുള്ള ഇടുങ്ങിയ വഴിയുടെ വക്കിൽ ഒരു ചെറിയ വീട്. മുറ്റത്തു തുളസിത്തറ. ചെത്തിയും മഞ്ഞമന്ദാരവും തുളസിയും കാടുപോലെ വച്ചുപിടിപ്പിച്ചിരിക്കുന്നു. മുൻവാതിൽ അടച്ചിരിക്കുകയാണ്. എങ്ങും ഒച്ചയനക്കമില്ല.

തനിക്കു വഴിതെറ്റിയോ? അയാൾ ഒരു നിമിഷം ആലോചിച്ചു. ഇല്ലല്ലോ. മാർഗനിർദേശം ചെയ്തയാൾ കുറിച്ചുകൊടുത്ത കടലാസ് പോക്കറ്റിൽനിന്ന് എടുത്തുനോക്കി. പ്രധാനറോഡിൽനിന്നു താഴോട്ടിറങ്ങുന്ന ഇടവഴിയിലൂടെ നേരെ നടന്നാൽ ഒരു മുടുക്കു കാണാം. അവിടെ രണ്ടു വഴി തിരിയുന്നു. ഇടത്തോട്ടുള്ള പാതയിലൂടെ ചെന്നാൽ മൂന്നാമത്തെ വീടാണ്. ഗേറ്റിൽ വെള്ള കോളാമ്പിച്ചെടി പടർന്നു പൂത്തുകിടക്കുന്നു. മുഖപ്പിൽ ഓം എന്നു കൊത്തിയിട്ടുണ്ട്. ശരി, ഇതൊക്കെത്തന്നെയാണ് ലക്ഷണം. അയാൾ മടിച്ചുമടിച്ചു വാതിലിൽ മുട്ടി. അകത്തു പ്രതികരണമില്ല. ആരും ഇല്ലായിരിക്കുമോ? അതോ?

ഇത്രയും ദൂരം വന്നിട്ട് ആളെ കാണാതെ പോകണമല്ലോ എന്നോർത്തപ്പോൾ അയാൾക്ക് വിഷമം തോന്നി. ഇന്നല്ലെങ്കിൽ ഇനി എന്നാണ് കാണുക? കാണാൻതന്നെ സാധിക്കുമോ? നാളെ രാവിലെ ഒൻപതുമണിക്ക് വിമാനത്തിൽ ബുക്ക് ചെയ്തിരിക്കുന്നു. ഭൂമിയുടെ മറ്റേ ചരിവിലുള്ള അർധഗോളത്തിലേക്കു പോകയാണ് താൻ. പിന്നെ എന്നാണ് മടങ്ങുന്നതെന്ന് ആരറിഞ്ഞു? അന്നത്തേക്കു മിസ്സിസ് തലത്ത് ഉണ്ടാവുമോ? വയസ്സ് എഴുപത്തഞ്ചിൽ കുറയില്ലല്ലോ.

കോളിങ്ബെൽ ഉണ്ടോ എന്നു നോക്കി. ഇല്ല. ഇനിയോ? അയാൾ രണ്ടും കല്പിച്ചു കൈ ചുരുട്ടി കതകിൽ ശക്തിയായി ഇടിച്ചു...വിളിച്ചു:

"ഇവിടെ ആരുമില്ലേ?"

അകത്തു കട്ടിൽ കരയുന്ന ശബ്ദം കേട്ടു. നേരിയ കാൽവയ്പുകൾ. കതകിന്റെ സാക്ഷ പതുക്കെ നീങ്ങി. നരച്ച ഒരു തല പ്രത്യക്ഷപ്പെട്ടു. കൃശമായ ശരീരം. നെറ്റിയിൽ ഭസ്മക്കുറി. കഴുത്തിൽ രുദ്രാക്ഷമാല...

അയാൾ ഒന്നു ഞെട്ടി. ഇങ്ങനെയൊരാളെ കാണാൻ വേണ്ടിയായിരുന്നില്ല താനിവിടെ വന്നത്. ഈ വൃദ്ധ?... ഈ തപസ്വിനി?... അപമര്യാദയെന്നു തോന്നത്തക്കവണ്ണം അയാൾ അവരെ തുറിച്ചുനോക്കിക്കൊണ്ടിരുന്നു.

വൃദ്ധയും വല്ലാതെ പരുങ്ങിപ്പോയി. സ്ഥലകാലങ്ങളോട് പൊരുത്തപ്പെടാത്ത ഈ അതിഥി ആരാണ്?

പാശ്ചാത്യനാടുകളിൽനിന്നു പറന്നുവീണ ഒരു യുവാവിനെപ്പോലെയുണ്ട് വേഷം... കണ്ടുമറന്ന ഏതോ രൂപം ഓർത്തെടുക്കാൻ ശ്രമപ്പെടുന്നപോലെ അവർ നെറ്റി തടവി.

അയാൾ വിഷമത്തോടെ പറഞ്ഞു:

"ക്ഷമിക്കൂ വലിയമ്മേ! മിസ്സിസ് തലത്ത് താമസിക്കുന്ന വീട് ഇതാണെന്ന് ഒരാൾ പറഞ്ഞു. അവർ ഇവിടെയുണ്ടോ? ഇല്ലെങ്കിൽ മാപ്പ്...!"

പെട്ടെന്ന് അവരുടെ ഹൃദയത്തിന്റെ അഗാധതയിൽനിന്ന് ഒരാശ്ചര്യശബ്ദമുദിച്ചു:

"നീയോ സുധീർ! നീ.. നീ.. ഇവിടെ... ഇപ്പോൾ..."

ഒരു നീണ്ട തേങ്ങലോടെ അവർ മുന്നോട്ടാഞ്ഞ് അയാളെ കെട്ടിപ്പിടിച്ചു. രൂപംകൊണ്ട് പിടികിട്ടാത്ത വ്യക്തിയെ സ്വരംകൊണ്ട് തിരിച്ചറിഞ്ഞ് അയാളും അമ്പരന്നിരുന്നു.

ആ വൃദ്ധ ആകെ വിറച്ചിരുന്നു. അവരുടെ ആലിംഗനത്തിൽപ്പെട്ട് അയാൾക്കു ശ്വാസംമുട്ടി. പിടിവിട്ടാൽ പൊയ്ക്കളയുമോ എന്നു പേടിച്ചിട്ടെന്നവിധം മുറുകെമുറുകെ അവർ അയാളെ തഴുകിയിരുന്നു. കണ്ണുകളിൽനിന്ന് നീർ ഒഴുകിയൊഴുകിവീണു-അവരുടേത് അയാളുടെ തലയിലും അയാളുടേത് അവരുടെ തോളത്തും. തങ്ങൾക്ക് രണ്ടുപേർക്കും പ്രിയപ്പെട്ടതായിരുന്നതും തങ്ങളെ കൂട്ടിയിണക്കിയിരുന്നതുമായ ഒരു വ്യക്തിയുടെ സ്മരണ അതിലൂടെ ഒലിച്ചിറങ്ങി.

അയാൾ വിചാരിച്ചു- അന്ന് അദ്ദേഹമുണ്ടായിരുന്ന ആ നല്ലകാലത്തെങ്ങും ഇത്ര അടുപ്പമുണ്ടാവാതിരുന്നതെന്തേ?

"ഞാൻ മുൻകൂട്ടി വരേണ്ടതായിരുന്നു മാഡം..."

അയാൾ കുറ്റബോധത്തോടെ പറഞ്ഞു: "പക്ഷേ, എനിക്കു നിവൃത്തിയില്ലായിരുന്നു. അദ്ദേഹത്തിനുശേഷം എനിക്കും മാറ്റമായി. ആദ്യം സിഡ്നിയിൽ. പിന്നെ ജപ്പാനിൽ... ജർമ്മനിയിൽ... എട്ടുകൊല്ലം കഴിഞ്ഞ് ഇപ്പോഴാണ് നാട്ടിലേക്കു വരുന്നത്."

മിസ്സിസ് തലത്ത് ദീർഘമായി നിശ്വസിച്ചു.

"അതെ കുഞ്ഞേ! നിനക്ക് പുതിയ ജോലികൾ കിട്ടി. പുതിയ യജമാനന്മാരെയും... നീ തന്നെ യജമാനനായിരിക്കുന്നു. പക്ഷേ, എനിക്കോ...എനിക്ക്..."

കീഴ്ച്ചുണ്ടു വിറച്ചുകൊണ്ടവർ മന്ത്രിച്ചു:

"എന്റെ യജമാനൻ മാറ്റമായിപ്പോയി. പക്ഷേ, എന്നെ കൊണ്ടുപോയില്ല. ആരും കൊണ്ടുപോയില്ല. എന്നിട്ടും ഞാൻ ജീവിക്കുന്നു...നീ ഇതു കണ്ടുവല്ലോ."

സുധീർ അനുതാപപൂർവം ആ വൃദ്ധയെപ്പറ്റി ഓർത്തു. ഭർത്താവ് മരിച്ചു. കുട്ടികൾ നാലും നാലുവഴിക്കായി. സുപരിചിതമായ ജീവിതരീതികളും മാറി. എങ്കിലും മിസ്സിസ് തലത്ത് ഇപ്പോഴും സ്വന്തം യജമാനത്തിയായിത്തന്നെയിരിക്കുന്നു. ചക്രവർത്തിനിയുടെ ജന്മമാണ് അവർക്ക്. ആരുടെ മുന്നിലും തല കുനിക്കില്ല.

കണ്ണീരടക്കി മുഖം തുടച്ചുകൊണ്ട് അവർ പറഞ്ഞു: "ഇരിക്കൂ സുധീർ, എന്റെ ചാപല്യം ക്ഷമിക്കൂ. നിന്നെ കണ്ടപ്പോൾ അദ്ദേഹത്തെപ്പറ്റി ഓർത്തുപോയി. ഇനിയൊരിക്കലും തമ്മിൽ കാണുമെന്നു വിചാരിച്ചതല്ലല്ലോ."

അവർക്ക് അഭിമുഖമായി ബെഞ്ചിലിരുന്നുകൊണ്ട് അയാൾ പറഞ്ഞു: "അങ്ങനെ പറയരുത്, മാഡം. എനിക്ക് അച്ഛനേക്കാൾ വലുതായിരുന്നു അദ്ദേഹം. അദ്ദേഹമാണെനിക്കു ജോലി തന്നത്. എത്രനാൾ സേവിച്ചു. അപ്പോൾ അങ്ങയെ മറക്കാൻ കഴിയുമോ?"

മിസ്സിസ് തലത്ത് ഒന്നും മിണ്ടിയില്ല. അവർ ജപിക്കുന്നതുപോലെ ചുണ്ടനക്കി വിരലുകൾകൊണ്ട് കണക്കുവയ്ക്കുകയായിരുന്നു. പൂർവകാലസ്മൃതികളിലേക്ക് ആണ്ടുമുങ്ങിയപോലെ. എന്തെങ്കിലും ചോദിക്കണമെന്നുള്ളതുകൊണ്ടു മാത്രം അയാൾ ചോദിച്ചു:



"രമേഷ് എവിടെയാണ്?"

"പാരീസിൽ."

"രവിയോ?"

"ഇന്തോനേഷ്യയിൽ. ആശ ദൽഹിയിലും പ്രേമ ഗുജറാത്തിലും. എല്ലാവരും സുഖമായി കഴിയുന്നു."

കുറച്ചുനേരത്തേക്ക് ഇരുവരും മിണ്ടിയില്ല.

അയാൾ പറഞ്ഞു: "മാഡം ദൽഹിയിലായിരിക്കുമെന്നാ വിചാരിച്ചത്. അദ്ദേഹം മരിച്ചതിനുശേഷം ആശയോടുകൂടിയായിരുന്നല്ലോ. പക്ഷേ, ഇടയ്ക്ക് ഉണ്ണിയെ കണ്ടു. അപ്പഴാണ് നാട്ടിലേക്ക് പോന്നുവെന്നറിഞ്ഞത്. ഇവിടെ വന്ന നാൾമുതൽ ഞാൻ വീടു തിരക്കുകയായിരുന്നു. ഇന്നലെയാണ് ഒരുമാതിരി വിവരം കിട്ടിയത്. അപ്പോൾത്തന്നെ തിരിച്ചു. ഇവിടെ വന്നിട്ടുപോലും സംശയം തീർന്നില്ല...മാഡം ഇങ്ങനെയൊരു സ്ഥലത്ത്...ഇതുപോലെ..."

മാഡം തലത്ത് ചിരിച്ചു: "എന്റെ അച്ഛനമ്മമാർ ഇതിലും മോശമായ വീട്ടിലാണ് കുഞ്ഞേ താമസിച്ചിരുന്നത്. അവിടെയാണ് ഞാൻ വളർന്നത്..."

പെട്ടെന്ന് എന്തോ ഓർത്തപോലെ അവർ എണീറ്റു: "ഓ, നീ വളരെ വഴി നടന്നു വന്നിരിക്കുന്നു. നിനക്ക് ഒന്നും തന്നില്ലല്ലോ. ഇരിക്കൂ. ഇപ്പോൾ വരാം."

മിസ്സിസ് തലത്ത് ഒരു ഗൃഹനായികയുടെ ഗൗരവബോധത്തോടെ എണീറ്റ് അകത്തേക്ക് നടന്നപ്പോൾ പണ്ട് ലണ്ടനിലും ന്യൂയോർക്കിലും വച്ച് കണ്ട മാഡം തലത്തിനെപ്പറ്റി അയാൾ ഓർത്തുപോയി. അവരുടെ സ്വീകരണമുറി പരിചിതവലയത്തിലെല്ലാം പ്രസിദ്ധമായിരുന്നു. അലങ്കാരങ്ങളുടെ അന്തസ്സും സൽക്കാരത്തിന്റെ ഔചിത്യവും സംഭാഷണരസികതയും സർവോപരി തലയുയർത്തിപ്പിടിച്ചുള്ള ചടുലമായ അംഗവിക്ഷേപങ്ങളും ഒരിക്കൽ കണ്ടാൽ മറക്കില്ല. ഔദ്യോഗിക വിരുന്നുകളിലും പൊതുചടങ്ങുകളിലും വച്ച് ഭാരതീയസ്ത്രീത്വത്തിന്റെ അംബാസഡർ എന്നു വിളിക്കാറുണ്ടവരെ. വേഷത്തിലും ഭാവത്തിലും നടപ്പിലും ഒരു മഹാറാണിയുടെ അന്തസ്സു തോന്നും.

താൻ അവരെ ആദ്യം കണ്ട ദിവസത്തെപ്പറ്റി അയാളോർത്തു. ഡോക്ടർ തലത്തിന്റെ സെക്രട്ടറിയായി ചാർജെടുത്ത അന്ന് വൈകിട്ടാണ്. ശാന്തനും പണ്ഡിതനും ഹൃദയാലുവുമായ ഡോക്ടർ ഭാര്യയെ വിളിച്ചു:

"നോക്കൂ, നമുക്ക് അഞ്ചാമതൊരു കുട്ടിയുണ്ടായിരിക്കുന്നു. ഒരു മകൻ. പക്ഷേ, ഒരു വ്യത്യാസമുണ്ട്. ഇവൻ കുറച്ചുനാൾ നമ്മോടുകൂടി താമസിക്കും."

മിസ്സിസ് തലത്ത് ഒരു യജമാനത്തിയുടെ അകൽച്ച പാലിച്ചുകൊണ്ട് മന്ദഹസിച്ചു കൈനീട്ടി. പക്ഷേ, ആ പാണികൾ ഗ്രഹിച്ചപ്പോൾ ഇന്നത്തെപ്പോലെയുള്ള ചൂട് ഇല്ലായിരുന്നുവെന്ന് അയാളോർത്തു.

മിസ്സിസ് തലത്തിന്റെ കുട്ടികൾ നാലുപേരും അന്നും ഇന്നത്തെപ്പോലെ നാലു സ്ഥലങ്ങളിലാണ് താമസം. മൂത്തവൻ കോളേജ് ഹോസ്റ്റലുകളിൽ. ഇളയവർ ബോർഡിങ്ങിൽ. ഒഴിവിന് വല്ലപ്പോഴും വരും. പോകും.

മിസ്സിസ് തലത്ത് കുട്ടികളെ പ്രസവിച്ചുവെന്നു മാത്രം. മുലകൊടുത്തിട്ടില്ല. താരാട്ടുപാടിയിട്ടില്ല. വാശിപിടിച്ചു കരയുമ്പോൾ ശാസിക്കയോ സുഖക്കേടിൽ ശുശ്രൂഷിക്കയോ ചെയ്തിട്ടില്ല. അലങ്കരിച്ച ബൊമ്മകളെപ്പോലെ ഇടയ്ക്ക് ഉമ്മവയ്ക്കാൻ മാത്രം അവർ അടുത്തുവരും.

സ്വീകരണമുറിയിലും ക്ലബ്ബിലും നാടകശാലകളിലും പറന്നുനടക്കുന്ന ഉന്മേഷഭരിതയായ ഈ 'ലേഡി'യെ കണ്ടാൽ ഒന്നു പ്രസവിച്ചതാണെന്നു പോലും ആരും പറകയില്ലല്ലോ. പൗരസ്ത്യസംസ്കാരം മുഴുവൻ അവർ മറന്നിരുന്നു. ഔപചാരികമായി ചിട്ടപ്പെടുത്താതെ ചിരിക്കാനോ കരയാനോ കൂടി അവർക്കു കഴിയുമെന്ന് അയാൾ മനസ്സിലാക്കിയിരുന്നില്ല. അങ്ങനെയുള്ള മാഡം തലത്താണിപ്പോൾ... ആ പ്രൗഢവനിതയാണ്...

ഒരോട്ടുഗ്ലാസിൽ ചൂടുള്ള കാപ്പിയും താലത്തിൽ നെയ്യപ്പവും മലരുമായി മാഡം തലത്ത് മെല്ലെ നടന്നുവന്നു. പണ്ട് തന്റെ അമ്മ നടന്നുവരാറുള്ളതുപോലെ. പലഹാരം അയാളുടെ കൈയിൽ കൊടുത്തു. കാപ്പി ചൂടാറ്റിക്കൊണ്ട് പറഞ്ഞു:

"സുധീറിന് രുചിക്കില്ലായിരിക്കും. ഞാൻ തനിച്ചു പാകം ചെയ്തതാണ്. നിവേദ്യത്തിന്റെ അപ്പവും മലരും... വേലക്കാരി പുറത്തുപോയിരിക്കുന്നു."

അയാൾ അപ്പം മുറിച്ചു വായിൽവച്ചുകൊണ്ട് പറഞ്ഞു: "എന്റെ അമ്മ എന്നും ഉണ്ടാക്കിയിരുന്നതാണ്. അവർ തനിച്ചു പാകം ചെയ്ത് അടുത്തിരുന്നു തീറ്റും. എനിക്കെന്തിഷ്ടമാണെന്നോ! മാഡത്തിന്റെ



കൈകൊണ്ട് ഇതു കിട്ടിയല്ലോ."

അവർ ബെഞ്ചിൽ അയാൾക്കടുത്തിരുന്നു. കാപ്പി ചൂടാറ്റി ഒഴിച്ചുകൊണ്ടിരുന്നു. വീണ്ടും വീണ്ടും അവർ ഒഴിച്ചു. അയാൾ കുടിച്ചു. ചെറിയ ചിരിയോടെ അയാൾ പറഞ്ഞു: "മാഡം എത്രയോ തവണ എനിക്കു കാപ്പി തന്നിട്ടുണ്ട്. എന്നാൽ ഇത്രയും രുചി തോന്നിയിട്ടില്ല. വയററിയാതെ കഴിച്ചുപോവുന്നു."

അവർ തലകുനിച്ചു: "ഞാനും സ്വന്തം കൈകൊണ്ട് പാകപ്പെടുത്തി ഇത്ര താൽപ്പര്യപൂർവം ആർക്കും ഇതുവരെ കൊടുത്തിട്ടില്ല."

മിസ്സിസ് തലത്ത് അൽപ്പനേരം എന്തോ ആലോചിച്ചിരുന്നു. എന്നിട്ടു പറഞ്ഞു: "വീട്ടിനെപ്പറ്റി ഓർക്കുന്നത് ഡോക്ടർ തലത്തിന് ഒരു ലഹരിയായിരുന്നു. തന്റെ അമ്മ...തന്റെ അമ്മൂമ്മ എന്നൊക്കെ വെച്ചാൽ...അദ്ദേഹം പറയാറുണ്ട്- ഡോളീ! ഭാരതസ്ത്രീകൾ എത്ര ഭാഗ്യമുള്ളവരായിരുന്നു! അവർ കൊടുക്കുവാൻ മാത്രമേ പഠിച്ചിരുന്നുള്ളൂ. കൊടുക്കുന്നതിൽനിന്നുമാത്രം എല്ലാം നേടി. അതുകൊണ്ടാണ് അവർ എപ്പോഴും സംതൃപ്തരായിരുന്നത്...നിനക്കതറിയാമോ?"

"അറിഞ്ഞുകൂടായിരുന്നു. ഏറെനാൾ കഴിഞ്ഞ് ഇന്നാണ് എനിക്കതിന്റെ അർഥം മനസ്സിലാവുന്നത്."

സുധീർ ഒന്നും മിണ്ടാതെ ആ വൃദ്ധയുടെ സ്നിഗ്ധമായ മുഖത്തുനോക്കി അപ്പവും മലരും ചവച്ചുകൊണ്ടേയിരുന്നു. അതിന്റെ രുചി അവരാണ് ആസ്വദിക്കുന്നതെന്നു തോന്നും ഇരുവരുടെയും മട്ടു കണ്ടാൽ.

മിസ്സിസ് തലത്ത് ഓർമ്മകളുടെ ഓളക്കുത്തിലേക്കു വഴുതിവീഴുകയായിരുന്നു. അവർ ചോദിച്ചു:

"ന്യൂയോർക്കിലായിരുന്നപ്പോൾ നമ്മുടെ താമസസ്ഥലത്തിന്റെ മുന്നിലുള്ള പാർക്കിൽ ഇളവെയിൽ കായാൻ വന്നിരിക്കാറുള്ള ആ വൃദ്ധനെ ഓർക്കുന്നുണ്ടോ? നീണ്ടുമെല്ലിച്ച് ലേശം കൂനും വിറയലുമുള്ള പാവം കിഴവൻ. അയാളെ എനിക്കന്നു വെറുപ്പായിരുന്നു. എപ്പോഴും മൂക്കട്ട ഒലിക്കും. ചെവി കേട്ടുകൂടാ. കീറിപ്പറിഞ്ഞ പാന്റും തൊപ്പിയും...ഒരു ദിവസം എന്റെ അടുത്തുവന്ന് അയാൾ ചോദിക്കയാണ്:

"മാഡം ഒന്നു ചോദിക്കട്ടെ. നിങ്ങൾ ഇന്ത്യക്കാർ അച്ഛനമ്മമാരെ ദൈവത്തെപ്പോലെ വിചാരിക്കുന്നുവെന്നു കേട്ടിട്ടുണ്ട്. അതു ശരിയാണോ?"

ഞാൻ അങ്ങനെ വിചാരിച്ചിട്ടുണ്ടോ എന്നറിഞ്ഞുകൂടാ. എന്നാലും 'അതെ' എന്നു തലകുലുക്കി.

"അയാൾ പറഞ്ഞു- ഞാൻ ഇന്ത്യയിൽ ജനിക്കാനാഗ്രഹിക്കുന്നു മാഡം... ഇന്ത്യ എത്ര നല്ല നാടാണ്!"

സുധീർ ഒന്നും പറഞ്ഞില്ല. മിസ്സിസ് തലത്ത് തുടർന്നു:

"ഞാൻ ഇന്ത്യയിൽ ജനിച്ചു. പക്ഷേ, ജീവിച്ചത് ഇവിടെയല്ലല്ലോ. എന്റെ അച്ഛനമ്മമാരെ ദൈവത്തെപ്പോലെ വിചാരിച്ചിട്ടില്ല. അവസാനകാലത്ത് തുടരെത്തുടരെ അമ്മ എഴുതിയിട്ടും നാട്ടിൽ വന്നു താമസിക്കാനുള്ള മടികൊണ്ട്

പോരാതിരിക്കുകയാണ് ചെയ്തത്. കൊടുത്തതുമാത്രമേ നേടാനൊക്കൂ, അല്ലേ സുധീർ? ഞാൻ ആർക്കും ഒന്നും കൊടുത്തിട്ടില്ലല്ലോ."

അയാൾ വികാരഭരിതനായി പറഞ്ഞു:

"അങ്ങനെയല്ല മാഡം. കാലത്തിനും ദേശത്തിനുമനുസരിച്ച് ജീവിതം സ്വയം രൂപപ്പെടുകയാണ്. അന്നു മാറിയ പരിതസ്ഥിതിയായിരുന്നു. അതിൽ അങ്ങേയറ്റം ശോഭിക്കയും ചെയ്തു. ഡോക്ടർ തലത്ത് പറയാറുള്ളത് ഓർമ്മയില്ലേ...? ഡോളിയില്ലെങ്കിൽ ഞാൻ വെറും നിഴലായേനെ. സങ്കീർണമായ പ്രശ്നങ്ങളെല്ലാം അവളുടെ ഒരു ചിരിയിൽ മാഞ്ഞുപോവുന്നു. യഥാർഥ നയതന്ത്രപ്രതിനിധി അവളാണ്."

മിസ്സിസ് തലത്ത് തലകുലുക്കി: "അതെ, ശരിയാണ്. അദ്ദേഹത്തിനുവേണ്ടി രൂപപ്പെടുത്തിയതാണ് എന്റെ ജീവിതം. മറ്റാർക്കുമതിൽ ഇടമില്ലായിരുന്നു. അതുകൊണ്ടാണ് ഞാൻ തനിച്ചു താമസിക്കാനിഷ്ടപ്പെടുന്നത്. ആശ വിളിച്ചു. പ്രേമ വിളിച്ചു. രവിയും നിർബന്ധിക്കാതിരുന്നില്ല. എന്തു പൊള്ളയായ ഭംഗിവാക്കുകൾ! അവർക്കറിയാം, ഈ കിഴവി ക്രമേണ തങ്ങൾക്കൊരു ഭാരമായി വരുകയാണെന്ന്. എന്റെ ജീവിതചര്യ അവർക്കിഷ്ടപ്പെട്ടില്ലെന്നുവരും. അവരുടെ ഇഷ്ടാനിഷ്ടങ്ങളിൽ ഞാനിടപെട്ടു എന്നുവരും. പോരെങ്കിൽ ഞാൻ മാത്രമല്ലല്ലോ അവർക്ക് ബന്ധുവായുള്ളൂ. മകൾക്ക് ഭർത്താവിന്റെയും മകന് ഭാര്യയുടെയും ബന്ധുവലയമുണ്ടല്ലോ. വേണ്ടാ സുധീർ, വേണ്ടാ. ഞാനൊരാശ്രിതയാവാനാഗ്രഹിക്കുന്നില്ല. മറ്റൊന്നുമില്ലെങ്കിലും ഞാൻ ഞാനായി മരിക്കട്ടെ. ഒരു ബന്ധങ്ങളും വേണ്ടാ."

സുധീർ ആ വൃദ്ധയെ മനസ്സിലാക്കുന്നതായി തോന്നി. അയാൾക്ക് അവരോട് ബഹുമാനം തോന്നി. താപസോചിതമായ ഈ വേഷത്തിലും മാഡം തലത്ത്, മാഡം തലത്തുതന്നെയാണ്. ആ അഭിമാനബോധം...അതേ നിശ്ചയദാർഢ്യം...

അയാൾ വാച്ചുനോക്കി. സമയം വളരെയായിരിക്കുന്നു.

എക്സ്പ്രസ് ട്രെയിനിൽ പോയെങ്കിലേ ഇനി വിമാനത്താവളത്തിൽ സമയത്തിനെത്താൻ കഴിയൂ. അയാൾ എണീറ്റു. യാത്രാനുവാദത്തിനെന്നവണ്ണം തലകുനിച്ചു: "മാഡം..."

മിസ്സിസ് തലത്ത് പൊട്ടിച്ചിതറിക്കൊണ്ട് വീണ്ടും അയാളെ കെട്ടിപ്പിടിച്ചു.

"മാഡം തലത്ത് മരിച്ചുപോയി മോനേ. ഡോക്ടർ തലത്തിനോടൊപ്പം അവരും പോയി. ഇത് അമ്മയാണ്; താഴത്തു കുഞ്ഞിക്കുട്ടിയമ്മ. അങ്ങനെ പറഞ്ഞാലേ ഇന്നാട്ടുകാർ അറിയൂ."

സുധീറിന്റെ കണ്ണു നിറഞ്ഞു. അയാൾ അവരുടെ പാദത്തിൽ നമസ്കരിച്ചു: "അതേ, അമ്മ. അവിടുത്തെ കണ്ടില്ലെങ്കിൽ ജീവിതത്തിൽ വലിയൊരു ഭാഗ്യം നഷ്ടപ്പെടുമായിരുന്നു! ഇനിയും വരാം. ഇതെന്റെ വീടാണ്. അവിടുന്ന് അമ്മയാണ്. ഇപ്പോൾ വിട തരൂ..."

മിസ്സിസ് തലത്ത് അയാളുടെ മൂർധാവിൽ കൈവച്ച് അനുഗ്രഹിച്ചു: "നിനക്ക് നന്മ വരട്ടെ, സുധീർ! മിസ്റ്റർ തലത്ത് പറയുമായിരുന്നു, തന്റെ

പിൻഗാമിയായി വരുന്ന ആളാണ് ഈ പയ്യനെന്ന്. ഇതു സഫലമാകട്ടെ."

അവർ ഒന്നു നിർത്തി. പിന്നെ തുടർന്നു: "പക്ഷേ, ഒന്ന് ഓർക്കണം. നിങ്ങളുടെ വരാൻ പോകുന്ന ഭാര്യയോട് പറയൂ, കുട്ടികളെ ബോർഡിങ്ങുകളിൽ അയയ്ക്കരുതെന്ന്. അവർക്ക് ആയയെ വയ്ക്കരുത്. അമ്മതന്നെ വളർത്തണം. ശാസിക്കയും ലാളിക്കയും കൂട്ടുകൂടുകയും വേണം. എങ്കിലേ അമ്മ എന്നത് കുട്ടികളുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഒരു ഭാഗവുമായിത്തീരുകയുള്ളൂ. പുതിയ ഭാര്യയെ ഇതു പഠിപ്പിക്കൂ. എന്നാൽ അവർക്ക് സുഖമായിരിക്കും."

സുധീർ ഇപ്പോഴാണ് വാസ്തവത്തിൽ ഞെട്ടിയത്. അയാൾ തുറിച്ചുനോക്കി. അവർ തുടർന്നു:

"ഒന്നുമില്ലെങ്കിൽ എല്ലാറ്റിനുമുപരിയായി നല്ല കുറേ ഓർമ്മകളെങ്കിലും നമ്മോടുകൂടി ഉണ്ടാവുമല്ലോ. ഓർമ്മകൾ...അതു മാത്രമേ വാർധക്യത്തിനവകാശപ്പെട്ടതായുള്ളൂ സുധീർ. മടങ്ങിവരുമ്പോൾ ഞാനുണ്ടായി എന്നുവരില്ല. പക്ഷേ, എനിക്കു നിന്റെ മനസ്സിലെങ്കിലും ജീവിക്കണം."

സുധീർ പടിയിറങ്ങിയിട്ടും തിരിഞ്ഞുനോക്കി. വാതിൽക്കൽ നിൽക്കുന്ന ആ വൃദ്ധ-അവരെ താനിന്ന് യഥാർഥമായി കണ്ടിരിക്കുന്നു - മാഡം തലത്തല്ല. ലേഡിയല്ല. സാമൂഹ്യപ്രവർത്തകയല്ല. അമ്മ, വെറും അമ്മ!

എന്തൊരുയർച്ചയായിരുന്നു അത്; എന്തൊരഭിമാനമായിരുന്നു. അമ്മേ! ഭവതി ഭാഗ്യവതിയാണ്. അവസാനമായെങ്കിലും സ്ത്രീയുടെ ഈ വിശ്വരൂപം ദർശിച്ചുവല്ലോ.

ലളിതാംബിക അന്തർജനത്തിന്റെ സമ്പൂർണ കഥകൾ
(ലളിതാംബിക അന്തർജനം)

- "രൂപംകൊണ്ട് പിടികിട്ടാത്ത വ്യക്തിയെ സ്വരംകൊണ്ട് തിരിച്ചറിഞ്ഞ് അയാളും അമ്പരന്നിരുന്നു."
  കഥാസന്ദർഭത്തിൽ പ്രകടമാകുന്ന ഭാവം വിശകലനം ചെയ്യുക.

- "ചക്രവർത്തിനിയുടെ ജന്മമാണ് അവർക്ക്. ആരുടെ മുന്നിലും <u>തല കുനിക്കില്ല</u>."
  <u>അവർ തല കുനിച്ചു</u>.
  "ഞാനും സ്വന്തം കൈകൊണ്ട് പാകപ്പെടുത്തി ഇത്ര താൽപ്പര്യപൂർവം ആർക്കും ഇതുവരെ കൊടുത്തിട്ടില്ല."
  അടിവരയിട്ട പദങ്ങളുടെ അർഥവ്യത്യാസം കണ്ടെത്തി മിസ്സിസ് തലത്തിന് വന്ന മാറ്റത്തെ കുറിച്ച് ചർച്ചചെയ്യുക.

- "കാലത്തിനും ദേശത്തിനുമനുസരിച്ച് ജീവിതം സ്വയം രൂപപ്പെടുകയാണ്."
ഈ പ്രസ്താവനയെ സാധൂകരിക്കുന്ന ഉചിതമായ സന്ദർഭങ്ങൾ കണ്ടെത്തി എഴുതുക.

- "ഞാൻ ഇന്ത്യയിൽ ജനിക്കാനാഗ്രഹിക്കുന്നു മാഡം... ഇന്ത്യ എത്ര നല്ല നാടാണ്."
- വൃദ്ധന്റെ വാക്കുകളോടുള്ള പ്രതികരണം കുറിക്കുക.

- "രാവിലൊന്നുണരുമ്പോളമ്മയ്ക്കു കൈ നീളുന്നു
പൂവുടലേതോ തൊട്ടുതടവാൻ, തഴുകുവാൻ,
ഏറെ നാളായി കുനുകൂന്തളച്ചുരുൾച്ചാർത്താർ-
ന്നോരിളംശിരസ്സു തന്മാർചേർന്നിട്ടെന്നാകിലും" - *(ബാലാമണിയമ്മ)*

കവിതയിലെ ആശയങ്ങൾ വിശകലനംചെയ്ത് കഥാസന്ദർഭത്തിലെ സമാനഭാഗങ്ങൾ കണ്ടെത്തി അവതരിപ്പിക്കുക.

- "മാഡം തലത്ത് മരിച്ചുപോയി മോനേ. ഡോക്ടർ തലത്തിനോടൊപ്പം അവരും പോയി. ഇത് അമ്മയാണ്; താഴത്തു കുഞ്ഞിക്കുട്ടിയമ്മ."
താഴത്ത് കുഞ്ഞുക്കുട്ടിയമ്മ എന്ന് സ്വയം പരിചയപ്പെടുത്തിയ മാഡം തലത്തിന്റെ വൈകാരികാവസ്ഥ കണ്ടെത്തിയെഴുതുക.

- "നോക്കൂ, നമുക്ക് അഞ്ചാമതൊരു കുട്ടിയുണ്ടായിരിക്കുന്നു. ഒരു മകൻ. പക്ഷേ, ഒരു വ്യത്യാസമുണ്ട്. ഇവൻ കുറച്ചുനാൾ നമ്മോടുകൂടി താമസിക്കും."
ഇങ്ങനെ പറയാൻ ഡോ. തലത്തിനെ പ്രേരിപ്പിച്ച ജീവിതപശ്ചാത്തലം എന്താവാം?

- 'വിശ്വരൂപം' എന്ന ശീർഷകം കഥയ്ക്ക് എത്രമാത്രം യോജിച്ചതാണ്? കഥാസന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

- • മാഡം തലത്തിനെപ്പറ്റി അയാൾ ഓർത്തുപോയി.
  • മാഡം തലത്ത് വീട്ടിലേക്ക് പോയി.
അടിവരയിട്ട പദങ്ങൾ സൂചിപ്പിക്കുന്ന അർഥവ്യത്യാസം കണ്ടെത്തുക.

- "കുട്ടികളെ അമ്മതന്നെ വളർത്തണം. ശാസിക്കയും ലാളിക്കയും കൂട്ടുകൂടുകയും വേണം. എങ്കിലേ അമ്മ എന്നത് കുട്ടികളുടെ ഒരു ഭാഗവും കുട്ടികൾ അമ്മയുടെ ഒരു ഭാഗവുമായിത്തീരുകയുള്ളൂ."
- മിസ്സിസ് തലത്തിന്റെ അഭിപ്രായത്തോട് യോജിക്കുന്നുണ്ടോ?
നിങ്ങളുടെ നിരീക്ഷണങ്ങൾകൂടി ഉൾപ്പെടുത്തി പ്രസംഗം തയാറാക്കുക.



കുമാരനാശാന്റെ
'നളിനി' എന്ന ഖണ്ഡകാവ്യത്തിലെ
ഭാഗമാണിത്.
നളിനിയും ദിവാകരനും
കളിക്കൂട്ടുകാരായിരുന്നു
– ഒരുമിച്ച് പാഠശാലയിൽ പോയവർ,
സ്നേഹം പങ്കുവച്ച് വളർന്നവർ.
യുവാവായ ദിവാകരൻ
സന്ന്യാസത്തിൽ തൽപ്പരനായി
നാടുവിട്ടു പോയി.
തന്റെ വിവാഹം
നിശ്ചയിച്ചതറിഞ്ഞ്
വീടുവിട്ടിറങ്ങി,
പൊയ്കയിലേക്ക് എടുത്തുചാടിയ
നളിനിയെ
ഒരു സന്ന്യാസിനി രക്ഷപ്പെടുത്തുന്നു.
വർഷങ്ങൾക്കു ശേഷം
ഹിമാലയത്തിൽ സന്ന്യാസിയായി
കഴിയുന്ന ദിവാകരനെ
നളിനി കണ്ടുമുട്ടുന്നതും
തന്നെ പരിചയപ്പെടുത്തിക്കൊണ്ട്
സ്മരണകൾ
പങ്കുവയ്ക്കുന്നതുമാണ്
പാഠഭാഗം.

# പ്രിയദർശനം

"കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
ദിഷ്ടമീ വടിവിയന്നു വന്നപോൽ
ദൃഷ്ടനായിഹ ഭവാൻ! ഭവാനു പ-
ണ്ടിഷ്ടയാം 'നളിനി' ഞാൻ മഹാമതേ!

പ്രാണനോടുമൊരുനാൾ ഭവൽപദം
കാണുവാൻ ചിരമഹോ! കൊതിച്ചു ഞാൻ
കേണുവാണിവിടെ; യേകുമർഥിയാം
പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ.

സന്ന്യസിച്ചളവുമാസ്ഥയാൽ ഭവാൻ-
തന്നെയോർത്തിഹ തപസ്സിൽ വാണ ഞാൻ
ധന്യയായ് സപദി കാൺകമൂലമ-
ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും."

ഏവമോതിയിടരാർന്നു കണ്ണുനീർ
തൂവിനാൾ മൊഴി കുഴങ്ങി നിന്നവൾ,
ഭാവശാലികൾ പിരിഞ്ഞുകൂടിയാ-
ലീവിധം വികലമാം സുഖോദയം.

ധീരനായ യതി നോക്കി തന്വിതൻ
ഭൂരിബാഷ്പപരിപാടലം മുഖം,
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ-
ധാരയാർന്ന പനിനീർസുമോപമം.



ആരതെന്നുടനറിഞ്ഞു കൗതുകം
പാരമാർന്നു കരുതിപ്പുരാഗതം,
ചാരുശൈശവകഥയ്ക്കുതന്നെ ചേർ-
ന്നോരു വാക്കരുളിനാൻ കനിഞ്ഞവൻ.

"പാരവും പരിചയം കലർന്നെഴും
പേരുമീ മധുരമായ കണ്ഠവും
സാരമായ് സ്മൃതിയിൽ നീയുമിപ്പൊൾ നിൻ-
ദൂരമാം ഭവനവും വരുന്നയേ!

കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ-
ത്തിണ്ടൽ വേണ്ട സഖി! കേണിടേണ്ട കേൾ,
പണ്ടു നിന്നെയൊരിളംകുരുന്നതായ്
കണ്ടു ഞാൻ, സപദി വല്ലിയായി നീ.

എന്നിൽ നിന്നണുവുമേൽക്കിലപ്രിയം
നിന്നു കേഴുമയി! കണ്ടിടുന്നുതേ
നിന്നിലിപ്രണയചാപലത്തെ ഞാ-
നന്നുമിന്നുമൊരുപോലെ വത്സലേ!

പോയതൊക്കെയഥവാ നമുക്കയേ,
പ്രായവും സപദി മാറി കാര്യവും,
ആയതത്വമറിവിന്നുമാർന്നു, - പോ-
ട്ടായതെന്തിവിടെ വാണിടുന്നു നീ?

ഓതുകിന്നതഥവാ വൃഥാ ശുഭേ!
ഹേതു കേൾക്കുവതൊരർഥമേതിനോ
നീ തുനിഞ്ഞു - നിജകർമ്മനീതരാ-
യേതുമാർഗമിയലാ ശരീരികൾ!

പിന്നെയൊന്നൊരുപകാരമേതിനോ-
യെന്നെയോർത്തു സഖി, ഏതതോതുക;
അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ! വിവേകികൾ."

നളിനി (എൻ. കുമാരനാശാൻ)

- 'ഭവാനു പണ്ടിഷ്ടയാം 'നളിനി' ഞാൻ'-
  നളിനി തന്നെ ഇങ്ങനെ പരിചയപ്പെടുത്തിയതിന് കാരണമെന്താവാം? ചർച്ചചെയ്യുക.

- "ധീരനായ യതി നോക്കി തന്വിതൻ
  ഭൂരിബാഷ്പപരിപാടലം മുഖം,
  പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ-
  ധാരയാർന്ന പനിനീർസുമോപമം."
  - ദിവാകരനെയും നളിനിയെയും സൂചിപ്പിക്കാൻ ഈ കാവ്യഭാഗത്തുപയോഗിച്ച പദങ്ങൾ ഏതെല്ലാം?
  - പ്രഭാതത്തിലെ സൂര്യസാന്നിധ്യം കൊണ്ട് പനിനീർപ്പൂ വികസിക്കുന്നതുപോലെ എന്ന പ്രയോഗം സന്ദർഭത്തിനു മിഴിവേകുന്നതെങ്ങനെ?

  ഈ ആശയം വരുന്ന വരികളിലെ ചമൽക്കാരഭംഗി കണ്ടെത്തി വിവരിക്കുക.

- "പോയതൊക്കെയഥവാ നമുക്കയേ
  പ്രായവും സപദി മാറി കാര്യവും-"

ദിവാകരൻ ഇങ്ങനെ പറയുന്നതിന്റെ പൊരുൾ കണ്ടെത്തുക.

- ശബ്ദഭംഗി കണ്ടെത്തിയെഴുതുക.
  - "കഷ്ടകാലമഖിലം കഴിഞ്ഞു ഹാ!
    ദിഷ്ടമീ വടിവിയന്നു വന്നപോൽ
    ദൃഷ്ടനായിഹ ഭവാൻ ! ഭവാനുപ-
    ണ്ടിഷ്ടയാം 'നളിനി' ഞാൻ മഹാമതേ!"
  - "കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ-
    ത്തിണ്ടൽ വേണ്ട സഖി! കേണിടേണ്ട കേൾ,
    പണ്ടു നിന്നെയൊരിളംകുരുന്നതായ്
    കണ്ടു ഞാൻ, സപദി വല്ലിയായി നീ"

- കവിതാഭാഗങ്ങൾ താളത്തിൽ ചൊല്ലിയവതരിപ്പിക്കുക.
  - "രാഗങ്ങളോരോന്നേ ഗോകുലനായകൻ
    മേളം കലർന്നങ്ങു പാടുന്നേരം
    വൃന്ദാവനംതന്നിലുള്ളൊരു ജീവികൾ
    നന്ദിച്ചുനിന്നുതേ മന്ദം മന്ദം."

    *- കൃഷ്ണഗാഥ (ചെറുശ്ശേരി)*
  - "തോളത്തു ഘനം തൂങ്ങും വണ്ടിതൻ തണ്ടും പേറി-
    ക്കാളകൾ മന്ദം മന്ദമിഴഞ്ഞു നീങ്ങീടുമ്പോൾ
    മറ്റൊരു വണ്ടിക്കാള മാനുഷാകാരം പൂണ്ടി-
    ട്ടറ്റത്തു വണ്ടിക്കയ്യിലിരിപ്പൂ കൂനിക്കൂടി."

    *- കാളകൾ (പി. ഭാസ്കരൻ)*
  - "പ്രാണനോടുമൊരുനാൾ ഭവൽപദം
    കാണുവാൻ ചിരമഹോ! കൊതിച്ചു ഞാൻ
    കേണുവാണിവിടെ; യേകുമർഥിയാം
    പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ."

    *- നളിനി (കുമാരനാശാൻ)*

  ഈ വരികൾ ഒരേ താളത്തിൽ ചൊല്ലാനാവുന്നുണ്ടോ? എന്തുകൊണ്ടാണ് താള വ്യത്യാസം അനുഭവപ്പെടുന്നത്? ചർച്ചചെയ്ത് കുറിപ്പ് തയാറാക്കുക.

- "അന്യജീവനുതകി സ്വജീവിതം
  ധന്യമാക്കുമമലേ വിവേകികൾ"

  *- കുമാരനാശാൻ*

  "അവനവനാത്മസുഖത്തിനാചരിക്കുന്നവ-
  യപരന്നു സുഖത്തിനായി വരേണം."

  *- ശ്രീനാരായണഗുരു*

  കാവ്യഭാഗങ്ങളിലെ ജീവിതവീക്ഷണം താരതമ്യം ചെയ്ത് കുറിപ്പ് തയാറാക്കുക.



# കടൽത്തീരത്ത്

വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽനിന്നു കൂട്ട നിലവിളി ഉയർന്നു. അപ്പുറത്ത് അമ്മിണിയുടെ വീട്ടിലും അതിനുമപ്പുറത്ത് മുത്തുരാവുത്തന്റെ വീട്ടിലും ആളുകൾ ശ്രദ്ധാലുക്കളായി, വിഷാദവാന്മാരായി. ആ വീടുകൾക്കുമപ്പുറത്ത് പാഴുതറയിലെ അമ്പതിൽ ചില്വാനം കുടികളിലത്രയും ഈ വിഷാദവും സഹാനുഭൂതിയും നിറഞ്ഞു. വെള്ളായിയപ്പൻ കണ്ണൂരിലേക്കു പോവുകയാണ്. വെള്ളായിയപ്പന്റെ കൂടെ തീവണ്ടി കയറാൻ പണമുണ്ടായിരുന്നെങ്കിൽ അമ്മിണിയേടത്തിയും മുത്തുവണ്ണനും നാകേലച്ചനും കോമ്പിപ്പൂശാരിയും പിന്നെ പാഴുതറയിലുള്ളവരത്രയുംതന്നെ കണ്ണൂരിലേക്കു പോകുമായിരുന്നു. കണ്ണൂരിലേക്കുള്ള തീവണ്ടിയാത്ര പാഴുതറ എന്ന ഗ്രാമത്തിനുവേണ്ടിയായിരുന്നു. വെള്ളായിയപ്പൻ കുടിയിരുപ്പുകൾ വിട്ട് നെടുവരമ്പത്തൂടെ പാടം മുറിച്ചു നടന്നു. പിന്നിൽ നിലവിളി അകന്നു ശമിച്ചു. ഇപ്പോൾ നെടുവരമ്പു വിട്ട് വെള്ളായിയപ്പൻ പറമ്പിലേക്കു കയറി. പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടുപോകുന്നു.

"ദെയിവങ്ങളേ, തമ്പിരാക്കന്മാരേ" - വെള്ളായിയപ്പൻ വിളിച്ചു.

ചവിട്ടടിപ്പാതയ്ക്കിരുവശവും നിന്ന കരിമ്പനകളിൽ കാറ്റു പിടിച്ചു. പട്ടകളിൽ കാറ്റിരമ്പുന്നത് വെള്ളായിയപ്പന് അന്നാദ്യമായി അപരിചിതമായി തോന്നി. പനമ്പട്ടകൾ സംസാരിക്കുന്നതുപോലെ. പനമ്പട്ടകളിൽ ഊട്ടുദൈവങ്ങളും കാരണവന്മാരും സംസാരിക്കുന്നതുപോലെ. തുവർത്തിൽ കെട്ടിയ പൊതിച്ചോറിന്റെ കഞ്ഞിനനവ് കൈയിൽ തട്ടി. തന്റെ കോടച്ചി ഈ ചോറുപൊതി കെട്ടുമ്പോൾ അതിലേക്ക് ഒരുപാടു കണ്ണുനീർ വീഴ്ത്തിയിരിക്കണം. കണ്ണുനീരിന്റെ ഓതം തോർത്തിന്റെ കെട്ടിലൂടെ കുതിർന്നു പിടിക്കുന്നു. തീവണ്ടിയാപ്പീസെത്താൻ ഇനിയും നാലുകല്ലു നടക്കണം. കുറച്ചു നടന്നപ്പോൾ കുട്ട്യസ്സൻമാപ്പിള എതിരേ വരുന്നു. കുട്ട്യസ്സൻമാപ്പിള ആദരവോടെ വഴി മാറിനിന്നു.

"വെള്ളായിയേ" - മാപ്പിള പറഞ്ഞു.



"മരയ്ക്കാരേ" - വെള്ളായിയപ്പൻ പ്രതിവചിച്ചു.

അത്രമാത്രം. രണ്ടു വാക്കുകൾ, പേരുകൾ. എന്നാൽ, ആ വാക്കുകളിൽ ദീർഘങ്ങളും സമ്പന്നങ്ങളുമായ സംഭാഷണപരമ്പരകൾ അടങ്ങിയത് വെള്ളായിയപ്പനും കുട്ട്യസ്സൻമാപ്പിളയും അറിഞ്ഞു.

"മരയ്ക്കാരേ, നിങ്ങൾക്കു ഞാൻ പതിനഞ്ചു റുപ്പിക കടം വീട്ടാനുണ്ട്. അല്ല, പതിനഞ്ചു റുപ്പികയും നാലണയും."

"വെള്ളാനി ഈ യാത്രയിൽ അതിനെക്കുറിച്ച് ഓർക്കരുത്."

"മരയ്ക്കാരേ, ഇനിയൊരിക്കലും എനിക്കത് വീട്ടാൻ കഴിഞ്ഞെന്നുവരില്ല."

"വീടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്. അത് അങ്ങനെതന്നെയിരിക്കട്ടെ."

"എന്റെ ഉള്ളുപൊട്ടുന്നു, എന്റെ പ്രാണൻ പറിയുന്നു."

"പടച്ചവൻ തുണയ്ക്കട്ടെ, മുത്തുനബി തുണയ്ക്കട്ടെ, നിന്റെയും എന്റെയും ദൈവങ്ങൾ തുണയ്ക്കട്ടെ."

കരിമ്പനപ്പട്ടകളിലെ കാറ്റ് ദൈവസാന്ദ്രമായി. കുട്ട്യസ്സൻമാപ്പിളയെ വിട്ടുകൊണ്ട് വെള്ളായിയപ്പൻ യാത്ര തുടർന്നു. ഇനിയും നാലുകല്ലു നടക്കണം. വഴിയിൽ പിന്നെയും ഒരഭിമുഖം, നീലിമണ്ണാത്തി. അലക്കിയ തുണികളുടെ കെട്ട് ചുമലിൽ ഞാത്തി എതിരേ വന്ന നീലി വഴിമാറി നിന്നു.

"വെള്ളായിച്ചോ" - അവൾ പറഞ്ഞു. അത്ര മാത്രം.

"നീലിയേ" - വെള്ളായിയപ്പൻ പറഞ്ഞു. അത്രമാത്രം.

രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്കു സാന്ത്വനത്തിന്റെ നിറവ്. വെള്ളായിയപ്പൻ നടന്നു.

ചവിട്ടടിപ്പാത വെട്ടുവഴിയിൽ ചേർന്നു. വെള്ളായിയപ്പൻ വെട്ടുവഴിയിലൂടെ നടന്നു. വെട്ടുവഴി പുഴയിലേക്കിറങ്ങി. പുഴ കടന്നു മേടു കയറിയാൽ പിന്നെ തീവണ്ടിയാപ്പീസിലേക്കുള്ള വഴിയാണ്. പുഴമണലിൽനിന്ന് വെള്ളായിയപ്പൻ പുഴവെള്ളത്തിലേക്കിറങ്ങി. കാൽവണ്ണയെ തഴുകിക്കൊണ്ട്, പരൽമീനുകളെ പേറിക്കൊണ്ട് പുഴ ഒഴുകി. പുഴയുടെ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി. അപ്പന്റെ ശവത്തെ കുളിപ്പിച്ചത്, മകനെ അവന്റെ കുട്ടിക്കാലത്ത് കുളത്തിൽ കുളിപ്പിച്ചത്. ഇളംചൂടുള്ള വെള്ളം, അതൊക്കെയും ഓർമ്മിപ്പിച്ചു. പുഴ കടന്ന് അപ്പുറത്തെ മേടു കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു.

തീവണ്ടിയാപ്പീസിലെത്തിയ വെള്ളായിയപ്പൻ ചീട്ടു വാങ്ങുന്നേടത്ത് വരിയിൽ നിന്നു. ഉടുമുണ്ടിന്റെ കോന്തലയഴിച്ചു പണം പുറത്തെടുത്തു.

"കണ്ണൂര്," വെള്ളായിയപ്പൻ പറഞ്ഞു. ഗുമസ്തൻ ചീട്ടെടുത്ത് അച്ചു കുത്തി ജനാലയിലൂടെ പുറത്തേക്കിട്ടപ്പോൾ യാത്രയിൽ ഒരു ഘട്ടം താണ്ടിയതുപോലെ വെള്ളായിയപ്പനു തോന്നി. ചീട്ടിനെ മുണ്ടിന്റെ കോന്തലയിൽ കെട്ടി വെള്ളായിയപ്പൻ പടവു കയറി പ്ലാറ്റ്ഫോറത്തിലെത്തി ബെഞ്ചിൽ വണ്ടിക്കായി കാത്തിരുന്നു. അകലെ സൂര്യൻ താഴുന്നു. ഇരുണ്ടു തുടങ്ങുന്ന കരിമ്പനകൾക്കു മുകളിലൂടെ പക്ഷികൾ പറന്നു കൂടുപറ്റുന്നു. മുണ്ടകപ്പാടത്തിന്റെ വരമ്പത്തു തന്റെ ചെറുവിരലിൽ പിടിച്ചുകൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി അദ്ഭുതപ്പെട്ട മകനെ വെള്ളായിയപ്പൻ ഓർത്തു. അസ്തമയത്തിലൂടെ പാടത്തേക്ക് ഇറങ്ങി

നടക്കുന്ന സ്വന്തം അപ്പനെ ഓർത്തു. രണ്ടു ചിത്രങ്ങൾ; അവയ്ക്കിടയിൽ രണ്ടു പേരുകൾക്കിടയിലെന്നപോലെ, രണ്ടു വാക്കുകൾക്കിടയിലെന്നപോലെ എന്തിന്റെയൊക്കെയോ നിറവ്. ബെഞ്ചിൽ ബാക്കിയുണ്ടായിരുന്ന സ്ഥലത്തു വന്ന് ഇരുപ്പുറപ്പിച്ച ഒരു കാരണവർ ചോദിച്ചു: "കോയമ്പത്തൂർക്കോ?"

"കണ്ണൂർക്ക്" -വെള്ളായിയപ്പൻ പറഞ്ഞു.

"നാന് കോയമ്പത്തൂർക്കാണ്."

"ഓ."

"കണ്ണൂര് വണ്ടി പത്തുമണിയാകും."

"ഓ."

"കണ്ണൂര് എന്താ പണി?"

"വിശേഴിച്ച് ഒന്നുവില്ല."

"വെറ്തെ പുഗ്ഗാണ്?"

അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി. പാഴുതറയുടെ നെടുവരമ്പു കടന്നാൽ ലോകം മുഴുവൻ അപരിചിതരാണ്. അപരിചിതരുടെ താൽപ്പര്യരഹിതമായ സംഭാഷണം എണ്ണമറ്റ കൊലക്കയറുകളായി. കോയമ്പത്തൂരിലേക്കുള്ള വണ്ടി നേരത്തേ വരുകയാൽ ബെഞ്ചിൽ സമീപത്തിരുന്ന കാരണവർ എഴുന്നേറ്റുപോയി. വെള്ളായിയപ്പൻ തനിച്ചായി. ചോറുപൊതി അഴിക്കാൻ തോന്നിയില്ല. തുവർത്തിലൂടെ പുറത്തേക്കു കുതിർന്ന അതിന്റെ നനവിൽ കൈവച്ചുകൊണ്ട് വെള്ളായിയപ്പൻ ഇരുന്നു. അങ്ങനെ ഇരുന്ന് ഉറങ്ങി. ഉറക്കത്തിൽ കിനാവു കണ്ടു. കിനാവിൽ വെള്ളായിയപ്പൻ പറഞ്ഞു: "കണ്ടുണ്ണിയേ, മകനേ."

തീവണ്ടിയുടെ ചീറ്റലും നടുക്കവും വെള്ളായിയപ്പനെ ഉണർത്തി. വെള്ളായിയപ്പൻ തട്ടിപ്പിടഞ്ഞ് എഴുന്നേറ്റു. മുണ്ടിന്റെ കോന്തലയിലെ ചീട്ട് അവിടെത്തന്നെയുണ്ടോ എന്നു നോക്കി നിജം വരുത്തി. പതുക്കെ വണ്ടിയിലേക്കു നടന്നു. ഒഴിവ് കണ്ടിടത്തു കേറാൻ തുടങ്ങി.

"ഇത് ഒന്നാംക്ലാസ്സാണ്, കാർന്നോരേ."

"തന്നെ?"

"അപ്പുറത്തെ പെട്ടിയിൽ."

"റിസർവ്ഡ് ആണ്."

"തന്നെ?"

"അപ്പുറത്തു നോക്കിക്കോളൂ, കാർന്നോരേ."

അപരിചിതരുടെ സ്വരങ്ങൾ.

ഒടുവിൽ ഒരു പെട്ടിയിൽ കയറിക്കൂടി. ഇരിക്കാനിടമില്ല. പിടിച്ചു നിൽക്കാം. ഞാൻ നിന്നുകൊള്ളാം. എനിക്കുറങ്ങേണ്ട. ഈ രാത്രിയിൽ എന്റെ മകൻ ഉറക്കമിളയ്ക്കുന്നു. തീവണ്ടിയുടെ താളം, നിലം മാറുന്നതിനനുസരിച്ച് അതിന്റെ താളഭേദം, വഴിവിളക്കുകൾ, പുഴമണൽത്തിട്ടുകൾ, മരങ്ങൾ. വളരെ മുമ്പൊരിക്കലാണ് തീവണ്ടിയിൽ സഞ്ചരിച്ചിട്ടുള്ളത്; പകലിന്റെ വെളിച്ചത്തിൽ. ഇതു രാത്രിവണ്ടിയാണ്. മങ്ങിയ ചിത്രങ്ങൾ പതിച്ച ചുവരുകളുള്ള ഒരു തുരങ്കത്തിലൂടെ അതു പായുന്നു.

കണ്ണൂരെത്തിയപ്പോൾ നേരം പുലർന്നിട്ടില്ല. അപ്പോഴും കെട്ടഴിക്കാതെ പൊതിച്ചോറ് കൈയിലിരുന്നു. ഗെയ്റ്റിൽ ചീട്ടു തിരിച്ചുകൊടുത്തുകൊണ്ട് വെള്ളായിയപ്പൻ പുറത്തുകടന്നു. ആകാശത്തിന്റെ ഇരുട്ടിൽ അകലെയെവിടെയോ വിടരുന്ന പുലരിയുടെ സൂചന. തീവണ്ടിയാപ്പീസിന്റെ മുറ്റത്തു കൂട്ടംതട്ടിനിന്ന കുതിരവണ്ടിക്കാർ വണ്ടി വേണോ എന്ന് വെള്ളായിയപ്പനോടു ചോദിച്ചില്ല. വെള്ളായിയപ്പൻ ചോദിച്ചു: "ജയിലിലിക്ക് ഏതിയാണ് വഷി?"

ആരോ ചിരിച്ചു. ഇതാ, ഒരു കിഴവൻ നേരം പുലരുന്നതിനുമുമ്പു ജയിലിലേക്കുള്ള വഴി തേടുന്നു. വീണ്ടും ആരോ ചിരിച്ചു: "കാരണവരേ, കട്ടാൽ മതി, ജയിലിലെത്തിച്ചേരാം." അപരിചിതരുടെ സ്വരങ്ങൾ കഴുത്തിനു ചുറ്റും പിരിഞ്ഞുമുറുകി. വെള്ളായിയപ്പനു ശ്വാസം മുട്ടി.

അവസാനം ആരോ വഴി പറഞ്ഞുകൊടുത്തു. വെള്ളായിയപ്പൻ നടന്നു. കാക്കക്കരച്ചിലോടെ മുകളിൽ പതുക്കെ ആകാശങ്ങൾ തെളിഞ്ഞു.

ജയിലിന്റെ പടിക്കൽ പാറാവുകാരൻ വെള്ളായിയപ്പനെ തടഞ്ഞു.

"എങ്ങട്ടാ ഈ രാവിലെ?"

വെള്ളായിയപ്പൻ വെങ്ങി. ഒരു കുട്ടിയുടെ നിസ്സഹായതയോടെ അയാൾ പാറാവുകാരന്റെ മുമ്പിൽ നിന്നു. എന്നിട്ട് പതുക്കെ മുണ്ടിന്റെ കോന്തലയഴിച്ചു മഞ്ഞനിറത്തിലുള്ള ഒരു കടലാസ് പുറത്തെടുത്തു. കടലാസ് ചുരുണ്ട് അലങ്കോലമായിരുന്നു.

"എന്താത്?" പാറാവുകാരൻ ചോദിച്ചു.

വെള്ളായിയപ്പൻ കടലാസ് പാറാവുകാരനെ ഏൽപ്പിച്ചു. പാറാവുകാരൻ കടലാസിലേക്കു നോക്കിയില്ല. വെള്ളായിയപ്പൻ പറഞ്ഞു: "എന്റെ കുട്ടി ഇബ്ടെ ഇണ്ടു."

"ഈ പുലർച്ചെ ആരാ വരാമ്പറഞ്ഞത്?" പാറാവുകാരൻ പരുക്കനായി പറഞ്ഞു: "ആപ്പീസ് തൊറക്കട്ടെ."

ഏതോ ശീലത്തിന്റെ സ്വാധീനത്തിൽ പാറാവുകാരൻ കടലാസ് നിവർത്തി നോക്കി. പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി.

"നാളെയാണ്, അല്ലേ?" പാറാവുകാരൻ പറഞ്ഞു.

"എയ്ക്കി പിടിയില്ല" - വെള്ളായിയപ്പൻ പറഞ്ഞു: "കടലാശില് എന്താണ് എഷ്തിക്കെട്ക്ക്ണത്, ആവോ?"

പാറാവുകാരൻ കടലാസിലെ വിവരങ്ങൾ ഒരിക്കൽക്കൂടി ശ്രദ്ധിച്ചു വായിച്ചു.

"അതെ, നാളെ രാവിലെ അഞ്ചുമണിക്ക്" - അയാൾ പറഞ്ഞു.

വെള്ളായിയപ്പന്റെ കണ്ണുകൾ വിടർന്നു. അവയിൽ അന്ധാളിപ്പു നിറഞ്ഞു.

"തന്നേ?" വെള്ളായിയപ്പൻ പറഞ്ഞു.

"കാർന്നോര് ഇവിടെ ഇരിക്കൂ."

"ഓ."

ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ വെള്ളായിയപ്പൻ ഇരുന്നു. അമ്പലത്തിലെ നട തുറക്കാൻ കാത്തിരിക്കുന്നതുപോലെ.

"കാർന്നോർക്ക് ചായോ മറ്റോ വേണോ?"

"വേണ്ട."

എന്റെ മകൻ ഈ രാത്രിയിൽ ഉറങ്ങിയിട്ടുണ്ടാവില്ല. ഉറങ്ങാതെ ഉണർന്നിട്ടുണ്ടാവില്ല. ഉറങ്ങാതെ, ഉണരാതെ അവനു ചായ കുടിക്കാൻ മനസ്സുവരുന്നതെങ്ങനെ? വെള്ളായിയപ്പന്റെ കൈപ്പടം പൊതിച്ചോറിലമർന്നു. മകനേ, ഈ പൊതിച്ചോറ് നിന്റെ അമ്മ എനിക്കു വേണ്ടി പൊതിഞ്ഞതാണ്. യാത്രയിൽ ഞാൻ അതു കഴിക്കാതെ ഇവിടം വരെ എത്തിച്ചു. ഇനി നിനക്കു തരാൻ എന്റെ കൈയിൽ ഇതു മാത്രമേയുള്ളൂ. തുവർത്തിനകത്ത് കെട്ടഴിക്കാതെ കിടന്ന പാഥേയം പുളിച്ചു. നേരം പതുക്കെപ്പതുക്കെ വെളുത്തു. നേരം പതുക്കെപ്പതുക്കെ കനച്ചു.

ആപ്പീസ് തുറന്നു. ആളുകൾ മേശകൾക്കു പിറകിൽ സ്ഥലം പിടിച്ചു. പാറാവുകാർ കവാത്തു നടത്തി. തടവറ സജീവമായി.

മേധാവികൾ കടലാസ് പരിശോധിക്കുന്നു. മേധാവികൾ ഉത്തരവിടുന്നു. ഉത്തരവുകളുടെ അപരിചിത സ്വരങ്ങൾ. വിദ്വേഷവും നിന്ദയും പകയുമില്ലാത്ത കുരുക്കുകൾ, അവ ചുറ്റിപ്പിടിച്ചു ശ്വാസംമുട്ടിക്കുന്നു. വെയിലിനു ചൂടു കൂടുന്നു.

"ഇവിടെ കാത്തിരിക്കൂ." വെള്ളായിയപ്പൻ കാത്തിരിക്കുന്നു.

നീണ്ടുനീണ്ട കാത്തിരിപ്പിനു ശേഷം ഒരു പാറാവുകാരൻ വെള്ളായിയപ്പനെ തടവറയുടെ ഉള്ളുകളിലേക്കു കൂട്ടിക്കൊണ്ടുപോകുന്നു. വെയിലിന്റെ ചൂടറിയാത്ത തണുത്ത ഇടനാഴികൾ.




ഇതാ ഇവിടെയാണ്. ഇരുമ്പഴികൾക്കു പിന്നിൽ കണ്ടുണ്ണി നിന്നു.

അപരിചിതനെപ്പോലെ കണ്ടുണ്ണി വെള്ളായിയപ്പനെ നോക്കി. സാന്ത്വനം കൊടുക്കുകയോ വാങ്ങുകയോ ചെയ്യാനാവാത്ത മനസ്സിന്റെ മറ. പാറാവുകാരൻ അഴിവാതിൽ തുറന്ന് വെള്ളായിയപ്പനെ അകത്തു പ്രവേശിപ്പിച്ചു. അച്ഛനും മകനും നേരോടുനേരായി തെല്ലിടനേരം നിന്നു. പിന്നെ

വെള്ളായിയപ്പൻ മകനെ കെട്ടിപ്പിടിച്ചു. കണ്ടുണ്ണി ശ്രവണത്തിനപ്പുറത്തുള്ള ഒരു സ്ഥായിയിൽ നിലവിളിച്ചു. വെള്ളായിയപ്പൻ കരഞ്ഞു വിളിച്ചു: "മകനേ!"

കണ്ടുണ്ണി മറുവിളി വിളിച്ചു: "അപ്പാ!"

രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ, മൗനത്തിൽ, അച്ഛനും മകനും അറിവുകൾ കൈമാറി.

"മകനേ, നീ എന്തു ചെയ്തു?"

"എനിക്കോർമ്മയില്ല, അപ്പാ."

"മകനേ, നീ കൊലപാതകം നടത്തിയോ?"

"എനിക്കോർമ്മയില്ല."

"സാരമില്ല മകനേ, ഇനിയൊന്നും ഓർമ്മിക്കേണ്ടതില്ല."

"പാറാവുകാർ ഓർമ്മിക്കുമോ?"

"ഇല്ല മകനേ."

"അപ്പൻ എന്റെ വേദന ഓർമ്മിക്കുമോ?"

ഉച്ചസ്ഥായിയിലുള്ള നിശ്ശബ്ദമായ നിലവിളി: "അപ്പാ, എന്നെ തൂക്കിക്കൊല്ലാൻ സമ്മതിക്കരുതേ."

രണ്ടു വാക്കുകൾക്കിടയ്ക്ക് ഈ വിനിമയമത്രയും.

"കാർന്നോരേ, പൊറത്തു വരൂ. സമയം കഴിഞ്ഞു."

വെള്ളായിയപ്പൻ പുറത്തു വരുന്നു. അയാൾക്കു പിന്നിൽ ഇരുമ്പഴിവാതിൽ അടയുന്നു. നീങ്ങുന്ന തീവണ്ടിമുറിയിൽനിന്നു പുറത്തേക്കു നോക്കും പോലെ, ഇരുമ്പഴിയി



ലൂടെ പുറത്തേക്കു നോക്കിക്കൊണ്ട് അപരിചിതനായി കണ്ടുണ്ണി നിന്നു. അവസാനത്തെ തിരിഞ്ഞുനോട്ടത്തിന്റെ ശ്രദ്ധാഞ്ജലിയോടെ വെള്ളായിയപ്പൻ നടന്നകന്നു.

ജയിലിന്റെ പരിസരങ്ങളിൽ വെള്ളായിയപ്പൻ അങ്ങുമിങ്ങുമായി കാത്തുകിടന്നു. സൂര്യൻ ഉച്ചിയിലെത്തി. നേരം താണു. ഈ രാത്രിയിൽ കണ്ടുണ്ണി ഉറങ്ങുമോ? രാത്രി പിന്നിടുന്നു. മതിലുകൾക്കകത്ത് കണ്ടുണ്ണി ജീവിക്കുന്നു.

പുലർച്ചയ്ക്കു മുമ്പു കൊമ്പുവിളികൾ മുഴങ്ങുന്നത് വെള്ളായിയപ്പൻ കേട്ടു. അതു വധശിക്ഷയുടെ ചടങ്ങാണെന്ന് വെള്ളായിയപ്പൻ അറിഞ്ഞിരുന്നില്ല. രാവിലെ അഞ്ചുമണിക്കാണെന്ന് അവർ പറഞ്ഞിരുന്നു. കൈയിൽ ഘടികാരമില്ലെങ്കിലും ഒരു കർഷകന്റെ ജന്മസിദ്ധിയിലൂടെ വെള്ളായിയപ്പൻ സമയം അറിഞ്ഞു.

ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽനിന്ന് ഏറ്റുവാങ്ങി.

"കാരണവർക്കു താൽപ്പര്യമുള്ളപോലെ ശവം സംസ്കരിക്കാം."

"വേണ്ട. എനിക്കു താൽപ്പര്യമില്ല."

"ശവത്തിന്റെ ചുമതല നിങ്ങൾ ഏൽക്കുന്നില്ലേ?"

"യജമാനന്മാരേ, എന്റെ കൈയിൽ പണമില്ല."

ഉന്തുവണ്ടിയുടെ പിറകെ തോട്ടികളുടെകൂടെ വെള്ളായിയപ്പൻ നടന്നു. പട്ടണത്തിനു പുറത്തുള്ള വെളിനിലങ്ങൾക്കു മുകളിൽ കഴുകന്മാർ ചുറ്റിപ്പറന്നു. മണ്ണുമൂടുന്നതിനുമുമ്പ് കണ്ടുണ്ണിയുടെ മുഖം വെള്ളായിയപ്പൻ ഒരു നോക്കു കണ്ടു. ആ നെറ്റിയിൽ കൈപ്പടം വച്ച് അനുഗ്രഹിച്ചു.

വെള്ളായിയപ്പൻ വെയിലത്ത് അലഞ്ഞുനടന്ന് കടൽപ്പുറത്തെത്തി; ആദ്യമായി കടൽ കാണുകയാണ്. കൈപ്പടങ്ങളിൽ എന്തോ നനഞ്ഞുകുതിരുന്നു. കോടച്ചി കെട്ടിത്തന്ന പൊതിച്ചോറാണ്. വെള്ളായിയപ്പൻ പൊതിയഴിച്ചു. വെള്ളായിയപ്പൻ അന്നം നിലത്തേക്കെറിഞ്ഞു. വെയിലിന്റെ മുകൾത്തട്ടിലെവിടെനിന്നോ ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങിവന്നു.

കടൽത്തീരത്ത് (ഒ.വി. വിജയൻ)



- വെള്ളായിയപ്പന്റെ ദുഃഖം ഗ്രാമത്തിന്റെ ദുഃഖമായി കഥാകൃത്ത് അവതരിപ്പിച്ചത് എങ്ങനെയെല്ലാം?

- "വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽനിന്നു കൂട്ടനിലവിളി ഉയർന്നു."
കൂട്ടനിലവിളിക്ക് പ്രേരകമായത് എന്തെല്ലാമായിരിക്കും? ചർച്ചചെയ്യുക.

- "ആകാശത്തിന്റെ ഇരുട്ടിൽ അകലെയെവിടെയോ വിടരുന്ന പുലരിയുടെ സൂചന."
"പറമ്പിലെ മഞ്ഞപ്പുല്ലിലൂടെ ആരുടെയൊക്കെയോ ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടുപോകുന്നു."
ഗദ്യഭാഷയും കാവ്യാത്മകമാണ്. കഥയിലെ കാവ്യാത്മകമായ ഇത്തരം പ്രയോഗങ്ങൾ കണ്ടെത്തി അവതരിപ്പിക്കുക.

- "രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് സാന്ത്വനത്തിന്റെ നിറവ്."
ഇത്തരത്തിൽ അർഥപൂർണങ്ങളായ മൗനങ്ങളാണ് കഥയെ പൂരിപ്പിക്കുന്നത്. ചർച്ചചെയ്യുക.

- പൊതിച്ചോറിന് കഥയിൽ സവിശേഷമായ സ്ഥാനമാണുള്ളത്. കഥ വിശകലനം ചെയ്ത് ഈ പ്രസ്താവനയോട് പ്രതികരിക്കുക.

- "മലയിൽ ആറ്റിത്തണുപ്പിച്ച വെയില്, ചുരത്തിലൂടെ മലവെള്ളംപോലെ ആർത്തിരമ്പി പാലക്കാട്ടേയ്ക്ക് വീശുന്ന കിഴക്കൻകാറ്റ്."
"ഊണുകഴിച്ച് പായവിരിച്ച് ഉറങ്ങാൻ കിടന്നു. വർഷങ്ങൾക്കുശേഷം ആദ്യമായി എയർക്കണ്ടീഷണറില്ലാതെ ഉറങ്ങുകയാണ്. പുറത്ത് കാറ്റിന്റെ ഗാഢമായ ശബ്ദം.
ചുരത്തിലൂടെ കടലേറ്റംപോലെ കിഴക്കൻകാറ്റ് തിരതല്ലി."
"തസ്കരനെ വാല്മീകിയാക്കിയ ഏട്ടന്റെ കരുണ ആ കാറ്റിൽ നിറഞ്ഞു."

*- കാറ്റ് പറഞ്ഞ കഥ (ഒ.വി. വിജയൻ)*

ഒ.വി. വിജയന്റെ കഥകളിൽ കാറ്റ് ശക്തമായ സാന്നിധ്യമാണ്. കാറ്റ് പറഞ്ഞ കഥ, കടൽത്തീരത്ത് എന്നീ കഥകൾ വിലയിരുത്തി കുറിപ്പ് തയാറാക്കുക.

- 'കടൽത്തീരത്ത്' എന്ന കഥയ്ക്ക് ആസ്വാദനം തയാറാക്കുക.
  - കഥാപാത്രസൃഷ്ടിയിലെ സവിശേഷതകൾ
  - രചനാതന്ത്രം
  - ആഖ്യാനശൈലി
  - പാരിസ്ഥിതികപശ്ചാത്തലം
  - സാമൂഹികപശ്ചാത്തലം

സ്നേഹബന്ധത്തിന്റെ വ്യത്യസ്തതലങ്ങൾ വിശ്വരൂപം, പ്രിയദർശനം, കടൽത്തീരത്ത് എന്നീ പാഠഭാഗങ്ങളിൽ വായിക്കാം.

ഉചിതമായ സന്ദർഭങ്ങൾ കണ്ടെത്തി വിശകലനം ചെയ്ത് ഉപന്യാസം തയാറാക്കുക.

## ഞാൻ എന്നെക്കുറിച്ച്

| | പൂർണമായി | ഭാഗികമായി | അൽപ്പം മാത്രം |
|---|---|---|---|
| • പാഠഭാഗങ്ങളിലെ പ്രധാനാശയങ്ങൾ കണ്ടെത്തി സന്ദർഭോചിതം അവതരിപ്പിക്കാൻ കഴിഞ്ഞു. | | | |
| • ആഖ്യാനരീതികളിലെ വ്യത്യാസം തിരിച്ചറിയാൻ സാധിച്ചിട്ടുണ്ട്. | | | |
| • ചർച്ചയിൽ പങ്കെടുത്ത് കാഴ്ചപ്പാടുകൾ യുക്തിയോടെ അവതരിപ്പിക്കാൻ കഴിഞ്ഞു. | | | |
| • പ്രയോഗങ്ങൾ, ശൈലികൾ എന്നിവയുടെ ഔചിത്യവും ഭംഗിയും വിശകലനം ചെയ്യാൻ കഴിഞ്ഞു. | | | |
| • കവിത താളത്തിലും ഈണത്തിലും ആലപിക്കാൻ സാധിച്ചു. | | | |
| • വരികൾ വ്യാഖ്യാനിച്ച് ആശയങ്ങൾ കണ്ടെത്താൻ സാധിച്ചു. | | | |
| • ചമൽക്കാരങ്ങൾ, ബിംബങ്ങൾ എന്നിവ കണ്ടെത്തി വ്യാഖ്യാനിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |

എഴുത്തുകാരെ അറിയുക



## ലളിതാംബിക അന്തർജനം

(1909 – 1987)

മലയാളത്തിലെ പ്രമുഖ കഥാകാരി. കൊട്ടാരക്കരയിലെ കോട്ടവട്ടത്ത് ജനിച്ചു. കേരള സാഹിത്യ അക്കാദമിയുടെ വൈസ്പ്രസിഡന്റായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ് എന്നിവ ലഭിച്ചിട്ടുണ്ട്.

*പ്രധാന കൃതികൾ*

അഗ്നിസാക്ഷി (നോവൽ) മൂടുപടത്തിൽ, തകർന്ന തലമുറ, കിളിവാതിലിലൂടെ, കാലത്തിന്റെ ഏടുകൾ, കണ്ണീരിന്റെ പുഞ്ചിരി, അഗ്നിപുഷ്പങ്ങൾ, സത്യത്തിന്റെ സ്വരം, വിശ്വരൂപം, ഇഷ്ടദേവത, പവിത്രമോതിരം, ധീരേന്ദു മജുംദാരുടെ അമ്മ (ചെറുകഥാസമാഹാരങ്ങൾ); ലളിതാഞ്ജലി, ഓണക്കാഴ്ച, ഭാവദീപ്തി, ആയിരത്തിരി (കവിതാസമാഹാരങ്ങൾ) സീത മുതൽ സത്യവതിവരെ (പഠനം)



## കുമാരനാശാൻ
**(1873 - 1924)**

ആധുനിക മഹാകവിത്രയത്തിൽ ഒരാൾ. തിരുവനന്തപുരം ജില്ലയിലെ കായിക്കരയിൽ ജനിച്ചു. പരമ്പരാഗത കാവ്യശൈലിയിൽനിന്നു വ്യത്യസ്തമായ കവനചാതുരി പ്രദർശിപ്പിച്ചുകൊണ്ട് മലയാളകവിതയിൽ പുതിയൊരു ഭാവുകത്വത്തിന് തുടക്കം കുറിച്ച പ്രതിഭ.

ശ്രീനാരായണഗുരുവിന്റെ അരുമശിഷ്യനായ കുമാരനാശാൻ എസ്. എൻ. ഡി. പി. യോഗം സെക്രട്ടറി എന്ന നിലയിൽ സമൂഹപരിഷ്കരണപ്രസ്ഥാനത്തിന് നേതൃത്വം വഹിച്ചു. 'വിവേകോദയം' മാസികയുടെ പത്രാധിപരായിരുന്നു. മലയാളത്തിനു പുറമെ സംസ്കൃതം, ബംഗാളി, ഇംഗ്ലീഷ് ഭാഷകളിലും പാണ്ഡിത്യമുണ്ടായിരുന്നു. വെയിൽസ് രാജകുമാരനിൽനിന്ന് പട്ടും വളയും ലഭിക്കുകയുണ്ടായി.

*പ്രധാന കൃതികൾ*

വീണപൂവ്, നളിനി, ലീല, പ്രരോദനം, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ, ഗ്രാമവൃക്ഷത്തിലെ കുയിൽ (ഖണ്ഡകാവ്യങ്ങൾ); പുഷ്പവാടി, മണിമാല, വനമാല, സ്തോത്രകൃതികൾ (കവിതാസമാഹാരങ്ങൾ); ബാലരാമായണം, ശ്രീബുദ്ധചരിതം (കാവ്യങ്ങൾ); സൗന്ദര്യലഹരി (വിവർത്തനം); വിചിത്രവിജയം, പ്രബോധചന്ദ്രോദയം (നാടകങ്ങൾ)



## ഒ.വി. വിജയൻ
**(1931 - 2005)**

മലയാളകഥാസാഹിത്യത്തിന് നവീനമുഖം നൽകിയ എഴുത്തുകാരൻ എന്ന നിലയിൽ ചിരസ്മരണീയൻ. കാർട്ടൂണിസ്റ്റ്, ചിന്തകൻ, കോളമിസ്റ്റ് എന്നീ നിലകളിലും വ്യക്തിമുദ്ര പതിപ്പിച്ചു. കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, എഴുത്തച്ഛൻ പുരസ്കാരം, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ്, സഞ്ജയൻ പുരസ്കാരം തുടങ്ങി ഒട്ടനവധി ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

*പ്രധാന കൃതികൾ*

ഖസാക്കിന്റെ ഇതിഹാസം, ധർമ്മപുരാണം, ഗുരുസാഗരം, മധുരം ഗായതി, പ്രവാചകന്റെ വഴി, തലമുറകൾ (നോവലുകൾ); ഒരു നീണ്ട രാത്രിയുടെ ഓർമ്മയ്ക്കായി, അശാന്തി, ബാലബോധിനി, കടൽത്തീരത്ത്, കാറ്റ് പറഞ്ഞ കഥ (കഥാസമാഹാരങ്ങൾ); ഘോഷയാത്രയിൽ തനിയെ, ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ്മയ്ക്കായി, ഇതിഹാസത്തിന്റെ ഇതിഹാസം (ലേഖനങ്ങൾ)

പദകോശം

**വിശ്വരൂപം**

| | |
|---|---|
| അഗാധത | - ആഴം |
| അനുതാപം | - ദുഃഖം |
| കൃശമായ | - മെലിഞ്ഞ |
| പാണികൾ | - കൈകൾ |
| മുഖപ്പ് | - വീടിന്റെ ചെറിയ തളം, പൂമുഖം |
| മുടുക്ക് | - വീതി കുറഞ്ഞ വഴി |
| സാക്ഷ | - തഴുത്, താഴ് |
| സ്നിഗ്ധം | - സ്നേഹമയമായത്, മിനുക്കമുള്ളത് |

**പ്രിയദർശനം**

| | |
|---|---|
| അഖിലം | - എല്ലാം |
| അമല | - പരിശുദ്ധ |
| അർഥി | - ആഗ്രഹിക്കുന്ന / യാചിക്കുന്ന ആൾ |
| അയേ | - അല്ലയോ |
| ആഭ | - ശോഭ |
| ആസ്ഥയാൽ | - ആഗ്രഹത്താൽ |
| ഇണ്ടൽ | - ദുഃഖം |
| നിജകർമ്മനീതരായ് | - അവരവരുടെ കർമ്മങ്ങളാൽ നയിക്കപ്പെട്ട് |
| ചാരു | - ഭംഗി |
| ചിരം | - വളരെ |
| തന്വി | - സുന്ദരി |
| ദിഷ്ടം | - ഭാഗ്യം |
| പരിപാടലം | - ആകെ ചുവപ്പായത് |
| പാരം | - ഏറ്റം |
| ഭവൽപ്പദം | - അങ്ങയുടെ സന്നിധി |

**കടൽത്തീരത്ത്**

| | |
|---|---|
| അന്ധാളിപ്പ് | - പരിഭ്രമം, അമ്പരപ്പ് |
| ഓതം | - ഈർപ്പം, നനവ് |
| കവാത്ത് | - സൈനികപരിശീലനം |
| കോന്തല | - വസ്ത്രത്തിന്റ നാലുമൂലകളിൽ ഒന്ന് |
| ഞാത്തി | - തൂക്കിയിട്ടു |
| നിജംവരുത്തി | - തീർച്ചപ്പെടുത്തി |
| നെടുവരമ്പ് | - നീളമുള്ള വരമ്പ് |
| പാഥേയം | - വഴിച്ചോറ് |
| വഷി *(പ്രാദേശികം)* | - വഴി |
| വെങ്ങുക | - പോകുക, അടുക്കുക |
| ശ്രദ്ധാഞ്ജലി | - ബഹുമാനപൂർവമുള്ള തൊഴുകൈ |
| സാന്ത്വനം | - സമാശ്വസിപ്പിക്കൽ |
| സ്ഥായി | - നിലനിൽക്കുന്ന |



പഠനനേട്ടങ്ങൾ

- കാവ്യഭാഷയുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് വ്യാഖ്യാനിക്കുകയും പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കുകയും ചെയ്യുന്നു.
- കവിതയിലെ അലങ്കാരം, ബിംബം എന്നിവ തിരിച്ചറിഞ്ഞ് ആസ്വദിക്കുന്നു. വിശകലനം ചെയ്ത് കുറിപ്പു തയാറാക്കി അവതരിപ്പിക്കുന്നു.
- സാഹിത്യരചനകളിൽ പ്രതിഫലിക്കുന്ന സാമൂഹികജീവിതം കണ്ടെത്തി അവതരിപ്പിക്കുന്നു.
- ആശയങ്ങൾ സംഗ്രഹിച്ചും വിപുലീകരിച്ചും താരതമ്യം ചെയ്തും പ്രകടിപ്പിക്കുന്നു.
- സമകാലിക വായനയിൽനിന്നു ലഭിക്കുന്ന ആശയങ്ങൾ സ്വന്തം കാഴ്ചപ്പാടിൽ അവതരിപ്പിക്കുന്നു.
- വിവിധ വ്യവഹാരരൂപങ്ങളുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് ആശയങ്ങൾ വിവിധ രീതികളിൽ പ്രകടിപ്പിക്കുന്നു (പ്രസംഗം, ഉപന്യാസം) പ്രയോഗിക്കുന്നു.

# 3 സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ



കല -
എത്ര ദീർഘം! സാധനാലഭ്യം!
ആവൂ! ജീവിതമെത്ര ഹ്രസ്വതരം!

- ഡോക്ടർ ഫൗസ്റ്റ് (ഗോയ്ഥേ)

കല ദീർഘവും ജീവിതം ഹ്രസ്വവുമെന്ന വിലയിരുത്തലിന്റെ ഔചിത്യം ചർച്ചചെയ്യുക.

ദമയന്തിയുടെ സ്വയംവരത്തിൽ
പങ്കെടുക്കാൻ കഴിയാത്തതിലും
ദമയന്തി നളനെ വരിച്ചതിലും
കുപിതനായ കലി
നളദമയന്തിമാരെ തമ്മിലകറ്റി
രാജ്യത്തുനിന്നു പുറത്താക്കുമെന്ന്
ശപഥം ചെയ്യുന്നു.
അതിനായി
നളന്റെ അനുജനായ പുഷ്കരനെ
സ്വാധീനിക്കാൻ ശ്രമിക്കുകയാണ്.

# പ്രലോഭനം



മാരധനാശി (ധന്യാസി) - ചെമ്പട

ശ്ലോകം

*കോപമത്സരവശംവദഃ കലിർ-
ദ്വാപരേണ സഹ മേദിനീം ഗതഃ
സ്വാപദേ സ്വയമചോദയജ്ജളം
സ്വാപതേയഹരണായ പുഷ്കരം.

പദം 7. പുഷ്കരൻ:

പല്ലവി

അരികിൽ വന്നു നിന്നതാരെ,ന്തഭിമതം?
അഖിലമാശു ചൊൽക.

അനുപല്ലവി

അറികയില്ലെങ്കിലും അഭിമുഖന്മാരെക്കണ്ടെൻ-
മനതാരിലുണ്ടൊന്നുന്മിഷിതം ഝടിതി.

(അരികിൽ)

ചരണം 1

ധരണിയിലുള്ള പരിഷകൾ നളനെച്ചെന്നു കാണും
അവർക്കു വേണ്ടും കാര്യം നളനും സാധിപ്പിക്കും,
ദൂരത്തുന്നാരും വരികയില്ല നമ്മെക്കാണ്മാൻ.

(അരികിൽ)

ചരണം 2

നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
അമിത്രവീരന്മാരെ അമർക്കും വൻപടയും,
ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളൂ മുറ്റും.

(അരികിൽ)

ചരണം 3

പഴുതേ ഞാനെന്തേ പലവക പറഞ്ഞുകേൾപ്പിക്കുന്നു?
നളനു വേറെ കർമ്മം നമുക്കു കർമ്മം വേറെ;
നമ്മെക്കൊണ്ടുപകാരം നിങ്ങൾക്കെന്തോന്നു വേണ്ടൂ?

(അരികിൽ)

അസാവേരി (വരാളി) - ചെമ്പട

പദം 8 കലി:

പല്ലവി

പുഷ്കര, നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ.

അനുപല്ലവി

ദുഷ്കരമായിട്ടൊന്നുമില്ല കേൾ
മത്സഹായമുണ്ടായാലേവനും.
നളനും നീയും ഭേദമെന്തിവിടെ?
നാടു വാഴ്ക നളനെ വെന്നു സമ്പ്രതി.

(പുഷ്കര)

---

* *കോപമത്സരങ്ങൾക്ക് വശംവദനായ കലി ദ്വാപരനോടൊപ്പം ഭൂമിയിലേക്കു വന്ന്, അന്യന്റെ ധനത്തെ അപഹരിക്കാൻ വിഡ്ഢിയായ പുഷ്കരനെ രഹസ്യമായി പ്രേരിപ്പിച്ചു.*

ചരണം 1

നേരേ നിന്നോടെടോ ഞാൻ പുനരാരെന്നും പറയാം,
പാരിലെന്നെയിന്നാരറിയാതവർ?
വൈരി വൈരസേനിക്കിഹ ഞാൻ കലി,
തവ ഞാൻ മിത്രം, തസ്യ നാടു ഞാൻ
തേ. തരുന്നു, ചൂതുപൊരുക പോരിക.

(പുഷ്കര)

ചരണം 2

നിൽക്ക മദീയമതേ വിജയം നിശ്ചിതമാമിഹ തേ,
വിക്രയമില്ലെന്നാകിലെന്തെടോ?
വയ്ക്ക ചൂതിനായെന്നെപ്പണയം;
ധനവും ധാന്യം നാടുമൊക്കെയും
കൈക്കലാക്കിയവനെ വിടുക വനഭുവി.

(പുഷ്കര)

നളചരിതം ആട്ടക്കഥ - രണ്ടാംദിവസം (ഉണ്ണായിവാര്യർ)

---

- "പഴുതേ ഞാനെന്തേ പലവക പറഞ്ഞുകേൾപ്പിക്കുന്നു?"
  - പുഷ്കരൻ പറഞ്ഞു കേൾപ്പിച്ചത് എന്തെല്ലാം?

- "പുഷ്കര, നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ."
  - ജന്മം നിഷ്ഫലമാകാതിരിക്കാൻ എന്തെല്ലാം തന്ത്രങ്ങളാണ് കലി നിർദേശിക്കുന്നത്?

- "നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
  അമിത്രവീരന്മാരെ അമർക്കും വൻപടയും
  ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളൂ മുറ്റും"

  ഈ വരികളിൽ തെളിയുന്ന, പുഷ്കരന്റെ മാനസികാവസ്ഥ വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക.

- "മിത്രത്തെ ദ്വേഷിപ്പാനായമിത്രം മിത്രമാക്കി
  പ്രത്യഹം ദുഷ്ട കർമ്മം ചെയ്തീടുന്നവൻ മൂഢൻ"

  - *മഹാഭാരതം കിളിപ്പാട്ട് (എഴുത്തച്ഛൻ)*

  ഈ വരികളുടെ ആശയത്തെ പാഠസന്ദർഭവുമായി താരതമ്യം ചെയ്ത് എഴുതുക.

- "വൈരി വൈരസേനിക്കിഹ ഞാൻ കലി
  തവ ഞാൻ മിത്രം,"

  കലി ഇപ്രകാരം സ്വയം പരിചയപ്പെടുത്തിയതിന്റെ ഉദ്ദേശ്യം എന്താവാം? വ്യക്തമാക്കുക.

- 'പഴുതേ' എന്ന പദം കാവ്യഭാഗത്ത് രണ്ടു സന്ദർഭങ്ങളിൽ പ്രയോഗിച്ചിരിക്കുന്നു. രണ്ടു സന്ദർഭങ്ങളിലെയും ഭാവവ്യത്യാസം കണ്ടെത്തിയെഴുതുക.

- ശ്ലോകത്തിൽ കഴിക്കുക, ശിങ്കിടിപാടുക എന്നിവ കഥകളിയിൽനിന്ന് രൂപപ്പെട്ട ശൈലികളാണ്. കഥകളിയുമായി ബന്ധപ്പെട്ടുണ്ടായ ശൈലികൾ ശേഖരിച്ച് വിശദീകരിക്കുക.
- 'കഥകളിക്ക് ഇതര കലകളുമായുള്ള ബന്ധം' എന്ന വിഷയത്തിലുള്ള സെമിനാറിലേക്ക് പ്രബന്ധം തയാറാക്കുക.
- പാഠഭാഗം ഉൾപ്പെടുന്ന കഥകളിഭാഗം കണ്ട് 'പ്രലോഭന'ത്തിന് ആസ്വാദനം തയാറാക്കുക.

# യുദ്ധത്തിന്റെ പരിണാമം



ധർമ്മക്ഷേത്രമായ കുരുക്ഷേത്രത്തിൽ വച്ചു നടന്ന ഭാരതയുദ്ധം തുടങ്ങുമ്പോൾ രണ്ടു ചേരിക്കാരും തമ്മിൽ ചെയ്ത കരാർ ഇപ്രകാരമായിരുന്നു: "യുദ്ധം നടക്കാത്ത സമയങ്ങളിൽ ഇരുകക്ഷിയും പണ്ടേപ്പോലെ പരസ്പരപ്രീതിയോടെ വർത്തിക്കണം. യുദ്ധം തുടങ്ങിയാൽ, ഗജാശ്വരഥങ്ങളിലിരിക്കുന്നവർ ആ നിലയിലുള്ളവരോടേ എതിർക്കാവൂ, കാലാൾ കാലാളോടും. അണിവിട്ടുപോയവനെ കൊല്ലരുത്. വയോവീര്യോത്സാഹങ്ങളിൽ കിടനിൽക്കുന്നവരോടു പറഞ്ഞറിയിച്ചിട്ടേ നേർക്കാവൂ, ഓർക്കാതെയും ക്ഷീണിച്ചുമിരിക്കുന്നവരോടരുത്. മറ്റൊരാളോടു നേരിടുന്നവനെ, പ്രമാദം പറ്റിയവനെ, പിന്തിരിഞ്ഞവനെ, ആയുധം തീർന്നവനെ, കവചം പോയവനെ, ഒന്നും ഒരുവിധവും കൊല്ലരുത്. സൂതന്മാർ, കുതിരകൾ, ആയുധച്ചുമട്ടുകാർ, വാദ്യക്കാർ എന്നിവരെയൊന്നും ഉപദ്രവിക്കരുത്." ചുരുക്കത്തിൽ, എതിരാളിയുടെ കുറവുകൊണ്ടല്ല, സ്വന്തം മികവുകൊണ്ടുതന്നെ ജയിക്കാൻ നോക്കണമെന്നർഥം - കുറ്റമറ്റ ധർമ്മയുദ്ധം!

യുദ്ധത്തിന്റെ ആദ്യദിവസങ്ങളിൽ ഈ കരാറെല്ലാം ഏറെക്കുറേ പാലിക്കപ്പെട്ടു. പിന്നീട് അതുമിതുമായി ലംഘിക്കപ്പെട്ടുതുടങ്ങി. പാണ്ഡവപക്ഷം, എതിർപക്ഷത്തിലുള്ള മിക്ക മഹാരഥന്മാരെയും വീഴ്ത്തിയതു യുദ്ധധർമ്മത്തിന്നെതിരായിട്ടാണ്; ഒടുക്കം ദുര്യോധനനെയും. അങ്ങനെ വല്ലപാടും വിജയം നേടിയ പാണ്ഡവർ സന്ധ്യക്കു ജയഘോഷത്തോടെ കൂടാരങ്ങളിലേക്കു തിരിച്ചു.

പടക്കളത്തിൽ ദുര്യോധനൻ തുട ചതഞ്ഞു വീണു മേലാകെ മണ്ണുപുരണ്ടു ചുറ്റു

പാടും നോക്കിക്കൊണ്ടു കിടക്കുകയാണ്. അപ്പോൾ അയാളെ ഒടുക്കമൊന്നു കാണുവാനായി സഞ്ജയൻ അവിടെ വന്നു. ദുര്യോധനൻ പാമ്പിനെപ്പോലെ ചീറ്റിക്കൊണ്ട്, കണ്ണുകളിൽ കോപാശ്രു നിറഞ്ഞുകൊണ്ട്, കൈ നിലത്തിട്ടുരച്ചു കൊണ്ട്, മുടി ചിന്നുമാറ് തലയാട്ടിക്കൊണ്ടും പല്ലിറുമ്മിക്കൊണ്ടും പറഞ്ഞു:

"ഭീഷ്മർ, കർണ്ണൻ, ദ്രോണർ മുതലായവരൊക്കെയിരുന്നിട്ടും, പതിനൊന്നക്ഷൗഹിണിപ്പടയുണ്ടായിരുന്നിട്ടും, ഞാൻ ഈ നിലയിലായി - കാലത്തെ ആർക്കും കവച്ചുകടക്കരുതല്ലോ. ഇനി എന്റെ പക്ഷത്തിൽ ബാക്കിയുള്ളവരോടു പറയണം, ഭീമൻ മുറതെറ്റിച്ചാണ് എന്നെ വീഴ്ത്തിയതെന്ന്. ഇതൊന്നു മാത്രമല്ല, പല കടുംകൈകളും പാണ്ഡവർ ചെയ്തിട്ടുണ്ട്. അവർ അവയെച്ചൊല്ലി സജ്ജനങ്ങൾക്കിടയിൽ നിർവേദം കൊള്ളും. അധർമ്മം കൊണ്ടു ജയിച്ചിട്ട് ആർക്കു സന്തോഷിപ്പാൻ കഴിയും? ആരവരെ അനുമോദിക്കും? തുട ചതഞ്ഞു വീണ എന്റെ തലയിൽ ഭീമൻ ചവട്ടിയതിൽക്കവിഞ്ഞ് ഒരദ്ഭുതമുണ്ടോ? ബന്ധുക്കളുടെയിടയിൽ പ്രതാപത്തോടും ശ്രീയോടും കൂടിയിരിക്കുന്ന ഒരുവനോടാണ് ഒരാളിതു ചെയ്തതെങ്കിൽ ബഹുമാനിക്കാമായിരുന്നു. എന്റെ അച്ഛനമ്മമാർ ദുഃഖിക്കുമ്പോൾ, യുദ്ധധർമ്മമറിയുന്ന അവരോടു ഞാൻ പറഞ്ഞതായി പറയണം: "ഞാൻ യജ്ഞം ചെയ്തു, ഭരിക്കേണ്ടവരെ ഭരിച്ചു; ഭൂമിയടക്കി വാണു. ശത്രുക്കളുടെ തലയിൽ കാൽവച്ചു - ആർക്കുള്ളൂ എന്റേതിനേക്കാൾ നല്ല അവസാനം? പ്രധാനരായ രാജാക്കളുടെ മേൽക്കോയ്മ നടത്തി, സുദുർലഭമായ മാനം നേടി, ലക്ഷണമൊത്ത കുതിരകളിൽ യാത്രചെയ്തു - ആർക്കുള്ളൂ എന്റേതിനെക്കാൾ നല്ല അവസാനം? ഭാഗ്യവശാൽ, ഞാൻ ശത്രുക്കൾക്കു കീഴടങ്ങിയിട്ടല്ല അവർ ജയിച്ചത്; ഭാഗ്യവശാൽ, എന്റെ വിപുലമായ ഐശ്വര്യം ഞാൻ മരിച്ചിട്ടാണ് അന്യനിലേക്കു ചെല്ലുന്നത്. ഉറങ്ങുമ്പോഴോ ഓർക്കാപ്പുറത്തോ കൊല്ലുമ്പോലെയാണ്, വിഷം തന്നു കൊല്ലുമ്പോലെയാണ് എന്നെ കൊന്നത്. അശ്വത്ഥാമാവിനോടും കൃതവർമ്മാവിനോടും കൃപരോടും പറയണം, നിങ്ങൾ പലതവണ അധർമ്മം ചെയ്ത പാണ്ഡവരെ വിശ്വസിച്ചുപോകരുതേ!" തുടർന്ന് ദുര്യോധനൻ ആളുകളോടായി പറഞ്ഞു:

"ഞാൻ എനിക്കു വേണ്ടി മരിച്ചവരുടെ ഒപ്പമെത്താൻ വെമ്പുകയാണ്. എന്റെ സഹോദരി, ദുശ്ശള, അവളുടെ ഭർത്താവും സഹോദരന്മാരും മരിച്ചതു കേട്ടു കരഞ്ഞു കരഞ്ഞ് എന്താവുമോ, ആവോ! മക്കളുടേയും അവരുടെ മക്കളുടേയും ഭാര്യമാരോടുകൂടി എന്റെ അച്ഛനും അമ്മയും എങ്ങനെ കഴിഞ്ഞുകൂടുമോ, ആവോ! തീർച്ചയായും ലക്ഷണന്റെ അമ്മ ഭർത്താവും മകനും മരിച്ചതിനാൽ പെട്ടെന്നു മരിച്ചുപോകും. പുണ്യവും ത്രൈലോക്യപ്രസിദ്ധവുമായ സമന്തപഞ്ചകത്തിൽക്കിടന്നു മരിക്കുകയാൽ ഞാൻ ശാശ്വതലോകങ്ങൾ നേടും."

രാജാവിന്റെ ഈ വിലാപം കേട്ട ജനസഹസ്രങ്ങൾ കണ്ണും നിറച്ച് അങ്ങുമിങ്ങും പാഞ്ഞുപോയി. ഭൂമിയാകെ ഒരു മുഴക്കത്തോടെ കുലുങ്ങി; ദിക്കുകൾ മങ്ങി.

മറ്റെങ്ങോ ആയിരുന്ന കൃപകൃതവർമ്മാശ്വത്ഥാമാക്കൾ, യുദ്ധത്തിൽ വളരെ പരിക്കുകളേറ്റിട്ടുണ്ടെങ്കിലും കൗരവപ്പടയിൽ മരിക്കാതെ ശേഷിച്ച ആ മൂന്നുപേർ, വിവരമറിഞ്ഞു തേരിൽ പാഞ്ഞു വന്നു ചോരയിലാണ്ടു നിലത്തു കിടന്നുരുളുന്ന ദുര്യോധനനെ കണ്ടു. എല്ലാവരും ഇറങ്ങിച്ചെന്ന് അയാളുടെ അടുത്തു നിലത്തിരുന്നു. അശ്വത്ഥാമാവ് കണ്ണീരുമായി പലതും പറഞ്ഞു വിലപിച്ചു. അപ്പോൾ ദുര്യോധനൻ ആശ്വസിപ്പിച്ചു: "ഇതുതന്നെയാണ് മനുഷ്യന്റെ വിധി. രാജാവായിട്ടും ഞാൻ വീണു. ഭാഗ്യവശാൽ, യുദ്ധത്തിൽ തോറ്റോടിയിട്ടല്ല. പാപികൾ കള്ളത്തരംകൊണ്ടാണ് എന്നെ കൊന്നത്. ഭാഗ്യവശാൽ നിങ്ങളെ ഈ ജന

നാശത്തിൽനിന്നു മുക്തരായി കാണുവാനും സാധിച്ചു - അതെനിക്കു വളരെ സന്തോഷമായി. എന്നെച്ചൊല്ലി വ്യസനിക്കരുത്; വേദങ്ങൾ പ്രമാണമാണെങ്കിൽ, ഞാൻ അക്ഷയ ലോകങ്ങൾ നേടിയിരിക്കുന്നു. കൃഷ്ണന്റെ പ്രഭാവമറിഞ്ഞിട്ടും, ഞാൻ ക്ഷത്രിയധർമ്മത്തിൽ നിന്നനങ്ങിയില്ലല്ലോ. നിങ്ങൾ എന്റെ ജയത്തിനുവേണ്ടി ആവുന്നതൊക്കെ ചെയ്തു. പക്ഷേ, വിധി കവച്ചുകടക്കാവതല്ലല്ലോ."

ഇത്രയും പറഞ്ഞു കണ്ണിൽ വെള്ളം നിറഞ്ഞും വേദനകൊണ്ടു ഞെരുങ്ങിയും മിണ്ടാതായ ദുര്യോധനനോടു ക്രോധം കൊണ്ടു കത്തിക്കാളുന്ന അശ്വത്ഥാമാവ് കൈതിരുമ്മിക്കൊണ്ടും തൊണ്ടയിടറിക്കൊണ്ടും പറഞ്ഞു: "ആ ദുഷ്ടന്മാർ കൊടുംക്രൂരതകാട്ടി എന്റെ അച്ഛനെ വധിച്ചു; അതിലും എനിക്കത്ര വ്യസനമില്ല, അങ്ങയുടെ ഈ സ്ഥിതി കാണുമ്പോൾ. ഞാനിതാ, എന്റെ സുകൃതങ്ങളെപ്പിടിച്ചാണയിടുന്നു: ഇന്നു ഞാൻ സർവ പാഞ്ചാലരേയും, വാസുദേവൻ കാണെത്തന്നെ കാലനൂർ പൂകിക്കും- അതിനു താങ്കൾ അനുവാദം തരുമാറാകണം."

ഇതുകേട്ട ഉടനെ ദുര്യോധനൻ കൃപരോടു പറഞ്ഞു: "ആചാര്യാ, വേഗത്തിൽ നിറകുടം കൊണ്ടുവരൂ." കൃപർ പോയി അതു കൊണ്ടുവന്നപ്പോൾ തുടർന്നു: "എന്റെ ആജ്ഞയനുസരിച്ച് ദ്രോണപുത്രനെ സേനാപതിയായഭിഷേചിക്കൂ; ബ്രാഹ്മണൻ രാജാവിന്റെ കല്പന കിട്ടിയിട്ടേ യുദ്ധം ചെയ്യാവൂ എന്നാണ് ധർമ്മജ്ഞന്മാരുടെ അനുശാസനം."

കൃപർ അതു നടത്തി. ദ്രൗണി രാജാവിനെ ആശ്ലേഷിച്ചു വിടവാങ്ങി ആർത്തു വിളിച്ചുകൊണ്ടു മറ്റു രണ്ടുപേരോടുംകൂടി അവിടം വിട്ടു.

മുമ്പു പലപ്പോഴും കൗരവസഭയിൽ ഭീഷ്മകർണഗാന്ധാരസിന്ധുരാജാദിബന്ധുക്കളുടെ മധ്യത്തിൽ പ്രതാപത്തോടും ശ്രീയോടും കൂടി ഞെളിഞ്ഞിരിക്കുന്ന ദുര്യോധനൻ കാണിച്ച അഹങ്കാരത്തിലും സ്വപ്രത്യയസ്ഥൈര്യത്തിലും എതിരാളികളോടുള്ള അവജ്ഞയിലും മറ്റും മറ്റും ആദരണീയമായ ഒരംശമുണ്ടെന്ന് ആർക്കാനും തോന്നിയിരിക്കുമോ? എന്നാൽ ഇന്ന്, ഈ മൃത്യുരംഗത്തിൽ നിലത്തു വീണു പ്രാണവേദനകൊണ്ടു ഞെരുങ്ങുമ്പോഴും അയാളിൽ അതേ ഭാവങ്ങൾ അതേ അളവിൽ നിലനിൽക്കുന്നതു കാണുമ്പോൾ അതിലൊരു സ്ഥിരസത്വതയുണ്ടെന്നു മനസ്സിലാക്കുവാൻ നാം നിർബദ്ധരാകുന്നു. ഏതായാലും ഈ സ്ഥിതിയിൽ അയാളുടെ തലയിൽ ചവിട്ടുവാൻ ആർക്കും കാലുപൊങ്ങുകയില്ല.

അതിനുംപുറമെ, ദുര്യോധനൻ തന്റെ വൃദ്ധരായ മാതാപിതാക്കളേയും ആരോമലായ ഭാര്യയേയും ഓർക്കുന്നതിനു മുമ്പേ, തങ്ങളുടെ ഏക സഹോദരിയായ ദുശ്ശളയെച്ചൊല്ലി വ്യസനിക്കുന്നതും നോക്കുക; 'ആ ഹൃദയോന്നതിക്കു മുമ്പിൽ, ആ ആഭിജാത്യത്തിനു മുമ്പിൽ ഒരിറ്റു കണ്ണുനീർ തൂകാതിരിപ്പാൻ ആർക്കു സാധിക്കും?

* * * *

അവർ - കൃപകൃതവർമ്മാശ്വത്ഥാമാക്കൾ - മൂന്നുപേരും പാണ്ഡവരുടെ പാളയത്തിന്നടുത്തെത്തി. കൂട്ടത്തിൽ പറയട്ടെ, പാണ്ഡവർ അവിടെയുണ്ടായിരുന്നില്ല. "ഇന്നു മംഗളത്തിനുവേണ്ടി നാം പാളയത്തിൽ നിന്നു പുറത്തു പാർക്കണം" എന്നു പറഞ്ഞു കൃഷ്ണൻ അവരെയും സാത്യകിയേയും കൂട്ടി ഓഘവതീനദിയുടെ തീരത്തിൽ ചെന്നുകൂടിയിരുന്നു.

ദ്രൗണി, ശിബിരദ്വാരത്തിൽ വച്ചു കൃപകൃതവർമ്മാക്കളോടു പറഞ്ഞു:

"ഞാൻ ശിബിരത്തിൽ കടന്നു കാലനെപ്പോലെ പ്രവർത്തിക്കും. ഒറ്റയൊരുത്തനും നിങ്ങളുടെ അടുക്കൽനിന്നു ജീവനുംകൊണ്ടു പോകാതിരിപ്പാൻ ശ്രദ്ധിച്ചുനിൽക്കണം." എന്നിട്ടയാൾ ശിബിരത്തിലേക്കു ചാടിക്കടന്നു. തനിക്ക് ആ സ്ഥലമെല്ലാം അറിയാം. അയാൾ നേരെ ധൃഷ്ടദ്യുമ്നൻ കിടക്കുന്ന മുറിയിലേക്കു ചെന്നു.

യുദ്ധശ്രാന്തനായ ധൃഷ്ടദ്യുമ്നൻ, മാലകൾ



വിതാനിച്ചു നറുമണം പുകച്ച അറയിൽ വെള്ളവിരിപ്പു വിരിച്ച വലിയ മെത്തയിൽ, ഒരു ഭയവുമില്ലാതെ സ്വൈരമായി കിടന്നുറങ്ങുകയാണ്. ദ്രൗണി അയാളെ ചവിട്ടിയുണർത്തി. ധൃഷ്ടദ്യുമ്നൻ ഉണർന്നുനോക്കി. ദ്രൗണിയെ കണ്ടറിഞ്ഞു ചാടിയെഴുന്നേൽക്കാൻ ഭാവിക്കുമ്പോഴേക്കു ദ്രൗണി അയാളുടെ തലമുടിക്കു പിടിച്ചുവലിച്ചു താഴെയിട്ടു ചവിട്ടി. മയക്കം പോകാതെ പരിഭ്രമിച്ചിരുന്ന ധൃഷ്ടദ്യുമ്നന്ന് അനങ്ങാൻ കഴിഞ്ഞില്ല. ദ്രൗണി അയാളുടെ കഴുത്തിലും നെഞ്ചിലും ചവുട്ടിനിന്നു ഞെക്കിക്കൊല്ലാൻ തുടങ്ങവേ, ധൃഷ്ടദ്യുമ്നൻ മാന്തിയൊഴിക്കാൻ ശ്രമിച്ചുകൊണ്ടു ഞരങ്ങി: "ആചാര്യപുത്രാ, എന്നെ ശസ്ത്രംകൊണ്ടു കൊന്നേക്കൂ, താമസിക്കേണ്ട. മനുഷ്യശ്രേഷ്ഠാ, അങ്ങയുടെ കൈകൊണ്ടു ഞാൻ സുകൃതലോകങ്ങളിലേക്കു പോകട്ടെ."

"ഗുരുഘാതികൾക്കു കുലപാംസന, ലോകങ്ങളില്ല" -ദ്രൗണി പറഞ്ഞു: "അതുകൊണ്ടു നിന്നെ ശസ്ത്രംകൊണ്ടു കൊന്നുകൂടാ." ഇതും പറഞ്ഞ് അയാളുടെ മർമ്മങ്ങളിൽ പെരുവിരൽ ഊന്നിയമർത്തി കഥകഴിച്ചു.

ധൃഷ്ടദ്യുമ്നന്റെ മരണഞരക്കംകൊണ്ട് അവിടെയുള്ള സ്ത്രീകളും കാവൽക്കാരും ഉണർന്നു. അവർ ആ ഞെക്കിക്കൊല കണ്ടു 'ചെകുത്താനാണ്' എന്നുറപ്പിച്ചു നടുങ്ങി മിണ്ടാതെ കിടന്നതേ ഉള്ളൂ.

ദ്രൗണി പിന്നെ പുറത്തു കടന്നു മറ്റു ശിബിരങ്ങളിലേക്കു പുറപ്പെട്ടപ്പോൾ ആ സ്ത്രീകളും കാവൽക്കാരും 'വേഗം ഓടിവരണേ' എന്നു നിലവിളികൂട്ടി. കൂടാരങ്ങളിലാകെ ബഹളമായി. ദ്രൗണിയോ, മുന്തിയ മുന്തിയ ആളുകളെച്ചെന്നു ചവിട്ടിക്കൊന്നു. തുടർന്നു വാളൂരിപ്പിടിച്ചു കൈക്കൽപ്പെട്ടവരെയെല്ലാം വെട്ടിവീഴ്ത്തുകയായി. അവരുടെ ചോരതെറിച്ച് അയാൾ കൂടുതൽ ഭയങ്കരനായി. അതുകണ്ട് ആളുകൾ അയാളെ രാക്ഷസനെന്നു കരുതി കണ്ണു ചിമ്മി. ദ്രൗപദിയുടെ അഞ്ചു പുത്രന്മാരും മറ്റും എതിർത്തു നോക്കി. എന്നാൽ ദ്രൗണി അവരെയെല്ലാം വയറുപൊളിച്ചും കൈവെട്ടിയും തലയരിഞ്ഞും വായിൽ വാൾ കടത്തിയും മറ്റും ബലികഴിച്ചു. ശിഖണ്ഡിയെ - ഭീഷ്മരുടെ എതിരാളിയെ - അംബയുടെ പുരുഷാവതാരത്തെ - മൂന്നു തുണ്ടമാക്കിയിട്ടു.

ആളുകൾ ഉറക്കപ്പിച്ചും ഭയവും പിടിപെട്ട് അങ്ങുമിങ്ങും പായുകയായി. അവർക്ക് ആയുധവും വസ്ത്രവുമൊന്നും കൈയിൽ കിട്ടിയില്ല. ചിലർ നിലത്തുതന്നെ അമർന്നു കിടന്നു. അവരെ, പകച്ചു പായുന്ന ആനകൾ ചവിട്ടിയരച്ചു. ആളുകളുടെ പലതരം നിലവിളികൾകൊണ്ടു കൂടാരമാകെ മുഴങ്ങി.

ശിബിരത്തിൽനിന്നു പുറത്തു ചാടി ഓടാൻ ചെന്നവരെ ദ്വാരദേശത്തുവച്ചു കൃപരും കൃതവർമ്മാവും കൊന്നുവീഴ്ത്തി. ആയുധകവചാദികളില്ലെങ്കിലും, തൊഴുതുകുമ്പിട്ടുനിന്നാലും, ഒരുവനേയും അവർ വിട്ടില്ല. അവർ പിന്നെ ദ്രൗണിയെ പ്രീണിപ്പിക്കാനായി കൂടാരങ്ങൾക്കു മൂന്നുവശവും തീയും കൊടുത്തു. ആ വെളിച്ചത്തിൽ ദ്രൗണി നടന്നു കൈമിടുക്കോടെ വെട്ടിക്കൊല നടത്തി. പാഞ്ഞടുക്കുന്നവരെയും പാഞ്ഞൊഴിയുന്നവരെയും ഒരുവനേയും കൈയൊഴിച്ചില്ല. മുഴുവൻ ചത്തവരും പാതിചത്തവരുമായ ആളുകളെക്കൊണ്ടും ഗജാശ്വങ്ങളെക്കൊണ്ടും ഭൂമി ഭീമദർശനമായി. സർവത്ര കൂട്ടനിലവിളിതന്നെ. ഒടുക്കം അതു നേർത്തു നേർത്തു മൂളലായി, ഞരക്കമായി, അടങ്ങി.

പ്രഭാതമായി. മനുഷ്യച്ചോരയിലാണ്ട ദ്രൗണിയുടെ വാൾപ്പിടി കൈപ്പടത്തോടൊട്ടിപ്പിടിച്ച് ഒന്നായിത്തീർന്നതുപോലായി. രാത്രി ആളുകളുറങ്ങി എത്രയ്ക്കു നിശ്ശബ്ദമായ ശിബിരത്തിലേക്കോ താൻ കടന്നു ചെന്നത്, ആളുകൾ കൊല്ലപ്പെട്ട് അത്രയും നിശ്ശബ്ദമായ ശിബിരത്തിൽനിന്ന് അയാൾ പുറത്തേക്കും പോന്നു.

പുറത്തു വന്നു മൂന്നുപേരും കഥയെല്ലാം പരസ്പരമറിയിച്ചു കൈകൊട്ടി 'ഭാഗ്യം ഭാഗ്യം!' എന്നാർത്തു വിളിച്ചു, എന്നിട്ടവർ ദുര്യോധനന്റെ അടുക്കലേക്കു പുറപ്പെട്ടു.

അവർ ചെല്ലുമ്പോഴേക്കു ദുര്യോധനനിൽ നന്നെക്കുറച്ചേ ജീവൻ ബാക്കിയുണ്ടായിരുന്നുള്ളൂ. വേദന മുഴുത്തും ശ്വാസം എടുത്തു വലിച്ചും ചോര ഛർദ്ദിച്ചും നിലത്തു ചൈതന്യമറ്റുരുളുകയാണ്. കടിച്ചുവലിക്കാൻ വെമ്പുന്ന കുറുക്കന്മാർ വന്നു ചുഴ്ന്നിരിക്കുന്നു; അയാൾ നന്നേ പണിപ്പെട്ട് അവയെ ആട്ടിയകറ്റുന്നുണ്ട്.

ചോരയിലാണ്ട ഈ മൂന്നുപേരും കുതിച്ചുംകൊണ്ടു ചെന്ന് അടുത്തിരുന്നു. ദ്രൗണി പറഞ്ഞു: "ദുര്യോധനാ, ജീവിക്കുന്നുണ്ടല്ലോ. കേൾക്കാൻ കൊതിക്കുന്നതു കേട്ടോളൂ; പാണ്ഡവരിൽ വാസുദേവനും സാത്യകിയുമുൾപ്പെടെ ഏഴുപേരും നമ്മളിൽ ഞങ്ങൾ മൂന്നുപേരും മാത്രമേ ഇനി ബാക്കിയുള്ളൂ. ദ്രൗപദിയുടെ മക്കളും ധൃഷ്ടദ്യുമ്നനും പാഞ്ചാലന്മാരുമൊക്കെ കൊല്ലപ്പെട്ടു. ചെയ്തതിനെല്ലാം പകരം വീട്ടി. ധൃഷ്ടദ്യുമ്നനെ ഞെക്കിക്കൊന്നു."

ദുര്യോധനൻ വീണ്ടുമൊരു ചൈതന്യം വന്നു പറഞ്ഞു: "എനിക്കു ഭീഷ്മരും കർണനും ദ്രോണരും ചെയ്തുതരാത്തതു നിങ്ങൾ മൂന്നുപേരും കൂടി ചെയ്തുതന്നു. ആ ചെറ്റ ശിഖണ്ഡിയെ കൊന്നതിൽ ഞാനിന്നു ഇന്ദ്രനെപ്പോലെയായി. നിങ്ങൾക്കു നല്ലതു വരട്ടെ. സ്വസ്തി. ഇനി സ്വർഗത്തിൽ കാണാം."

അയാളുടെ ശബ്ദം നിന്നു. പ്രാണൻ വെടിഞ്ഞു. അയാളുടെ ശരീരം ഭൂമിയിലമർന്നു; പ്രാണൻ വിണ്ണേറി.

ഇങ്ങനെയാണ് മഹാഭാരതയുദ്ധത്തിന്റെ പരിസമാപ്തി. മഹാത്മാവായ ഭീഷ്മരുടെ സൈനാധിപത്യത്തിൽ ആദ്യം വിവരിച്ച വ്യവസ്ഥകളോടെ തുടങ്ങിയ ആ ധർമ്മയുദ്ധം പതിനെട്ടാം ദിവസം രാത്രി ഒടുക്കത്തെ സേനാപതിയായ അശ്വത്ഥാമാവ് നടത്തിയ ഈ പൈശാചികമായ അറുകൊലയിലാണ് അവസാനിച്ചത്. ഇതിന്നർഥം ഏതു യുദ്ധവും, ഏതു പേരിലും വ്യവസ്ഥയിലുമെല്ലാം തുടങ്ങിയാലും, ഇങ്ങനെയൊക്കെത്തന്നെയായിരിക്കും കലാശമെന്നല്ലാതെ മറ്റെന്താവാം? ഈ യുദ്ധത്തിന്റെ ഒരു മുഖ്യനേതാവായ ധാർത്തരാഷ്ട്രജ്യേഷ്ഠന്നു വ്യാസൻ 'സുയോധനൻ' എന്നും 'ദുര്യോധനൻ' എന്നും വിരുദ്ധാർഥമായ രണ്ടു പേരിട്ടു വ്യവഹരിച്ചതിലും ഈയൊരാശയം ഉൾച്ചേർത്തിരിക്കുന്നു. അപ്പോൾ പാശ്ചാത്യസാഹിത്യങ്ങളിലെ 'എപ്പിക്കു'കളെപ്പോലെ ചില യുദ്ധവീരന്മാരുടെ പരാക്രമം വർണിപ്പാൻ വേണ്ടിയല്ല, നേരേ മറിച്ച്, മനുഷ്യചരിത്രത്തിൽ യുദ്ധം വരുത്തിവയ്ക്കുന്ന ഭയങ്കരദുരന്തത്തെ എടുത്തു കാണിപ്പാൻ വേണ്ടിയാണ് ഭാരതേതിഹാസം രചിക്കപ്പെട്ടതെന്നു തീർത്തുപറയാൻ സംശയിക്കേണ്ടതില്ല. ഇതിഹാസമെന്നു പറഞ്ഞാൽത്തന്നെ ചരിത്രം, നടന്ന കഥ എന്നാണർഥം. ഭാരതമാകട്ടെ, നടന്ന കഥ

മാത്രമല്ല, നടക്കാനിരിക്കുന്ന കഥകൂടിയാണെന്ന് എവിടെ നോക്കിയാലും കാണുന്നു.

* * * *

ഈ അറുകൊലയുടെ കഥ പിറ്റേന്നു രാവിലെ പാണ്ഡവരുടെ അടുക്കലെത്തി. യുധിഷ്ഠിരൻ പെട്ടെന്നു മോഹാലസ്യപ്പെട്ടു. അതു തീർന്നുണർന്നപ്പോൾ അദ്ദേഹത്തിന്നു നിർവേദമായി. പലകാലമായി പല കഷ്ടപ്പാടും സഹിച്ചു വല്ലപാടും ഇന്നലെ കൈനേടിയ ഈ മഹാവിജയം, പകൽവെളിച്ചത്തിൽ ഒന്നു നോക്കിക്കാണുവാൻ ഇട കിട്ടും മുമ്പേ, ഇതാ, ഒരു പരാജയമായിരിക്കുന്നു.

"ജയോയമജയാകാരോ, ജയസ്തസ്മാൽ പരാജയഃ*"

പ്രമാദംതന്നെ! പ്രമാദത്തിൽക്കവിഞ്ഞ ഒരു കൊല ജീവിതത്തിലില്ല. സമുദ്രം താണ്ടി സമ്പാദ്യവും കൊണ്ടുവരുന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽ വച്ചു മുങ്ങിപ്പോയി. മരിച്ചവരോ, സ്വർഗത്തിലായി. ഇനി പാഞ്ചാലിയുടെ സ്ഥിതിയെന്താവും, വൃദ്ധനായ അച്ഛനും സഹോദരന്മാരും മക്കളുമെല്ലാം മരിച്ചിട്ട്?"

എല്ലാവരും ആ കൊലക്കളത്തിലെത്തി. ദ്രൗപദി മോഹാലസ്യപ്പെട്ടു വീണു. ഭീമസേനൻ ചെന്നു താങ്ങി. അവൾ സാനുജനായ യുധിഷ്ഠിരനെ നോക്കി പറഞ്ഞു: "ഭാഗ്യവശാൽ, മക്കൾ ക്ഷത്രധർമ്മമനുസരിച്ചു വീണുപോയി എന്നും വച്ചു നിങ്ങൾക്ക് ഈ നേടിയ ഭൂമിയാകെ വാണുകൊള്ളാം; അർജുനാ, അങ്ങേയ്ക്കും ഭൂമി മുഴുവൻ നേടി എന്നു വച്ച് അഭിമന്യുവിനെ മറക്കാം; എന്നോടുകൂടി എല്ലാം മറന്നു സ്വസ്ഥമായിരിക്കാം! എന്നാൽ, എനിക്കിതു പൊറുക്കാൻ വയ്യ. ആ പാപിയായ ദ്രൗണിയെ ഇന്നു ചെന്നു കൊന്നില്ലെങ്കിൽ, ഞാനിവിടെ പ്രായോപവേശം കൊള്ളുകയാണ് - ഇതു മനസ്സിലാക്കിക്കൊൾവിൻ." കാടുകേറി ദൂരെയെങ്ങോ പോയ ദ്രൗണിയെ കണ്ടെത്തുക എളുപ്പമല്ലെന്നും മറ്റും പറഞ്ഞു യുധിഷ്ഠിരൻ അവളെ ആശ്വസിപ്പിക്കാൻ നോക്കി. പക്ഷേ, ദ്രൗപദി പ്രതിജ്ഞ ചെയ്തു: "ദ്രൗണിയുടെ ശിരസ്സിലുള്ളതായി കേൾക്കുന്ന സഹജമായ ചൂഡാമണി കൊണ്ടുവന്ന് അങ്ങയുടെ ശിരസ്സിലണിഞ്ഞുകാണണം, ഞാൻ ജീവിക്കണമെങ്കിൽ." തന്റെ ആ നിശ്ചയം നിറവേറ്റാൻ അവൾ ഭീമനെ പ്രോത്സാഹിപ്പിച്ചു. ഭീമൻ വില്ലുമമ്പുമെടുത്തു തേരിലേറി നകുലനെ സാരഥിയാക്കി പുറപ്പെടുകയും ചെയ്തു.

കഥയെല്ലാമറിഞ്ഞു കൃഷ്ണൻ യുധിഷ്ഠിരനോടു പറഞ്ഞു: "യുധിഷ്ഠിരാ, താങ്കളുടെ പ്രിയസഹോദരൻ വല്ലാത്തൊരപകടത്തിലേക്കാണ് പോയിരിക്കുന്നത്. ദ്രോണർ പുത്രന്നു ബ്രഹ്മശിരസ്സെന്ന അസ്ത്രം നൽകിയിട്ടുണ്ട് - അതു ഭൂമി മുഴുവൻ ചുടും! ദ്രൗണി കോപിഷ്ഠനും ദുരാത്മാവും ചപലനും ക്രൂരനുമാണ്; ബ്രഹ്മശിരസ്സ് അറിയുകയും ചെയ്യാം. അതുകൊണ്ടു ഭീമനെ രക്ഷിക്കണം."

ഉടനെ കൃഷ്ണയുധിഷ്ഠിരാർജുനാദികളെപ്പേരുംകൂടി കൃഷ്ണന്റെ തേരിൽ പിന്തുടർന്നുചെന്നു. അവർ ക്ഷണത്തിൽ വഴിക്കുവച്ചു ഭീമനെ കണ്ടെത്തിയെങ്കിലും ക്രോധദീപ്തനായ അദ്ദേഹത്തെ തടഞ്ഞു നിർത്താൻ കഴിഞ്ഞില്ല.

അശ്വത്ഥാമാവപ്പോൾ ഭാഗീരഥീകച്ഛത്തിൽ ഋഷികളോടുകൂടി ഇരുന്നരുളുന്ന കൃഷ്ണദ്വൈപായനന്റെ അടുത്തു ചെന്നു കൂടിയിരിക്കയായിരുന്നു. മേലാകെ നെയ്യു പുരട്ടി കുശചീരങ്ങൾ ധരിച്ചിരിക്കയാണ് അയാൾ. വില്ലേന്തി കയർത്തു വരുന്ന ഭീമനേയും പിന്നാലെ കൃഷ്ണയുധിഷ്ഠിരാദികളേയും കണ്ടു വ്യഥിതനായി ആ ബ്രഹ്മശിരസ്സുതന്നെ പ്രയോഗിപ്പാനുറച്ചു. ഇടങ്കൈകൊണ്ട് ഒരു പുൽക്കൊടിയെടുത്ത്

* ഈ ജയം ജയമല്ല, മറിച്ച്, പരാജയം തന്നെയാണ്.

ആ ദിവ്യാസ്ത്രം ആപാദിപ്പിച്ച് 'അപാണ്ഡവായ' എന്നു പറഞ്ഞു വിട്ടു. ആ പുൽക്കൊടിമേൽ മൂന്നു ലോകവും എരിക്കാൻ പോന്ന തീ ഉളവായി.

ദ്രൗണിയുടെ ഭാവം ആദ്യമേ കണ്ടറിഞ്ഞ കൃഷ്ണൻ അർജുനനോടു ദ്രോണരുപദേശിച്ച അതേ അസ്ത്രം പ്രയോഗിപ്പാൻ സമയമായെന്നു പറഞ്ഞു. അർജുനൻ തേരിൽ നിന്നിറങ്ങി, ആദ്യം ആചാര്യപുത്രന്നും പിന്നെ തനിക്കും സഹോദരന്മാർക്കുമെല്ലാം സ്വസ്തി ഭവിക്കട്ടെ എന്നു പറഞ്ഞു ഗുരുദേവതമാരെ വന്ദിച്ച് 'അസ്ത്രം അസ്ത്രംകൊണ്ടടങ്ങട്ടെ' എന്നു മംഗളം സങ്കൽപ്പിച്ച് അതു പ്രയോഗിച്ചു - അതും മറ്റേതു പോലെ കത്തിജ്ജ്വലിക്കുകയായി.

ഇടിമുഴക്കവും മിന്നൽപ്പാളിച്ചയും ഭൂകമ്പവും - സർവഭൂതങ്ങളും പേടിച്ചരണ്ടു.

അപ്പോൾ സർവഭൂതാത്മാവായ നാരദനും ഭാരതപിതാമഹനായ കൃഷ്ണദ്വൈപായനനും ആ അസ്ത്രങ്ങൾക്കു നടുക്കു മറ്റു രണ്ടഗ്നികളെപ്പോലെ വന്നു നിന്നു.

അവർ പറഞ്ഞു: "പല ശസ്ത്രങ്ങളുമറിയുന്ന കഴിഞ്ഞുപോയ മഹാരഥന്മാരാരും ഈയൊരസ്ത്രം മനുഷ്യരിൽ പ്രയോഗിച്ചിട്ടില്ല. നിങ്ങളെന്തേ ഈ മഹാനാശകാരിയായ സാഹസം ചെയ്യാൻ?"

അർജുനൻ അവരെ കണ്ട ഉടനെ തന്റെ അസ്ത്രത്തെ സത്വരം പ്രതിസംഹരിച്ചു, "ഭഗവാന്മാർ ഞങ്ങൾക്കും ലോകത്തിനും ഹിതം വരുത്തുമാറാകണം" എന്ന് അപേക്ഷിച്ചു.

ബ്രഹ്മതേജോഭവമായ ആ അസ്ത്രത്തെ, ബ്രഹ്മചര്യവ്രതമനുഷ്ഠിച്ചവന്നല്ലാതെ പ്രതിസംഹരിക്കുക ദുഷ്കരമാണ്; ചെയ്താൽ അത് അവന്റെയും കൂട്ടുകാരുടെയും തല തെറിപ്പിക്കും. അതിനാൽ, ദ്രൗണി അതു പ്രതിസംഹരിപ്പാൻ കഴിവില്ലാതെ വാശിപിടിച്ചു നിൽക്കുകയായി.

വ്യാസൻ പറഞ്ഞു: "കുഞ്ഞേ, അർജുനൻ ദേഷ്യംകൊണ്ടോ നിന്നെ കൊല്ലാനോ അല്ല അസ്ത്രമെയ്തത്; അസ്ത്രത്തെ അസ്ത്രംകൊണ്ടടക്കാനാണ്. അയാളതു പ്രതിസംഹരിക്കയുംചെയ്തു. അങ്ങനെയുള്ള ആ അർജുനനേയും കൂട്ടരേയും നീയെന്തേ കൊല്ലണമെന്നു വിചാരിച്ചത്? ഈ ബ്രഹ്മശിരോസ്ത്രം വീണ രാഷ്ട്രത്തിൽ പന്തിരണ്ടുകൊല്ലം മഴ പെയ്യില്ല. അർജുനൻ അതറിഞ്ഞു പ്രതിസംഹരിച്ചു. നീയും ചെയ്യൂ. കോപമടക്കൂ, പാണ്ഡവർ നിരാമയരാവട്ടെ. നിന്റെ ചൂഡാമണിയും അവർക്കു കൊടുക്കണം, അതു കൊടുത്താലേ അവർ നിന്റെ പ്രാണൻ വിട്ടുതരൂ."

"പാണ്ഡവർ ഈ യുദ്ധംകൊണ്ടു നേടിയ രത്നങ്ങളിൽ ഇത്ര വിലപ്പെട്ടതൊന്നില്ല," ദ്രൗണി പറഞ്ഞു: "എന്റെ ഈ ചൂഡാമണിയുണ്ടെങ്കിൽ ശസ്ത്രവ്യാധിക്ഷുധങ്ങളിൽ നിന്നും ദേവദാനവനാഗരക്ഷഃപ്രഭൃതികളിൽ നിന്നും ഒന്നും ഭയപ്പെടേണ്ടതില്ല. അതെനിക്കുപേക്ഷിപ്പാൻ മനസ്സില്ല. എന്നാലും ഭഗവാൻ പറഞ്ഞതുകൊണ്ടു ഞാനതു കൊടുത്തേക്കാം. ഇതാ, മണി. എന്നാൽ എന്റെ പുൽക്കൊടി പാണ്ഡവരുടെ സന്തതിയിലെങ്കിലും ചെന്നേശണം. അതു പ്രയോഗിച്ചതു വെറുതയായിക്കൂടാ. എനിക്കതു പ്രതിസംഹരിക്കാൻ വയ്യ. ഞാനതു പാണ്ഡവരുടെ സന്തതിയിലേക്കു തിരിക്കാം. ഭഗവാൻ പറഞ്ഞതു ചെയ്തില്ലെന്നു വേണ്ട."

വ്യാസൻ പറഞ്ഞു: "അങ്ങനെയാവട്ടെ. നീ അതിനപ്പുറമൊന്നും വിചാരിക്കരുത്."

ദ്രൗണി അതു പാണ്ഡവഗർഭത്തിലേക്കു വിട്ടപ്പോൾ ഹൃഷീകേശൻ ഹർഷംപൂണ്ട് ആ പാപിയോടു പറഞ്ഞു: "അർജുനന്റെ പുത്രവധുവായ ഉത്തര പെറ്റുണ്ടാകുന്ന പരീക്ഷിത്ത് പാണ്ഡവവംശത്തെ നിലനിർത്തുകതന്നെ ചെയ്യും."

ദ്രൗണി ശുണ്ഠിയെടുത്തു: "അതുണ്ടാവില്ല. നീ പക്ഷപാതംകൊണ്ടു പറകയാണ്. എന്റെ വാക്കു മറിച്ചാവില്ല. ഞാൻ പ്രയോഗിച്ച അസ്ത്രം അവളുടെ ഗർഭത്തിലേശുകതന്നെ ചെയ്യും. അതിനെ രക്ഷിക്കാമെന്നു നീ കരുതേണ്ട."

ഭഗവാൻ പറഞ്ഞു: "ആ പരമാസ്ത്രം വീണാൽ വെറുതെയാവില്ലതന്നെ. എന്നാൽ

ആ ഗർഭം ചാപിള്ളയായാലും ദീർഘായുസ്സ് നേടും. നീ കാപുരുഷനും പലപ്പോഴും പാപംചെയ്തവനും ബാലജീവിതഘാതിയുമാണെന്നു ബുദ്ധിമാന്മാരെല്ലാം അറിഞ്ഞുകഴിഞ്ഞു. നീ അതിന്റെ ഫലം നേടുക: നീ മൂവായിരത്താണ്ടുകാലം എങ്ങുമേതും അറിയപ്പെടാതെ ഈ ഭൂമിയിൽ നടക്കും. നിസ്സഹായനായി വിജനപ്രദേശങ്ങളിൽ തെണ്ടിനടക്കും. പാപാത്മൻ, സർവവ്യാധികളും പിടിപെട്ടു ചോരയും ചലവും നാറിക്കൊണ്ടു കൊടുംകാടുകളിൽ തെണ്ടിയലയും. പരീക്ഷിത്താകട്ടെ, ആയുസ്സുനേടി, ബ്രഹ്മചര്യമനുഷ്ഠിച്ച് കൃപാചാര്യരിൽനിന്നു സർവാസ്ത്രങ്ങളും പഠിച്ചറിഞ്ഞ്, ക്ഷത്രിയധർമ്മത്തിലിരുന്ന് അറുപതാണ്ടു ഭൂമി വാഴും. ഇവർക്കുശേഷം മഹാബാഹുവായ പരീക്ഷിത്ത്, ദുർബുദ്ധേ, നീ മിഴിച്ചുനിൽക്കേ, കുരുരാജാവായി വരും. ഞാനവനെ ജീവിപ്പിക്കും. എന്റെ തപസ്സിന്റെയും സത്യത്തിന്റെയും വീര്യം, നരാധമാ, നീ കണ്ടുകൊൾക."

വ്യാസനും പറഞ്ഞു: "നീ ഞങ്ങളെ അനാദരിച്ച് ആ കടുപ്പം ചെയ്തതുകൊണ്ടും ബ്രാഹ്മണനായിട്ടും നിന്റെ നടപടി ഇതായതുകൊണ്ടും, ദേവകീപുത്രൻ പറഞ്ഞ ഉത്തമവാക്യം തീർച്ചയായും ഫലിക്കും."

ദ്രൗണി പറഞ്ഞു : "ബ്രഹ്മൻ, അവിടുത്തോടുകൂടി ഞാനും മനുഷ്യരിൽ ഇരുന്നുകൊള്ളട്ടെ. ഭഗവാൻ പുരുഷോത്തമൻ സത്യവാക്കായിക്കൊള്ളട്ടെ."

അയാൾ പാണ്ഡവർക്കു ചൂഡാമണി കൊടുത്തു; മനം കെട്ട്, അവരെല്ലാം നോക്കിനിൽക്കെ കാടുകേറി.

'ശപിക്കപ്പെട്ടവൻ' എന്ന വാക്കു മുഴുവനർഥത്തിൽ വല്ലവരെപ്പറ്റിയും പറയാമെങ്കിൽ, അതീ അശ്വത്ഥാമാവിനെപ്പറ്റിയാണ്. അയാൾ നമ്മുടെ ചിരഞ്ജീവികളിൽ പ്രമുഖനുമാണ്.

ആയിരമായിരമാണ്ടുകളായി സർവവ്യാധികളും പിടിപെട്ടു ചോരയും ചലവും നാറി ഭൂമിയിലെ വിജനപ്രദേശങ്ങളിലും കൊടുംകാടുകളിലും തെണ്ടിയലയുന്ന, അഥവാ ഭഗവാൻ കൃഷ്ണദ്വൈപായനനോടൊപ്പം സർവമനുഷ്യരിലും കുടികൊള്ളുന്ന, ഈ ദ്രോണപുത്രൻ ഏതാണെന്നു നിങ്ങൾ ആലോചിച്ചുനോക്കിയോ? സ്നേഹംകൊണ്ട് ഒന്നായവർ തമ്മിൽപ്പോലും കാരണാന്തരങ്ങളാൽ ഉണ്ടായിത്തീരുന്ന ദ്വേഷമത്സരങ്ങൾ ആഘാതപ്രത്യാഘാതരൂപേണ വളർന്നു വളർന്നു കൊടിയ യുദ്ധങ്ങളായി പരിണമിച്ചു തലമുറകളിലൂടെ വീണ്ടും പ്രതികാരേച്ഛയായി ഈട്ടംകൂടി, തനിക്കുള്ള അനർഘമായ രത്നം പൊയ്പ്പോയാലും എതിരാളിക്കു മൂലോച്ഛേദം വരുത്തിയേ നിൽക്കൂ എന്ന വാശിയായി വേരുറയ്ക്കുന്ന ആ പക, പക എന്നു പറയുന്ന മനുഷ്യശാപമുണ്ടല്ലോ, അതിന്റെ പ്രതിനിധിയല്ലാതെ മറ്റൊന്നുമല്ല ഈ ചെകുത്താൻ. അതിനെ, അവനെ, എപ്പോഴും എവിടെയും കരുതിയിരുന്നുകൊള്ളുക എന്ന താക്കീതാണ്, അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവവ്യാപിയുമായി കല്പിച്ചതിന്നർഥം. ശ്രീയെയെന്നപോലെ ജ്യേഷ്ഠ(ചേട്ട)യേയും ഭഗവതിയായിക്കണ്ട ആർഷസംസ്കാരം വ്യാസനെയെന്നപോലെ അശ്വത്ഥാമാവിനെയും ചിരഞ്ജീവിയെന്നു വാഴ്ത്തുന്നത് ഒരിക്കലും നിരർഥകമല്ല.

ഭാരതപര്യടനം (കുട്ടികൃഷ്ണമാരാര്)

- തനിക്ക് സ്വർഗപ്രാപ്തി ലഭിക്കുമെന്ന് ദുര്യോധനൻ ബലമായി വിശ്വസിച്ചതിന്റെ അടിസ്ഥാനമെന്ത്? പാഠഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

- പാണ്ഡവർ നേടിയ വിജയത്തെ 'വല്ലപാടും നേടിയ വിജയം' എന്ന് ലേഖകൻ വിശേഷിപ്പിച്ചതിന്റെ ഔചിത്യം ചർച്ചചെയ്ത് അവതരിപ്പിക്കുക.

- "വിഷത്തെക്കാൾ വർജ്യമാകും
  നരചിത്തം ദുഷിക്കുകിൽ"

  ഈ വരികളിൽ തെളിയുന്ന ആശയം പാഠഭാഗത്തെ ഉചിതമായ ഒരു സന്ദർഭവുമായി ബന്ധിപ്പിച്ച് കുറിപ്പ് തയാറാക്കുക.

- "ബന്ധുക്കളുടെ മധ്യത്തിൽ പ്രതാപത്തോടും ശ്രീയോടും കൂടി ഞെളിഞ്ഞിരിക്കുന്ന ദുര്യോധനൻ കാണിച്ച അഹങ്കാരത്തിലും സ്വപ്രത്യയസ്ഥൈര്യത്തിലും എതിരാളികളോടുള്ള അവജ്ഞയിലും മറ്റും മറ്റും ആദരണീയമായ ഒരംശമുണ്ടെന്ന് ആർക്കാനും തോന്നിയിരിക്കുമോ?"

  അടിവരയിട്ട പദത്തെ അതേ അർഥത്തിൽ പ്രയോഗിച്ച് മറ്റൊരു വാക്യം നിർമ്മിച്ചിരിക്കുന്നത് ശ്രദ്ധിക്കൂ:

  "കർണന്റെ സ്വപ്രത്യയസ്ഥൈര്യം ഭാരതകഥയിലെ പുകൾപെറ്റ ദൃഷ്ടാന്തമാണ്."

  പാഠഭാഗത്തുള്ള മറ്റുചില പ്രയോഗങ്ങൾ നോക്കുക:

  - പ്രീണിപ്പിക്കുക
  - ആഘാതപ്രത്യാഘാതങ്ങൾ
  - ബലികഴിക്കുക

  സന്ദർഭങ്ങളിൽനിന്ന് അവയുടെ പ്രയോഗം കൊണ്ടുണ്ടായ ശക്തി കണ്ടെത്തി സ്വന്തമായി പുതിയ വാക്യങ്ങൾ നിർമ്മിക്കുക.

- "അതിനെ, അവനെ, എപ്പോഴും എവിടെയും കരുതിയിരുന്നുകൊള്ളുക എന്ന താക്കീതാണ്, അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവവ്യാപിയുമായി കല്പിച്ചതിന്നർഥം."

  കുട്ടികൃഷ്ണമാരാരുടെ ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം എഴുതുക.

- ദ്രോണർ എന്ന നാമത്തിൽനിന്നാണ് ദ്രൗണി എന്ന നാമം ഉണ്ടായത്. ഇതുപോലെ ഭേദകങ്ങളിൽ (വിശേഷണങ്ങളിൽ) നിന്ന് ഉണ്ടാകുന്ന നാമങ്ങളുമുണ്ട്. ഇവയെ തദ്ധിതങ്ങൾ എന്നു പറയുന്നു. മറ്റുചില ഉദാഹരണങ്ങൾ ശ്രദ്ധിക്കൂ.

| | |
|---|---|
| ഭീമൻ | - ഭൈമി |
| ദശരഥൻ | - ദാശരഥി |
| സുമിത്ര | - സൗമിത്രി |

| | |
|---|---|
| വെള് | - വെണ്മ |
| കേമം | - കേമത്തം |
| കള്ളം | - കള്ളത്തരം |

| | |
|---|---|
| കടത്തനാട് | - കടത്തനാടൻ |
| കേട്ട | - കേട്ടവൻ |

| | |
|---|---|
| ഒന്ന് | - ഒന്നാമൻ |
| ആറ് | - ആറാമൻ |

ഇങ്ങനെ പദങ്ങൾ രൂപപ്പെടുന്നതിന്റെ പ്രത്യേകതകൾ ശ്രദ്ധിക്കൂ. ഇതുപോലുള്ള പദങ്ങൾ ഭാഷയിൽ ധാരാളമുണ്ട്. തദ്ധിതങ്ങൾ പലഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. ഓരോ വിഭാഗവും തിരിച്ചറിഞ്ഞ് ഉദാഹരണങ്ങൾ കണ്ടെത്തി എഴുതുക.

- 'ഭീഷ്മകർണഗാന്ധാരസിന്ധുരാജാദി' എന്ന സമസ്തപദത്തെ ഭീഷ്മർ, കർണൻ, ഗാന്ധാരൻ, സിന്ധുരാജൻ ആദിയായ എന്ന് ഘടകങ്ങളാക്കി മാറ്റി എഴുതാം.

ചുവടെ കൊടുത്ത ഉദാഹരണങ്ങൾ വായിക്കൂ.

| സമസ്തപദം | ഘടകപദങ്ങൾ |
|---|---|
| ഭാഗീരഥീകച്ഛം | ഭാഗീരഥിയുടെ കച്ഛം |
| ഗജാശ്വരഥങ്ങൾ | ഗജങ്ങളും അശ്വങ്ങളും രഥങ്ങളും |
| യഥേഷ്ടം | ഇഷ്ടംപോലെ |
| മുകിൽവർണൻ | മുകിലിന്റെ വർണത്തോടുകൂടിയവൻ |

ഇവ ഘടകപദങ്ങളാക്കിയെഴുതിയപ്പോൾ ഏതേത് പദങ്ങൾക്കാണ് പ്രാധാന്യം വന്നത് എന്നു കണ്ടെത്തി അവയുടെ സവിശേഷതകൾ വിശദീകരിക്കുക.

- പാഠഭാഗത്ത് പരിചയപ്പെട്ട അശ്വത്ഥാമാവിന്റെ സ്വഭാവസവിശേഷതകളെക്കുറിച്ച് വിവരണം തയാറാക്കുക.

- "മനുഷ്യചരിത്രത്തിൽ യുദ്ധം വരുത്തിവയ്ക്കുന്ന ഭയങ്കരദുരന്തത്തെ എടുത്തുകാണിപ്പാൻ വേണ്ടിയാണ് ഭാരതേതിഹാസം രചിക്കപ്പെട്ടതെന്നു തീർത്തു പറയാൻ സംശയിക്കേണ്ടതില്ല."
  പാഠഭാഗം ഉൾക്കൊണ്ട് 'യുദ്ധങ്ങളെല്ലാം സർവനാശത്തിലേക്കു നയിക്കുന്നു' എന്ന വിഷയത്തിൽ പ്രഭാഷണം തയാറാക്കുക.



# ആത്മാവിന്റെ വെളിപാടുകൾ

വിഖ്യാത നോവലിസ്റ്റ് ദസ്തയേവ്സ്കി ഒരു ചൂതുകളിഭ്രാന്തനായിരുന്നു.
അതിലൂടെ തന്റെ കൃതികളെല്ലാം പണയപ്പെടുത്തിക്കഴിഞ്ഞു.
അപസ്മാരബാധയാൽ കൂടുതൽ അവശനുമായിരുന്നു അദ്ദേഹം.
പുതിയ കൃതിയുടെ അവകാശവും വിറ്റു.
എന്നിട്ടും ദസ്തയേവ്സ്കിക്ക് സമയത്തിന് നോവൽ പൂർത്തിയാക്കാൻ കഴിയുന്നില്ല.
അതിനുള്ള ശ്രമത്തിന്റെ ഭാഗമായി അന്നയെന്ന പെൺകുട്ടിയെ
സ്റ്റെനോഗ്രാഫറായി ക്ഷണിക്കുന്നു.
അന്നയാവട്ടെ, ദസ്തയേവ്സ്കിയുടെ കടുത്ത ആരാധകന്റെ മകളാണ്.
നോവൽ രചനയ്ക്കായി ദസ്തയേവ്സ്കിയെ പ്രേരിപ്പിക്കുന്ന
അന്നയെയും അവളുടെ സ്നേഹപരിചരണങ്ങളാൽ നോവൽ പൂർത്തിയാക്കാൻ
ശ്രമിക്കുന്ന നോവലിസ്റ്റിനെയും പാഠഭാഗത്ത് ചിത്രീകരിക്കുന്നു.

പുലർച്ചയ്ക്ക് മുമ്പേയുള്ള ഏകാന്തവും നിശ്ശബ്ദവുമായ വിനാഴികകളാണ്. ആകാശവും ഭൂമിയും മരങ്ങളും മനുഷ്യരും മറ്റു ജീവജാലങ്ങളും ഗാഢനിദ്രയിൽ. ആകാശത്തിന്റെ നിഴൽ പോലെ ഭൂമിയിൽ വെളിച്ചമുണ്ട്.

ദസ്തയേവ്സ്കി അന്നേരം കോട്ടയോടു ചേർന്നുള്ള വഴിയിൽ നിൽക്കുകയായിരുന്നു. വന്യവും ക്രൂരവുമായ ഒരു ചുഴലിയിളക്കത്തിന്റെ ക്ഷീണവും തളർച്ചയും കൊണ്ടു തകർന്ന നിലയിൽ രണ്ടുദിവസം വീടിനുള്ളിൽ കിടന്നു. പുലർച്ചയ്ക്കു മുമ്പ് ഒരു ദുഃസ്വപ്നത്തിൽനിന്ന് ഞെട്ടിയുണർന്നപ്പോൾ തോന്നിയതു വെറുതെ പുറത്തിറങ്ങി നടക്കാനാണ്. കുറച്ചുദൂരം എന്നേ വിചാരിച്ചുള്ളൂ. എന്നാൽ ഇപ്പോൾ എത്ര ദൂരം നടന്നെന്ന് ഓർമ്മയില്ല. സമയകാലങ്ങളുടെ തീരങ്ങൾക്കൊക്കെ അക്കരെ ഏതോ ഒരനാദിയിൽനിന്ന് യാത്ര തുടരുകയായിരുന്നെന്നാണ് അപ്പോൾ തോന്നിയത്. പ്രകൃതിയുടെ ആത്മാവിൽ നിന്നുയരുന്ന മൗനത്തിന്റെ മൊഴികൾ കേട്ടുകൊണ്ടു നടക്കുമ്പോൾ സെന്റ് പീറ്റേഴ്സ്ബർഗ് നഗരം പ്രപഞ്ചമായി വികസിച്ചു. ആ ഉദയപൂർവനിമിഷങ്ങളിൽ പ്രപഞ്ചവും താനും മാത്രം!

ഒരു മഹാവിജനതയിൽ സ്ഥിതിചെയ്യുന്ന കോട്ട. ദൂരെ നിശ്ചലമായി നിൽക്കുന്ന പോപ്ലാർമരങ്ങൾ. മരക്കൊമ്പുകൾക്കിടയിലൂടെ കാണാവുന്ന പള്ളിഗോപുരം. അവയൊക്കെയേയും മൂടിക്കിടക്കുന്ന നിഗൂഢതയിൽനിന്ന് നിശ്ശബ്ദവും ഏകാന്തവും നിശ്ചലവും പ്രകാശപൂർണവുമായ അനശ്വരതയുടെ സങ്കീർത്തനം ദസ്തയേവ്സ്കി വായിച്ചു.

ആ പ്രശാന്തതയിൽനിന്ന് യാത്ര തുടരുമ്പോൾ ദസ്തയേവ്സ്കി ഓർക്കുകയായിരുന്നു.

ഈ അനശ്വരതയുടെ തൊട്ടരികിൽ തന്റെ ജീവിതത്തിന്റെ അനുഭവതലം ഏതുവിധത്തിലാണ്!

ഏതോ ശാപനിലത്തിന്റെ മധ്യത്തിൽ.

തോൽവികളും തകർച്ചകളും നഷ്ടങ്ങളും അവമാനങ്ങളും സഹിച്ച് ഇങ്ങനെ ജീവിതം തുടരുന്നതിന്റെ അർഥമെന്താണുള്ളത്? ഇങ്ങനത്തെ ഒരു ജീവിതത്തിന് എന്തർഥമാണുള്ളത്?

ഒടുവിൽ താൻ ആർക്കും വേണ്ടാത്ത ഒരാളായിത്തീരുകയല്ലേ ചെയ്തത്?

എല്ലാവരിൽനിന്നും ഒറ്റപ്പെട്ട് തികച്ചും ഏകാകിതയിൽ.....

വഴിയരികിൽ വലിച്ചെറിയപ്പെട്ട ഒരു പാറക്കഷണം പോലെയല്ലേ ഇപ്പോൾ തന്റെ അവസ്ഥ? ഓർത്തുനോക്കുമ്പോൾ അങ്ങനെ തോന്നിപ്പോകുന്നു.

യാഥാർഥ്യത്തിന്റെ കടിച്ചുകീറലുകളിൽ നിന്ന് രക്ഷപ്പെടാൻ ഒരഭയകേന്ദ്രം കണ്ടെത്തുന്നത് പ്രാർഥനയിലാണ്.

എന്നാൽ ഒരു പ്രാർഥനയിൽ എത്ര നേരം ഇരിക്കാൻ കഴിയും മനുഷ്യന്?

അതിൽനിന്ന് പുറത്തു കടക്കുമ്പോഴോ?

വീണ്ടും കഴുകന്റെ നഖങ്ങളിലേക്ക്!

എങ്ങും പോകാനില്ല, വീണ്ടും തന്റെ ദുർവിധിയിലേക്കല്ലാതെ.

തന്റെ ജീവിതം വെറുമൊരു പേക്കിനാവായിത്തീർന്നു.

ഷേക്സ്പിയറുടെ വരികൾ മനസ്സിൽ മാറ്റൊലിക്കൊള്ളുന്നു:

*"Life's but a walking shadow, a poor player that struts and frets his hour upon the stage, And then is heard no more; it is a tale told by an idiot, full of sound and fury, signifying nothing..."

നഗരചത്വരം കടന്നുപോകുമ്പോൾ ആകാശത്തിന്റെ അടി വിളറിത്തുടങ്ങുന്നത് ദസ്തയേവ്സ്കി കണ്ടു.

ഇന്ന് ചിലപ്പോൾ എമിലി വരും. എവിടന്ന് പണമുണ്ടാക്കി കൊടുക്കും അവൾക്ക്? യാതൊരെത്തും പിടിയും കിട്ടുന്നില്ല. ഇനി വിൽക്കാൻ വീട്ടിൽ ആകെ ശേഷിച്ചിട്ടുള്ളത് നാലോ അഞ്ചോ മരസ്പൂണുകൾ മാത്രമാണ്. ബാക്കിയൊക്കെ വിറ്റു. അല്ലെങ്കിൽ പണയം വച്ചു. പാത്രങ്ങൾ വരെ. പാത്രങ്ങൾ വിറ്റത് പാഷയ്ക്കുവേണ്ടിയാണ്. അവൻ വന്നു ചോദിക്കുമ്പോൾ എന്തുചെയ്യും? ഇല്ലെന്നു പറഞ്ഞാൽ അവൻ പോകുകയില്ല. അവന്റെ പോക്കിരിത്തരം കുറേ കൂടിപ്പോകുന്നുണ്ട്. ഈയിടെ കള്ളുകുടിയും കൂടുതലാണെന്നു കേട്ടു. ഉപദേശിച്ചിട്ടൊന്നും പ്രയോജനമില്ല. ഉപദേശത്തിന്റെ കുറവുകൊണ്ടാണോ മനുഷ്യൻ ചീത്തയാകുന്നത്?

അല്ലെങ്കിൽ താനെന്തിനാണ് ഇങ്ങനെ ഒന്നിനു പിറകേ ഒന്നായി പ്രാരബ്ധങ്ങൾ വലിച്ചു തലയിൽ വയ്ക്കുന്നത്?

ഈയിടെ ഒരു പരിചയക്കാരൻ കളിയാക്കി, വയ്യാവേലികൾ വലിച്ചു തലയിൽ വയ്ക്കുന്നത് നിങ്ങളുടെ ഒരു മനോരോഗമാണെന്ന്!

എതിർക്കാനും തർക്കിക്കാനും പോയില്ല. എന്തെല്ലാം കുഴപ്പങ്ങളുള്ള ഒരാളാണ് താൻ എന്നു സ്വയം വിചാരിച്ച് ഒരു തമാശ കേട്ടാലെന്ന പോലെ ചിരിച്ചു.

വാസ്തവത്തിൽ തമാശയാണോ അത്? അല്ല. അല്ലെന്ന് തീർച്ചയുണ്ട്. എങ്കിലും ആലോചിച്ചുപോവുകയാണ്. മനുഷ്യന് എല്ലാ ചുമടുകളും ഇറക്കിവയ്ക്കാനൊക്കുമോ? സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർഥത്തിൽ ജീവിതമാണോ?

ഒപ്പം നടക്കുന്ന ഒരു സ്നേഹിതനോടെന്നപോലെ ദസ്തയേവ്സ്കി സ്വയം സംസാരിച്ചു:

"ഞാനെന്റെ ജീവിതത്തെക്കുറിച്ച് പറയാം. മുഴുവനുമല്ല. അത് അസാധ്യമാണ്. എനിക്കങ്ങനെ സരളമായി പറയാൻ വയ്യാത്ത സംഗതികളുമുണ്ട്. ചേട്ടൻ മൈക്കിളിന് ഒരു പ്രസിദ്ധീകരണമുണ്ടായിരുന്ന കാര്യം അറിയാമല്ലോ– 'എപോക്'. അതൊരുമാതിരി പച്ചപിടിച്ചു വരുകയായിരുന്നു. എന്റെ 'അധോതലക്കുറിപ്പുകൾ' അതിലാണ് വെളിച്ചം കണ്ടത്. എന്റെ സാഹിത്യജീവിതത്തിൽ അതൊരു നാഴികക്കല്ലായിരുന്നു. ചേട്ടൻ കണ്ടേടത്തുന്നൊക്കെ കടം മേടിച്ചാണ് മാസിക തുടങ്ങിയത്. കനത്ത നഷ്ടത്തിൽ പിന്നെ അത് നിർത്തേണ്ടിവന്നു. താങ്ങാൻ പറ്റാത്ത ഒരടിയായിരുന്നു അത്, എല്ലാ അർഥത്തിലും. അതോടെ ചേട്ടൻ വീണു. ഞാനപ്പോൾ മോസ്കോവിൽ ഭാര്യയുടെ അടുത്തായിരുന്നു. ഏതു നേരത്താണ് അവളെ മരണം അനുഗ്രഹിക്കയെന്നറിയാതെ ഞാനവളുടെ അരികിൽ കാത്തിരിക്കുകയായിരുന്നു. ഓർത്തുനോക്ക്, ഭാര്യയുടെ മരണം കാത്ത് ഒരാൾ പന്ത്രണ്ടുമാസം അവളുടെ അരികിൽ നിസ്സഹായനായി ഇരിക്കുന്നത്! അവൾ, മേരിയാ, എന്നെ അഗാധമായി സ്നേഹിച്ചു. ഞാനവൾക്ക് അതേ അളവിൽ സ്നേഹം തിരിച്ചു നൽകുകയും ചെയ്തു. എന്നു വച്ചാൽ അത്ര ഗംഭീരമായ ഒരു സ്നേഹത്തിൽനിന്നാണ് ഞങ്ങൾ ഞങ്ങളുടെ ജീവിതം തുടങ്ങിയത്. കഷ്ടമതല്ല, എന്നിട്ടും ഞങ്ങൾക്ക് സന്തോഷത്തോടെ ജീവിക്കാൻ

* ജീവിതം സഞ്ചരിക്കുന്ന വെറും നിഴൽ; അരങ്ങിൽ ഞെളിഞ്ഞും നടന്നും വെറിപിടിച്ചും സമയം കഴിക്കുന്ന ഒരു പാവം നടൻ. പിന്നെ കേൾപ്പോരില്ല. ഒരു വിഡ്ഢിപറഞ്ഞ ഏതോ കഥയാണത്. നിറയെ ശബ്ദവും രോഷവും. തീർത്തും അർഥശൂന്യം.

*(മക്ബെത്)*



കഴിഞ്ഞില്ല! അതൊക്കെ പറഞ്ഞാൽ ആർക്കും മനസ്സിലാവില്ല. നിങ്ങൾ അത്രയധികം സ്നേഹിച്ചിട്ടോ എന്നു ചോദിക്കും. അവളുടെ സ്വഭാവം അങ്ങനെയായിരുന്നു. മനസ്സിന്റെ മിഥ്യാധാരണകളും ചാപല്യങ്ങളും കൊണ്ട് ജീവിതം അവൾ ദുരിതപൂർണമാക്കി. എന്റെ ജീവിതം അവൾ ഏതോ ശാപംകൊണ്ടു നിറയ്ക്കുകയായിരുന്നു. എനിക്കങ്ങനെയാണ് തോന്നുന്നത്. എന്നിട്ടും എനിക്കവളെ വെറുക്കാൻ കഴിഞ്ഞില്ല. ഞാനെന്റെ ജീവിതത്തിൽ കണ്ടിട്ടുള്ള ഏറ്റവും നല്ല സ്ത്രീ അവളായിരുന്നു. അവൾ പോയിക്കഴിഞ്ഞപ്പോഴാണ് ശവക്കുഴിയിൽ അവളോടൊപ്പം എന്താണ് അടക്കിയതെന്ന് ഞാനറിയുന്നത്. ആ നിമിഷം തൊട്ട് എന്റെ ജീവിതത്തിലുണ്ടായ ശൂന്യതയെക്കുറിച്ചോർക്കുമ്പോൾ.... ദൈവമേ, അത്രമേൽ സ്നേഹിച്ച ഒരാളുടെ മരണം നമ്മുടെ ജീവിതത്തെ എത്ര നിശ്ശൂന്യമാക്കിത്തീർക്കുമെന്ന് ഇപ്പോൾ ഞാനറിയുന്നു. അതുകൊണ്ടു തീർന്നോ? ഇല്ല. മൂന്നുമാസം കഴിഞ്ഞ് ചേട്ടനും മരിക്കുന്നു. എന്തു ഭീകരമായിരുന്നു അത്! എന്റെ ജീവിതത്തിൽ അവർ രണ്ടുപേരുടേയും സ്നേഹത്തിനു പകരം വയ്ക്കാൻ എന്താണുള്ളത്? ചേട്ടൻ ഉണ്ടാക്കിവച്ച കടങ്ങൾ. ചേട്ടന്റെ അനാഥ

മായ കുടുംബം. എനിക്കു കൈമലർത്താനൊക്കുമോ? ആ ചരടുകളെല്ലാംകൂടി കെട്ടുപിണഞ്ഞ്, ആ കെട്ടുകളിൽ കുരുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു!"

ദസ്തയേവ്സ്കി തിരിയെ വീട്ടിലെത്തുമ്പോഴും നേരം പുലർന്നിട്ടില്ല. ഫെദോസ്യ ഉണർന്ന് അടുക്കളയിൽ എന്തോ ചെയ്യുകയായിരുന്നു. കോണിപ്പടികൾ കയറി മുകളിൽ ചെന്നു. സെറ്റിയിൽ ചാരിക്കിടന്ന് കണ്ണുകളടച്ച് നെടുതായി നിശ്വസിച്ചു. വലതുകൈ സെറ്റിയിലിരുന്ന പുസ്തകത്തിൽ ചെന്നുമുട്ടി. നോക്കിയപ്പോൾ ബൈബിളാണ്. ഇന്നലെ എവിടെയാണ് ഇയ്യോബിനെ വായിച്ചു നിർത്തിയത്?

അവിടെ അടയാളം വച്ചിരുന്നു. അവിടം തൊട്ട് വീണ്ടും വായിച്ചു. ഇടയ്ക്കിടയ്ക്ക് ഇയ്യോബിനെ വായിക്കുന്നത് ഒരു ശീലമായിരിക്കുന്നു.

"ലജ്ജാപൂർണനായി ഞാൻ എന്റെ കഷ്ടത കാണുന്നു. തല ഉയർത്തിയാൽ നീ ഒരു സിംഹംപോലെ എന്നെ നായാടും. പിന്നെയും എന്നിൽ നിന്റെ അദ്ഭുതശക്തി കാണിക്കുന്നു. നിന്റെ സാക്ഷികളെ നീ വീണ്ടും വീണ്ടും എന്റെ നേരെ നിർത്തുന്നു. നിന്റെ ക്രോധം എന്റെമേൽ വർധിപ്പിക്കുന്നു. അവ ഗണം ഗണമായി വന്ന് പൊരുതുന്നു. നീ എന്നെ ഗർഭപാത്രത്തിൽനിന്നു പുറപ്പെടുവിച്ചതെന്തിന്? ഒരു കണ്ണും എന്നെ കാണാതെ എന്റെ പ്രാണൻ പോകുമായിരുന്നു. ഞാൻ ജനിക്കാത്തതുപോലെ ഇരിക്കുമായിരുന്നു. ഗർഭപാത്രത്തിൽനിന്ന് എന്നെ ശവക്കുഴിയിലേക്കു കൊണ്ടുപോകുമായിരുന്നു. എന്റെ ജീവിതകാലം ചുരുക്കമല്ലയോ? ഇരുളും അന്ധതമസ്സുമുള്ള ദേശത്തേക്ക്, അർധരാത്രിപോലെ കൂരിരുളും ക്രമമില്ലാതെ അന്ധതമസ്സും, വെളിച്ചം അർധരാത്രി പോലെയുമുള്ള ദേശത്തേക്കു തന്നെ മടങ്ങിവരാത്തവണ്ണം പോകുന്നതിനു മുമ്പെ ഞാൻ അൽപ്പം ആശ്വസിക്കേണ്ടതിന് നീ മതിയാക്കി എന്നെ വിട്ടുമാറേണമേ!"

കഷ്ടതനിമിത്തം ഇയ്യോബ് പോലും തന്റെ ജന്മദിനത്തെ ശപിച്ചു, അതിന്റെ സന്ധ്യാനക്ഷത്രങ്ങൾ ഇരുണ്ടുപോകട്ടെ എന്ന്!

സ്വന്തം ഹൃദയത്തിൽ ദസ്തയേവ്സ്കി പറഞ്ഞു:

"ഞാനങ്ങനെയൊന്നും ചെയ്യുന്നില്ല. സഹിക്കുകയും ഇതിന്റെയൊക്കെ അർഥമെന്താണെന്ന് അദ്ഭുതപ്പെടുകയും മാത്രമേ ചെയ്യുന്നുള്ളൂ. എന്റെ പീഡാനുഭവങ്ങളെ സ്നേഹിക്കാൻ ഞാൻ പഠിച്ചു കഴിഞ്ഞു."

എട്ടടിക്കുന്നതിനു മുമ്പ് അന്ന വന്നു. രണ്ടു ദിവസം വെറുതെ പോയതിന്റെ ഉൽക്കണ്ഠയുണ്ട് അവൾക്ക്.

വന്ന ഉടനെ അന്ന ചോദിച്ചു:

"എങ്ങനെ, ഫയദോറിന് ഇന്ന് സുഖം തോന്നുന്നുണ്ടോ?"

ദസ്തയേവ്സ്കി പറഞ്ഞു:

"തീർച്ചയായും! ഞാനിന്ന് നേരത്തേ ഉണർന്നു. പുലർച്ചയ്ക്കു മുമ്പ് കുറേ ദൂരം നടന്നു. ഇപ്പോൾ നല്ല ഉന്മേഷം തോന്നുന്നുണ്ടെനിക്ക്. കഥാസന്ദർഭങ്ങൾ മനസ്സിൽ ത്രസിച്ചു നിൽക്കുന്നു. വെറുതെ കണ്ണടച്ചങ്ങു പറഞ്ഞാൽ മതി."

നോട്ട്ബുക്കും പെൻസിലുമെടുത്ത് അന്ന മേശയ്ക്കരികിൽ എഴുതാനിരുന്നു.

* * * *

നോവലിലേക്കു പ്രവേശിക്കുമ്പോൾ അദ്ദേഹം അനുഭവിക്കുന്ന ആത്മസംഘർഷം ആ മനസ്സിന്റെ സുതാര്യതയിലൂടെ അവൾക്കു കാണാൻ കഴിയുന്നുണ്ട്.

അതിനിടയ്ക്ക് കട്ടൻചായ കുടിച്ചുകൊണ്ടിരിക്കുമ്പോൾ ദസ്തയേവ്സ്കി പറഞ്ഞു:

"എനിക്കീ നോവൽ അത്ര വേഗം തീർക്കണമെന്നില്ല."

വിസ്മയത്തോടെ അവൾ ചോദിച്ചു:

"അതെന്താ? നവംബർ ഒന്നിന് മുമ്പു നോവൽ കൊടുത്തില്ലെങ്കിൽ സ്റ്റെല്ലോവ്സ്കി

ക്കാവില്ലേ ഇതുവരെ എഴുതിയതിന്റെയും ഇനി എഴുതാൻ ഇടയുള്ളതിന്റെയും ഒക്കെ അവകാശം?"

"പിന്നെ! സ്റ്റെല്ലോവ്സ്കി!" ദസ്തയേവ്സ്കി പറഞ്ഞു: "അയാൾ പോയി തുലയട്ടെ! അങ്ങനെ സമയനിബന്ധന വച്ച് എങ്ങനെ നോവലെഴുതും? നോവൽ എപ്പോൾ തീരുമെന്ന് എഴുത്തുകാരനു പറയാനൊക്കുമോ? ഇത് നിലമുഴുന്നതുപോലെയോ പാറപൊട്ടിക്കുന്നതുപോലെയോ അല്ല.

ഇത് ആത്മാവിന്റെ ഒരു വെളിപാടാണ്. അതിനുവേണ്ടി ധ്യാനിച്ചിരിക്കുമ്പോൾ ഒരു നിബന്ധനയും എഴുത്തുകാരനെ ബാധിക്കുന്നില്ല."

"അതു പറഞ്ഞാൽ മനസ്സിലാകുന്ന ആളാണോ ഈ സ്റ്റെല്ലോവ്സ്കി എന്ന മഹാൻ?"

"മഹാനോ? അട്ട! എഴുത്തുകാരുടെ രക്തമൂറ്റിക്കുടിക്കുന്ന അട്ട. അല്ലെങ്കിൽ ചെകുത്താൻ."

"അപ്പോൾ പിന്നെ?"

"ഞാൻ ഇതുവരെ എഴുതിയതും ഇനി എഴുതാനിടയുള്ളതുമായ പുസ്തകങ്ങൾ മുഴുവൻ അയാൾക്ക്! എന്നുവച്ചാൽ അതിന്റെ ആദായം അയാളെടുത്തോട്ടെ. എന്നാൽ അയാളാണ് അതെഴുതിയതെന്നു വരില്ലല്ലോ, ഉവ്വോ?"

എന്തെന്നില്ലാത്ത ഒരു വിസ്മയത്തോടെ അന്ന ദസ്തയേവ്സ്കിയെ നോക്കി. ഒരു നിമിഷം കഴിഞ്ഞ് ഒരു കള്ളച്ചിരിയോടെ ദസ്തയേവ്സ്കി പറഞ്ഞു:

"പിന്നെ മറ്റൊരു കാരണവുമുണ്ട്. ഈ നോവൽ പെട്ടെന്നു തീർന്നാൽ അന്ന അപ്പോൾ പോവില്ലേ?"

അവൾക്കു ചിരി വന്നു:

"അപ്പോൾ തമാശ പറയാനും അറിയാം, അല്ലേ?"

ദസ്തയേവ്സ്കി നിഷേധാർഥത്തിൽ തലയനക്കി.

"ഇത് തമാശയാണെന്നാരു പറഞ്ഞു?"

അന്ന മറുപടി പറയാതെ മുഖം താഴ്ത്തി പെൻസിൽകൊണ്ട് വെറുതെ കടലാസിൽ കോറിക്കൊണ്ടിരുന്നു.

അപ്പോൾ ദസ്തയേവ്സ്കി പറഞ്ഞു: "ഇനിയും കാര്യമായി എന്തെങ്കിലും എഴുതണമെന്നുണ്ടെനിക്ക്. അനേകം ആശയങ്ങൾ മനസ്സിലുണ്ടുതാനും. പക്ഷേ, സാഹചര്യം അനുകൂലമല്ല. എന്തുചെയ്യാം, ഞാൻ വല്ലാത്ത ഒരവസ്ഥയിലാണ്. ഇക്കണക്കിനു പോയാൽ ഞാൻ തകർന്നുപോവുകയേ ഉള്ളൂ."

അവൾ മുഖമുയർത്താതെ ചോദിച്ചു:

"ആശയങ്ങളുണ്ടെങ്കിൽ പിന്നെ എഴുതിയാലെന്താ? ആരോ എഴുതിയത് ഞാൻ വായിച്ചിട്ടുണ്ട്, എഴുതാനൊന്നുമില്ലാത്തതാണ് മിക്ക എഴുത്തുകാരുടെയും പ്രശ്നമെന്ന്."

"ഏതായാലും ദൈവം സഹായിച്ച് എനിക്ക് അങ്ങനെ ഒരവസ്ഥയില്ല. സത്യത്തിൽ എഴുതാനുള്ളതിന്റെ ബാഹുല്യമോർത്താണ് ഞാൻ നടുങ്ങുന്നത്."

"എങ്കിൽപ്പിന്നെ എഴുതുകതന്നെ വേണം. എനിക്കങ്ങനെ പറയാമോ എന്നറിയില്ല. എന്നാലും പറയാം. മഹാനായ ദസ്തയേവ്സ്കി എഴുതുന്നതു വായിക്കാൻ കാത്തിരിക്കുന്ന വായനക്കാരുടെ ഒരു ലോകമുണ്ട്."

"ഉവ്വോ?"

ദസ്തയേവ്സ്കി പിന്നെ താൻ എഴുതാൻ ഉദ്ദേശിക്കുന്ന പുതിയ നോവലിനെക്കുറിച്ചു പറഞ്ഞു:

"എന്റെ മനസ്സിനെ വളരെക്കാലമായി അലട്ടിക്കൊണ്ടിരിക്കുന്ന ഒരാശയം! അത്ര എളുപ്പം എടുത്ത് കൈകാര്യം ചെയ്യാവുന്ന

ഒന്നല്ലത്. ഇപ്പോൾ അതെന്നെ പ്രലോഭിപ്പിക്കുന്നു. നന്മയുടെ മൂർത്തിയായി ഒരു ശുദ്ധാത്മാവിനെ സൃഷ്ടിക്കുകയാണ് എന്റെ ലക്ഷ്യം. അതിനേക്കാൾ പ്രയാസമുള്ള എന്തു പണിയാണ് ഈ ഭൂമിയിൽ ഉള്ളത്? അതും കുടിലബുദ്ധികളുടെ ഇക്കാലത്ത്."

* * *

അന്ന പറഞ്ഞു: "എന്നാൽ പിന്നെ അതു വേഗം എഴുത്. കുറേ കഴിയുമ്പോൾ മനസ്സ് മാറിയാലോ?" "ഇല്ല," ദസ്തയേവ്സ്കി പറഞ്ഞു: "അതിന്റെ കാര്യത്തിൽ ഒരു മാറ്റവുമില്ല. അതൊക്കെ എഴുതാൻ വേണ്ടിയാണ് ഭൂമിയിൽ ഞാൻ അവതരിച്ചത്."

പിന്നെ കുറേനേരം സെറ്റിയിൽ മലർന്നുകിടന്ന് മച്ചിൻമുകളിൽ നോക്കിക്കൊണ്ട് ദസ്തയേവ്സ്കി പറഞ്ഞു:

"അതിൽ ഒരു കഥാപാത്രമുണ്ടാകും - ഒരു പതിനാറുവയസ്സുകാരൻ. ഇപ്പോലിത്ത്. ക്ഷയരോഗം മൂലം മരിച്ചുകൊണ്ടിരിക്കുന്ന ഒരാൾ. അവൻ ആത്മഹത്യക്ക് ശ്രമിക്കും. ആത്മഹത്യയിലൂടെ മനുഷ്യന്റെ ജീവിതത്തിന്മേലും മരണത്തിന്മേലും ദൈവത്തിനുള്ള അധികാരത്തെ ചോദ്യംചെയ്യുകയാണ് ഉന്നം. പക്ഷേ, പാളിപ്പോകുന്നു. ഒരിക്കൽ കണ്ടുമുട്ടുമ്പോൾ അവൻ മിഷ്കിനോട് ആവശ്യപ്പെടും, എങ്ങനെ മരിക്കണമെന്ന് ഉപദേശിക്കാൻ. തന്റെ നിഷ്കളങ്കതയിലും ആത്മീയതയിലും വിശ്വസിക്കുന്ന അവനോടു മിഷ്കിൻ പറയും, "ഞങ്ങളുടെ ആനന്ദത്തിന് ഞങ്ങളോടു ക്ഷമിച്ചുകൊണ്ട് ഞങ്ങളെ കടന്നുപോവുക!"

അതു പറയുമ്പോൾ ദസ്തയേവ്സ്കിയുടെ തൊണ്ട ഇടറി. അന്ന നോക്കുമ്പോൾ അദ്ദേഹം നിറഞ്ഞൊഴുകുന്ന സ്വന്തം കണ്ണുകൾ തുടയ്ക്കുന്നു....!

കുരിശിൽ കിടന്ന് പ്രാണൻ പിടയുമ്പോൾ 'പിതാവേ! ഇവർ ചെയ്യുന്നതെന്തെന്ന് ഇവരറിയുന്നില്ല, ഇവരോട് പൊറുക്കേണമേ!...' എന്ന് ക്രിസ്തു പ്രാർഥിച്ചത് അന്ന അറിയാതെ ഓർത്തുപോയി.

'കുറ്റവും ശിക്ഷയും' വായിച്ചുകൊണ്ടിരുന്നപ്പോൾ തന്റെ പിതാവ് പറഞ്ഞതും അന്നയുടെ ഓർമ്മയിൽ മാറ്റൊലിയുണ്ടാക്കി.

മനുഷ്യന്റെ ഉള്ളിലെ കാടുകളും ഗുഹകളും കൊടുമുടികളും ഗർത്തങ്ങളും കടുന്തൂക്കുകളും മരുഭൂമികളും ചതുപ്പുകളും ഇരുണ്ട കോട്ടകളും അൾത്താരകളും വിള്ളലുകളും വിജനതകളും ഇതുപോലെ വേറെ ആരും കാണിച്ചുതന്നിട്ടില്ല.

"ധാരാളം ആത്മക്ഷതങ്ങളേറ്റിട്ടുള്ള ആളാണെന്ന് ഇന്നാളൊരിക്കൽ പറഞ്ഞു. ഓർമ്മയുണ്ടോ?" അന്ന ചോദിച്ചു: "ആ ആത്മക്ഷതങ്ങൾ സ്വന്തം കഥാപാത്രങ്ങൾക്കും വീതിച്ചു കൊടുക്കുന്നു, അല്ലേ?"

" നീ എന്റെ ഹൃദയത്തിനകത്താണോ നിൽക്കുന്നത്?" എന്നു ചോദിക്കുന്ന വിസ്മയത്തോടെ ദസ്തയേവ്സ്കി അന്നയുടെ കണ്ണുകളിലേക്കു നോക്കി. എന്നിട്ട് ഒരു നെടുവീർപ്പോടെ ചോദിച്ചു:

"അല്ലാതെ ഞാനവർക്ക് എന്തു കൊടുക്കും?"

അപ്പോൾ അന്നയ്ക്കൊരു കുസൃതി തോന്നി:

"എന്നിട്ട് ജീവിതത്തെ വെറുക്കാനും അവരെ പഠിപ്പിക്കും, അല്ലേ?"

"ഞാനുദ്ദേശിച്ചതിനേക്കാൾ എത്രയോ മിടുക്കിയാണ് നീ!" അന്നയുടെ കണ്ണുകളിൽനിന്ന് സ്വന്തം കണ്ണുകൾ എടുക്കാതെ ദസ്തയേവ്സ്കി പറഞ്ഞു: "പക്ഷേ, അവിടെ പിഴ പറ്റി. ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത്."

ഒരു മഹൽസന്നിധിയിലെന്നപോലെ അവൾ ശിരസ്സു കുനിച്ചു.

ഒരു സങ്കീർത്തനംപോലെ (പെരുമ്പടവം ശ്രീധരൻ)

---

- ദുരന്തങ്ങൾക്കിടയിലും ദസ്തയേവ്സ്കിയുടെ മനസ്സിലേക്കു കടന്നുവരുന്ന ഹൃദ്യമായ ഓർമ്മകളെന്തെല്ലാം?

- "ആകാശത്തിന്റെ നിഴൽ പോലെ ഭൂമിയിൽ വെളിച്ചമുണ്ട്."
  ഈ പ്രയോഗത്തിന്റെ സൗന്ദര്യം വിശദമാക്കുക.
  പാഠഭാഗത്തുനിന്ന് ഇത്തരം സുന്ദരമായ പ്രയോഗങ്ങൾ കണ്ടെത്തി വിശകലനം ചെയ്യുക.

- "ആ ചരടുകളെല്ലാംകൂടി കെട്ടുപിണഞ്ഞ്, ആ കെട്ടുകളിൽ കുരുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു."
  ദസ്തയേവ്സ്കിയുടെ ഈ വാക്കുകൾ പാഠഭാഗത്തു തെളിയുന്ന അദ്ദേഹത്തിന്റെ ജീവിതവുമായി ബന്ധപ്പെടുത്തി ചർച്ചചെയ്യുക.

- • ഉപദേശത്തിന്റെ കുറവുകൊണ്ടാണോ മനുഷ്യൻ ചീത്തയാകുന്നത്?
  • സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർഥത്തിൽ ജീവിതമാണോ?
  • നന്മയുടെ മൂർത്തിയായി ഒരു ശുദ്ധാത്മാവിനെ സൃഷ്ടിക്കുകയാണ് എന്റെ ലക്ഷ്യം. അതിനേക്കാൾ പ്രയാസമുള്ള എന്തു പണിയാണ് ഈ ഭൂമിയിൽ ഉള്ളത്? അതും കുടിലബുദ്ധികളുടെ ഇക്കാലത്ത്.

  ഈ സൂചനകൾ മുൻനിർത്തി ദസ്തയേവ്സ്കിയുടെ ജീവിതദർശനം വ്യക്തമാക്കുക.

## ഞാൻ എന്നെക്കുറിച്ച്

ചുവടെ കൊടുത്ത പ്രവർത്തനങ്ങളിലെ പുരോഗതി സൂചനകൾ വച്ച് വിലയിരുത്തുക.

| സെമിനാർ | ആസ്വാദനം | പ്രഭാഷണം |
|---|---|---|
| • ലഭിച്ച വിഷയം സംഘമായി ചർച്ചചെയ്ത് വിശദാംശങ്ങൾ കണ്ടെത്തുന്നതിൽ ഇടപെടാൻ സാധിച്ചിട്ടുണ്ട്. | • കണ്ട കഥകളി ഭാഗത്തെ സന്ദർഭം, ആശയം എന്നിവ ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടുണ്ട്. | • തന്നിരിക്കുന്ന പ്രസ്താവന അടിസ്ഥാനമാക്കി പാഠഭാഗത്തുനിന്ന് പരമാവധി ആശയങ്ങൾ കണ്ടെത്തിയിട്ടുണ്ട്. |
| • പാഠഭാഗത്തെ ആശയങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. | • അഭിനയം, വേഷം, സംഗീതം എന്നിവയുടെ സവിശേഷതകൾ തിരിച്ചറിഞ്ഞ് എഴുതിയിട്ടുണ്ട്. | • ഇതുമായി ബന്ധപ്പെട്ട അന്തർദേശീയ സംഭവവികാസങ്ങൾ അടിസ്ഥാനമാക്കി സ്വന്തം നിരീക്ഷണങ്ങളും അഭിപ്രായങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| • കഥകളിയെക്കുറിച്ചുള്ള വിവിധ രചനകൾ വായിച്ചും അഭിമുഖം നടത്തിയും വിവരശേഖരണം നടത്തിയിട്ടുണ്ട്. | • സ്വന്തം നിരീക്ഷണങ്ങൾ ഉൾപ്പെടുത്തി എഴുതാൻ കഴിഞ്ഞിട്ടുണ്ട്. | • ലോകനേതാക്കളുടെ വാക്കുകളും യുദ്ധവിരുദ്ധകൃതികളിലെ പരാമർശങ്ങളും സ്വീകരിച്ചിട്ടുണ്ട്. |
| • ശേഖരിച്ച പ്രധാനാശയങ്ങൾ, വിശദീകരണങ്ങൾ, ഉദ്ധരണികൾ എന്നിവ ഉൾപ്പെടുത്തി പ്രബന്ധം തയാറാക്കാനായിട്ടുണ്ട്. | • യോജിച്ച പദങ്ങൾ, പ്രയോഗങ്ങൾ എന്നിവ സ്വീകരിച്ചിട്ടുണ്ട്. | • ഉചിതമായ ഭാഷയും ശൈലിയും സ്വീകരിച്ചിട്ടുണ്ട്. |

ഇനിയും എനിക്ക് എങ്ങനെയെല്ലാം മെച്ചപ്പെടാൻ കഴിയും?

| | | |
|---|---|---|
| • | • | • |
| • | • | • |
| • | • | • |
| • | • | • |
| • | • | • |

എഴുത്തുകാരെ അറിയുക

## ഉണ്ണായിവാര്യർ
**(18-ാം നൂറ്റാണ്ട്)**

ആട്ടക്കഥാസാഹിത്യത്തിലെ നിസ്തുലപ്രതിഭ. തൃശൂർ ജില്ലയിലെ ഇരിങ്ങാലക്കുടയിൽ അകത്തൂട്ട് വാരിയത്ത് ജനനം. വേദാന്തത്തിലും വൈദ്യത്തിലും സംഗീതത്തിലും നിപുണനായിരുന്നു. തിരുവിതാംകൂറിലെ മാർത്താണ്ഡവർമ്മ മഹാരാജാവ്, കൊച്ചിരാജാവ് എന്നിവരുടെ ആശ്രിതനായിരുന്നു. കുഞ്ചൻനമ്പ്യാരുടെയും രാമപുരത്തുവാരിയരുടെയും സമകാലികൻ. 'നളചരിതം ആട്ടക്കഥ' ഒന്നുകൊണ്ടു മാത്രം മലയാളസാഹിത്യത്തിൽ ശാശ്വതപ്രതിഷ്ഠ നേടി. ക്ലാസിക്പ്രസ്ഥാനത്തിലെ റൊമാന്റിക് കാവ്യമെന്നും റൊമാന്റിക്പ്രസ്ഥാനത്തിലെ ക്ലാസിക് കാവ്യമെന്നും വിശേഷിപ്പിക്കാവുന്ന കൃതിയാണ് നളചരിതം ആട്ടക്കഥ. കഥാപാത്രനിർമ്മാണകുശലതയിലും നാടകീയതയിലും ജീവിതവീക്ഷണത്തിലും ഭാവാവിഷ്കരണത്തിലും 'കേരളത്തിലെ ശാകുന്തളം' എന്നു വിശേഷിപ്പിക്കപ്പെടാൻ 'നളചരിത'ത്തിന് അർഹതയുണ്ട്. ഗിരിജാകല്യാണം, രാമപഞ്ചശതി എന്നീ കൃതികൾ ഉണ്ണായിവാര്യരുടേതാണെന്ന് അഭിപ്രായമുണ്ട്.



## കുട്ടികൃഷ്ണമാരാര്
**(1900 - 1973)**

മലയാളസാഹിത്യനിരൂപകരിൽ പ്രമുഖൻ. മലപ്പുറം ജില്ലയിലെ തൃപ്രങ്ങോട്ട് ജനിച്ചു. 'മാതൃഭൂമി'യിൽ പ്രൂഫ്റീഡറായിരുന്നു. 'കല ജീവിതം തന്നെ' എന്ന ഗ്രന്ഥത്തിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. 'വ്യാസഭാരത'ത്തിലെ കഥാപാത്രങ്ങളെയും കഥാസന്ദർഭങ്ങളെയും അടിസ്ഥാനമാക്കി രചിച്ച കൃതിയാണ് 'ഭാരതപര്യടനം'.

*മററു പ്രധാന കൃതികൾ*

മലയാളശൈലി, സാഹിത്യസല്ലാപം, സാഹിത്യഭൂഷണം, രാജാങ്കണം, സാഹിത്യവിദ്യ, കൈവിളക്ക്, ചർച്ചായോഗം, ദന്തഗോപുരം, ഋഷിപ്രസാദം, വൃത്തശില്പം



## പെരുമ്പടവം ശ്രീധരൻ

നോവലിസ്റ്റ്, കഥാകൃത്ത്, തിരക്കഥാകൃത്ത്. 1938 ൽ പെരുമ്പടവത്തു ജനിച്ചു. കേരള സാഹിത്യ അക്കാദമിയുടെ പ്രസിഡന്റാണ്. വയലാർ അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, സംസ്ഥാന ബാലസാഹിത്യ അവാർഡ്, വള്ളത്തോൾ പുരസ്കാരം, മികച്ച തിരക്കഥയ്ക്കുള്ള കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് തുടങ്ങിയവ ലഭിച്ചിട്ടുണ്ട്.

*പ്രധാന കൃതികൾ*

അഭയം, അഷ്ടപദി, കാൽവരിയിലേക്ക് വീണ്ടും, ഒറ്റച്ചിലമ്പ്, മേഘച്ഛായ, വേനലിൽ പൂക്കുന്ന മരം, ഇലത്തുമ്പുകളിലെ മഴ, എന്റെ ഹൃദയത്തിന്റെ ഉടമ, ഒരു സങ്കീർത്തനം പോലെ, വാൾമുനയിൽ വച്ച മനസ്സ്, നാരായണം

### പദകോശം

**പ്രലോഭനം**

| | |
|---|---|
| അചോദയ | - പ്രേരിപ്പിച്ചു |
| അഭിമതം | - ആഗ്രഹം, ഇഷ്ടം |
| അഭിമുഖന്മാർ | - നേരേ വന്നവർ |
| അമർക്കും | - അടിച്ചമർത്തുന്ന, തോൽപ്പിക്കുന്ന |
| അമിത്രവീരന്മാർ | - ശത്രുക്കളായ വീരന്മാർ |
| ആശു | - വേഗം, പെട്ടെന്ന് |
| ഇഹതേ | - ഇവിടെ നിനക്ക് (ഇഹ + തേ) |
| ഒന്നുന്മിഷിതം | - ഒരു മിന്നാട്ടം (ഒന്ന് + ഉന്മിഷിതം) |
| കോപമത്സരവശംവദഃകലിർ | - കോപത്തിനും മത്സരത്തിനും കീഴടങ്ങിയ കലി |
| ജള്ളം(ൻ) | - മൂഢൻ, ഭോഷൻ |
| ഝടിതി | - പെട്ടെന്ന് |
| തവ | - നിന്റെ |
| തസ്യ | - അവന്റെ |
| തേ | - നിനക്ക് |
| ദുഷ്കരം | - ചെയ്യാൻ പ്രയാസമുള്ള |
| ദ്വാപരേണ സഹ | - ദ്വാപരന്റെ കൂടെ |
| ധരണി. | - ഭൂമി, പാര് |

നിൽക്കമെദീയമതേ - എന്റെ അഭിപ്രായത്തിൽ ഉറച്ചുനിൽക്കുക
പരിഷകൾ - കൂട്ടർ
പഴുതേ - പ്രയോജനമില്ലാതെ, വെറുതേ
ബാഹുജൻ - ക്ഷത്രിയൻ (ബാഹുവിൽനിന്നു ജനിച്ചവൻ)
മത്സഹായം - എന്റെ സഹായം (മദ് + സഹായം)
മുറ്റും - മുഴുവനും
മേദിനി - ഭൂമി
മേദിനീം ഗതഃ - ഭൂമിയിലേക്കു ചെന്നിട്ട്
വിക്രയം - പണയം വയ്ക്കാവുന്ന വിലയുള്ള വസ്തു
വെന്ന് - ജയിച്ച്
വൈരസേനി - വീരസേനന്റെ പുത്രൻ, നളൻ
വൈരി - ശത്രു
സാധന - ആരാധന / ആവർത്തിച്ചഭ്യസിച്ചുറക്കൽ
സമ്പ്രതി - ഇപ്പോൾ
സ്വാപതേയം - ധനം
സ്വാപദേ - തനിക്ക് ആപത്തിനായി
ഹരണായ - അപഹരണത്തിനായി

**യുദ്ധത്തിന്റെ പരിണാമം**

അക്ഷയലോകം - നാശമില്ലാത്ത ലോകം (സ്വർഗം)
അക്ഷൗഹിണി - ഒരു വലിയ സൈന്യവിഭാഗം. 21870 ആന, അത്ര തന്നെ തേര്, 65610 കുതിര, 109350 കാലാൾ ചേർന്നതാണ് ഒരു അക്ഷൗഹിണി.
അനുശാസനം - കൽപ്പന
അപാണ്ഡവായ - പാണ്ഡുവംശം മുടിയാൻ
അവജ്ഞ - വെറുപ്പ്, നിന്ദ
ആപാദിപ്പിച്ച് - കൈക്കൊണ്ട്
ആഭിജാത്യം - അഭിജാതന്റെ ഭാവം, കുലീനത
ഹൃഷീകേശൻ - ശ്രീകൃഷ്ണൻ, വിഷ്ണു
എപ്പിക് - Epic, ഇതിഹാസം
കച്ഛം - തീരം
കലാശം - അവസാനം
കാപുരുഷൻ - പൗരുഷമില്ലാത്തവൻ, നിന്ദ്യൻ
കുലപാംസനൻ - കുലം ദുഷിപ്പിക്കുന്നവൻ
കുശചീരങ്ങൾ - ദർഭയും മരവുരിയും
കൃഷ്ണദ്വൈപായനൻ - വ്യാസമുനി
കോപാശ്രു - കോപംകൊണ്ടുള്ള കണ്ണീർ

| | |
|---|---|
| ഗുരുഘാതി | - ഗുരുവിനെ കൊന്നവൻ |
| ചിരഞ്ജീവി | - എക്കാലവും ജീവിച്ചിരിക്കുന്നവൻ, പ്രളയകാലം വരെ നിലനിൽക്കുന്നവൻ |
| ചൂഡാമണി | - അശ്വത്ഥാമാവിന്റെ തലയിലുള്ള ഒരു രത്നം, ശിരസ്സിലണിയുന്ന രത്നം |
| ചൈതന്യം | - വീര്യം |
| ദുരാത്മാവ് | - ദുഷ്ടൻ, ദുർബുദ്ധി, വഷളൻ |
| ദേവദാനവനാഗരക്ഷഃപ്രഭൃതികൾ | - ദേവന്മാർ, അസുരന്മാർ, പാമ്പുകൾ, രാക്ഷസന്മാർ തുടങ്ങിയവർ |
| നിർവേദം | - ഒന്നിനോടും മമതയില്ലായ്മ |
| നിരാമയൻ | - ദുഃഖമില്ലാത്തവൻ, ഈശ്വരൻ |
| പക്ഷപാതം | - ഒരു പക്ഷത്തോടുമാത്രം ചേരൽ |
| പ്രഭാവം | - മഹിമ |
| പ്രമാദം | - വർധിച്ച ഭയം, ഓർമ്മക്കേട്, ശ്രദ്ധയില്ലായ്മ |
| പ്രായോപവേശം കൊള്ളുക | - ദർഭവിരിച്ച് അതിൽ കിടന്ന് മരണംവരെ നിരാഹാരം അനുഷ്ഠിക്കുക. |
| ഭാഗീരഥീകച്ഛം | - ഗംഗയുടെ തീരം |
| മഹാരഥൻ | - അസ്ത്രശസ്ത്രപ്രവീണനായി പതിനായിരം വില്ലാളികളോട് ഏകനായി നിന്ന് പൊരുതുന്നവൻ |
| മൂലോച്ഛേദം | - വേരോടെ ഇല്ലായ്മ ചെയ്യൽ |
| യജ്ഞം | - യാഗം |
| യുദ്ധശ്രാന്തൻ | - യുദ്ധംചെയ്ത് തളർന്നവൻ |
| വയോവീര്യോത്സാഹങ്ങൾ | - വയസ്സ്, വീര്യം, ഉത്സാഹം എന്നിവ |
| വ്യഥിതൻ | - ദുഃഖിതൻ |
| ശസ്ത്രം | - ആയുധം |
| ശസ്ത്രവ്യാധിക്ഷുധങ്ങൾ | - ആയുധം, രോഗം, വിശപ്പ് എന്നിവ |
| ശിബിരം | - പടകുടീരം |
| സഞ്ജയൻ | - ധൃതരാഷ്ട്രരുടെ മന്ത്രി |
| സത്വരം | - പെട്ടെന്ന് |
| സാനുജൻ | - അനുജനോടൊപ്പം |
| സുകൃതലോകം | - പുണ്യം ചെയ്തവരുടെ ലോകം |
| സുദുർലഭം | - വളരെ ദുർലഭമായ |
| സ്ഥിരസത്വൻ | - സ്ഥിരമനസ്കൻ, സ്ഥിരതയുള്ളവൻ |
| സമന്തപഞ്ചകം | - പരശുരാമൻ സ്ഥാപിച്ച ഒരു പുണ്യതീർഥം. |
| സ്വപ്രത്യയസ്ഥൈര്യം | - സ്വന്തം വിശ്വാസത്തിൽ (അഭിപ്രായത്തിൽ) ഉറച്ചുനിൽക്കുന്ന സ്വഭാവം |
| സ്വസ്തി | - മംഗളംഭവിക്കട്ടെ; ആശിർവാദം |
| ഹൃദയോന്നതി | - മനസ്സിന്റെ വലുപ്പം |

**ഒരു സങ്കീർത്തനം പോലെ**

| | |
|---|---|
| അധോതലം | - അടിത്തട്ട് |
| അന്ധതമസ്സ് | - കൂരിരുട്ട് |
| അനാദി | - ആരംഭമില്ലാത്ത, നിത്യമായ |
| ഉദയപൂർവനിമിഷം | - ഉദയത്തിനു മുമ്പുള്ള സമയം |
| ഏകാകിത | - ഒറ്റയ്ക്കാവുന്ന അവസ്ഥ |
| കുടിലത | - ചതിവ് |
| ക്ഷതം | - മുറിവ് |
| ചാപല്യം | - ഇളക്കം |
| നിഗൂഢത | - മറഞ്ഞിരിക്കുന്നത് |
| പ്രാരബ്ധം | - ബുദ്ധിമുട്ട് |
| മിഥ്യാധാരണ | - തെറ്റായ ധാരണ |
| വിജനത | - ജനമില്ലാത്ത അവസ്ഥ |
| വിനാഴിക | - നാഴികയുടെ അറുപതിലൊരു പങ്ക് (24 സെക്കന്റ്) |
| സങ്കീർത്തനം | - സ്തുതി |



പഠനനേട്ടങ്ങൾ

- ക്ലാസിക്കൃതികളിലെ സന്ദർഭങ്ങൾ പരിചയപ്പെടുന്നു. അതുവഴി ലോകക്ലാസിക്കുകൾ വായിക്കാനും താരതമ്യം ചെയ്യാനുമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- അർഥബോധം, ശബ്ദക്രമീകരണം, ഭാവം, ഒഴുക്ക് എന്നിവയോടെ ഗദ്യപദ്യപാഠങ്ങൾ വായിച്ചവതരിപ്പിക്കുന്നു.
- പാഠഭാഗങ്ങൾ വായിച്ച് അവയിലെ പ്രമേയം, ഭാഷ, സാമൂഹികപ്രസക്തി, ജീവിതവീക്ഷണം എന്നിവ ഉൾക്കൊണ്ട് വിശകലനക്കുറിപ്പ്, താരതമ്യക്കുറിപ്പ് തുടങ്ങിയവ തയാറാക്കുന്നു.
- കഥകളി കണ്ടും ആട്ടക്കഥകൾ വായിച്ചും ആസ്വദിച്ച് കൂടുതൽ അന്വേഷണം നടത്തി വിവരങ്ങൾ ശേഖരിച്ച് സെമിനാർ പ്രബന്ധം തയാറാക്കി അവതരിപ്പിക്കുന്നു.
- ഗദ്യപദ്യപാഠങ്ങളിലെ പദച്ചേരുവകൾ, പ്രയോഗങ്ങൾ എന്നിവയുടെ പ്രത്യേകതകൾ മനസ്സിലാക്കി കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തുന്നു.
- യുദ്ധവും മറ്റു സംഘർഷങ്ങളും സൃഷ്ടിക്കുന്ന കൊടുംവിനാശം തിരിച്ചറിഞ്ഞ് അവയ്ക്കെതിരേ പ്രതികരിക്കാനും സമാധാനത്തിന്റെ സന്ദേശം പ്രചരിപ്പിക്കാനും ഉതകുന്ന പ്രവർത്തനങ്ങളിൽ (ചർച്ച, പ്രഭാഷണം, പ്രബന്ധം) ഏർപ്പെടുന്നു.

# 4 വാക്കുകൾ സർഗതാളങ്ങൾ



ആ പ്രായത്തിലാണ്,
എന്നെത്തേടി
കവിത വന്നണഞ്ഞത്.
എനിക്കറിയില്ലാ,
എവിടെ നിന്നാണത് വന്നെത്തിയ-
തെന്നെനിക്കറിയില്ല.
കുളിർത്തുവിറയ്ക്കുന്ന ശിശിരത്തിൽനിന്നോ
പതഞ്ഞൊഴുകുന്ന നദിയിൽനിന്നോ
എങ്ങനെയാ,ണെപ്പോളാണെന്നും
എനിക്കറിയില്ല...

- പാബ്ലോ നെരൂദ

കവിതയുടെ വരവിനെപ്പറ്റി കവി നമ്മോടു പറയുന്നതെന്ത്? ചർച്ചചെയ്യുക.



# അക്കർമാശി

കുമാർമാമ രാവിലെ ഒരു കപ്പ് ചായയും കഴിച്ചിറങ്ങിയാൽ പിന്നെ വൈകുന്നേരം വൈകിയാണ് തിരിച്ചെത്തിയിരുന്നത്. എന്നും അയാളെന്നെ സിനിമയ്ക്ക് കൊണ്ടുപോകാമെന്ന് പറയും. ഞാനതുവരെ സിനിമ കണ്ടിട്ടില്ലായിരുന്നു. വൈകുന്നേരങ്ങളിൽ ഞാൻ ശാന്തമുത്തശ്ശിയോടൊപ്പം പഴംവച്ച വണ്ടി ഉന്തിനടക്കും. അതിനാൽ പട്ടണത്തിലൊക്കെ ചുറ്റിനടക്കാൻ കഴിഞ്ഞു. ഷോലാപൂരിൽ ഞാൻ ആദ്യമായി എത്തിയതായിരുന്നു. ‘പഴം... പഴം...’ വണ്ടി തള്ളുന്നതിനിടയിൽ ശാന്തമുത്തശ്ശി ഉറക്കെ വിളിച്ചുപറയുന്നുണ്ടാവും. പഴം വാങ്ങാനെത്തുന്ന ചില പെണ്ണുങ്ങൾ എന്നെപ്പറ്റി അന്വേഷിക്കുന്നതു കേൾക്കുമ്പോൾ എനിക്കൽപ്പം സുഖം തോന്നും.

എന്നും പണിക്കുപോകുന്നതുപോലെ കുമാർമാമ വീട്ടിൽ നിന്നിറങ്ങും. പക്ഷേ, അയാളെ എന്നോ

ജോലിയിൽനിന്ന് പിരിച്ചുവിട്ടിട്ടുണ്ടായിരുന്നു. പകൽ മുഴുവനും എവിടെ കറങ്ങിനടക്കുകയാണെന്നാർക്കറിയാം? അയാൾ വീട്ടിലെത്തുന്നതിനു മുൻപുതന്നെ അയാൾക്ക് കടം കൊടുത്തവർ വീട്ടിലെത്തിയിരിക്കും. അവർ ബഹളമുണ്ടാക്കും. പൈസയ്ക്കുവേണ്ടി ശാന്തമുത്തശ്ശിയെ ശല്യപ്പെടുത്തും. ശാന്താ ആത്യാ പഴം വാങ്ങിയിരുന്ന കച്ചവടക്കാരനുമായി പലപ്പോഴും വഴക്കടിക്കും. അയാളുടെ കച്ചവടം മോശമാണെന്നും മാർക്കറ്റിൽ അയാൾക്കുണ്ടായിരുന്ന നല്ല പേര് നഷ്ടമാകുന്നുവെന്നുമൊക്കെ പറയും. ഒടുക്കം ഒരു ദിവസം ശാന്തമുത്തശ്ശി പഴക്കച്ചവടം നിർത്തി. ഒരു പഴയ ചാക്ക് തോളിലിട്ട് പാതയിലും പറമ്പിലുമൊക്കെ നടന്ന് പലതും പെറുക്കിക്കൂട്ടി വിറ്റുതുടങ്ങി.

ശാന്താ ആത്യയുടെയും കുമാർമാമയുടെയും ജീവിതങ്ങൾ വഴിമുട്ടിനിന്നു. ദിവസേന, പൊട്ടിയ കുപ്പിയും കീറക്കടലാസും പഴന്തുണിയുമൊക്കെ പെറുക്കിനടന്ന് വിറ്റില്ലെങ്കിൽ അന്നന്നത്തെ ആഹാരത്തിന് വഴിയില്ലാത്ത അവസ്ഥയിലായി അവർ. കുമാറിന് വരുമാനമൊന്നുമുണ്ടായിരുന്നില്ല. ശാന്താ ആത്യായുടെ കൂടെ ഞാനും ചവറുപെറുക്കാൻ പോയി. ഞാൻ ചവർക്കൂമ്പാരത്തിൽ കൈയിട്ടിളക്കും. എല്ലാം കീഴ്മേൽ മറിച്ചിടും. കിട്ടിയതെല്ലാം ശാന്തമുത്തശ്ശിക്കു കൊടുക്കും. ചിലപ്പോൾ ചില കടലാസുപൊതികൾ കിടക്കുന്നതു കാണാം. അകത്തെന്തെങ്കിലും കാണുമെന്ന് കരുതി തുറന്നുനോക്കുമ്പോഴാണ് അതിൽ മനുഷ്യമലമാണെന്നു മനസ്സിലാവുക. മിഠായി പൊതിയുന്ന കടലാസുകൾ കണ്ടാൽ എന്റെ വായിൽ വെള്ളമൂറും. എപ്പോഴെങ്കിലും ഒരു നല്ല കടലാസ് കണ്ടെത്തിയാൽ എനിക്ക് വലിയ സന്തോഷം തോന്നും. ഞാനത് നിവർത്തി വായിക്കാൻ തുടങ്ങുമ്പോഴേക്കും ശാന്തമുത്തശ്ശി ഉറക്കെ വിളിച്ചുപറയും: "എന്താ നീ വായിക്കണത്? അതിങ്ങു താ."



ചവറിൽ പുതഞ്ഞുകിടക്കുന്ന കീറക്കടലാസുകൾ ഒരുവശത്തും ഞങ്ങളുടെ നിത്യസുഹൃത്തായ വിശപ്പ് മറുവശത്തും. കീറക്കടലാസുകളും മറ്റു സാധനങ്ങളും തൂക്കിവിൽക്കുകയാണ് പതിവ്. ചവറുകൾക്കു പകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെ

ന്നെനിക്കു തോന്നി. എത്ര തൂക്കമുണ്ടാകുമെന്നറിയാമല്ലോ! ഒരുപക്ഷേ, ഞങ്ങളുടെ വിശപ്പും വയറും മാത്രമല്ല, ഞങ്ങളെയും ത്രാസിൽ വച്ച് തൂക്കിനോക്കണം. ദിവസം മുഴുവനും അലഞ്ഞുനടന്ന് വാരിക്കൂട്ടുന്ന ചവറിന്റെ തൂക്കവും വിലയുമെങ്കിലുമുണ്ടോ ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക്?

* * * *

എന്റെ സ്കൂൾ വിദ്യാഭ്യാസം ചുങ്കിയിലും പിന്നീട് ചപൾഗാവിലുമായാണ് നടന്നത്. ചുങ്കിയിലേക്ക് ദിവസവും വീട്ടിൽനിന്ന് നടന്നുപോകുമായിരുന്നു. എന്നാൽ ചപൾഗാവിലെ സ്കൂളിൽ എന്നെ ബോർഡിങ്ങിൽ ചേർത്തു. ഇങ്ങനെ ചെയ്യാൻ പ്രേരിപ്പിച്ച പ്രധാന കാരണം, ചുങ്കിയിലെ സ്കൂളിലായിരുന്നപ്പോൾ ഞാൻ ഇടയ്ക്കിടെ മുങ്ങിനടക്കുമായിരുന്നു. ചപൾഗാവിൽ ഇങ്ങനെ മുങ്ങാൻ വഴിയില്ലായിരുന്നു. വീട്ടിൽ താമസിക്കുമ്പോലെയുള്ള സ്വാതന്ത്ര്യമൊന്നും അവിടെ കിട്ടുമായിരുന്നില്ല. പല സ്ഥലങ്ങളിൽ നിന്നെത്തിയ കുട്ടികളോടൊത്താണ് അവിടെ കഴിയേണ്ടിവന്നത്. കാലത്തെഴുന്നേറ്റാൽ ഉടനെ ചായ കുടിക്കണമെന്ന ശീലം പോലും ചപൾഗാവിൽ ചെന്നതോടെ ഇല്ലാതായി.

ഞാൻ ചെറിയ കുട്ടിയായിരുന്നപ്പോൾ കാണാറുള്ള ദാദായുടെ 'നമസ്കാര' ചടങ്ങുകൾ എന്നെ ആകർഷിച്ചിരുന്നു. പിൽക്കാലത്ത് സന്താമായി അംബാ ലക്ഷ്മി ഭഗവതിമാരെ പൂജിക്കുന്നതും പ്രാർഥിക്കുന്നതും എന്നിൽ കൗതുകമുണർത്തിയിട്ടുണ്ട്. കാക്കായുടെ പുരാണപാരായണങ്ങളും മന്ത്രോച്ചാരണങ്ങളുമെല്ലാം എന്നെ സ്വാധീനിച്ചിരുന്നു. പക്ഷേ, ഞാൻ ചപൾഗാവിലെ ബോർഡിങ് സ്കൂളിലേക്കു മാറി



യതോടെ ഇത്തരം സ്വാധീനങ്ങളും ഓർമ്മകളും എല്ലാം എന്റെ മനസ്സിൽ നിന്ന് ക്രമേണ അപ്രത്യക്ഷമായി. എനിക്കു ചുറ്റും എപ്പോഴും ദലിത് സമുദായക്കാരായ കുട്ടികളാണുണ്ടായിരുന്നത്. ബുദ്ധമതം എന്നെ സ്വാധീനിച്ചു തുടങ്ങിയിരുന്നു.

ചപൾഗാവിൽ പഠനമല്ലാതെ മറ്റൊരു കാര്യത്തിലും ഇടപെടാൻ എനിക്കു കഴിഞ്ഞില്ല. ഗണിതത്തിലും ചിത്രരചനയിലും എനിക്കുണ്ടായിരുന്ന താൽപ്പര്യം കുറഞ്ഞു. എന്റെ ഇംഗ്ലീഷ് കുറേക്കൂടി മെച്ചപ്പെട്ടു. ക്ലാസിലെ മിടുക്കരായ കുട്ടികളിൽ ഒരുവനായിരുന്നു ഞാൻ. എന്റെ കൂട്ടുകാർ അത്തരം കുട്ടികളായിരുന്നു. അധികസമയവും ഞാൻ അവരോടൊത്ത് ചെലവഴിച്ചു.

രാത്രിയിൽ സന്താമായിയോടു ചേർന്നു കിടന്നുറങ്ങുന്ന ശീലമായിരുന്നു എനിക്ക്. ഞാൻ ഉപരിപഠനത്തിനായി ചപൾഗാവിൽ പോയതോടെ സന്താമായിക്ക് വല്ലാത്ത ഏകാന്തത തോന്നി. ഒരിക്കൽ അവർ വീട്ടിൽനിന്ന് ചപൾഗാവ് വരെ കാൽനടയായി വന്നു; എന്നെ കാണാൻ വേണ്ടി മാത്രം. തലേന്നു രാത്രി അവർ എന്നെ സ്വപ്നം കണ്ടിരുന്നുവത്രേ. എന്റെ വീട്ടിൽ നിന്ന് നാലുമൈൽ അകലെയാണ് ചപൾഗാവ്. അറുപതു പൈസയായിരുന്നു ബസ്കൂലി. അതു കൊടുക്കാൻ അവരുടെ കൈയിൽ കാശുണ്ടായിരുന്നില്ല. ഞങ്ങൾക്കൊക്കെ അത് വലിയ സംഖ്യതന്നെയായിരുന്നു. അതു കൊടുക്കാനില്ലാത്തതിനാൽ ഞങ്ങൾ അങ്ങോട്ടുമിങ്ങോട്ടും നടക്കാറാണ് പതിവ്.

അന്ന് ആ ദൂരം മുഴുവനും സന്താമായി നടന്നെത്തിയത് എന്നെയൊന്നു കാണാൻ മാത്രമായിരുന്നു. വരുമ്പോൾ കൈയിൽ ഒരു ജോഡി പഴയചെരുപ്പും ഉണ്ടായിരുന്നു. ഹാനൂരിലെ ബസ്സ്റ്റാന്റിൽ ആരോ മറന്നിട്ടുപോയതായിരുന്നു. അടിച്ചുവാരുമ്പോൾ സന്താമായി കണ്ടതാണ്. അത് നാഗിക്കോ നിർമിക്കോ കൊടുക്കാതെ എനിക്കായിത്തന്നെ കൊണ്ടുവന്നിരിക്കുന്നു! ഒരു ചെരുപ്പിന്റെ, പെരുവിരൽ  ഇടാനുള്ള തോൽവളയം പൊട്ടിപ്പോയിരുന്നു. എങ്കിലും ചെരുപ്പെനിക്ക് പാകം തന്നെയായിരുന്നു. കാലിലിട്ടപ്പോഴാണ് അത് പെണ്ണുങ്ങളുടെ ചെരുപ്പാണെന്ന് മനസ്സിലായത്. ഞാനും സന്താമായിയും ബസ്സ്റ്റാന്റിലേക്കു നടന്നു.

വാറുപൊട്ടിയ ചെരുപ്പ് അവിടെയുള്ള ചെരുപ്പുകുത്തിയെക്കൊണ്ട് നന്നാക്കിക്കാൻ പറഞ്ഞു സന്താമായി. എന്നാൽ സന്താമായി ഒരു 'മഹാർ' ആണെന്നു മനസ്സിലായപ്പോൾ ചെരുപ്പുകുത്തി ചെരുപ്പ് തുന്നാൻ കൂട്ടാക്കിയില്ല. അതിനാൽ ഞാനതു നന്നാക്കാതെ തന്നെ കാലിലിട്ടു. പെണ്ണുങ്ങളുടെ ചെരുപ്പിട്ടു നടക്കുന്നു എന്നു പറഞ്ഞ് എന്റെ ചങ്ങാതിമാർ എന്നെ കളിയാക്കി. എന്നാലവരുടെ കാലിൽ അതുമില്ലായിരുന്നു. ഞാൻ പത്താം ക്ലാസിൽ പഠിക്കുമ്പോൾ ഒരിക്കൽ വഴിയിൽനിന്ന് എനിക്ക് മുപ്പതു രൂപ വീണുകിട്ടി. ആ രൂപ ഞാനെടുക്കുന്നത് എന്റെ കൂട്ടുകാരൻ പിർജാദെ കണ്ടിരുന്നു. അവൻ പറഞ്ഞു:

"നമുക്ക് പപ്പാതിയെടുക്കാം. അക്കൽകോട്ടിൽ പോയി സിനിമ കാണാം."

കുറച്ചുദൂരം ഞങ്ങളൊരുമിച്ചു നടന്നു. ഞാനാ നിർദേശത്തെപ്പറ്റി ആലോചിച്ചുനോക്കിയെങ്കിലും എനിക്കതു സ്വീകാര്യമായി തോന്നിയില്ല. അപ്പോൾ അവൻ വീണ്ടും പറഞ്ഞു: "എന്നാലൊരു കാര്യം ചെയ്യാം. നിനക്കല്ലേ രൂപ



കിട്ടിയത്. അതിനാൽ നീ ഇരുപതെടുത്തോ. പത്തുരൂപ എനിക്ക് തന്നാ മതി. ഞാനാരോടും ഒന്നും പറയില്ല."

ആ പറഞ്ഞതും എനിക്കിഷ്ടമായില്ല. ഞാൻ ആലോചിച്ചു നിൽക്കുന്നതിനിടയിൽ സ്കൂളിൽ മണിയടിച്ചു. ക്ലാസുകൾ തുടങ്ങുന്നതിനു മുൻപ് സ്കൂളിൽ 'അസംബ്ലി' ഉണ്ടാകും. സ്കൂൾഗ്രൗണ്ടിൽ എല്ലാവരും കൂടി നിന്ന് ദേശീയഗാനം പാടും. പിന്നെ ഒരുമിച്ച് പ്രതിജ്ഞയെടുക്കും. അധ്യാപകരും വിദ്യാർഥികളും ഈ അവസരത്തിൽ അനങ്ങാതെ നിൽക്കും. അന്ന് പ്രാർഥന കഴിഞ്ഞയുടൻ ഞാൻ നേരെ ചെന്ന് ഹെഡ്മാസ്റ്ററെ കണ്ടു. വീണുകിട്ടിയ പൈസ മുഴുവനും അദ്ദേഹത്തെ ഏൽപ്പിച്ചു. എന്റെ സത്യസന്ധതയിൽ സന്തുഷ്ടനായ അദ്ദേഹം അപ്പോൾത്തന്നെ ഉച്ചഭാഷിണിയിലൂടെ എന്നെ പരസ്യമായി അഭിനന്ദിച്ചു. അക്കൊല്ലം ഞങ്ങളുടെ ക്ലാസ് കായികമത്സരങ്ങളിൽ തോറ്റുപോയിരുന്നു. ഹെഡ്മാസ്റ്റർ എന്നെ എല്ലാവരുടെയും മുൻപിൽ വച്ച് അഭിനന്ദിച്ചതിനുശേഷം ഞാൻ എന്റെ ക്ലാസിലെത്തിയപ്പോൾ ക്ലാസ്ടീച്ചർ ഹീരെ മറ് ക്ലാസ് തുടങ്ങിക്കഴിഞ്ഞിരുന്നു. എന്നെ കണ്ടയുടൻ അദ്ദേഹം കുറച്ചുനേരം അധ്യയനം നിർത്തിവച്ചു. പിന്നെ പറഞ്ഞു:

"ഇക്കൊല്ലം നമ്മൾ സ്പോർട്സിൽ തോറ്റുപോയി, സാരമില്ല. എന്നാൽ ഈ കുട്ടി, ലിംബാളെ കാണിച്ച സത്യസന്ധതയുണ്ടല്ലോ, അത് ഈ ക്ലാസിന്റെ മുഴുവനും വിജയമാണ്." എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പതു രൂപയേക്കാൾ എത്രയോ വലുതായിരുന്നു.

അക്കർമാശി (ശരൺകുമാർ ലിംബാളെ)
*വിവർത്തനം - കാളിയത്ത് ദാമോദരൻ*

"മുൻപിതാക്കൾക്കു വന്ന
ദുഃഖവാർത്തകൾ കേൾപ്പിൻ
എൻ പ്രിയ സോദരരേ
അടിമവേലകൾ ചെയ്ത്
ഇടയില്ലാതടിയേറ്റു
കഷ്ടപ്പെട്ടു വലഞ്ഞേ
താതനേ ഒരിടത്തും
മാതാവേ വേറിടത്തും
കുട്ടികൾ അനാഥരായ്
മഴമഞ്ഞുവെയിലേറ്റ്
ഒട്ടേറെ വലഞ്ഞവർ
ഭക്ഷണം കിട്ടുന്നില്ല
താഴുകൾ തുടലുകൾ
ഇട്ടവർ പൂട്ടിക്കെട്ടി
മുൾക്കമ്പാൽ അടിച്ചിടുന്നു."

*(പൊയ്കയിൽ അപ്പച്ചന്റെ പാട്ടുകൾ)*

പാട്ടിലെ വരികൾ ശ്രദ്ധിച്ചല്ലോ. ഇത്തരത്തിലുള്ള ദുരിതങ്ങളും വിവേചനങ്ങളും പാഠഭാഗത്തു വിവരിച്ചിട്ടുണ്ട്. കണ്ടെത്തി അവതരിപ്പിക്കുക.

"വൈകുന്നേരങ്ങളിൽ ഞാൻ ശാന്തമുത്തശ്ശിയോടൊപ്പം പഴംവച്ച വണ്ടി ഉന്തി നടക്കും. പഴം...പഴം... വണ്ടി തള്ളുന്നതിനിടയിൽ ശാന്തമുത്തശ്ശി ഉറക്കെ വിളിച്ചു പറയുന്നുണ്ടാകും."

ശാന്താ ആത്യയുടെ ജീവിതപരിസരം പാഠസന്ദർഭത്തിൽനിന്ന് കണ്ടെത്തി എഴുതുക.

"എന്നും അയാളെന്നെ സിനിമയ്ക്കു കൊണ്ടുപോകാമെന്ന് പറയും."
"നമുക്ക് പപ്പാതിയെടുക്കാം, അക്കൽകോട്ടിൽ പോയി സിനിമ കാണാം."
"എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പതു രൂപയേക്കാൾ എത്രയോ വലുതായിരുന്നു."

ലിംബാളെയുടെ ജീവിതാനുഭവം പരിചയപ്പെട്ടല്ലോ. അദ്ദേഹത്തിന്റെ നിലപാടിൽ വെളിപ്പെടുന്ന സന്ദേശമെന്താണ്? കുറിപ്പ് തയാറാക്കുക.

"ചവറുകൾക്കു പകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കു തോന്നി."
ലിംബാളെയുടെ ജീവിതപശ്ചാത്തലം വ്യക്തമാക്കാൻ ഇത്തരം പ്രയോഗങ്ങൾ എത്രമാത്രം ശക്തമാണെന്ന് പാഠഭാഗത്തിന്റെ പശ്ചാത്തലത്തിൽ വിവരിക്കുക.

"പണപ്പായസത്തിനു ശർക്കര പൊതിഞ്ഞുകൊണ്ടു വന്ന കടലാസ് തിടപ്പള്ളിയുടെ മേപ്പടിക്കുണ്ടിൽ സൂക്ഷിച്ചുവച്ചിരുന്നത് ആളൊഴിഞ്ഞ സമയത്ത് ഞാനെടുത്തു വായിക്കാൻ തുടങ്ങി. ഏതാനും ഭാഗം കീറിയും ശർക്കര കിനിഞ്ഞതുകൊണ്ട് ഒട്ടിപ്പിടിച്ചും വൃത്തികെട്ട ആ കടലാസ് തിരിച്ചും മറിച്ചും പരിശോധിക്കുന്നതിനിടയിൽ തലപൊക്കി നിൽക്കുന്ന ഒരു മൃഗത്തിന്റെ ചിത്രമുള്ള പരസ്യം കണ്ണിൽപ്പെട്ടു. അതിന്നടിയിൽ വലിയ അക്ഷരത്തിൽ അച്ചടിച്ചിരുന്ന 'മാൻ മാർക്ക് കുട' എന്ന വാക്യം ആദ്യമായി പണിപ്പെട്ടു വായിച്ചപ്പോൾ എന്റെ മനസ്സിൽനിന്നൊരു ആഹ്ലാദധ്വനി വിനിർഗളിക്കുകയുണ്ടായി. 'മാൻമാർക്ക് കുട' എന്ന ആ ശബ്ദം എത്രതവണ ഞാൻ ഉറക്കെ ആവർത്തിച്ചു എന്നു പറയാനാവില്ല."

– കണ്ണീരും കിനാവും (വി.ടി. ഭട്ടതിരിപ്പാട്)

- "ശാന്താ ആത്യയുടെ കൂടെ ഞാനും ചവറുപെറുക്കാൻ പോകും. ഞാൻ ചവറ് കൂമ്പാരത്തിൽ കൈയിട്ടിളക്കും."
- "എപ്പോഴെങ്കിലും ഒരു നല്ല കടലാസ് കണ്ടെത്തിയാൽ എനിക്കു വലിയ സന്തോഷം തോന്നും. ഞാൻ അത് നിവർത്തി വായിക്കാൻ തുടങ്ങും."

ഈ രണ്ടു ജീവിതസന്ദർഭങ്ങൾ വിലയിരുത്തുന്നതിലൂടെ അക്ഷരങ്ങൾ തുറന്നുകൊടുത്ത ലോകം ഈ എഴുത്തുകാരുടെ ജീവിതത്തെ എങ്ങനെ സ്വാധീനിച്ചുവെന്ന് വ്യക്തമാകും. 'വായനയുടെ സാധ്യതകൾ' എന്ന വിഷയത്തെക്കുറിച്ച് ഒരു പ്രഭാഷണം തയാറാക്കി അവതരിപ്പിക്കുക.

പാഠഭാഗത്തു തെളിയുന്ന സാമൂഹികജീവിതത്തെക്കുറിച്ച് വിവരണം തയാറാക്കുക.

താഴെ കൊടുത്തിട്ടുള്ള പദങ്ങൾ അർഥവ്യത്യാസം വരാതെ വിഗ്രഹിച്ചെഴുതുക.

- പഴക്കട –
- തീവണ്ടി –
- വിശിഷ്ടനിമിഷം –
- മഹാകവി –

വിഗ്രഹിച്ചപ്പോൾ ഉണ്ടായ മാറ്റം ചർച്ചചെയ്യുക. കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

# ഞാൻ കഥാകാരനായ കഥ

**ഞാൻ** ഹൈസ്കൂളിൽ വിദ്യാർഥിയായിരുന്ന കാലത്ത് ഉണ്ടായ ഒരു സംഭവമാണ് എന്നെ ചെറുകഥകളെഴുതാൻ പ്രേരിപ്പിച്ചത്.

മകനെ സുഖമായി വളർത്താനും വിദ്യാഭ്യാസം ചെയ്യിക്കാനും വേണ്ടി തന്റെ സകല മുതലും വിറ്റ്, പോരാതെ അയൽവീടുകളിൽ ഭൃത്യപ്പണി ചെയ്ത് വളരെ കഷ്ടങ്ങളനുഭവിച്ച അക്ഷരജ്ഞാനമില്ലാത്ത ഒരു വൃദ്ധമാതാവ്. അമ്മ ആഗ്രഹിച്ചതുപോലെ ആ മകൻ ഒരു ചെറിയ ഉദ്യോഗസ്ഥനായി; ഒടുവിൽ ഒരു ഉദ്യോഗസ്ഥയിൽ അനുരക്തനുമായി, ആ പ്രേമസത്വത്തെയുംകൊണ്ട് അകലെയൊരിടത്ത് അമ്മയെയുപേക്ഷിച്ചു സുഖിക്കുകയാണ്. നിസ്സഹായതയിലും പട്ടിണിയിലും വലയുന്ന ആ തള്ള തന്റെ മകന്റെ മനസ്സിളക്കാൻ വേണ്ടി നീണ്ട കത്തെഴുതിയയ്ക്കാൻ എന്റെയടുക്കൽ വന്നുകൊണ്ടിരുന്നു.

ഞാൻ സ്കൂളിലേക്ക് 'ഹോംവർക്ക്' ചെയ്തുകൊണ്ടിരിക്കെ, പാവം! ആ തള്ള, ഏതോ സ്റ്റേഷനറിപ്പീടികയിലെ മുളങ്കോലിൽ തൂങ്ങിക്കിടന്നേടത്തുനിന്നു വാങ്ങിയ, മണ്ണുപറ്റി മഞ്ഞച്ച, ഒരു വരയൻ 'കത്തുകടലാസ്സും' ഒരു മുദ്ര ലക്കോട്ടും ഒരു കൈയിൽ പിടിച്ച്, മറ്റേ കൈകൊണ്ടു കോണിപ്പടി തപ്പിത്തപ്പി എന്റെ മാളികയിലെ വ്രാന്തയിലേക്കു കയറിവരുന്ന ആ രംഗം ഞാനിപ്പോഴും മുൻപിൽ കാണുന്നു. അവർ കവറും കത്തുകടലാസ്സും എന്റെ മേശപ്പുറത്തു സ്ഥാപിച്ചു നിലത്തു മുട്ടുമടക്കി ഇരുന്ന് തന്റെ കഷ്ടപ്പാടുകളും മകനുവേണ്ടി താൻ ചെയ്ത ത്യാഗങ്ങളും ഓരോന്നായി എണ്ണിയെണ്ണി എന്നെ കേൾപ്പിക്കും. മാറത്തിട്ട കീറമുണ്ടിന്റെ അറ്റംകൊണ്ട് കണ്ണുനീർ തുടച്ചും മൂക്കുപിഴിഞ്ഞുംകൊണ്ട് അവർ പറയും: "അവന്നു വയറു നിറയെ ഉണ്ണാൻ വേണ്ടി ഞാൻ പഷ്ണികിടന്നതും അവന്നു ഷ്കൂളിലേക്ക് ഒരു വരക്കോലും ഷ്കൂറ് പെട്ടിയും (Instruments Box) വാങ്ങാൻ പൈസയില്ലാതെ ഞാൻ എന്റെ അരയിലെ ഏലസ്സിനകത്തു പണ്ടുപണ്ടേ കിടന്നിരുന്ന ഒരു



പൊൻപണം തൂക്കിവിറ്റതും മറ്റും അവന്ന് ഓർമ്മയുണ്ടോ എന്നൊന്നെഴുതിച്ചോദിക്കൂ. ഇപ്പോൾ അവന്ന് എന്നെ കണ്ടുകൂടാതായി. അവൻ എന്നെ 'കുഠം' പിടിച്ച പട്ടിയെപ്പോലെ ആട്ടിപ്പായിച്ചു. അവന്റെ മനസ്സൊന്നിളക്കാൻ, എന്റെ മോൻ (ഇത് എന്നെ ഉദ്ദേശിച്ചാണ്) ഇതെല്ലാം ഒന്നെഴുതി അയയ്ക്കണം. ദൈവത്തെ മറന്നു കളിക്കണ്ടാ എന്നും പറയണം." അക്ഷന്തവ്യമായ കൃതഘ്നതയോടെ പെരുമാറിയ തന്റെ പുത്രനോട് ആ തള്ളയ്ക്ക് ഒട്ടും വിദ്വേഷമില്ലായിരുന്നു.

എനിക്ക് ആ വൃദ്ധയുടെ പരിതസ്ഥിതിയിൽ വലിയ സഹതാപം തോന്നി. അവർ കണ്ണീരിൽക്കലർത്തിപ്പറഞ്ഞ കഥകൾ എന്നെ വികാരപരവശനാക്കി. അവർ പറഞ്ഞതെല്ലാം പാകപ്പെടുത്തി, സ്വന്തം വകയായി ചില സരസ്വതീവിലാസങ്ങളും ചേർത്ത് ഞാൻ ആ മടയനായ മകനു തുടരത്തുടരെ കത്തുകൾ എഴുതി അയച്ചു.

രണ്ടുമൂന്നു മാസം കഴിഞ്ഞപ്പോൾ അവൻ അമ്മയ്ക്ക് ഭാര്യ അറിയാതെ സ്വകാര്യമായി കുറേശ്ശെ പണം അയച്ചുതുടങ്ങി. അവന്ന് ഒടുവിൽ തന്റേടമുദിച്ചതുകൊണ്ടോ, അതല്ല എന്റെ കത്തുകളിലെ വാക്ചാതുര്യംമൂലം മനസ്സിളകിയതുകൊണ്ടോ എന്നറിഞ്ഞുകൂടാ, ഒടുവിൽ പറഞ്ഞതാണ് വാസ്തവമെന്ന് ബാലസഹജമായ അഭിമാനത്തോടെ ഞാനന്നു വിശ്വസിച്ചു. ആ മകൻ ഒരിക്കൽ അമ്മയെക്കാണാൻ വരുകകൂടി ചെയ്തു. അപ്പോൾ അവൻ അമ്മയോട് ആരാണ് അവർക്ക് ഈ കത്തുകളെല്ലാം എഴുതിക്കൊടുക്കുന്നത് എന്നു ചോദിച്ചതായും ഒരു 'ഷ്കോൾക്കുട്ടി'യാണെന്ന് തള്ള മറുപടി പറഞ്ഞതായും അറിഞ്ഞു. അപ്പോൾ എന്റെ അഭിമാനം ഉച്ചകോടിയിലെത്തിപ്പോയി.

ഏറെക്കാലം മകന്റെ സംഭാവനകൊണ്ടു സുഖിക്കാൻ കഴിയുന്നതിനുമുൻപ് ആ തള്ള നിത്യശാന്തിയും തേടി മണ്ണിന്നടിയിലേക്കു പോയി. മുക്കാലും കുരുടിയായിരുന്ന ആ മുത്തിത്തള്ളയാണ് ചെറുകഥാരചനയിൽ എന്റെ ആദ്യത്തെ ഗുരുനാഥ. അവരുടെ മകന് അന്ന് ഞാനെഴുതിയ കത്തുകളാണ് എന്റെ ആദ്യത്തെ 'ചെറുകഥകൾ' എന്നും പറയാം. ചെറുകഥകൾകൊണ്ടു മറ്റാളുകളുടെ മനസ്സിളക്കാൻ എനിക്കു കഴിഞ്ഞിട്ടുണ്ടോ എന്നെനിക്കറിഞ്ഞുകൂടാ. പക്ഷേ, എരിയുന്ന നെഞ്ഞും പൊരിയുന്ന വയറുമായി നരകിക്കുന്ന ഒരു ദരിദ്രമാതാവിന്റെ അന്ത്യകാലത്തെ കുറഞ്ഞൊന്ന് ആശ്വസിപ്പിക്കാനും പ്രേമാന്ധനായി വഴിപിഴച്ച ഒരു യുവാവിനെ മാതൃഹൃദയത്തിന്റെ ഒരു ചിത്രം വരച്ചുകാണിച്ചു മനസ്സിളക്കിത്തീർക്കാനും ഒരിക്കൽ എനിക്കു സാധിച്ചിട്ടുണ്ട് എന്നു ഞാൻ അഭിമാനത്തോടെ വിശ്വസിക്കുന്നു.

ഈ കഥയ്ക്ക് ഒരനുബന്ധംകൂടിയുണ്ട്. കഴിഞ്ഞവർഷം ഞാൻ ആ മകനെ കോഴിക്കോട്ടു വച്ചു കണ്ടുമുട്ടുകയുണ്ടായി. മറ്റുതരത്തിൽ ഞങ്ങൾ തമ്മിൽ അറിയുമായിരുന്നു. അയാളുടെ കുടുംബക്ഷേമങ്ങളെപ്പറ്റി ഞാൻ അന്വേഷിച്ചപ്പോൾ അയാൾ പറഞ്ഞു: "ഞാൻ ഭാര്യയെ കഴിഞ്ഞകൊല്ലം ഉപേക്ഷിച്ചു, നടപടിദൂഷ്യംകൊണ്ട്. കുട്ടികൾ എന്റെകൂടെത്തന്നെയുണ്ട്."

അയാൾ വിഷാദത്തോടെ അകലെ നോക്കിക്കൊണ്ട് എന്തോ ആലോചനയിൽ മുഴുകി മിണ്ടാതെ നിന്നു. തന്റെ മാതാവിന്റെ വാക്കുകളെ അനുസ്മരിച്ചു പശ്ചാത്തപിക്കുകയായിരിക്കും എന്നു ഞാനൂഹിച്ചു. അതെല്ലാം എരിവും പുളിയും ചേർത്തു പകർത്തി അയച്ച ആ 'ഷ്കോൾക്കുട്ടി'യാണ് തന്റെ മുൻപിൽ നിൽക്കുന്നതെന്ന് ആ മാന്യൻ അറിയുന്നില്ല.

എനിക്ക് അപ്പോൾ സഹതാപവും തുടർന്നുകൊണ്ട് ഉള്ളിൽ ചിരിയും വന്നു; മനസ്സുരുകി മരിച്ച ആ മാതാവിന്റെ ജീവിതകഥകൾ അനുസ്മരിച്ചപ്പോഴുണ്ടായ സഹതാപം. ചിരി വന്നത് തന്റെ ഭാര്യയുടെ നടപടിദൂഷ്യം കണ്ടുപിടിക്കാൻ ആ മടയന്ന് പതിനേഴു കൊല്ലം വേണ്ടിവന്നുവല്ലോ എന്നോർത്തിട്ട്.

എസ്. കെ. പൊറ്റെക്കാട്ട്

- "Poetry is the spontanious overflow of powerful feelings, it takes it's origin from emotions recollected in tranquility" (പ്രശാന്തതയിൽ അനുസ്മരിക്കപ്പെടുന്ന നൈസർഗികമായ വികാരങ്ങളുടെ അനർഗളപ്രവാഹമാണ് കവിത).

  *- വില്യം വേർഡ്സ്വർത്ത്*

  "അവർ കണ്ണീരിൽക്കലർത്തി പറഞ്ഞ കഥ എന്നെ വികാരപരവശനാക്കി."

  കവിതയ്ക്ക് വേഡ്സ്വർത്ത് നൽകുന്ന നിർവചനം എസ്.കെ. പൊറ്റെക്കാട്ടിന്റെ എഴുത്തനുഭവവുമായി എങ്ങനെ ചേർന്നുനിൽക്കുന്നുവെന്ന് വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

- "അവർ പറഞ്ഞതെല്ലാം പാകപ്പെടുത്തി, സ്വന്തം വകയായി ചില സരസ്വതീവിലാസങ്ങളും ചേർത്ത് ഞാൻ ആ മടയനായ മകനു തുടരത്തുടരെ കത്തുകൾ എഴുതി അയച്ചു."

  'സരസ്വതീവിലാസങ്ങൾ' എന്നു പരാമർശിക്കുന്നതിലൂടെ ലേഖകൻ ഉദ്ദേശിക്കുന്നതെന്ത്?

- "വായനക്കാരനോട് തീർച്ചയായും എഴുത്തുകാരന് ബന്ധമുണ്ട്. കാരണം, എഴുത്തുകാരന്റെ ജോലി അനുഭവങ്ങളുടെയും വിചാരങ്ങളുടെയും സ്വപ്നങ്ങളുടെയും സംക്രമണമാണ്."

  *- കെ. സുരേന്ദ്രൻ (നോവലിസ്റ്റിന്റെ ശിൽപ്പശാല)*

  "എനിക്കുവേണ്ടിയാണ് ഞാൻ എഴുതുന്നത്. എഴുതുമ്പോൾ എന്റെ മുമ്പിൽ പത്രക്കാരില്ല, പ്രസാധകന്മാരില്ല, വായനക്കാരുമില്ല. ഇതെല്ലാം ഞാനെഴുതുന്ന കഥയുടെ ഭൗതികജീവിതത്തിന്റെ വശങ്ങളാണ്. എഴുതിത്തീർന്ന ശേഷമേ ഇതെല്ലാം വരുന്നുള്ളൂ. കഥയുടെ ആത്മീയജീവിതം എന്നിൽത്തന്നെയാണ്. എന്റെ ഹൃദയത്തിലാണതു മുളയ്ക്കുന്നത്. കിളിർക്കുന്നതും പടരുന്നതും പൂത്തുകയറുന്നതും എന്റെ ഹൃദയത്തിൽത്തന്നെ."

  *- കാഥികന്റെ പണിപ്പുര (എം.ടി. വാസുദേവൻനായർ)*

  എഴുത്തുകാരനും വായനക്കാരനും തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള വ്യത്യസ്തമായ കാഴ്ചപ്പാടുകൾ പരിചയപ്പെട്ടല്ലോ. എസ്.കെയുടെ അനുഭവങ്ങളും നിങ്ങളുടെ നിരീക്ഷണവും കൂട്ടിച്ചേർത്ത് 'വായനക്കാരനും എഴുത്തുകാരനും' എന്ന വിഷയത്തിൽ ലഘൂപന്യാസം തയാറാക്കുക.

- "അവൻ അമ്മയോട്, ആരാണ് അവർക്ക് ഈ കത്തുകളെല്ലാം എഴുതിക്കൊടുക്കുന്നതെന്ന് ചോദിച്ചതായും ഒരു 'ഷ്കോൾക്കുട്ടി'യാണെന്ന് തള്ള പറഞ്ഞതായും അറിഞ്ഞു. അപ്പോൾ എന്റെ അഭിമാനം ഉച്ചകോടിയിലെത്തിപ്പോയി."

  നിങ്ങൾക്കുണ്ടായ പ്രോത്സാഹനജനകമായ അനുഭവത്തെ അടിസ്ഥാനമാക്കി കുറിപ്പ് തയാറാക്കുക.



# അശ്വമേധം

ആരൊരാളെൻ കുതിരയെക്കെട്ടുവാൻ
ആരൊരാളതിൻ മാർഗം മുടക്കുവാൻ?
ദിഗ്വിജയത്തിനെൻ സർഗശക്തിയാ-
മിക്കുതിരയെ വിട്ടയക്കുന്നു ഞാൻ!
വിശ്വസംസ്കാരവേദിയിൽ പുത്തനാ-
മശ്വമേധം നടത്തുകയാണു ഞാൻ!
നിങ്ങൾ കണ്ടോ ശിരസ്സുയർത്തിപ്പായു-
മെൻകുതിരയെ, ചെമ്പൻകുതിരയെ?
എന്തൊരുന്മേഷമാണതിൻ കൺകളിൽ
എന്തൊരുത്സാഹമാണതിൻ കാൽകളിൽ!
കോടികോടി പുരുഷാന്തരങ്ങളിൽ-
ക്കൂടി നേടിയതാണതിൻ ശക്തികൾ
വെട്ടിവെട്ടി പ്രകൃതിയെ മല്ലിട്ടു
വെറ്റി നേടിയതാണതിൻ സിദ്ധികൾ!
മന്ത്രമായൂരപിഞ്ഛികാചാലന-
തന്ത്രമല്ലതിൻ സംസ്കാരമണ്ഡലം!
കോടികോടി ശതാബ്ദങ്ങൾ മുമ്പൊരു
കാടിനുള്ളിൽവച്ചെൻ പ്രപിതാമഹർ

കണ്ടതാണീക്കുതിരയെ;ക്കാട്ടുപുൽ-
ത്തണ്ടുനൽകി വളർത്തി മുത്തശ്ശിമാർ;
കാട്ടുചോലകൾ പാടിയ പാട്ടുക-
ളേറ്റുപാടിപ്പഠിച്ച മുത്തശ്ശിമാർ!
ഇന്നലത്തെച്ചരിത്രം മയങ്ങുന്ന
മണ്ണിലൂടെ കുതിച്ചുപാഞ്ഞീടവേ
എത്രയെത്ര ശവകുടീരങ്ങളിൽ
നൃത്തമാടിയതാണക്കുളമ്പുകൾ!
ദൃപ്തരാഷ്ട്രപ്രതാപങ്ങൾതൻ കോട്ട-
കൊത്തളങ്ങളെപ്പിന്നിടും യാത്രയിൽ,
എത്ര കൊറ്റക്കുടകൾ, യുഗങ്ങളിൽ
കുത്തിനിർത്തിയ മുത്തണിക്കൂണുകൾ,
അക്കുളമ്പടിയേറ്റുവീണുപോയ്;
അത്രയേറ്റെബ്ഭരണകൂടങ്ങളും!
കുഞ്ചിരോമങ്ങൾ തുള്ളിച്ചു തുള്ളിച്ചു
സഞ്ചരിച്ചൊരിച്ചെമ്പൻകുതിരയെ,
പണ്ടു ദൈവം കടിഞ്ഞാണുമായ് വന്നു
കൊണ്ടുപോയീ സവാരിക്കിറങ്ങുവാൻ
പിന്നെ രാജകീയോന്മത്തസേനകൾ
വന്നു നിന്നു പടപ്പാളയങ്ങളിൽ!
ആഗമതത്ത്വവേദികൾ വന്നുപോൽ
യോഗദണ്ഡിലിതിനെ തളയ്ക്കുവാൻ
എന്റെ പൂർവികരശ്വഹൃദയജ്ഞ-
രെന്റെ പൂർവികർ വിശ്വവിജയികൾ,
അങ്കമാടിക്കുതിരയെ വീണ്ടെടു-
ത്തന്നണഞ്ഞു യുഗങ്ങൾതൻ ഗായകർ!
മണ്ണിൽനിന്നു പിറന്നവർ മണ്ണിനെ-
പ്പൊന്നണിയിച്ച സംസ്കാരശിൽപ്പികൾ!
നേടിയതാണവരോടു ഞാ,-നെന്നിൽ
നാടുണർന്നോരുനാളിക്കുതിരയെ!
ഈ യുഗത്തിന്റെ സാമൂഹ്യശക്തി ഞാൻ
മായുകില്ലെന്റെ ചൈതന്യവീചികൾ!
ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ!
ദിഗ്വിജയത്തിനെൻ സർഗശക്തിയാ-
മിക്കുതിരയെ വിട്ടയക്കുന്നു ഞാൻ
ആരൊരാളിക്കുതിരയെക്കെട്ടുവാൻ
ആരൊരാളിതിൻ മാർഗം മുടക്കുവാൻ?

മുളങ്കാട് (വയലാർ രാമവർമ്മ)

❋ "അർധവാനരത്വത്തിൽനിന്ന് കരകയറാൻ ആയിരക്കണക്കായുള്ള വർഷങ്ങളായി പാടുപെടുന്ന മനുഷ്യവർഗത്തിന്റെ സന്തതസഹചാരിയാണ് സാഹിത്യകല. എണ്ണമറ്റ നൂറ്റാണ്ടുകളിലേക്ക് ഈ കലയുടെ ഭാവി ശോഭനമായി നീണ്ടുകിടക്കുന്നു."

*-സി. രാധാകൃഷ്ണൻ*

ഈ ആശയത്തോട് ചേർന്നുനിൽക്കുന്ന പാഠസന്ദർഭം കണ്ടെത്തി അവതരിപ്പിക്കുക.

❋ മനുഷ്യന്റെ സർഗശേഷി വിജയം നേടിയ ചരിത്രമുഹൂർത്തങ്ങളെ കവി പരാമർശിക്കുന്നതെങ്ങനെ? വിശദമാക്കുക.

❋ "അങ്കമാടിക്കുതിരയെ വീണ്ടെടു-
ത്തന്നണഞ്ഞു യുഗങ്ങൾ തൻ ഗായകർ"
- കവിതയിൽ അശ്വഹൃദയജ്ഞരായ പൂർവികർ സർഗശക്തിയെ വീണ്ടെടുക്കുന്നു. ആരിൽനിന്നൊക്കെയാണ് അവർ സർഗശക്തിയാകുന്ന കുതിരയെ വീണ്ടെടുത്തത്? കണ്ടെത്തി എഴുതുക.

❋

"ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ"

*- വയലാർ*

എനിക്കുരസമീ നിമ്നോന്നതമാം
വഴിക്കു തേരുരുൾ പായിക്കാൻ
ഇതേതിരുൾക്കുഴി മേലുരുളട്ടെ
വിടില്ല ഞാനീ രശ്മികളെ

*- ഇടശ്ശേരി*



വരികൾ താരതമ്യം ചെയ്ത് ഇവയിൽ തെളിയുന്ന ജീവിതവീക്ഷണം എഴുതുക.

❋

ദിഗ്വിജയത്തിനെൻ സർഗശക്തിയാ-
മിക്കുതിരയെ വിട്ടയക്കുന്നു ഞാൻ

*- വയലാർ രാമവർമ്മ*

പണ്ടു വിദൂരമാം കാലത്തു കീടമാ-
യുണ്ടായ മർത്ത്യന്റെ മസ്തിഷ്കപാളിയിൽ
സുന്ദര ചിന്താ മധുരഫലങ്ങളായ്
നിന്നു തുടിക്കുന്നു വിശ്വവിഭൂതികൾ
വിണ്ണിനെക്കൂടിയും കീഴടക്കീടുന്ന
വണ്ണം വളർന്നുയർന്നീടുന്നു

*- പാലാ നാരായണൻനായർ*

മാനവപുരോഗതിയുടെ ചിത്രമാണ് 'അശ്വമേധം' എന്ന വയലാർക്കവിതയിലൂടെ വ്യക്തമാകുന്നത്. ലോകത്തെ കീഴടക്കുന്ന മനുഷ്യന്റെ മഹത്ത്വമാണ് പാലായുടെ വരികളിൽ തെളിയുന്നത്. 'അജയ്യമായ മനുഷ്യശക്തി' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക.

ജീവിതാനുഭവങ്ങളാണ് സാഹിത്യരചനകൾക്ക് പിൻബലമാവുന്നത്. നിങ്ങളുടെയും കൂട്ടുകാരുടെയും സർഗാത്മകരചനകൾ ഉൾപ്പെടുത്തി ഒരു പതിപ്പ് തയാറാക്കൂ.

## ഞാൻ എന്നെക്കുറിച്ച്

| | പൂർണമായി | ഭാഗികമായി | ശ്രമം ആവശ്യം |
|---|---|---|---|
| • വ്യത്യസ്ത രചനകൾ വായിച്ച് അവയിൽ പ്രതിഫലിക്കുന്ന എഴുത്തുകാരുടെ ജീവിതം, രചനാപരമായ പ്രത്യേകതകൾ എന്നിവ എഴുതി അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • നോവൽ ഭാഗം വായിച്ച് അതിൽ പ്രതിഫലിപ്പിക്കുന്ന ജീവിതാനുഭവങ്ങൾ രചനയെ എത്രമേൽ ഹൃദ്യമാക്കുന്നുവെന്ന് കണ്ടെത്തി ചർച്ചകളിൽ അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • പ്രഭാഷണം തയാറാക്കുമ്പോൾ ആശയസമഗ്രത, ഘടന, കേൾവിക്കാരോടു സംവദിക്കുന്ന ഭാഷ എന്നിവ ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • വിവിധ കാലഘട്ടങ്ങളിലെ കഥ, നോവൽ എന്നിവ വായിച്ച് അക്കാലത്തെ ജീവിതസാഹചര്യം, തൊഴിൽ എന്നിവ പ്രതിപാദിക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തി എഴുതി അവതരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • സർഗാത്മകരചനകളിലെ ഉജ്ജ്വലമുഹൂർത്തങ്ങൾ കണ്ടെത്തി വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |
| • പാഠസന്ദർഭങ്ങൾ, ചർച്ചകൾ എന്നിവയിൽനിന്നും മറ്റും സ്വായത്തമാക്കിയ വിവരങ്ങൾ പ്രയോജനപ്പെടുത്തി പ്രബന്ധം തയാറാക്കാൻ കഴിഞ്ഞിട്ടുണ്ട്. | | | |

എഴുത്തുകാരെ അറിയുക



## ശരൺകുമാർ ലിംബാളെ

1956 ൽ മഹാരാഷ്ട്രയിലെ പൂനെയിൽ ജനിച്ചു. മറാത്തി എഴുത്തുകാരൻ. 'അക്കർമാശി' എന്ന ആത്മകഥോപാഖ്യാനമാണ് ആദ്യകൃതി. ഫ്രഞ്ച് ഉൾപ്പെടെയുള്ള ലോകഭാഷകളിലെല്ലാം വിവർത്തനങ്ങളുണ്ടായ ഈ കൃതി ശ്രദ്ധേയമായ രചനയാണ്. നാസിക് ആസ്ഥാനമായുള്ള യശ്വന്തറാവു ചവാൻ മഹാരാഷ്ട്ര ഓപ്പൺ യുണിവേഴ്സിറ്റിയുടെ പൂനെ ഡിവിഷൻ റീജിനൽ ഡയറക്ടറായി പ്രവർത്തിക്കുന്നു.

*പ്രധാന കൃതികൾ*

അക്കർമാശി (ആത്മകഥോപാഖ്യാനം), ദലിത് സാഹിത്യ കാ സൗന്ദര്യശാസ്ത്ര (വിമർശനം), ചൂവാ ചൂത്ത്, ബഹുജൻ, ഹിന്ദു (നോവൽ)



## എസ്. കെ. പൊറ്റെക്കാട്ട്

**(1913 – 1982)**

നോവലിസ്റ്റ്, കഥാകൃത്ത്, മലയാളത്തിലെ എക്കാലത്തെയും മികച്ച യാത്രാവിവരണകാരൻ എന്നീ നിലകളിൽ ശ്രദ്ധേയൻ. മുഴുവൻ പേര്: ശങ്കരൻകുട്ടി കുഞ്ഞിരാമൻ പൊറ്റെക്കാട്ട്. കോഴിക്കോട്ട് ജനിച്ചു. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടുണ്ട്. ലോകസഭാംഗമായിരുന്നു. കേരള സാഹിത്യ അക്കാദമി, തുഞ്ചൻ സ്മാരക സമിതി എന്നിവയുടെ നേതൃസ്ഥാനത്തിരുന്നിട്ടുണ്ട്. ജ്ഞാനപീഠം, കേന്ദ്ര-കേരള സാഹിത്യ അക്കാദമി അവാർഡുകൾ എന്നിവ ലഭിച്ചിട്ടുണ്ട്.

*പ്രധാന കൃതികൾ*

ഒരു ദേശത്തിന്റെ കഥ, ഒരു തെരുവിന്റെ കഥ, വിഷകന്യക, നാടൻപ്രേമം, മൂടുപടം (നോവലുകൾ); ചന്ദ്രകാന്തം, രാജമല്ലി, പുള്ളിമാൻ, ജലതരംഗം, ഇന്ദ്രനീലം (കഥാസമാഹാരങ്ങൾ); ബാലിദ്വീപ്, മലയാനാടുകളിൽ, ഇന്തോനേഷ്യൻ ഡയറി, ലണ്ടൻ നോട്ടുബുക്ക്, പാതിരാസൂര്യന്റെ നാട്ടിൽ, സോവിയറ്റ് ഡയറി, യൂറോപ്പിലൂടെ, ബൊഹീമിയൻ ചിത്രങ്ങൾ, കാപ്പിരികളുടെ നാട്ടിൽ, സിംഹഭൂമി, നൈൽഡയറി, കെയ്റോ കത്തുകൾ, നേപ്പാൾയാത്ര, കാശ്മീർ, യാത്രാസ്മരണകൾ, ഹിമാലയസാമ്രാജ്യത്തിൽ (യാത്രാവിവരണങ്ങൾ); സംസാരിക്കുന്ന ഡയറിക്കുറിപ്പുകൾ, എന്റെ വഴിയമ്പലങ്ങൾ, പൊന്തക്കാടുകൾ (സ്മരണ).



## വയലാർ രാമവർമ

**(1928 - 1975)**

ആലപ്പുഴ ജില്ലയിലെ വയലാറിൽ ജനിച്ചു. പ്രതിഭാധനനായ കവിയും, ഗാനരചയിതാവും. കേരള സാഹിത്യ അക്കാദമി അവാർഡ്, സിനിമാ-നാടക ഗാനരചനയ്ക്ക് നിരവധി പുരസ്കാരങ്ങൾ എന്നിവ ലഭിച്ചിട്ടുണ്ട്.

പ്രധാന കൃതികൾ

സർഗസംഗീതം, പാദമുദ്രകൾ, കൊന്തയും പൂണൂലും, മുളങ്കാട്, എനിക്കു മരണമില്ല, ഒരു ജൂഡാസ് ജനിക്കുന്നു, എന്റെ മാറ്റൊലിക്കവിതകൾ, കല്യാണസൗഗന്ധികം (കവിതാസമാഹാരങ്ങൾ); ആയിഷ (ഖണ്ഡകാവ്യം); പുരുഷാന്തരങ്ങളിലൂടെ (യാത്രാവിവരണം)



## പദകോശം

**അക്കർമാശി**

| | |
|---|---|
| അക്കർമാശി | - അർധജാതി |
| തുടൽ | - ചങ്ങല |

**ഞാൻ കഥാകാരനായ കഥ**

| | |
|---|---|
| അക്ഷന്തവ്യം | - ക്ഷമിക്കാൻ പറ്റാത്തത് |
| മുദ്രലക്കോട്ട് | - തപാൽമുദ്ര പതിച്ച കവർ |

**അശ്വമേധം**

| | |
|---|---|
| അശ്വമേധം | - ഒരു യാഗം (കുതിരയുടെ മസ്തകത്തിൽ ജയപത്രം ബന്ധിച്ച് യഥേഷ്ടം സഞ്ചരിക്കാൻ വിടുന്നു. അതിനെ തടയുന്നവരെ യുദ്ധത്തിൽ ജയിക്കണം.) |
| അശ്വഹൃദയം | - മനോവേഗത്തിൽ കുതിരയെ നയിക്കാനുള്ള ഒരു മന്ത്രം |
| ആഗമതത്ത്വവേദികൾ | - വേദതത്ത്വം അറിയുന്നവർ |
| ദിഗ്വിജയം | - ദിക്കുകളെ ജയിക്കൽ |
| ദൃപ്ത | - അഹങ്കരിച്ച |
| പിഞ്ഛികാചാലനം | - മയിൽപ്പീലികളുടെ ഇളക്കം |
| പ്രപിതാമഹൻ | - മുത്തച്ഛന്റെ പിതാവ് |



**പഠനനേട്ടങ്ങൾ**

- എഴുത്തുകാരുടെ ജീവിതം, കാലം, ദേശം; ഭാഷ എന്നിവയുടെ അടിസ്ഥാനത്തിൽ അവരുടെ സാഹിത്യരചനകളിലെ സവിശേഷതകൾ കണ്ടെത്തി വിവിധ വ്യവഹാരരൂപങ്ങളിൽ ആവിഷ്കരിക്കുന്നു.
- സാഹിത്യകൃതികൾ വായിച്ച് എഴുത്തുകാരുടെ ജീവിതാനുഭവങ്ങൾ തങ്ങളുടെ രചനയെ എത്രമാത്രം സഹായിച്ചിട്ടുണ്ടെന്ന് കണ്ടെത്തി ചർച്ചചെയ്യുന്നു. പ്രഭാഷണം തയാറാക്കി അവതരിപ്പിക്കുന്നു.
- വിവിധ സാഹിത്യരചനകളിൽ തെളിയുന്ന സാമൂഹികജീവിതം വിശകലനംചെയ്ത് കുറിപ്പുകൾ തയാറാക്കുന്നു.
- എഴുത്തുകാരുടെ ജീവിതത്തെ സ്വാധീനിക്കുന്ന കുടുംബപരവും സാമൂഹികവുമായ പ്രശ്നങ്ങൾ എഴുത്തിനെ എങ്ങനെ തീവ്രമാക്കുന്നുവെന്ന് രചനകൾ പരിശോധിച്ച് കണ്ടെത്തി അവതരിപ്പിക്കുന്നു (ചർച്ച, കുറിപ്പുകൾ).
- കവിത വായിച്ച് മാനവസർഗശേഷി വിജയംനേടിയ ചരിത്രമുഹൂർത്തങ്ങൾ വിശകലനം ചെയ്ത് പറഞ്ഞോ എഴുതിയോ അവതരിപ്പിക്കുന്നു.
- കലയും ജീവിതവും തമ്മിലുള്ള പാരസ്പര്യത്തെക്കുറിച്ച് പാഠഭാഗങ്ങൾ വായിച്ചും ചർച്ചകളിൽ ഏർപ്പെട്ടും വിവരശേഖരണം നടത്തിയും ഉപന്യാസം തയാറാക്കുന്നു.

# 5 കലകൾ കാവ്യങ്ങൾ









- ചിത്രങ്ങൾ തിരിച്ചറിഞ്ഞ് കുറിപ്പ് തയ്യാറാക്കുക.



പൊട്ടറ്റോ ഈറ്റേഴ്സ് (വിൻസെന്റ് വില്ല്യം വാൻഗോഗ്)

# ഉരുളക്കിഴങ്ങ് തിന്നുന്നവർ

അസ്തമയം കഴിഞ്ഞുള്ള മരവിച്ച വെളിച്ചത്തിലൂടെ കിഴവൻ മിറൽ വേച്ചു വേച്ചു നടന്നു. മഞ്ഞുകാലമായിരുന്നു. തന്റെ കുഞ്ചിരോമങ്ങളിൽ ഹിമം പെയ്തടിയുന്നതും പിഞ്ഞിയ കമ്പിളിയുടുപ്പിന്റെ വിടവുകളിലൂടെ തണുപ്പിന്റെ കത്തിമുനകളാഴുന്നതും അറിയാതെ, റോട്ടർഡാമിലെ ദുഷിച്ച ആവാസസ്ഥാനങ്ങളും വിളവെടുപ്പു കഴിഞ്ഞ് പ്രസവരക്ഷ ചെയ്യുന്ന ഉരുളക്കിഴങ്ങുപാടങ്ങളും പിന്നിട്ട് വീടിനു നേരെയുള്ള ചെളിയിടവഴിയിലേക്ക് അയാൾ തിരിഞ്ഞു.

അപ്പോഴേക്കും ദിക്കുകൾ ഇരുട്ടിയിരുന്നു.

ഒരൊറ്റ ദിവസത്തെ യാത്ര കഴിഞ്ഞുള്ള മടക്കമാണെങ്കിലും ഒരു നൂറ്റാണ്ടിനപ്പുറത്തുനിന്നു വരുന്നതുപോലെ മിറലിന് വീട് അപരിചിതമായി തോന്നി. ആ ചെറിയ വീട്ടിൽ അപ്പോൾ മാത്രം ആരോ കത്തിച്ചുവച്ച വിളക്കിന്റെ ഒരു കിരണം ജനാലപ്പഴുതിലൂടെ കിഴവന്റെ കണ്ണിൽ വീണു. മഞ്ഞും തിമിരവും ചേർന്ന് ഇതളുകൾ നൽകിയ വെളിച്ചത്തിന്റെ ഒറ്റ ബിന്ദു, ഒരേയൊരു വെളുത്ത പൂവെച്ച ഏകാന്തമായ ശവകുടീരമാക്കി വീടിനെ മാറ്റിക്കാണിച്ചു.

ഇടംവലം ഉലഞ്ഞ് വീട് അടുത്തു വന്നു. കുഴമണ്ണിൽ പുതഞ്ഞ് കനംവച്ച മരച്ചെരുപ്പുകളോടെ, നരച്ച ഇരുട്ടിൽ നടക്കല്ലുകൾ ബദ്ധപ്പെട്ടു കയറി മിറൽ വാതിലിൽ മുട്ടി.

"ജൂലിയാന! അത് അദ്ദേഹംതന്നെയാണ്," ജരയേശിയ ഒരു സ്ത്രീശബ്ദം അകത്ത് വിളിച്ചുപറഞ്ഞു.

നാലു പാളികളുള്ള കതകിന്റെ ചേർപ്പുരേഖകൾ, വാതിൽച്ചട്ടത്തിന്റെ ചതുരത്തിനകത്ത് മെലിഞ്ഞ ഒരു കുരിശ് തീർത്തിരുന്നു. അതു പിളർന്നു നീങ്ങിയപ്പോൾ അയാളുടെ മകന്റെ ഭാര്യ ജൂലിയാനയുടെ, അമിതാകാംക്ഷകൊണ്ട് വിളർത്ത നിഴൽമുഖം തെളിഞ്ഞു.



"കണ്ടോ അച്ഛാ?" വായിൽനിന്ന് നീരാവിയുടെ ഒരു ചെറിയ മേഘത്തെ തുറന്നുവിട്ടുകൊണ്ട് ജൂലിയാന ചോദിച്ചു.

ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു. ഇല്ല എന്ന വാക്കിന് എല്ലാവിധത്തിലുള്ള ധ്വനിയും പേറാവുന്ന ഒരുത്തരം അയാളുടെ ഹൃദയത്തെ വേവിക്കാൻ തുടങ്ങി. ജൂലിയാനയുടെ കണ്ണിലേക്കു നോക്കാതെ, ദീർഘമായ നടത്തംകൊണ്ട് പൊള്ളി വേദനിച്ച കാൽപ്പടങ്ങൾ മരച്ചെരുപ്പിൽനിന്ന് സ്വതന്ത്രമാക്കി മിറൽ അകത്തേക്ക്, റാന്തലിന്റെ മഞ്ഞവിഷാദത്തിലേക്കു നിവർന്നു.

പുത്രഭാര്യയുടെ ആധി നിറഞ്ഞ മുഖം വീണ്ടും അയാൾക്കെതിരെ വന്നു. ഉണക്കമണ്ണിന്റെ നിറവും സ്പർശവും കലർന്ന പരുപരുത്ത കൈവിരലുകളാൽ മിറൽ ജൂലിയാനയുടെ കൈകളിൽ തൊട്ടു. ഒട്ടിവലിഞ്ഞ്, പ്രാചീനകാലത്തെ ഏതോ പക്ഷിയുടേതുപോലുള്ള അയാളുടെ ശിരസ്സ് ദൈന്യത്തോടെ ഒന്നിളകുക മാത്രം ചെയ്തു.

ആ മുറിയുടെ അങ്ങേ ഭാഗത്ത്, ആണി പറിഞ്ഞു നിലം പൊത്താറായ ഒരു കൊച്ചു മേശയ്ക്കു ചുറ്റുമായി

മിറലിന്റെ മുഖത്തേക്കുതന്നെ ഉറ്റുനോക്കി മൂന്നുപേർ കൂടി ഇരിപ്പുണ്ടായിരുന്നു. ഹാഗ് പട്ടണത്തിനു മൈലുകൾ അപ്പുറം കിടന്ന ഒരു കൊച്ചുഗ്രാമത്തിൽനിന്ന് അന്നു രാവിലെ എത്തിച്ചേർന്നതായിരുന്നു അവരിൽ രണ്ടുപേർ; ജൂലിയാനയുടെ വൃദ്ധരായ മാതാപിതാക്കൾ. അവർക്കരികിൽ കട്ടിക്കമ്പിളികൊണ്ട് അമ്മ ക്ഷമാപൂർവം ഞൊറിവച്ചു തുന്നിയ ഉടുപ്പണിഞ്ഞ് ജൂലിയാനയുടെ മകൾ, എട്ടുവയസ്സുകാരി അന്ന, തന്റെ അച്ഛന്റെ അച്ഛൻ ദേഹത്തുനിന്ന് പാൽപ്പൊടിപോലുള്ള മഞ്ഞ് വിറയ്ക്കുന്ന കൈകൊണ്ട് തൂത്തുമാറ്റുന്നതും നോക്കി കൗതുകത്തോടെ ഇരുന്നു. മേശയ്ക്കു മുകളിലായി വീടിന്റെ ചരിഞ്ഞ മേൽക്കൂരയിൽനിന്നു തൂക്കിയിട്ട മണ്ണെണ്ണവിളക്കിന്റെ പ്രകാശം അവളുടെ കുഞ്ഞുചുണ്ടുകളുടെ മേൽ മൂക്കിന്റെ കൂർമ്പൻ നിഴൽ വീഴ്ത്തി.

അന്നയുടെ മുഖത്തുനോക്കി ജൂലിയാന അകമടങ്ങിനിന്നു. ജൂലിയാനയുടെ അച്ഛൻ, വൃദ്ധനായ സാമുവൽ റാങ്തോസ്, കൂറമണം കുതിർന്ന തന്റെ കുപ്പായത്തിൽനിന്ന് മുഖമുയർത്തിയിട്ട് ഇരിപ്പിടം നീക്കി എഴുന്നേറ്റു. വില്യം മൂന്നാമൻ രാജാവിന്റെ ഛായയെ ദാരിദ്ര്യവും വാർധക്യവും ചേർന്ന് പുകച്ചു മങ്ങിച്ചതുപോലെയായിരുന്നു അയാളുടെ മുഖം. ജൂലിയാനയുടെ ചുമലിൽ കൈവച്ചുകൊണ്ട് റാങ്തോസ് പറഞ്ഞു:

"വിഷമിക്കേണ്ട മകളേ, ഞങ്ങളെപ്പോലെ കണ്ണുപിടിക്കാത്ത വയസ്സന്മാർക്ക് ചിലപ്പോൾ ഒരു ദിവസംകൊണ്ട് ഖനികളിലെ കാര്യമറിഞ്ഞു വരാൻ കഴിയില്ല. ഏതായാലും നാളെ ഞാൻ അവിടംവരെ പോയി വരും. ഖനിയിലെ അപകടം നിറഞ്ഞ പണിയേക്കാൾ ഉരുളക്കിഴങ്ങു കൃഷിതന്നെയാണ് നല്ലതെന്ന് ഞാനയാളെ പറഞ്ഞുമനസ്സിലാക്കും."

ജൂലിയാന വാതിലടച്ച് സാക്ഷകൾ ബന്ധിച്ചു. ഈർച്ചമില്ലുകളെപ്പോലെ ശബ്ദിച്ച ഇരുട്ടിലെ ചീവീടുകളുടെ സ്വരം പൊടുന്നനെ മുറിഞ്ഞു. ആ നിമിഷം ചുമരിലെ ഘടികാരത്തിൽനിന്ന് തുള്ളിതുള്ളിയായി സമയം താഴേക്കിറ്റുന്ന ശബ്ദം വീട്ടിൽ നിറഞ്ഞു.

ഘടികാരത്തിനു വലതുവശത്തായി ക്രൂശിതനായ കർത്താവിനു മുന്നിൽ മുട്ടുകുത്തി വിലപിക്കുന്ന മറിയത്തിന്റെ ഒരു ചില്ലുപടം തൂക്കിയിരുന്നു. ജൂലിയാന അതിനു മുന്നിൽ ചെന്നുനിന്നു. അപ്പോൾ കുരിശിൽനിന്ന് തുള്ളിതുള്ളിയായി ചോരയിറ്റുന്ന ശബ്ദവും അവൾ കേട്ടു.

മാതാവേ! അവൾ മനസ്സിൽ ഉരുകി: "ഖനികളിൽ പണിചെയ്യുന്നവർക്ക് ഒരപകടവും വരുത്തരുതേ!" പിന്നെ, ആ പ്രാർഥനയിൽ സ്വാർഥത തീണ്ടിയിട്ടുണ്ടെന്നു ഖേദിച്ച് അവൾ അതു തിരുത്തി: "ലോകത്തൊരാൾക്കും ഒരാപത്തും വരുത്തരുതേ!"

ജൂലിയാന കൈയെത്തിച്ച് മണ്ണെണ്ണവിളക്കിന്റെ നാളം നീട്ടി. പ്രായത്തിനു സഹജമായ തിളക്കത്തെ കെടുത്തിക്കൊണ്ട് അവളുടെ മുഖത്ത് കുടിയേറിയിരുന്ന ക്ലേശത്തിനും പീഡയ്ക്കും മീതെ വെളിച്ചം ചെളിപോലെ പുരണ്ടു. വിരലിലെ മണ്ണെണ്ണമണം ശിരോവസ്ത്രത്തിൽ തുടച്ച് അവൾ തന്റെ അച്ഛനമ്മമാരുടെ അടുത്തായി ഇരുന്നു. അപ്പോൾ അന്ന

എഴുന്നേറ്റ് മിറലിന്റെ അടുത്തേക്കു ചെന്നു. മഴയേറ്റ ഉരുളക്കിഴങ്ങുപാടങ്ങളുടെ ഗന്ധമുള്ള മുത്തച്ഛനോട് അവൾ ചേർന്നുനിന്നു: “മുത്തച്ഛാ!” കൊഞ്ചലിൽനിന്ന് വിടുതൽ കിട്ടാത്ത ശബ്ദത്തിൽ അവൾ ചോദിച്ചു: “മുത്തച്ഛാ, ഈസ്റ്ററിന് ചായം തേച്ച മുട്ടകൾ കൊണ്ടുവരണമെന്ന് എന്റെ അച്ഛനോട് പറഞ്ഞില്ലേ?”

മിറൽ അവളുടെ ഉടുപ്പിന്റെ ഞൊറിവുകളിൽ വിരലോടിച്ചുകൊണ്ട് കരച്ചിലിന്റെ ചാർച്ചയുള്ള ഒരു ചിരിയോടെ പറഞ്ഞു: “ഉവ്വ് മോളേ.”

“പിന്നെ മുത്തച്ഛാ, ഞാൻ നല്ല കുട്ടിയായി ഇരിക്കുകയാണെന്നും നിക്കോളാസ് ഈവിന് ഇത്തവണ എനിക്ക് തീർച്ചയായും സമ്മാനം കിട്ടുമെന്നും പറഞ്ഞില്ലേ?” കുഞ്ഞുമുഖം ഇളക്കിക്കൊണ്ട് അന്ന വീണ്ടും ചോദിച്ചു. പാവപ്പെട്ട ബാല്യങ്ങൾക്കു സ്വതേയുള്ള, തിര്യക്കുകളുടേതുപോലുള്ള ഒരു നിസ്സഹായഭാവം അവളുടെ മുഖത്ത് പട്ട കെട്ടിയിരുന്നു.

മിറൽ അന്നയെ ചേർത്തുപിടിച്ചു. അവിചാരിതമായ ആ ആശ്ലേഷം അവൾക്കു നന്നേ രസിച്ചു. പുന്നാരച്ചടവോടെ അന്ന വീണ്ടും പറഞ്ഞു: “മുത്തച്ഛാ, അച്ഛൻ എന്നോടു പറഞ്ഞിട്ടുണ്ട്, ഖനികളിൽനിന്ന് ഭംഗിയുള്ള ഈസ്റ്റർ മുട്ടകളാണ് കുഴിച്ചെടുക്കുന്നതെന്ന്. നമുക്ക് ഉരുളക്കിഴങ്ങു കിട്ടുംപോലെ! ആണോ മുത്തച്ഛാ?”

അത്രയുമായപ്പോൾ ജൂലിയാനയുടെ അമ്മ, ചടച്ചുനീണ്ട് ഒരു ദുർമ്മന്ത്രവാദിനിയെപ്പോലെ കാണപ്പെട്ട ആ വൃദ്ധ, അന്നയെ വാരിയെടുത്ത് മടിയിൽ വച്ചു. “എന്റെ കുഞ്ഞേ, എന്റെ മോളേ!” വേദനകൊണ്ട് ചിലമ്പിച്ച ശബ്ദം അവരിൽനിന്ന് ഉറന്നുവന്നു.

പിന്നെ അന്നയും ഒന്നും മിണ്ടാതായി.

നന്നേ താഴ്ന്ന മേൽക്കൂരയുള്ള, വർഷങ്ങളുടെ മാറാലയും അഴുക്കും ദുഃഖവും അടിഞ്ഞ് മ്ലാനമായ ചുമരുകളുള്ള, ഒരാളുടെ സാന്നിധ്യമോ അഭാവമോകൊണ്ട് ഈ വലിയ ലോകത്തിന് ഒരു തരത്തിലും മാറ്റമുണ്ടാക്കാൻ കെൽപ്പില്ലാത്ത ആ ചെറിയ വീട്, മൂന്ന് വൃദ്ധാത്മാക്കളും ഒരമ്മയും കുഞ്ഞും ചേർന്നു സൃഷ്ടിച്ച പുകമഞ്ഞുപോലുള്ള ഒരു മൗനത്തിൽ ആമഗ്നമായി; ഘടികാരത്തിന്റെ നെഞ്ചിടിപ്പിനെയും ഏറ്റവും നനുത്ത നിശ്വാസങ്ങളെയും റാന്തൽനാളത്തിന്റെ ഉലച്ചിലിനെപ്പോലും ഉച്ചത്തിലാക്കാൻ കഴിവുള്ള ഒരു മൗനത്തിൽ.

അതിന്റെ ഭാരം അസഹനീയമായി തോന്നിയപ്പോൾ കസേരയെ ശബ്ദിപ്പിച്ചുകൊണ്ട് ജൂലിയാന എഴുന്നേറ്റു. നാട്ടിൽനിന്നു വന്ന അച്ഛനമ്മമാർ ഇന്നു തന്റെ അതിഥികളാണെന്ന തോന്നലിൽ അവൾക്ക് ദരിദ്രമായ അടുക്കളയുള്ള അമ്മമാരുടെ ഒരങ്കലാപ്പുണ്ടായി.

“നമുക്കു ഭക്ഷണം കഴിക്കാം” - ജൂലിയാന പറഞ്ഞു.

ഏഴുമണി ആകുന്നതേയുണ്ടായിരുന്നുള്ളൂ. കിഴവൻ മിറൽ സ്വന്തം ഹൃദയം തിളയ്ക്കുന്നതറിഞ്ഞുകൊണ്ട് ജൂലിയാനയുടെ ചലനങ്ങൾ കണ്ണിമവെട്ടാതെ നോക്കിയിരിക്കുകയായിരുന്നു. ജൂലിയാന ഭക്ഷണ

മേശ റാന്തൽവിളക്കിനു താഴേക്ക് കുറച്ചുകൂടി നീക്കിയിട്ടു. അഴുക്കുപിടിച്ചതെങ്കിലും വെളുത്തതെന്നു പറയാവുന്ന ഒരു തുണി കൊട്ടിക്കുടഞ്ഞ് അതിന്മേൽ വിരിച്ചു. അടുക്കളയിൽനിന്ന് ചായ നിറച്ച കെറ്റിലുകളും വിള്ളലുകൾ വീണ കവിടിക്കപ്പുകളുമായി വന്നു.

പിന്നെ ഒരു പരന്ന പാത്രത്തിൽ, പുഴുങ്ങിയ ഉരുളക്കിഴങ്ങുകൾ കൊണ്ടുവന്ന് മേശപ്പുറത്ത് പതുക്കെ വച്ചു.

മണ്ണിനടിയിൽപ്പെട്ട് ചതഞ്ഞ്, മുഖം പൊട്ടി വികൃതമായി, ഒന്നിനെയും തിരിച്ചറിയാനാവാത്ത വിധത്തിൽ മുടിയും തൊലിയും ഉരിഞ്ഞുപറിഞ്ഞ്...

–കിഴവൻ മിറൽ ദീർഘമായി നിശ്വസിച്ചു.

ചെറിയ ഭക്ഷണമേശയ്ക്കു ചുറ്റുമായി അവർ ഇരുന്നു. ആകെ നാലു കസേരകളേ ഉണ്ടായിരുന്നുള്ളൂ, ആ വീട്ടിൽ. സാമുവൽ റാങ്തോസും ഭാര്യയും പിന്നെ മിറലും ഇരുന്നുകഴിഞ്ഞപ്പോൾ ഒരു ഇരിപ്പിടം ബാക്കിവന്നു. തന്റെ ഭർത്താവ് സ്ഥിരമായി ഇരിക്കാറുള്ളത് ആ കസേരയിലാണ് എന്നോർത്തുകൊണ്ട് ജൂലിയാന അതിൽ ഇരുന്നു. ഇരിപ്പിടം കിട്ടാത്ത ഖേദമൊന്നുമില്ലാതെ അന്ന തന്റെ മുത്തശ്ശി കവിടിക്കപ്പുകളിൽ ചായ പകരുന്നതും നോക്കി അവർക്കരികിൽ നിന്നു.

ഘടികാരത്തിൽനിന്ന് സമയം തുള്ളികളായി താഴേക്കിറ്റുന്ന ശബ്ദം വീണ്ടും ജൂലിയാനയുടെ കാതിൽ മുഴങ്ങാൻ തുടങ്ങി. സാമുവൽ റാങ്തോസ് തന്റെ ചായക്കപ്പ് ഉയർത്തിക്കൊണ്ട് ഭാര്യയോട് എന്തോ പറയാൻ ആഞ്ഞു. അന്ന അവളുടെ കുഞ്ഞുപ്രായത്തിന്റെ കൊതികൾക്ക് അരോചകമാണെങ്കിലും ചിരപരിചയത്താൽ സിദ്ധിച്ച ഒരു സ്വാദോടെ ഉരുളക്കിഴങ്ങ് തിന്നാൻ ആരംഭിച്ചു.

ഒരു നിമിഷം!

തണുത്താറിയ ഉരുളക്കിഴങ്ങിൽ മുള്ളുമുട്ടിച്ച് തന്റെ ഭർത്താവിന്റെ അച്ഛൻ ശൂന്യമായ ദൃഷ്ടിയുമായി ഇരിക്കുന്നതുകണ്ട് ജൂലിയാന മുഖം തിരിച്ച് അങ്ങോട്ടു നോക്കി.

എല്ലാവരുടെയും നിഴലുകളെ പിന്നിലേക്കു വീഴ്ത്തിയ റാന്തലിന്റെ കടുംമഞ്ഞ വെളിച്ചത്തിൽ വൃദ്ധന്റെ കടക്കണ്ണിൽനിന്ന് ചോര പൊടിയുന്നതു കണ്ട ആ നിമിഷം, ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞുപോകുന്നതായി ജൂലിയാന അറിഞ്ഞു.

പറുദീസാനഷ്ടം (സുഭാഷ്ചന്ദ്രൻ)

- വിൻസെന്റ് വില്ലെം വാൻഗോഗിന്റെ 'പൊട്ടെറ്റോ ഈറ്റേഴ്സ്' എന്ന ചിത്രം നിരീക്ഷിച്ച് സമയം, കഥാപാത്രങ്ങൾ, വേഷം, സാമൂഹികാവസ്ഥ തുടങ്ങിയവയെപ്പറ്റി ചർച്ചചെയ്യുക.

- "വർഷങ്ങളുടെ മാറാലയും അഴുക്കും ദുഃഖവും അടിഞ്ഞ് മ്ലാനമായ ചുമരുകളുള്ള വീട്."
  ദാരിദ്ര്യത്തെ കഥയിൽ ഒരു കഥാപാത്രത്തിന്റെ സാന്നിധ്യമായി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ? വിശദീകരിക്കൂ.

- 

  കഥയിലെ ഏതു സന്ദർഭവുമായാണ് ഈ ചിത്രം ഒത്തിണങ്ങുന്നത് കണ്ടെത്തി എഴുതുക?

- ജൂലിയാനയുടെ ഭർത്താവിന് എന്തായിരിക്കും സംഭവിച്ചിരിക്കുക? കഥയിൽനിന്നു ലഭിക്കുന്ന സൂചനകൾ എന്തെല്ലാമാണ്?

- "ചിത്രകലയ്ക്കു സംഭവിച്ചിട്ടുള്ള ഒരു ന്യൂനത കാലപരിമിതിയാണ്. ഒരേയൊരു നിമിഷം മാത്രമേ ഒരു ചിത്രത്തിൽ പ്രകാശിപ്പിക്കാൻ നിവൃത്തിയുള്ളൂ."
- "ഒരു കഥ ആദ്യം മുതൽ അവസാനംവരെ കാലക്രമത്തിലോ മറിച്ചോ പ്രതിപാദിക്കുവാൻ കഥാകാരനു പൂർണസ്വാതന്ത്ര്യമുണ്ട്.

- എം.പി. പോൾ

'ഉരുളക്കിഴങ്ങ് തിന്നുന്നവർ' എന്ന കഥയെയും ചിത്രകലയെയും ആസ്പദമാക്കി ഈ പ്രസ്താവനകൾ ചർച്ചചെയ്ത് കുറിപ്പ് തയാറാക്കുക.

അടിമത്തം അനുഭവിക്കുന്ന ഖനിത്തൊഴിലാളികളുടെ ജീവിതയാതനയും ദാരിദ്ര്യവും ഉൾക്കൊള്ളുന്ന സൃഷ്ടിയാണ് 'ഉരുളക്കിഴങ്ങ് തിന്നുന്നവർ' എന്ന ചിത്രം.

ഇത്തരത്തിലുള്ള പ്രശസ്ത ചിത്രങ്ങളും ഫോട്ടോകളും ശേഖരിച്ച് അടിക്കുറിപ്പുകളോടെ പ്രദർശിപ്പിക്കുക.

- ഇടംവലം ഉലഞ്ഞ് വീട് അടുത്തു വന്നു.
- ഒരേയൊരു വെളുത്ത പൂവെച്ച ഏകാന്തമായ ശവകുടീരമാക്കി വീടിനെ മാറ്റിക്കാണിച്ചു.

ഈ വാക്യങ്ങൾ കഥാസന്ദർഭത്തെ എത്രമേൽ ഹൃദയസ്പർശിയാക്കുന്നു?
ചർച്ചചെയ്ത് അവതരിപ്പിക്കുക.
കൂടുതൽ വാക്യങ്ങൾ പാഠഭാഗത്തുനിന്നു കണ്ടെത്തിയെഴുതുക.

# ചിത്രകലയും കാവ്യകലയും



സുകുമാരകലകളുടെയെല്ലാം ലക്ഷ്യം ഒന്നുതന്നെ. സത്യത്തെയും നന്മയെയും സൗന്ദര്യത്തെയും ഏകീകരിക്കുന്ന സംസ്കാരമൂല്യത്തെ കലാകാരന്റെ വ്യക്തിമുദ്രയോടുകൂടി ഉചിതരൂപങ്ങളിൽ ആവിഷ്കരിക്കുക- ഇതാണ് അവയുടെയെല്ലാം പരമോദ്ദേശ്യം. ഏതു കലയ്ക്കാണ് മേന്മയെന്നുള്ളത് ഒരു തീരാവാദമാണ്. സാഹിത്യത്തിനാണ് ഉത്കർഷമെന്നു സാഹിത്യകാരൻ പറയും. ചിത്രകലയ്ക്കാണ് മേന്മ കൂടുതലെന്ന് ചിത്രകാരനും പറയും. മനുഷ്യവർഗത്തിന്റെ നിയമകർത്താവും സംസ്കാരത്തിന്റെ മുന്നോടിയുമാണ് കവിയെന്നു ഷെല്ലി പറയുന്നു. നേരെ മറിച്ച്, ലിയോണാർഡോ (Leonardo da Vinci) പറയുന്നത് ഇപ്ര



ഷെല്ലി



ലിയോണാർഡോ ഡാവിഞ്ചി



റാഫേൽ

കാരമാണ്: "ചിത്രകലയെ അധിക്ഷേപിക്കുന്നവർ പ്രപഞ്ചത്തെക്കുറിച്ചുള്ള മൗലികവും ഉത്കൃഷ്ടവുമായ ഒരു ആദർശത്തെയാണ് അധിക്ഷേപിക്കുന്നത്. ചിത്രകല പ്രകൃതിയുടെ പുത്രി അഥവാ, പൗത്രി ആണെന്നു പറയാം. ആസ്തിക്യമുള്ള ഏതും പ്രകൃതിയിൽനിന്നു ജനിച്ചതാണ്. പ്രകൃതിയുടെ സന്താനമായ മനുഷ്യന്റെ സർഗവിശേഷമാണ് ചിത്രകല. അതുകൊണ്ടാണ് ഞാൻ പറയുന്നത്, ചിത്രകല പ്രകൃതിയുടെ പൗത്രിയും ഈശ്വരന്റെ സംബന്ധിയുമാണെന്ന്. ചിത്രകലയെ അപലപിക്കുന്നവൻ പ്രകൃതിയെയാണ് അപലപിക്കുന്നത്."

ഏതു കലയ്ക്കാണ് ഉത്കർഷമെന്നുള്ള വിതണ്ഡവാദത്തിൽ പ്രവേശിക്കുന്നതിനേക്കാൾ നല്ലത് ഉപകരണവൈജാത്യത്താൽ ഓരോ കലയ്ക്കും സിദ്ധമാകുന്ന ഗുണവിശേഷമെന്താണെന്ന് അന്വേഷിക്കുകയാകുന്നു. ശബ്ദാർഥരൂപമായ കാവ്യത്തിനു സാധിക്കാത്ത ചില കാര്യങ്ങൾ വർണരേഖാരൂപമായ ചിത്രകലയ്ക്കു പ്രകാശിപ്പിക്കുവാൻ കഴിയും. കാവ്യം ഏതെങ്കിലുമൊരു ഭാഷയിൽ കുടുങ്ങിക്കിടക്കുന്നതുകൊണ്ട് ആ ഭാഷ സംസാരിക്കുന്ന ആളുകൾക്കുമാത്രമേ അതു പ്രയോജനപ്പെടുകയുള്ളൂ. എന്നാൽ ചിത്രകാരന്റെ ഭാഷ സാർവജനീനമാണ്. കണ്ണുള്ളവർക്കെല്ലാം അത് നിഷ്പ്രയാസം ഗ്രഹിക്കാം. ദാന്തെയുടെ കവിത ഇറ്റാലിയൻ ഭാഷ പഠിച്ചിട്ടുള്ളവർക്കു മാത്രമേ ആസ്വദിക്കുവാൻ സാധിക്കുകയുള്ളൂ. എന്നാൽ റാഫേലിന്റെയും ലിയോണാർഡോവിന്റെയും ആലേഖ്യവൈദഗ്ധ്യം മനസ്സിലാക്കുവാൻ ഇറ്റാലിയൻ പഠിക്കേണ്ട. ചിത്രകലയ്ക്കുള്ള സാർവത്രികത്വം യാതൊരു ഭാഷയ്ക്കും ലോകത്തിൽ കൈവന്നിട്ടില്ല.

ഉപകരണവിശേഷംകൊണ്ട് ചിത്രകലയ്ക്കു സംഭവിച്ചിട്ടുള്ള ഒരു ന്യൂനത കാലപരിമിതിയാണ്. ഒരേയൊരു നിമിഷം മാത്രമേ ഒരു ചിത്രത്തിൽ പ്രകാശിപ്പിക്കുവാൻ നിവൃത്തിയുള്ളൂ. കവിക്കു കാലപാരതന്ത്ര്യമില്ലാത്തതുകൊണ്ട്, ഒരു കഥ ആദ്യം മുതൽ അവസാനംവരെ കാലക്രമത്തിലോ മറിച്ചോ പ്രതിപാദിക്കുവാൻ അയാൾക്കു പൂർണസ്വാതന്ത്ര്യമുണ്ട്. എന്നാൽ ചിത്രകാരന് ആ കഥയിലുള്ള ഒരു വിശിഷ്ട നിമിഷത്തിലെ അനുഭവം മാത്രം തിരഞ്ഞെടുക്കുകയേ നിർവാഹമുള്ളൂ. നൈമിഷികമായതിനെ അയാൾ കലാരൂപത്തിൽ ശാശ്വതപ്രായമാക്കുന്നു. കാവ്യത്തിലെ പാത്രങ്ങൾ കാലപരിണാമമനുസരിച്ച് വൃദ്ധിക്ഷയങ്ങൾ പ്രാപിക്കുമ്പോൾ ചിത്രകാരന്റെ പാത്രം കാലഗതി



ദാന്തെ



കീറ്റ്സ്



ഹോമർ
(ബ്രിട്ടീഷ് മ്യൂസിയത്തിലുള്ള പ്രതിമ)

ക്കതീതമായി നിലകൊള്ളുന്നു. ഇക്കാര്യത്തിൽ ചിത്രകലയ്ക്കും ശില്പകലയ്ക്കും സാധർമ്യമുണ്ട്. ഒരു യവനശില്പത്തെ നോക്കി കീറ്റ്സ് (Keats) എന്ന ആംഗലകവി പറഞ്ഞിട്ടുള്ളത് ഇവിടെ സ്മരണീയമാണ്. പ്രേയസിയെ ചുംബിക്കുവാനായുന്ന കാമുകനെ നോക്കി കവി പറയുകയാണ്: "അല്ലയോ കാമുകാ, നിന്റെ ലക്ഷ്യത്തോടു നീ വളരെ അടുത്തിട്ടുണ്ടെങ്കിലും നിനക്ക് ഒരിക്കലും, ഒരിക്കലും അവളെ ചുംബിക്കുവാൻ സാധിക്കയില്ല. എന്നാലും വിഷാദപ്പെടേണ്ട. നിനക്ക് അഭീഷ്ടസിദ്ധിയുണ്ടാവുകയില്ലെങ്കിലും അവളുടെ സൗന്ദര്യം മാഞ്ഞുപോകയില്ല. നീയെന്നും ഇങ്ങനെ സ്നേഹിക്കയും അവളെന്നും ലാവണ്യവതിയായിരിക്കയും ചെയ്യും." ശില്പത്തിലെ രൂപങ്ങളെക്കുറിച്ചെന്ന പോലെ ചിത്രകലയെക്കുറിച്ചും ഈ പ്രസ്താവം സാധുവാണ്. നാനൂറു കൊല്ലത്തോളം പ്രായമുള്ള മോണാലിസാ (Mona Lisa) ഇന്നും യുവതിയാണ്. അവളുടെ ആ കള്ളപ്പുഞ്ചിരി ഇന്നും മാഞ്ഞുപോയിട്ടില്ല. എന്നാൽ ആ പുഞ്ചിരി അവിടെ വരാനുള്ള കാരണമെന്തെന്നോ അതിനു മുമ്പും പിൻപും ആ മുഖത്ത് ഏതെല്ലാം ഭാവവിശേഷങ്ങൾ സ്ഫുരിച്ചിട്ടുണ്ടെന്നോ നമുക്കറിയുവാൻ യാതൊരു മാർഗവുമില്ല. ഒരു കവിതയിലാണെങ്കിൽ ഇവയെല്ലാം വിശദീകരിക്കുവാൻ സൗകര്യമുണ്ട്.

* * * *

വള്ളത്തോളിന്റെ പ്രസിദ്ധമായ ഒരു തൂലികാചിത്രം നോക്കുക:

"ആലസ്യമാണ്ട മുഖമൊട്ടു കുനിച്ചു വേർത്ത-
ഫാലസ്ഥലം മൃദുകരത്തളിർകൊണ്ടു താങ്ങി
ചേലഞ്ചിമിന്നുമൊരു വെൺകുളിർകൽത്തറയ്ക്കു-
മേലങ്ങു ചാരുമുഖി ചാരിയിരുന്നിടുന്നു."

വാക്കുകൾകൊണ്ടു വരയ്ക്കാവുന്നത്രയും സ്ഫുടമായി കവി ഈ ചിത്രം വരച്ചിട്ടുണ്ട്; ശരിതന്നെ. എന്നാൽ ഈ നിശ്ചലാവസ്ഥ ചിത്രീകരിക്കുവാൻ വർണങ്ങൾക്കും രേഖകൾക്കുമാണ് കൂടുതൽ കഴിവുള്ളത്. വാസവദത്ത ആദ്യം പ്രത്യക്ഷപ്പെടുന്ന ആ ഇരിപ്പിന്റെ വർണനയിലും, മിക്ക മഹാകാവ്യങ്ങളിലും കാണുന്ന പ്രത്യംഗവർണനകളിലും 'നിറന്നപീലികൾ നിരക്കവേ കുത്തി' എന്നു തുടങ്ങുന്ന ശ്രീകൃഷ്ണവർണനയിലും കവി ചിത്രകാരനെ വെല്ലുവിളിക്കുകയാണ് ചെയ്യുന്നത്. ഈ

മത്സരത്തിൽ ചിത്രകാരനല്ല തോൽക്കുവാനെളുപ്പം. അതിന്റെ കാരണം കവിയുടെ പോരായ്കയൊന്നുമല്ല. നേരെ മറിച്ച്, പ്രതിപാദ്യവിഷയത്തിന്റെ നിശ്ചലാവസ്ഥയാണ്. സ്ഥലനിബദ്ധമായ ഒരു കലാരൂപത്തെ നാമെങ്ങനെയാണ് ഗ്രഹിക്കുന്നത്? ആദ്യം നാം ആ കലാരൂപത്തിന്റെ അംശങ്ങളും അനന്തരം ആ അംശങ്ങളുടെ പരസ്പരസംയോഗവും പരിശോധിക്കുന്നു. ഒടുവിൽ ആ രൂപത്തെ നാം സാകല്യേന അവലോകനം ചെയ്ത് അഭിനന്ദിക്കുന്നു. ഈ മൂന്ന് വ്യാപാരങ്ങളും നമ്മുടെ നേത്രേന്ദ്രിയം കൊണ്ട് ഒരു നിമിഷത്തിൽ സാധിക്കുന്നതിനാൽ ഇവ മൂന്നും ഒരേയൊരു വ്യാപാരമായി നമുക്കനുഭവപ്പെടുന്നു. ഈ ഏകീഭാവം കാവ്യത്തിൽ സാധ്യമല്ല. തുടർച്ചയായി ചെയ്യപ്പെടുന്ന ഒരു വർണനയിലെ വിവിധാംശങ്ങളെ സംയോജിപ്പിച്ച് ഏകീകൃതമായ ഒരു ചിത്രത്തെ സങ്കൽപ്പിക്കുവാൻ അനുവാചകന്റെ ബുദ്ധിക്ക് ഒട്ടേറെ ക്ലേശമുണ്ട്. ഒരംശം ഗ്രഹിച്ചുകഴിയുമ്പോൾ മറ്റൊരംശം വിസ്മൃതകോടിയിലോ അർധവിസ്മൃതകോടിയിലോ ആണ്ടുപോകുന്നു. അതുകൊണ്ടാണ് ചിത്രകലയെ അപേക്ഷിച്ച് കാവ്യത്തിലെ നിശ്ചലാവസ്ഥകളുടെ തൂലികാവർണന വേണ്ടത്ര ഏകീഭൂതവും പ്രസ്പഷ്ടവുമല്ലാതെ വരുന്നത്.

ഈ തത്ത്വം മഹാകവികൾക്കു നല്ല നിശ്ചയമുണ്ടായിരുന്നുവെന്നുള്ളതിനു ധാരാളം ലക്ഷ്യങ്ങളുണ്ട്. ശാകുന്തളത്തിലെ അശ്വവർണനയും മറ്റും അതിനു ദൃഷ്ടാന്തമാണ്. അക്കില്ലസ്സിന്റെ (Achilles) 'പരിച' ഹോമർ വർണിക്കുന്നത് മറ്റൊരു ദൃഷ്ടാന്തമാണ്. ആ പരിച മുമ്പിൽ വച്ചുകൊണ്ട് അതിന്റെ ഭിന്നഭിന്നാംശങ്ങളെ വർണിക്കുകയല്ല അദ്ദേഹം ചെയ്തിട്ടുള്ളത്. അപ്രകാരം ചെയ്തിരുന്നുവെങ്കിൽ ആ വർണന അസ്പഷ്ടവും നിർജീവവുമായിപ്പോകുമായിരുന്നു. എന്നാൽ ഹോമർ ആ പരിചയുടെ നിർമ്മാണചരിത്രം കാലക്രമത്തിൽ വർണിക്കുകയാണ് ചെയ്യുന്നത്. നാം കാണുന്നതു പരിചയേയല്ല, ഒരു ദിവ്യശില്പി ആ പരിചയെ നിർമ്മിക്കുന്നതാണ്. അദ്ദേഹത്തിന്റെ ചുറ്റികയുടെ ശബ്ദം നാം കേൾക്കുന്നു. അസംസ്കൃതമായ ലോഹം ചുറ്റികയുടെ അടികൊണ്ട് നമ്മുടെ മുമ്പിൽ തെളിഞ്ഞു തെളിഞ്ഞു വരുന്നു. ആ പരിചയിൽ വാർത്തിട്ടുള്ള വിശിഷ്ടരൂപങ്ങൾ നമ്മുടെ മുമ്പിൽ ഉയർന്നുയർന്നുവരുന്നു. അങ്ങനെ ആ പരിച, നാം നോക്കിനിൽക്കെത്തന്നെ, ക്രമേണ പൂർണരൂപം കൈക്കൊള്ളുന്നു.

മഗ്ദലനമറിയം ക്രിസ്തുനാഥനെ സമീപിക്കുന്ന ഘട്ടം ഉചിതവർണനയുടെ മറ്റൊരു ദൃഷ്ടാന്തമാണ്. നിശ്ചലമായ ഒരു ചിത്രമല്ല കവി ഇവിടെ വരച്ചിട്ടുള്ളത്. ഒരു നദി സമുദ്രത്തെ പ്രാപിക്കുമ്പോൾ കടന്നുപോകുന്ന ഭൂവിഭാഗങ്ങളുടെ വൈവിധ്യം, മഗ്ദലനമറിയത്തിന്റെ ഭാവവിശേഷങ്ങൾ വർണിച്ചിരിക്കുന്നതിലും കാണാം.

'നളിനി'യിൽനിന്നു വേറൊരു ദൃഷ്ടാന്തമെടുക്കാം:

"മാറിൽനിന്നുടനിഴിഞ്ഞ വല്ക്കലം
പേറിയാശു പദരേണു തൊട്ടവൾ
കൂറൊടും തലയിൽവച്ചു, സാദരം
മാറിനിന്നു യമിതന്നെ നോക്കിനാൾ."

ഇവിടെയും മാറിമാറിക്കൊണ്ടിരിക്കുന്ന ഭാവവ്യത്യാസങ്ങളാണ് നാം കാണുന്നത്. കവിത ഒരേടത്തും തങ്ങിനിൽക്കുന്നില്ല.

ചലനമാണ് കവിതയുടെ ജീവൻ. അതു ചിലപ്പോൾ മന്ദവും ചിലപ്പോൾ ശീഘ്രവുമായിരിക്കാം. എന്നാൽ അതൊരു തടാകമായി പരിണമിച്ചാൽ കവിത അതിന്റെ വിശിഷ്ടസ്വഭാവം കൈവെടിയുകയും ചിത്രകലയുടെ മണ്ഡലത്തിൽ പ്രവേശിക്കുകയുമാണ് ചെയ്യുന്നത്. വാസവദത്തയുടെ വർണനയെക്കുറിച്ച്, ഇതു ചിത്രത്തിലെഴുതിയതുപോലെയിരിക്കുന്നു എന്നു ചിലർ പ്രശംസിച്ചുകേട്ടിട്ടുണ്ട്. അതേ! ചിത്രത്തിലെഴുതിയതുപോലെ ഇരിക്കുന്നു. പക്ഷേ, ചിത്രത്തിലെഴുതിയതല്ല. ചിത്രത്തിലെഴുതിയിരുന്നെങ്കിൽ വാസവദത്തയുടെ രൂപം കുറേക്കൂടി സ്പഷ്ടവും യാഥാർഥ്യപ്രതീതി ജനിപ്പിക്കുന്നതുമാകുമായിരുന്നു- അതാ

യത്, കുമാരനാശാന് കവിതയിൽ എത്രമാത്രം പ്രാവീണ്യമുണ്ടോ, അത്രമാത്രം പ്രാവീണ്യം ചിത്രകലയിൽ സമ്പാദിച്ചിട്ടുള്ള ഒരാൾ ആ ചിത്രം വരച്ചിരുന്നെങ്കിൽ!

കവിതയുടെ സ്വകീയമണ്ഡലത്തിൽ ചിത്രകലയ്ക്ക് അതിനോടു കിടപിടിക്കുവാൻ സാധിക്കുന്നതല്ല. കവിക്കു ദൃശ്യലോകവും അദൃശ്യലോകവും ഒന്നുപോലെ സ്വാധീനമാണ്. അത്രതന്നെയല്ല, അദൃശ്യമായ മാനസികലോകത്തിലാണ് അതു മിക്കപ്പോഴും സ്വച്ഛന്ദം വിഹരിക്കുന്നത്. ദൃശ്യലോകത്തിന്റെ പരിമിതിക്കുള്ളിൽ ഒതുങ്ങിക്കിടക്കുന്ന ചിത്രകാരന് കവിയുടെ ഭാവനാലോകത്തിൽ പ്രവേശിക്കുക സാധ്യമല്ല. ചിത്രകാരന് കല്പനാവൈഭവത്തേക്കാൾ പ്രയോഗസാമർഥ്യമാണ് കുടുതൽ വേണ്ടത്. അദ്ദേഹത്തിന്റെ വിഷയം നൂതനമായിരിക്കണമെന്നില്ല. മിക്ക ചിത്രകാരന്മാരും കവികളിൽനിന്ന് ആശയം സ്വീകരിച്ചിട്ടുള്ളതായിക്കാണാം. ഇത് അവർക്കൊരു പോരായ്കയല്ല. സ്വീകരിച്ചിരിക്കുന്ന ആശയത്തിനു തങ്ങളുടെ പ്രയോഗപാടവംകൊണ്ടു ജീവൻ നൽകുകയാണ് അവരുടെ മുഖ്യകർത്തവ്യം. എന്നാലൊരു കാവ്യത്തിൽ വാഗർഥങ്ങളുടെ പ്രയോഗവൈചിത്ര്യത്തെക്കാൾ ഒട്ടും അപ്രധാനമല്ലാത്ത ഒരു കാര്യമാണ് കവികല്പനയുടെ നൂതനത്വം. ഒരു ചിത്രത്തെ ഉപജീവിച്ചു കവിതയെഴുതുന്നതു കവിക്കൊരു പോരായ്മയാണ്. ചിത്രകാരൻ സാമാന്യേന പ്രഖ്യാതമായ ഇതിഹാസങ്ങളെയും ചരിത്രങ്ങളെയും സുജ്ഞാതമായ പ്രകൃതിവിലാസങ്ങളെയുമാണ് തന്റെ തൂലികയ്ക്കു വിഷയമാക്കുന്നത്. എന്നാൽ ഒരു കവിക്ക്, മുമ്പ് ആരും കേട്ടിട്ടില്ലാത്ത വിഷയത്തെ സ്വസങ്കൽപ്പത്തിൽനിന്ന് ആവിഷ്കരിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ട്. വിഷയത്തിന്റെ നൂതനത്വം ചിത്രത്തിന് ഒരു വിഘ്നവും കവിതയ്ക്കൊരു ഭൂഷണവുമത്രേ. അരിസ്റ്റോട്ടിൽ തന്റെ ശിഷ്യനായ ഒരു ചിത്രകാരനോട് അലക്സാണ്ടറിന്റെ ജീവചരിത്രത്തിലെ സംഭവങ്ങളെ വിഷയീകരിച്ചു ചിത്രങ്ങൾ എഴുതുവാൻ ഉപദേശിച്ചതായി ഒരു ഐതിഹ്യമുണ്ട്. അലക്സാണ്ടറിന്റെ ജീവചരിത്രം പ്രഖ്യാതമായതുകൊണ്ടായിരിക്കണം അദ്ദേഹം അപ്രകാരം ഉപദേശിച്ചത്.



*പാബ്ലോ പിക്കാസോയുടെ 'ഗൂർണിക്ക' എന്ന പെയിന്റിങ്*

മാനുഷികവും അതിമാനുഷികവുമായ കഥാപാത്രങ്ങൾ ഇടകലർന്നുള്ള ഒരു സംഭവം കവിതയ്ക്കു വിഷയമാകാമെങ്കിലും ഒരു ചിത്രകാരന് അതു സ്വീകരിക്കുവാൻ നിവൃത്തിയില്ല. രാമരാവണയുദ്ധം സമഞ്ജസമായി ഏതു ചിത്രത്തിലാണ് പ്രകാശിപ്പിക്കുവാൻ കഴിയുക? പത്തു തലയുള്ള രാക്ഷസന്മാരേയും നാലു തലയുള്ള ദേവന്മാരേയും ആയിരം കണ്ണുള്ള ദേവന്മാരേയും നമുക്കു കവിയുടെ ഭാവനയിൽക്കൂടി ദർശിക്കാം. പക്ഷേ, ഒരു ചിത്രത്തിൽ ഈ പാത്രങ്ങൾ സ്ഥൂലരൂപം കൈക്കൊള്ളുമ്പോൾ കവിതയിൽനിന്നുളവാകുന്ന അനുഭവമല്ല നമുക്കുണ്ടാകുന്നത്. അനേകം പേർക്ക് ഇളക്കുവാൻ പോലും സാധിക്കാത്ത ഒരു വലിയ കല്ല് ഒരു ദേവി (Minerva) പൊക്കിയെടുത്ത് എറിയുന്നതും ആ ഏറുകൊണ്ട് യുദ്ധദേവനായ മാർസ് (Mars) നിലംപതിച്ച് ഏഴേക്കർ സ്ഥലം മുഴുവൻ വ്യാപിച്ചുകിടക്കുന്നതും ഹോമർ വർണിക്കുന്നുണ്ട്. ആ ദേവിയെ എങ്ങനെയാണ് ചിത്രത്തിലെഴുതുക? കല്ലിന്റെ വലുപ്പമനുസരിച്ച് ദേവിയുടെ വലുപ്പം കൂട്ടിയാൽ ദേവിയുടെ ആകൃതി ബീഭത്സമാകുമെന്നു മാത്രമല്ല, ആ സംഭവം അദ്ഭുതാവഹമല്ലാതായിത്തീരുകയും ചെയ്യും. നേരേമറിച്ച്, ദേവിയെ ഒരു സാധാരണ സ്ത്രീയെപ്പോലെ ചിത്രീകരിച്ചാൽ ദേവീരൂപവും കല്ലിന്റെ വലുപ്പവും തമ്മിൽ പൊരുത്തമില്ലാതായിത്തീരും.

എന്നാൽ, കവിതയുടെ സങ്കൽപ്പലോകത്തിൽ ഈ വക പൊരുത്തക്കേടുകളൊന്നുമില്ല. സ്ഥൂലവും സൂക്ഷ്മവും, ദൃശ്യവും അദൃശ്യവും, മാനുഷികവും അതിമാനുഷികവും കാവ്യലോകത്തിൽ പരസ്പരസ്പർധ കൂടാതെ ഒന്നുചേർന്നു വിഹരിക്കുന്നു. ചിത്രകാരന് ആ ലോകത്തിൽ എത്തിനോക്കുവാൻപോലും സാധിക്കയില്ല.

കാവ്യദർശനം (എം.പി. പോൾ)

---

- സാഹിത്യത്തിനാണ് ഉത്കർഷമെന്ന് സാഹിത്യകാരനും ചിത്രകലയ്ക്കാണ് മേന്മ കൂടുതലെന്ന് ചിത്രകാരനും പറയും- ഷെല്ലിയുടെയും ഡാവിഞ്ചിയുടെയും അഭിപ്രായങ്ങൾ വിലയിരുത്തി കുറിപ്പ് തയാറാക്കുക.

- "ചിത്രകലയ്ക്കുള്ള സാർവത്രികത്വം യാതൊരു ഭാഷയ്ക്കും ലോകത്തിൽ കൈവന്നിട്ടില്ല." ഈ അഭിപ്രായം എം.പി. പോൾ എത്രമാത്രം യുക്തിസഹമായാണ് അവതരിപ്പിക്കുന്നതെന്ന് കണ്ടെത്തി എഴുതുക.

- "കൊണ്ടൽ വേണിയൊരു രണ്ടുനാലടി നടന്നതില്ലതിനു മുമ്പു താൻ
കൊണ്ടു ദർഭമുന കാലിലെന്നു വെറുതേ നടിച്ചു നിലകൊണ്ടുതേ;
കണ്ഠവും ബത തിരിച്ചു നോക്കിയവൾ വല്ക്കലാഞ്ചലമിലച്ചലിൽ
കൊണ്ടുടക്കുമൊരു മട്ടുകാട്ടി വിടുവിച്ചിടുന്നു കപടത്തൊടേ."

*- മലയാളശാകുന്തളം (എ.ആർ. രാജരാജവർമ്മ)*



ചിത്രകലയിലും കാവ്യകലയിലും കാലം പ്രകടമാക്കപ്പെട്ടത് എങ്ങനെയെന്നാണ് ലേഖകൻ സമർഥിച്ചിരിക്കുന്നത്? ചിത്രവും കാവ്യഭാഗവും വിശകലനം ചെയ്ത് കുറിപ്പ് തയാറാക്കുക.

- "ആദ്യം നാം കലാരൂപത്തിന്റെ അംശങ്ങളും അനന്തരം ആ ആശയങ്ങളുടെ പരസ്പര സംയോഗവും പരിശോധിക്കുന്നു. ഒടുവിൽ നാം ആ രൂപത്തെ സാകല്യേന അവലോകനം ചെയ്ത് അഭിനന്ദിക്കുന്നു."

ചിത്രകലയുടെ ആസ്വാദനത്തെ സംബന്ധിച്ച് ലേഖകന്റെ അഭിപ്രായം ശ്രദ്ധിച്ചല്ലോ. 'ഉരുളക്കിഴങ്ങ് തിന്നുന്നവർ' എന്ന ചിത്രത്തെ ആസ്പദമാക്കി മേൽപ്പറഞ്ഞ അഭിപ്രായങ്ങൾ വിശകലനം ചെയ്യുക.

- ഒരു വാങ്മയചിത്രം പരിചയപ്പെടാം.

> "ഉടൻ മഹാദേവിയിടത്തുകൈയാ-
> ലഴിഞ്ഞ വാർപൂങ്കുഴലൊന്നൊതുക്കി
> ജ്വലിച്ച കൺകൊണ്ടൊരു നോക്കുനോക്കി
> പാർശ്വസ്ഥനാകും പതിയോടുരച്ചു."
>
> \- *വള്ളത്തോൾ*

ഈ വരികൾ കൂടി പരിഗണിച്ച് സാഹിത്യകലയ്ക്കുള്ള മേന്മകളെക്കുറിച്ച് ഉപന്യാസം തയാറാക്കുക.

# മൈക്കലാഞ്ജലോ, മാപ്പ്

ഒടുവിൽ കുരിശിൽനി-
ന്നിറക്കീ ജഡം!-താഴെ
യൊരു ദുഃഖത്തിൻ സൂര്യ-
ശിലയായ്ത്തീർന്നോരമ്മ
തൻമടിത്തട്ടിൽത്താങ്ങി-
ക്കിടത്തീ വാത്സല്യാർദ്രം
തൻമകനുടെയാറി-
ത്തണുത്ത തിരുഗാത്രം!
ഒരു വെൺലില്ലിപ്പൂവിൽ
ശോണരേഖകൾപോലെ,
തിരുശോണിതം വാർന്ന
പാടുകളുടലാകെ!
"താത, നീയിവരോടു
പൊറുക്കേണമേ!" യെന്നു
പാതി കൂമ്പിയ കൺക-
ളിപ്പൊഴും പ്രാർഥിക്കുന്നു!
തന്നിൽനിന്നടർന്നൊരു
മുത്തിനെ,യാരോ കുത്തി
നെഞ്ചകം പിളർന്നൊരു
മുത്തിനെ വീണ്ടും തന്റെ-
യങ്കത്തിലെതിരേൽക്കും
പാഴ്ച്ചിപ്പിയുടെ മൂക-
സങ്കടംപോലേയമ്മ-
യിരിപ്പൂ; കരയുവാൻ
കണ്ണുനീരില്ലാ,തുരി-
യാടുവാൻ വാക്കില്ലാതെ,
കത്താതെ,യുരുകാതെ,
വിങ്ങുമുൾത്താപംപോലെ!...
-ഉറ്റുനോക്കി ഞാൻ നിൽക്കെ,
പിന്നെയും 'പിയത്ത'യെ-
യുജ്ജ്വലമുഹൂർത്തങ്ങ-
ളെന്നുള്ളിലുദിക്കുന്നു:
ദൃക്സാക്ഷിയാകുന്നു ഞാ-
'നറിമത്യാ'യിൽനിന്നു-
മെത്തുമൗസേപ്പിന്നൊപ്പം,
ഗലീലിസ്ത്രീകൾക്കൊപ്പം,
അറിവേനടുത്തുനി-
ന്നറിവേൻ: ഭൂമിക്കൊപ്പം
അഴലിൻ ചുമടുമാ-
യിരിക്കുമൊരമ്മയെ!
മൃതിയാശ്ലേഷിച്ചാലും,
പിന്നെയും മാതാവിന്റെ
മടിയിലുയിർതേടി-
യണയും തൃപ്പുത്രനെ!....
-നന്ദിയോതുന്നൂ ഞാനെൻ-
ഗൈഡിനും വത്തിക്കാനും!
പിന്നെയോ? "പ്രിയപ്പെട്ട
മൈക്കലാഞ്ജലോ! നന്ദി!
നന്ദി!" യെന്നൊരായിരം
സ്പന്ദനപുഷ്പങ്ങൾ നിൻ-
മുന്നിൽ ഞാനർപ്പിക്കുന്നു;
നിൻ കരം മുത്തുന്നു ഞാൻ.
നിൻ കൈകൾ ചലിപ്പതു
കാണ്മു ഞാനതിൻ സർഗ-
മംഗലഗാനം കേട്ടു-
നിൽപ്പൂ ഞാൻ നിർന്നിദ്രമാം
നിന്റെ രാവുകൾ, വിയർ-
ത്തുരുകും പകലുകൾ
പങ്കിടുന്നു ഞാൻ; പിന്നെ
നീയൊത്തു പാനം ചെയ്തു
തെല്ലിട മയങ്ങുന്നു
ഞാൻ; നിന്റെ സ്വപ്നത്തിലുൽ-
ഫുല്ലമാം സൗന്ദര്യത്തെ-
ക്കണ്ടു പൈതലെപ്പോലെ



പുഞ്ചിരിപ്പു ഞാൻ; വീണ്ടു-
മുണർന്നാക്കുളുർവെണ്ണ-
ക്കല്ലിനുമീതേ നിന്റെ
ചുറ്റികയൊരു കരി-
വണ്ടുപോൽ ചുറ്റിപ്പറ-
ന്നുളിതൻ നിറുകയിൽ
ചുംബിക്കും ഹർഷോന്മാദ-
സീൽക്കാരം കേൾക്കുന്നു ഞാൻ!
ഇന്നലെ വെറും ജഡ-
ശിലയായിരുന്നതിൽ
നിന്നു നീ കരുണ*തൻ
ഭാവഗാനത്തെ തൊട്ടു-
തൊട്ടുണർത്തവേ, നിന്നോ-
ടൊത്തുണർന്നു ഞാൻ, നിന്നോ-
ടൊത്തുറങ്ങി ഞാൻ, നിന്നോ-
ടൊത്തനശ്വരനായ് ഞാൻ.

*പിയത്ത

നന്ദി! മൈക്കലാഞ്ജലോ!
നിന്റെ സംഗീതം, നിന്റെ
കണ്ണീരുമുറഞ്ഞുയി-
രാർന്നൊരീ 'പിയത്ത'യെ
എന്നുള്ളിലെടുത്തതി-
ഭദ്രമായിരുത്തി ഞാൻ
പിന്തിരിയുമ്പോൾ കേട്ടേൻ
ഇടിവെട്ടുമ്പോലൊരു
ചുറ്റികമുട്ടും ശബ്ദം!
തകർന്നു! തകർന്നു വെൺ
പൊട്ടുകൾ പൊടികളാ-
യാ ദയാർദ്രതയുടെ
വെളുത്ത കൈത്താമര,
കൺപോള!... "നിഷാദ, നീ
നിറുത്തൂ!"... കണ്ണില്ലിനി,-
ക്കില്ല കൈ,- ഞാനില്ലാതായ്!...
വൃദ്ധനായസ്വസ്ഥനാ-
യൊന്നുറങ്ങുവാൻപോലും
ഡ്രഗ്ഗുകൾ തേടിപ്പോകു-
മീ ശതാബ്ദത്തിൻ ഭ്രാന്ത-
ജല്പനം കേട്ടേൻ പിന്നെ,-
ത്തച്ചുടയ്ക്കുവാൻ മാത്രം
ചുറ്റികയെടുത്തൊരു
*പയ്യന്റെ ചുണ്ടിൽ നിന്നും!
അവന്നു ചുറ്റും ബിംബ-
ഭഞ്ജകപരിവേഷ-
മണിയിക്കുവാനേതോ
ക്യാമറ കൺചിമ്മുന്നു!...
-മാപ്പുനൽകുകെൻ പ്രിയ-
മൈക്കലാഞ്ജലോ, മാപ്പ്,
മാപ്പി,വർ ചെയ്യുന്നതെ-
ന്തെന്നിവരറിവീല!..

അക്ഷരം (ഒ.എൻ.വി. കുറുപ്പ്)

* *Laszlo Toth എന്ന മുപ്പത്തിമൂന്നു വയസ്സുകാരനായിരുന്നു അക്രമി. താൻ ക്രിസ്തുവാണ് എന്നും മറ്റും അയാൾ വിളിച്ചുപറഞ്ഞിരുന്നു.*

- കവിതയ്ക്ക് ഈണം കണ്ടെത്തി ഭാവാത്മകമായി ചൊല്ലിയവതരിപ്പിക്കുക.

- "തൻമടിത്തട്ടിൽത്താങ്ങി-
  ക്കിടത്തീ വാത്സല്യാർദ്രം
  തൻമകനുടെയാറി-
  ത്തണുത്ത തിരുഗാത്രം!"

  – സൂചിതസംഭവം കണ്ടെത്തി ക്ലാസിൽ പങ്കുവയ്ക്കുക.

- മൈക്കലാഞ്ജലോയുടെ 'പിയത്ത' എന്ന ശില്പം കണ്ടപ്പോഴുണ്ടായ അനുഭവം കവി ആവിഷ്കരിക്കുന്നതെങ്ങനെ?

  നിങ്ങളുടെ മനസ്സിനെ അതെങ്ങനെയെല്ലാം സ്പർശിക്കുന്നു? കണ്ടെത്തലുകൾ എഴുതിയവതരിപ്പിക്കുക.

- ശില്പത്തിന് 'പിയത്ത' എന്ന പേരു നൽകിയതെന്തുകൊണ്ടാവാം? വിവരങ്ങൾ ശേഖരിച്ച് കുറിപ്പ് തയാറാക്കൂ.

- "പിന്നെയോ? "പ്രിയപ്പെട്ട
  മൈക്കലാഞ്ജലോ! നന്ദി!
  നന്ദി!" യെന്നൊരായിരം
  സ്പന്ദനപുഷ്പങ്ങൾ നിൻ-
  മുന്നിൽ ഞാനർപ്പിക്കുന്നു;
  നിൻ കരം മുത്തുന്നു ഞാൻ."

  – ഇങ്ങനെ പറഞ്ഞ കവിക്ക് പിന്നീട് 'മൈക്കലാഞ്ജലോ, മാപ്പ്' എന്നു പറയേണ്ടിവന്നതെന്തുകൊണ്ട്?

- ശില്പനിർമ്മാണവും ശില്പഭഞ്ജനവും കവി ആവിഷ്കരിച്ചിരിക്കുന്നതിന്റെ ഔചിത്യഭംഗി കണ്ടെത്തിയെഴുതുക.

- മൈക്കലാഞ്ജലോവിന്റെ 'പിയത്ത' എന്ന ശില്പത്തെ പശ്ചാത്തലമാക്കി രചിച്ച കാവ്യശില്പമാണ് 'മൈക്കലാഞ്ജലോ, മാപ്പ്'. കവിതയ്ക്ക് ആസ്വാദനം തയാറാക്കുക. താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കുമല്ലോ.
  - പ്രമേയം
  - മാനവികത
  - ആവിഷ്കാരഭംഗി
  - സവിശേഷപ്രയോഗങ്ങൾ
  -

- ഈ കവിത ഒരു സംഗീതശില്പമായി അവതരിപ്പിക്കുക.

- ശില്പം, ചിത്രം തുടങ്ങിയ കലാവിഷ്കാരങ്ങൾ സംസ്കാരത്തിന്റെ ഈടുവയ്പുകളാണ്. അവയെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ ലോകത്തിന്റെ പല ഭാഗത്തും നടക്കുന്നു.

  ഈ വിഷയം ചർച്ചചെയ്ത് പ്രതികരണക്കുറിപ്പ് തയാറാക്കുക.
- പ്രസിദ്ധങ്ങളായ ചിത്രങ്ങൾ, കാർട്ടൂണുകൾ എന്നിവ ശേഖരിച്ച് പ്രദർശനം ഒരുക്കുക.

## ഞാൻ എന്നെക്കുറിച്ച്

| | പൂർണമായി | ഭാഗികമായി | അൽപ്പം മാത്രം |
|---|---|---|---|
| • പ്രസിദ്ധ ചിത്രങ്ങൾ ആസ്വദിച്ച് സൂചനകളുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കാൻ സാധിച്ചു. | | | |
| • കഥയിലെ ആശയം, അവതരണരീതി, ഭാഷ എന്നിവയുടെ സവിശേഷതകൾ മനസ്സിലാക്കി ചർച്ചകളിലും മറ്റും അവതരിപ്പിച്ചിട്ടുണ്ട്. | | | |
| • തന്നിരിക്കുന്ന വിഷയം ഉൾക്കൊണ്ട് ശേഖരിച്ച വിവരങ്ങൾ ക്രമീകരിച്ച് യോജിച്ച ഘടനയിൽ ഉപന്യാസം തയാറാക്കാൻ കഴിഞ്ഞു. | | | |
| • കവിത ഉചിതമായ താളത്തിലും ഈണത്തിലും ഭാവത്തിലും അവതരിപ്പിച്ചിട്ടുണ്ട്. | | | |
| • സർഗാത്മകരചനയിലെ പദങ്ങൾ, പ്രയോഗങ്ങൾ, ബിംബകൽപ്പനകൾ, ചമൽക്കാരം എന്നിവ വിശകലനം ചെയ്ത് ആസ്വാദനം തയാറാക്കിയിട്ടുണ്ട്. | | | |
| • പാഠഭാഗങ്ങളിൽനിന്നും മറ്റും മനസ്സിലാക്കിയ നൂതനപദങ്ങൾ, പ്രയോഗങ്ങൾ എന്നിവ സന്ദർഭോചിതമായി ഉപയോഗിച്ചിട്ടുണ്ട്. | | | |
| • സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് സ്വന്തം കഴിവുകൾ പ്രകടിപ്പിച്ചിട്ടുണ്ട്. | | | |

എഴുത്തുകാരെ അറിയുക

## സുഭാഷ്ചന്ദ്രൻ



പുതിയ തലമുറയിലെ പ്രമുഖകഥാകൃത്ത്. 1972ൽ ആലുവയ്ക്കടുത്ത് കടുങ്ങല്ലൂരിൽ ജനിച്ചു. പത്രപ്രവർത്തകനായി ജോലിചെയ്യുന്നു. ആദ്യ കഥാസമാഹാരവും ആദ്യനോവലും കേരള സാഹിത്യ അക്കാദമി അവാർഡിന് അർഹമായി. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, ഓടക്കുഴൽ അവാർഡ്, വയലാർ അവാർഡ് എന്നിവയും ലഭിക്കുകയുണ്ടായി.

*പ്രധാന കൃതികൾ*

ഘടികാരങ്ങൾ നിലയ്ക്കുന്ന സമയം, പറുദീസാനഷ്ടം, തൽപ്പം, വിഹിതം (കഥാസമാഹാരങ്ങൾ); മനുഷ്യന് ഒരാമുഖം (നോവൽ)

## എം.പി. പോൾ

**(1904 - 1952)**



വാരാപ്പുഴയിൽ ജനിച്ചു. ചങ്ങനാശ്ശേരി എസ്.ബി. കോളേജ്, തൃശൂർ സെന്റ് തോമസ് കോളേജ് എന്നിവിടങ്ങളിൽ പ്രഫസറായിരുന്നു. പുരോഗമന സാഹിത്യസംഘടനയുടെ സ്ഥാപകാധ്യക്ഷൻ, സാഹിത്യപ്രവർത്തക സഹകരണസംഘത്തിന്റെ ആദ്യ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു.

*പ്രധാന കൃതികൾ*

നോവൽ സാഹിത്യം, ചെറുകഥാപ്രസ്ഥാനം, സൗന്ദര്യനിരീക്ഷണം, ഗദ്യഗതി, സാഹിത്യവിചാരം

## ഒ.എൻ.വി. കുറുപ്പ്



1931 മെയ് 27 ന് ജനിച്ചു. അധ്യാപകൻ, കോഴിക്കോട് സർവകലാശാലയിൽ മലയാളം വകുപ്പിൽ വിസിറ്റിങ് പ്രഫസർ എന്നീ നിലകളിൽ പ്രവർത്തിച്ചു. കേരള കലാമണ്ഡലം ചെയർമാനായിരുന്നു. ജ്ഞാനപീഠ പുരസ്കാരം, എഴുത്തച്ഛൻ പുരസ്കാരം, കേന്ദ്ര - കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, ഗാനരചനയ്ക്ക് ദേശീയ-സംസ്ഥാന അവാർഡുകൾ എന്നിവ ലഭിച്ചു.

*പ്രധാന കൃതികൾ*

അക്ഷരം, ഉപ്പ്, കറുത്തപക്ഷിയുടെ പാട്ട്, അഗ്നിശലഭങ്ങൾ, മയിൽപ്പീലി, ഒരുതുള്ളി വെളിച്ചം, ദാഹിക്കുന്ന പാനപാത്രം, ഭൂമിക്കൊരു ചരമഗീതം, ശാർങ്ഗകപ്പക്ഷികൾ, മൃഗയ, ഉജ്ജയിനി, ഭൈരവന്റെ തുടി, വളപ്പൊട്ടുകൾ, വെറുതെ, തോന്ന്യാക്ഷരങ്ങൾ (കവിതാസമാഹാരങ്ങൾ); കവിതയിലെ സമാന്തരരേഖകൾ, എഴുത്തച്ഛൻ (പ്രബന്ധങ്ങൾ); ഒ.എൻ.വിയുടെ തിരഞ്ഞെടുത്ത ഗാനങ്ങൾ (ഗാനസമാഹാരം)

## പദകോശം

### ഉരുളക്കിഴങ്ങ് തിന്നുന്നവർ

| | |
|---|---|
| അരോചകം | - രുചിക്കാത്തത് |
| ആമഗ്നം | - മുഴുകിയത് |
| തിമിരം | - ഇരുട്ട്, ഒരു നേത്രരോഗം |
| തിര്യക്ക് | - മനുഷ്യേതരജീവികൾ |
| പ്രഭാവം | - ശോഭ, ശക്തി |

### ചിത്രകലയും കാവ്യകലയും

| | |
|---|---|
| അഭീഷ്ടസിദ്ധി | - ആഗ്രഹിച്ചത് ലഭിക്കുന്നത് |
| ആശു | - വേഗത്തിൽ |
| ആസ്തിക്യം | - ദൈവവിശ്വാസം |
| ഉത്കർഷം | - ഉയർച്ച |
| ഏകീഭൂതം | - ഒന്നായിത്തീർന്ന |
| ചാരുമുഖി | - സുന്ദരി (മനോഹരമായ മുഖമുള്ളവൾ) |
| ദൃഷ്ടാന്തം | - ഉദാഹരണം |
| പ്രസ്പഷ്ടം | - നല്ലപോലെ വ്യക്തമായ |
| ഫാലസ്ഥലം | - നെറ്റിത്തടം |
| ബീഭത്സം | - അറപ്പു തോന്നിപ്പിക്കുന്നത് |
| വല്ക്കലം | - മരവുരി |
| വിതണ്ഡവാദം | - അടിസ്ഥാനമോ യുക്തിയോ ഇല്ലാത്ത വാദം |
| സാധർമ്യം | - തുല്യത, ഒരേ ധർമ്മത്തിൽപ്പെട്ടിരിക്കുന്ന അവസ്ഥ |
| സാർവത്രികം | - സർവസാധാരണമായ |
| സാർവജനീനം | - പൊതുവായ, സർവജനങ്ങൾക്കും ഹിതമായ |
| സുകുമാരകലകൾ | - സംഗീതം, സാഹിത്യം, ചിത്രമെഴുത്ത്, നാട്യം എന്നീ കലകൾ |

### മൈക്കലാഞ്ജലോ, മാപ്പ്

| | |
|---|---|
| ഉൽഫുല്ലം | - വിടർന്ന |
| ഉൾത്താപം | - ദുഃഖം |
| നിർന്നിദ്രം | - ഉറക്കമില്ലാത്ത |
| ഭഞ്ജിക്കുക | - ഉടയ്ക്കുക, തകർക്കുക |
| ശോണം | - ചുവന്ന |



പഠനനേട്ടങ്ങൾ

- ലോകോത്തര ചിത്രങ്ങൾ പരിചയപ്പെടുകയും അവയിലെ പ്രമേയം, കാലം, ദേശം, സാമൂഹികപ്രസക്തി എന്നിവ ഉൾക്കൊണ്ട് ചർച്ചകളിലും മറ്റും അവതരിപ്പിക്കുകയും കുറിപ്പുകൾ തയാറാക്കുകയും ചെയ്യുന്നു.
- കഥകൾ വായിച്ചാസ്വദിച്ച് അതിലെ രചനാപരവും ഭാഷാപരവുമായ സവിശേഷതകൾ കണ്ടെത്തി അവതരിപ്പിക്കുന്നു.
- ലേഖനങ്ങൾ വായിച്ച് ആശയപ്രതിപാദനരീതി, അവതരണഭംഗി എന്നിവ മനസ്സിലാക്കി നൂതനസന്ദർഭങ്ങളിൽ (വിശകലനക്കുറിപ്പ്, അഭിപ്രായക്കുറിപ്പ്, ഉപന്യാസം) പ്രയോഗിക്കുന്നു.
- പാഠഭാഗം വായിച്ച് ചിത്രകലയും കാവ്യകലയും തമ്മിലുള്ള ബന്ധം വിശകലനം ചെയ്ത് കുറിപ്പുകൾ തയാറാക്കുന്നു.
- കവിതകൾ ഈണത്തിലും ഭാവത്തിലും ആലപിക്കുകയും അവയിലെ ചമൽക്കാരം, ബിംബകൽപ്പന, പ്രയോഗഭംഗി എന്നിവ തിരിച്ചറിഞ്ഞ് ആസ്വദിച്ച് കുറിപ്പു തയാറാക്കുകയും വിവിധ ആവിഷ്കാരരൂപങ്ങളിൽ (സംഗീതശില്പം) അവതരിപ്പിക്കുകയും ചെയ്യുന്നു.
- ശില്പങ്ങൾ, ചിത്രങ്ങൾ തുടങ്ങിയവയുടെ കലാപരമായ പ്രാധാന്യം മനസ്സിലാക്കുന്നു. അവ ശേഖരിച്ച് പ്രദർശനങ്ങൾ സംഘടിപ്പിക്കുകയും സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മിഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപത്കരമായ ജോലികളിൽ നിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽ നിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

ബന്ധപ്പെടേണ്ട വിലാസം:

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

'ശ്രീ ഗണേഷ്', റ്റി.സി. 14/2036, വാൻറോസ് ജംഗ്ഷൻ,

കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം-34, ഫോൺ: 0471-2326603

ഇ-മെയിൽ: childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in

വെബ്സൈറ്റ്: www.kescpcr.kerala.gov.in

**ചൈൽഡ് ഹെൽപ്പ്ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ - 1800 425 1400**

**കേരള പോലീസ് ഹെൽപ്പ് ലൈൻ - 0471 - 3243000/44000/45000**

*online R.T.E Monitoring: www.nireekshana.org.in*

10

# മലയാളം

## കേരളപാഠാവലി


State Council of Educational Research and Training (SCERT)
Vidyabhavan, Poojappura, Thiruvananthapuram
Kerala-695 012, Website: www.scert.kerala.gov.in
e-mail: scertkerala@gmail.com

KBPS

Printed by the Chairman & Managing Director
Kerala Books and Publications Society
(An Undertaking of the Government of Kerala)
Kakkanad, Kochi-682 030